## തിയോളജിയ - 2

# സഭയും ദൈവശാസ്ത്രവും


പാഠരചന

1. ഡോ. മൈക്കിൾ കാരിമറ്റം
2. ഡോ. ജോസഫ് വാരണത്ത്
3. ഡോ. സി. സിബി സി.എം.സി
4. ഡോ. തോമസ് നീണ്ടൂർ
5. റവ. ഫാ. തോമസ് കരിന്തോളിൽ
6. ഡോ. ജോസഫ് കോയിക്കക്കുടി
7. ഡോ. തോമസ് കോഴിമല
8. ഡോ. ജോസഫ് പാംപ്ലാനി



ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
www.alphathalassery.com

Sabhayum Daivasasthravum
(Church and Theology)
Malayalam Language

Editor
**Joseph Pamplany**

First Published in July 2007
Second Print Jan.22
(The feast of the four Evanglists)
Third Print Ist November 2011
(All Saints Day)
by Alpha Institute of Theology and Science

**For Copies**

Director,
Alpha Institute of Theology and Science,
Sandesa Bhavan, Tellicherry - 670 101
Ph: 0490-2344727
email: alphits@gmail.com
www.archdioceseoftellicherry.org

Cover, Typesetting & Printing:
Vimala Offset Press, Thalassery
Ph: 0490 - 2325518

Copyright
All rights reserved. No part of this publication may be
reproduced, stored in or introduced into a retrieval system,
or transmitted, in any form, means, electronic, mechanical,
photocopying, recording or otherwise without the prior written
permission of the publisher.

# ഉള്ളടക്കം

## ഭാഗം I

## ദൈവവചനം

1. പ്രപഞ്ചസൃഷ്ടി ........ 9
2. മനുഷ്യനും പറുദീസായും ........ 17
3. തിന്മയുടെ ഉദ്ഭവം ........ 25
അനുബന്ധം I - എഴുത്തു സാമഗ്രികൾ

## ഭാഗം II

## കാനൻ നിയമം

4. പാശ്ചാത്യ പൗരസ്ത്യ സഭകളുടെ കാനൻനിയമ സംഹിതകൾ ........ 39
5. കൂദാശകൾ സഭാജീവിതത്തിൽ ........ 58
അനുബന്ധം II - വിശുദ്ധ എഫ്രേം

## ഭാഗം III

## അടിസ്ഥാന ദൈവശാസ്ത്രം

## സഭാവിജ്ഞാനീയം

6. സഭാവിജ്ഞാനീയം ........ 75
അനുബന്ധം III - മാർപാപ്പാമാർ

## ഭാഗം IV

## ധാർമ്മിക ദൈവശാസ്ത്രം

7. ക്രിസ്തീയ ധാർമ്മികത ........ 106
8. മനസ്സാക്ഷി ........ 118
9. പാപം ........ 132
അനുബന്ധം IV - പാപം ഇതര മതദർശനങ്ങളിൽ

# ഭാഗം I
# ദൈവവചനം

ബൈബിളിലെ ആദ്യപുസ്തകമായ ഉൽപത്തിപുസ്തകത്തിലെ ആദ്യത്തെ നാല് അധ്യായങ്ങളാണ് ഒന്നാം ഭാഗത്തിലെ പ്രതിപാദ്യം. പ്രപഞ്ച സൃഷ്ടിയും പ്രപഞ്ചത്തിൽ തിൻമയുടെ ഉത്ഭവവും വിശദീകരിക്കുന്ന ഈ വചനഭാഗങ്ങൾക്ക് കാലത്തെ അതിജീവിക്കുന്ന പ്രസക്തിയുണ്ട്. കഥയും ചരിത്രവും ദൈവാനുഭവത്തിന്റെ ചരടിൽ കോർത്തിണക്കിയ മനോഹരമായ വിശ്വാസകീർത്തനങ്ങളാണ് ഉൽപത്തിപുസ്തകത്തിലെ ഈ വിവരണങ്ങൾ.

പാഠരചന

**ഡോ. മൈക്കിൾ കാരിമറ്റം**
**ഡോ. ജോസഫ് പാംപ്ലാനി**

# 1
# പ്രപഞ്ച സൃഷ്ടി

**ഉൽപ. 1,1–2,4**

## രക്ഷാകര ചരിത്രത്തിന്റെ ആമുഖം

ഉൽപത്തി പുസ്തകം 1 മുതൽ 11 വരെ അധ്യായങ്ങളെ "ചരിത്രാതീത ചരിത്രം" എന്നാണ് പരമ്പരാഗതമായി അറിയപ്പെടുന്നത്. എന്നാൽ ഈ വിവരണങ്ങളിലെ ചരിത്ര പരതയെ പൂർണ്ണമായി അവഗണിക്കാനും ഈ വിവരണങ്ങളെ തികച്ചും കെട്ടുകഥകളായി വ്യാഖ്യാനിക്കാനുമുള്ള പ്രേരണയ്ക്ക് ഈ ശീർഷകം കാരണമാകുന്നുണ്ട്. കൃത്യമായി പറഞ്ഞാൽ ഉൽപത്തി 1–11 വരെ അധ്യായങ്ങളെ ബൈബിളിലുടനീളം വിവരിക്കുന്ന രക്ഷാചരിത്രത്തിന്റെ ആമുഖമായാണ് മനസ്സിലാക്കേണ്ടത്. ദൈവമനുഷ്യസ്നേഹബന്ധവും പാപം മൂലം പ്രസ്തുതബന്ധത്തിലുള്ള തകർച്ചയും തത്ഫലമായുണ്ടാകുന്ന ദുരനുഭവങ്ങളും പാപത്തിന്റെ തകർച്ചകളെ അതിജീവിക്കുന്ന ദൈവകാരുണ്യവും ബൈബിളിന്റെ അന്തസത്തയായ പ്രതിപാദ്യമാണ്. ഈ ദൈവീക സത്യത്തെ ആമുഖമായി അവതരിപ്പിക്കുകയാണ് ഉൽപ. 1–11 ന്റെ ലക്ഷ്യം.

### ഉൽപ. 1–11 ന്റെ ഘടന

ഉൽപത്തി വിവരണം 1–11 ൽ നിയമിതമായ ഒരു ഘടനയെ അനുസരിച്ചാണ് എഴുതപ്പെട്ടത്. ഈ വചനഭാഗത്തിന്റെ ഘടന ചുവടെ ചേർക്കുന്നു.

ആമുഖം: ഉൽപ. 1: 1–2:25 – സൃഷ്ടിവിവരണം

ഉൽപ 3: 1–4: 22

ഭാഗം A: പാപം, ന്യായവിധി, ദൈവകാരുണ്യം

ഭാഗം B: ഉൽപ. 5:1 വംശാവലി ചരിത്രം

ഭാഗം A1: ഉൽപ. 6: 1–9:17 – പാപം, ന്യായവിധി ദൈവരാജ്യം

ഭാഗം B1: 9: 18–10: 32 – വംശാവലിചരിത്രം

ഉപസംഹാരം : ഉൽപ 11: 1–32 – ബാബേൽഗോപുരം

പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തോടെയാണ് ബൈബിൾ ആരംഭിക്കുന്നത്. ഇത് പുരോഹിത രചന (P) യുടെ ഭാഗമാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. സംഭവങ്ങൾ അതേപടി ക്രമമായി അവതരിപ്പിക്കുകയല്ല, പ്രപഞ്ചത്തെക്കുറിച്ച് സ്രഷ്ടാവിനെ പ്രകീർത്തിക്കുകയാണ് വി. ഗ്രന്ഥകാരൻ ചെയ്യുന്നത്. ഇത് ഒരു സംഭവവിവരണമല്ല, മനോഹരമായൊരു കാവ്യമാണ്. സങ്കീ. 104; ജോബ് 37-38 എന്നീ ബൈബിൾ ഭാഗങ്ങളോട് ഈ കീർത്തനത്തിനു സാമ്യമുണ്ട്.

ഘടന: ഏഴുദിവസം എന്ന ചട്ടക്കൂട്ടിൽ ഒതുക്കിയാണ് സൃഷ്ടിയുടെ വിവരണം നൽകിയിരിക്കുന്നത്. വിവരണത്തിന്റെ ആരംഭത്തിലും (1,1) അവസാനത്തിലും (2,4) ഏതാണ്ട് മധ്യേയുള്ള വിവരണത്തെ ഒന്നായി കാണണം എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു.

മൂന്നു ദിവസം വീതമുള്ള രണ്ടു ഭാഗങ്ങളായി തിരിച്ചാണ് സൃഷ്ടികർമ്മം വിവരിച്ചിരിക്കുന്നത്. രണ്ടും സമാന്തരമായി നിലകൊള്ളുന്നു.

ആദിയിൽ : രൂപരഹിതം - ശൂന്യം

1-ാം ദിവസം: വെളിച്ചം 4-ാം ദിവസം: ആകാശ ഗോളങ്ങൾ 2-ാം ദിവസം: ആകാശം, ജലം 5-ാം ദിവസം: പക്ഷികൾ, ജലജീവികൾ, 3-ാം ദിവസം: ഭൂമി, സസ്യങ്ങൾ 6-ാം ദിവസം: മൃഗങ്ങൾ, മനുഷ്യർ 7-ാം ദിവസം: വിശ്രമം.

രണ്ടു ഭാഗങ്ങളിലേയും പ്രവൃത്തികൾ തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഒന്നാം ദിവസം സൃഷ്ടിച്ച പ്രകാശവും നാലാം ദിവസം സൃഷ്ടിച്ച ആകാശഗോളങ്ങളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. രണ്ടാം ദിവസം ആകാശവിതാനമുണ്ടാക്കി ജലത്തെ രണ്ടായിതിരിച്ചു. അഞ്ചാം ദിവസമാകട്ടെ പറക്കുന്ന പക്ഷികളെയും ജലത്തിൽ ചരിക്കുന്ന ജീവികളെയും സൃഷ്ടിച്ചു. മൂന്നാം ദിവസത്തെ സൃഷ്ടികളായ കരയും സസ്യങ്ങളും ആറാം ദിവസത്തെ സൃഷ്ടികളായ മൃഗങ്ങളുടെയും മനുഷ്യരുടെയും വാസസ്ഥലവും ആഹാരവുമാണ്. ഇതിനും പുറമെ, മൂന്നും ആറും ദിവസങ്ങളിൽ രണ്ടു സൃഷ്ടികർമ്മങ്ങൾ നടന്നതായി വിവരിക്കുന്നു. ഓരോന്നിനും ശേഷം 'നന്നായിരിക്കുന്നു' എന്ന അവലോകനവും രേഖപ്പെടുത്തിയിരിക്കുന്നു.

ഓരോ ദിവസത്തെയും സൃഷ്ടികർമ്മം അവതരിപ്പിക്കുന്നവിധത്തിൽ ഗ്രന്ഥകാരൻ ഒരേ വിവരണക്രമം അവലംബിച്ചിരിക്കുന്നു.

1. വിജ്ഞാപനം: ദൈവം അരുളിച്ചെയ്തു
2. കല്പന: ഉണ്ടാകട്ടെ

3. പ്രസ്താവന: ഉണ്ടായി
4. അവലോകനം: നല്ലതെന്നു ദൈവം കണ്ടു
5. കാലസൂചന: സന്ധ്യയായി-പ്രഭാതമായി

ആറുതവണ ഒരേ ഘടന ആവർത്തിച്ചുകൊണ്ട് വിവരണത്തെ കവിതാരൂപത്തിൽ അവതരിപ്പിക്കുകയാണ്.

## ഒന്നാം ദിവസം-പ്രകാശം (1,3-5)

"ഉണ്ടാകട്ടെ" എന്ന ദൈവത്തിന്റെ കൽപന ശൂന്യതയിൽനിന്നു സൃഷ്ടികർമ്മം നിർവ്വഹിക്കുന്നു. ദൈവവചനത്തിന്റെ ശക്തി ഇവിടെ പ്രകടമാകുന്നു. ദൈവം പറയുന്നത് സംഭവിക്കുന്നു എന്ന് ഇസ്രായേൽ ജനം അനേകം തവണ അനുഭവിച്ചറിഞ്ഞവരാണ് (ഏശയ്യാ 55,10-11) പുരാണേതിഹാസങ്ങളിലേതുപോലെ ക്ലേശപൂർണ്ണമായ അദ്ധ്വാനത്തിന്റെയോ സംഘട്ടനത്തിന്റെയൊ ഫലമല്ല സൃഷ്ടി; ദൈവം അനായാസമായി സൃഷ്ടിക്കുന്നു.

ദൈവം സൃഷ്ടിച്ചതാണ് പ്രകാശം എന്ന പ്രഖ്യാപനം പ്രകാശത്തെ ദൈവമായോ ദൈവത്തിന്റെ ഗുണമായോ കരുതിയിരുന്ന പ്രാചീന മതവിശ്വാസങ്ങളെ നിഷേധിക്കുന്നു. പ്രകാശത്തേയും അന്ധകാരത്തെയും വേർപിരിക്കുന്നതിലൂടെ പകലും രാത്രിയും ഉണ്ടാകുന്നു. അങ്ങനെ കാലഗണന സാദ്ധ്യമാകുന്നു. രണ്ടിനും പേരുനൽകുമ്പോൾ ദൈവമാണ് കാലത്തിന്റെയും ചരിത്രത്തിന്റെയും നാഥൻ എന്നു വ്യക്തിമാക്കുന്നു. പേരു നൽകുന്നത് സെമിറ്റിക് ചിന്താഗതിയനുസരിച്ച് അധികാരത്തിന്റെയും ഉടമസ്ഥാവകാശത്തിന്റെയും അടയാളമാണ്.

### നല്ലതെന്നു ദൈവം കണ്ടു

നമുക്ക് ഉപകാരപ്രദമായതിനെയാണ് നാം പൊതുവെ നല്ലതെന്നു വിളിക്കുക. എന്നാൽ ഇവിടെ ദൈവത്തിന്റെ കാഴ്ചപ്പാടാണ് അവതരിപ്പിക്കുന്നത്. ദൈവം ആഗ്രഹിച്ചവിധത്തിൽ ആയിരിക്കുന്നു എന്നതാണ് 'നല്ലത്' എന്ന വിലയിരുത്തലിന്റെ മാനദണ്ഡം. അത് പൂർണ്ണതയെ സൂചിപ്പിക്കുന്നു. ഈ അവലോകനം ഓരോ സൃഷ്ടികർമ്മത്തിനു ശേഷവും ആവർത്തിക്കുന്നതിലൂടെ പ്രപഞ്ചവസ്തുക്കളെല്ലാം അതിൽതന്നെ നല്ലതാണെന്ന് വിശുദ്ധഗ്രന്ഥകാരൻമാർ നമ്മെ അനുസ്മരിപ്പിക്കുന്നു.

### സന്ധ്യയായി - പ്രഭാതമായി - ഒന്നാം ദിവസം

സൂര്യാസ്തമയം മുതൽ സൂര്യാസ്തമയം വരെയാണ് യഹൂദർ ദിവസത്തെ കണക്കാക്കിയിരുന്നത്. സൂര്യനുണ്ടാകുന്നതിനുമുമ്പേ എങ്ങനെ പകലും

രാത്രിയും ഉണ്ടായി എന്ന ചോദ്യം വിശുദ്ധ ഗ്രന്ഥകാരൻ ഉന്നയിക്കുന്നില്ല. പ്രകാശത്തിന്റെ ഉറവിടം സൂര്യനല്ല എന്നു വ്യക്തമാക്കുകയാണ് പകലിനെ സൂര്യനിൽ നിന്നു വേർപെടുത്തുന്നതുകൊണ്ട് ചെയ്യുന്നത്. സൂര്യനെ ദൈവമായി ആരാധിച്ചിരുന്ന മതങ്ങളുമായുള്ള ഒരു വിവാദവും ഈ വിവരണത്തിനു പിന്നിൽ കാണാം.

**രണ്ടാം ദിവസം - ആകാശവിതാനം (1,6-8)**

പ്രപഞ്ച സംവിധാനത്തെ സംബന്ധിച്ച് പ്രാചീന മനുഷ്യരുടെ ഇടയിൽ നിലവിലിരുന്ന സങ്കൽപത്തിന്റെ വെളിച്ചത്തിൽ വേണം ഈ വിവരണത്തെ മനസ്സിലാക്കാൻ. ഭൂമിക്കുമുകളിൽ കമഴ്ത്തിവെച്ചിരിക്കുന്ന ഭീമാകാരമായൊരു കോപ്പപോലെയാണ് ആകാശം കരുതപ്പെട്ടിരുന്നത്. മുകളിലുള്ള ജലമാണ് വിതാനത്തിന്റെ വാതായനങ്ങളിലൂടെ മഴയായി വീഴുന്നത് (ലൂക്ക 4, 25). നോഹയുടെ കാലത്ത് ഈ വിതാനം പിളരുകയും താഴെയും മുകളിലുമുള്ള ജലം വീണ്ടും സംയോജിപ്പിച്ചു ഭൂമിയെ പ്രളയജലത്തിൽ മുക്കുകയും ചെയ്യുന്നതായി കാണാം. അന്ധകാരമെന്നതു പോലെതന്നെ പ്രളയ ജലവും പ്രപഞ്ചത്തിന് നിരന്തരഭീഷണിയായി നിലകൊള്ളുന്നു.

**മൂന്നാം ദിവസം - കരയും കടലും സസ്യങ്ങളും (1,9-13)**

രണ്ടാം ദിവസത്തെ വിഭജന പ്രക്രിയ പൂർത്തിയാക്കുകയാണ് ദൈവം ആദ്യം ചെയ്യുന്നത്. വിതാനത്തിനു താഴെയുള്ള ജലത്തെ ഒരിടത്ത് ഒതുക്കി, ജലത്തിൽ മുങ്ങിക്കിടക്കുന്ന കര പ്രത്യക്ഷമാക്കുന്നു. പ്രളയജലത്തിൽ നിന്നു ഭൂമിയെ മോചിപ്പിക്കുന്ന വിമോചന പ്രവർത്തിയാണിത്. ജലത്തിനുമുകളിൽ അദ്ഭുതകരമായി ഉറപ്പിച്ചുനിർത്തിയിരിക്കുന്ന അതിവിശാലമായൊരു പലക പോലെയാണ് മദ്ധ്യപൗരസ്ത്യദേശത്തെ പ്രാചീനർ ഭൂമിയെ കണ്ടിരുന്നത്. ചുറ്റിലും ഒതുക്കി നിർത്തിയിരിക്കുന്ന പ്രളയജലമാണ് സമുദ്രം. ദൈവം കൽപിച്ച അതിരുകൾ അത് അനുസരിക്കുന്നു (സങ്കീ. 104, 9; ജെറെ. 5, 22).

'ഭൂമി മുളപ്പിക്കുന്നു' എന്നു പറയുമ്പോൾ ഭൂമിയുടെ ഫലപുഷ്ടി ദൈവത്തിന്റെ ദാനമാണ് എന്ന് സൂചിപ്പിക്കുന്നു. ഭൂമിയാണ് മുളപ്പിക്കുന്നതെങ്കിലും ദൈവത്തിന്റെ കൽപനയനുസരിച്ച് അത് ചെയ്യുന്നതിനാൽ ദൈവം തന്നെയാണ് സസ്യലോകത്തിന്റെയും നാഥൻ. ആറാം ദിവസത്തെ സൃഷ്ടിയിൽ ഇവ മൃഗങ്ങൾക്കും മനുഷ്യർക്കും ആഹാരമായി ഉദ്ദേശിച്ചുള്ളതാണെന്നു വ്യക്തമാക്കുന്നു (1,29-30).

**നാലാം ദിവസം - ആകാശഗോളങ്ങൾ (1,14-19)**

ഒന്നാം ദിവസത്തെ സൃഷ്ടിയുമായി ബന്ധപ്പെട്ടതാണ് നാലാം ദിവസത്തെ സൃഷ്ടി. ആകാശഗോളങ്ങളെ ദൈവങ്ങളായി ആരാധിച്ചിരുന്ന ലോകത്തിൽ തികച്ചും വിപ്ലവകമായൊരു വിശ്വാസമാണ് വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. സൂര്യൻ, ചന്ദ്രൻ, എന്ന പേരുകൾപോലും പറയാതെ വലിയദീപം ചെറിയദീപം എന്നു വർണ്ണിക്കുന്നതിലൂടെ അവയൊന്നും ദൈവമല്ലെന്നും ദൈവത്തിന്റെ സൃഷ്ടികൾ മാത്രമാണെന്നും ഊന്നിപ്പറയുന്നു. ആകാശഗോളങ്ങളെ അലങ്കാരങ്ങളായും കാലം അറിയിക്കുന്ന ഉപകരണങ്ങളായും ഇവിടെ ചിത്രീകരിക്കുന്നു. പഞ്ചാംഗത്തിന്റെയും ഘടികാരത്തിന്റെയും സ്ഥാനമേ അവയ്ക്കുള്ളൂ.

**അഞ്ചാം ദിവസം - ജലജീവികൾ, പക്ഷികൾ (1,20-23)**

സസ്യലോകത്തിനു ജീവനുള്ളതായി പ്രാചീനർ കരുതിയിരുന്നില്ല. അതിനാൽ ജീവജാലങ്ങളുടെ സൃഷ്ടി അഞ്ചാം ദിവസം തുടങ്ങുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആകാശത്തെ രണ്ടു തട്ടായിട്ടാണ് ഇവിടെ കാണുന്നത്. മുകളിൽ വിരിച്ചുനിർത്തിയിരിക്കുന്ന വിതാനം. അവിടെയാണ് ആകാശഗോളങ്ങളുടെ സ്ഥാനം. അവയ്ക്കു താഴെ, ഭൂമിക്കു മുകളിലുള്ള അന്തരീക്ഷമാണ് താഴത്തെ തട്ട്. അതാണ് പക്ഷികളുടെ വിഹാരരംഗം. രണ്ടുതട്ടുകൾക്കും അവയ്ക്കുമുകളിലുള്ള ജലത്തിനും മുകളിലാണ് മൂന്നാമത്തെ തട്ട്. അത് ദൈവത്തിന്റെ ഭവനമാണ്. ഇതിനെ ഉദ്ദേശിച്ചാണ് വി. പൗലോസ് മൂന്നാം സ്വർഗ്ഗം എന്നു പറയുന്നത് (2 കോറി 12,2). അഞ്ചാം ദിവസത്തെ സൃഷ്ടികർമ്മം രണ്ടാം ദിവസത്തിനോട് ബന്ധപ്പെട്ടിരിക്കുന്നു.

ജലജീവികൾക്കും പക്ഷികൾക്കും പ്രത്യുൽപാദനശക്തി നൽകിക്കൊണ്ട് ദൈവം അവയെ അനുഗ്രഹിച്ചു. ജീവൻ നൽകാനുള്ള കഴിവ് ദൈവത്തിന്റെ പ്രത്യേക ദാനമാണ്. എല്ലാത്തരം ജീവജാലങ്ങളെയും സംരക്ഷിക്കാനും നിലനിർത്താനും ദൈവം ആഗ്രഹിക്കുന്നു എന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു.

**ആറാം ദിവസം - മൃഗങ്ങൾ, മനുഷ്യർ (1 24-30)**

മൂന്നാം ദിവസമെന്നതുപോലെ ആറാം ദിവസവും രണ്ടു സൃഷ്ടികർമ്മങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യമായി ജന്തുക്കളെയാണ് സൃഷ്ടിക്കുക. രണ്ടാമത്തെ പ്രവൃത്തി മനുഷ്യസൃഷ്ടിയാണ്. സൃഷ്ടികർമ്മത്തിന്റെ മകുടമായിട്ടാണ് അവസാനത്തെ സൃഷ്ടിയായ മനുഷ്യൻ പ്രത്യക്ഷപ്പെടുന്നത്.

ദൈവത്തിന്റെ സ്വഭാവം, ലക്ഷ്യം എന്നിവ ഈ വിവരണത്തെ മറ്റു സൃഷ്ടികളുടെ വിവരണങ്ങളിൽനിന്നു വേർതിരിച്ചുനിർത്തുന്നു.

"നമുക്ക് നമ്മുടെ": ഏകദൈവം എന്തുകൊണ്ട് ബഹുവചനം ഉപയോഗിക്കുന്നു? ഇത് പൂജക ബഹുവചനമായി കരുതുന്നവരുണ്ട്. ദൈവത്തിന്റെ ആലോചനാ സഭയെക്കുറിച്ചാണ് ഇവിടെ സൂചന (ജോബ് 1,6; 2, 1; 2,1; 1 രാജാ. 22,19-21) എന്നു മറ്റുചിലർ കരുതുന്നു. ദൈവത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഏലോഹിം എന്ന പദം ബഹുവചനമായതിനാൽ അതിനോട് അനുരൂപപ്പെടുത്താൻ വേണ്ടി ഇവിടെയും ബഹുവചനം ഉപയോഗിക്കുന്നു എന്ന് വേറെ ചിലർ കരുതുന്നു. ദൈവം തന്നോടുതന്നെ ആലോചിച്ചു എന്ന വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യം. ദൈവം ആലോചിച്ചു തീരുമാനിച്ചാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നതു മനുഷ്യന് ദൈവം നൽകുന്ന പ്രാധാന്യത്തെ എടുത്തുകാട്ടുന്നു. പുതിയ നിയമത്തിൽ വെളിപ്പെടുത്തപ്പെട്ട പരിശുദ്ധ ത്രീത്വത്തെക്കുറിച്ചുള്ള വ്യംഗമായ ഒരു സൂചനയും ഈ പദപ്രയോഗത്തിലുണ്ടാകാം.

**ഛായ - സാദൃശ്യം**

മനുഷ്യസ്വഭാവത്തേയും മനുഷ്യന് ദൈവത്തോടുള്ള ബന്ധത്തേയും വെളിപ്പെടുത്തുന്നതാണ് ഈ പദങ്ങൾ. ഛായ എന്ന് വിവർത്തനംചെയ്യുന്ന *സെലെം* എന്ന ഹീബ്രുവാക്കിന് പ്രതിമ, പ്രതിരൂപം എന്നാണ് അർത്ഥം. മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് ആദ്യത്തെ പദം സൂചിപ്പിക്കുന്നു. എന്നാൽ ഈ ചിന്ത അതിരുകടന്ന് മനുഷ്യനെ മറ്റൊരു ദൈവമായി കാണാതിരിക്കാൻ വേണ്ടിയാണ് സാദൃശ്യം എന്നപദം കൂട്ടിച്ചേർത്തിരിക്കുന്നത്. *ദ്മൂത്* എന്നാണ് ഇതിന്റെ ഹീബ്രുമൂലം. സാമ്യമുള്ളത് ഏകദേശരൂപം എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. ചിന്തിക്കാനും സ്വതന്ത്രമായി തീരുമാനം എടുക്കാനും സ്നേഹിക്കാനും ഉള്ള കഴിവും ശാരീരികതയും ചേർന്നതാണ് ഈ പ്രതിഛായ. പൂർണ്ണമായ മനുഷ്യവ്യക്തിയാണ് ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടത്. "ദൈവം സ്നേഹമാകുന്നു" (1 യോഹ. 4,8) എന്ന പുതിയ നിയമപാഠത്തിന്റെ വെളിച്ചത്തിൽ സ്നേഹിക്കാനുള്ള കഴിവിലാണ് മനുഷ്യനിലെ ദൈവഛായ ഏറ്റം പ്രകടമാവുന്നത് എന്ന് കരുതാനാവും.

**സ്ത്രീയും പുരുഷനും :** ആദാം എന്ന പദമാണ് മനുഷ്യൻ എന്ന് വിവർത്തനം ചെയ്യപ്പെടുന്നത്. ഒരു വ്യക്തിയുടെ പേര് എന്നതിലുപരി "മനുഷ്യൻ" എന്ന പൊതുസ്വഭാവത്തെ ഈ വാക്ക് സൂചിപ്പിക്കുന്നു. സ്ത്രീയും പുരുഷനും അട

ങ്ങുന്ന മനുഷ്യൻ സമൂഹജീവിയാണ്. ഈ സമൂഹത്തിലാണ് ദൈവത്തിന്റെ പ്രതിഛായ അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷമാകുന്നത്.

സ്ത്രീയും പുരുഷനും ഒരുപോലെ ദൈവത്തിന്റെ പ്രതിഛായ വഹിക്കുന്നു. സ്ത്രീകളെ താഴ്ന്നവരായി കരുതുകയും ചൂഷണം ചെയ്യുകയും വ്യാപാര വസ്തുവാക്കുകയും ചെയ്യുന്ന സംസ്ക്കാരം ദൈവീകപദ്ധതിക്കു വിരുദ്ധമാണ്. ഗർഭസ്ഥശിശു സ്ത്രീയാണെന്നറിഞ്ഞാൽ കൊന്നുകളയുന്ന സംസ്കാരം പൈശാചികമത്രേ.

**സന്താനപുഷ്ടി :** മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതിന്റെ മുഖ്യലക്ഷ്യം അവർ കുഞ്ഞുങ്ങൾക്കു ജന്മം നൽകുക എന്നതാണെന്ന് തുടർന്നു പ്രസ്താവിക്കുന്നു. സൃഷ്ടിയുടെ രണ്ടാം വിവരണത്തിൽ പരസ്പരം ഇണയും തുണയുമായി വർത്തിക്കാൻ വേണ്ടിയാണ് ലൈംഗിക വ്യത്യാസം എടുത്തുകാട്ടുന്നത് (ഉൽപ. 2,18). ദാമ്പത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു ലക്ഷ്യങ്ങളാണ് പ്രത്യുൽപാദനവും സഖിത്വവും. ലൈംഗികത ദൈവനിശ്ചിതവും വിശുദ്ധവുമാണെന്ന് ഈ രണ്ടുവിവരണത്തിൽ വ്യക്തമാക്കുന്നു. ജന്മം നൽകാനുള്ള കഴിവ് ദൈവത്തിന്റെ ദാനമാണ്; സന്താനപുഷ്ടി ദൈവാനുഗ്രഹമാണ്.

മൃഗങ്ങളെപോലെ പെരുകുകയല്ല, വിവേകവും ബുദ്ധിയുമുള്ള മനുഷ്യനെന്ന നിലയിൽ സന്താനങ്ങൾക്കു ജന്മം നൽകി മനുഷ്യോചിതമായി വളർത്തുകയാണ് ഇവിടെ വിവക്ഷിക്കുന്ന ദൗത്യം. ഉത്തരവാദിത്വപൂർണ്ണമായ കുടുംബസംവിധാനമാണ് ദൈവം മനുഷ്യനെ ഏൽപിച്ചിരിക്കുന്നത്. അതിനാൽ കൃത്രിമ കുടുംബാസൂത്രണ സംവിധാനങ്ങളെ സഭ എതിർക്കുന്നു. ഗർഭഛിദ്രമാകട്ടെ, കൊല്ലരുത് എന്ന ദൈവപ്രമാണത്തിന്റെ ലംഘനമാണ്.

എല്ലാ മനുഷ്യർക്കും നിറവേറ്റാൻ ഉതകുന്ന ദേശീയ-അന്തർദേശീയ സംവിധാനങ്ങൾക്കു രൂപം നൽകാൻ മനുഷ്യന് ഉത്തരവാദിത്വമുണ്ട്. "അയൽക്കാരന്റെ ഉപജീവനമാർഗ്ഗം തടയുന്നവൻ കൊല്ലുകയാണ്" (പ്രഭാ. 34.22).

***"വളരെ നന്നായിരിക്കുന്നു":*** "നല്ലതെന്ന് ദൈവം കണ്ടു" എന്ന് ആറു തവണ ആവർത്തിച്ചതിനുശേഷം "വളരെ നന്നായിരിക്കുന്നു" എന്ന് ഏഴാം തവണ പറയുന്നു. താൻ സൃഷ്ടിച്ചതെല്ലാം നല്ലതാണെന്നും സൃഷ്ടികൾ എല്ലാം താൻ ആഗ്രഹിച്ചവിധത്തിൽ പൂർണ്ണമായിരിക്കുന്നുവെന്നും ദൈവം തന്നെ സാക്ഷ്യപ്പെടുത്തുകയാണ്. "ഏഴ്" പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയായതിനാൽ ഏഴുപ്രാവശ്യം ആവർത്തിക്കുന്നതിലൂടെ ഈ ആശയം

അനിഷേധ്യമാംവിധം ഊന്നിപ്പറയുന്നു. തനിക്കുചുറ്റും നടമാടുന്ന തിൻമകൾ ദൈവത്തിന്റെ സൃഷ്ടിയല്ല എന്ന വിശ്വാസം പുരോഹിത രചയിതാവ് ഇതിലൂടെ ആവർത്തിച്ചുറപ്പിക്കുന്നു. തിൻമയുടെ ഉദ്ഭവത്തെക്കുറിച്ചുള്ള വിവരണത്തിന്റെ ആമുഖമാണ് ഇതെന്നും ഓർക്കുക.

**ഏഴാം ദിവസം - വിശ്രമം 2,1-4**

വ്യത്യസ്തങ്ങളായ എട്ടുസൃഷ്ടികർമ്മങ്ങൾ ആറു ദിവസത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കി വിവരിച്ചത് ഏഴാം ദിവസത്തെ വിശ്രമത്തിന്റെ പ്രാധാന്യം എടുത്തുകാട്ടാൻ വേണ്ടിയാണ്. തന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ദൈവം ഏഴാം ദിവസം വിശ്രമിക്കണം എന്ന് വിശുദ്ധഗ്രന്ഥകാരൻ അനുസ്മരിപ്പിക്കുന്നു. ഇത് ദൈവത്തിന്റെ വിശ്രമത്തിൽ, അഥവാ നിത്യഭാഗ്യത്തിൽ പങ്കുചേരുന്നതിന്റെ മുന്നാസ്വാദനമാണ്. പത്തു പ്രമാണങ്ങളിൽ ഒന്നായി സാബത്താചരണത്തെ അവതരിപ്പിക്കുന്നതിലൂടെ ഇതിന്റെ പ്രാധാന്യം എത്രയെന്നു വ്യക്തമാക്കുന്നു (പുറ 20,8-11).

**ചോദ്യങ്ങൾ**

1. ഏഴു ദിവസത്തിന്റെ ചട്ടക്കൂടിൽ സൃഷ്ടിയുടെ വിവരണം ഒതുക്കിയിരിക്കുന്നതിന്റെ ലക്ഷ്യമെന്ത്?
2. മനുഷ്യസൃഷ്ടി മറ്റു സൃഷ്ടികളിൽനിന്ന് എപ്രകാരമാണ് വ്യത്യസ്തമായിരിക്കുന്നത്?
3. ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു എന്ന പ്രസ്താവനയിൽനിന്ന് എന്തു സന്ദേശമാണ് ലഭിക്കുന്നത്?
4. ഏഴാം ദിവസത്തിന്റെ പ്രാധാന്യമെന്ത്?

# 2
# മനുഷ്യനും പറുദീസായും

**ഉൽപത്തി 2, 5-24**

## മുഖ്യപ്രമേയം

മനുഷ്യജീവിതം ക്ലേശപൂർണ്ണമായിരിക്കുന്നത് എന്തുകൊണ്ട്? സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വെമ്പുന്ന ഹൃദയത്തിൽ എന്തേ വിദ്വേഷത്തിന്റെ വിഷം നിറയുന്നു? മനുഷ്യൻ ആഗ്രഹിക്കുന്ന നൻമചെയ്യാൻ കഴിയാതെ, ആഗ്രഹിക്കാതെ തിന്മ ചെയ്തുപോകുന്നതിന്റെ കാരണമെന്ത്? എന്തേ മനുഷ്യജീവിതം മരണത്തിൽ ചെന്നവസാനിക്കുന്നു? തികച്ചും തൃപ്തികരമായ ഉത്തരം നൽകാൻ മനുഷ്യബുദ്ധിക്കു കഴിയാത്ത ഈവിധത്തിലുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങളിലേക്കു ദൈവിക വെളിപാടിന്റെ വെളിച്ചം വീശുന്നതാണ് ഈ അധ്യായങ്ങൾ. ഇവ യാഹ്വിസ്റ്റ് (J) ഗ്രന്ഥകാരന്റെ രചനയാണെന്നു പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

## ഇസ്രായേൽ ചരിത്രവുമായുള്ള ബന്ധം

ഈ അധ്യായങ്ങളിലെ വിവരണങ്ങൾ അടുത്തുപരിശോധിച്ചാൽ ഇസ്രായേൽ ചരിത്രത്തിന്റെ മാതൃകയിലാണ് ഇവ രചിക്കപ്പെട്ടിരിക്കുന്നത് എന്നു വ്യക്തമാകും. താഴെ കൊടുത്തിരിക്കുന്ന താരതമ്യപഠനം കാണുക. ദാവീദിന്റെയും സോളമന്റെയും ഭരണകാലത്താണ് അതുവരെ വാചികവും ലിഖിതവുമായി കാത്തുസൂക്ഷിച്ചിരുന്ന ഇസ്രായേൽ ജനത്തിന്റെ വിശ്വാസപാരമ്പര്യങ്ങൾ ശേഖരിച്ച് ആദ്യമായി ഗ്രന്ഥരൂപത്തിൽ എഴുതപ്പെട്ടത്. അത് ഇസ്രായേൽ ജനത്തിന്റെ ചരിത്രമായിരുന്നു; അതേസമയം രക്ഷാചരിത്രവും.

| **ഇസ്രായേൽ ചരിത്രം** | **ഉൽപത്തി 2-3** |
|---|---|
| 1. മരുഭൂമിയിൽവച്ച് ഒരു ജനതയാക്കി. | 1. വരണ്ട ഭൂമിയിൽവച്ച്, പൂഴിയിൽനിന്നു മെനഞ്ഞു. |
| 2. ഫലസമൃദ്ധമായ കാനാൻദേശത്തേക്കു വന്നു | 2. പറുദീസായിലേക്കു കൊണ്ടു കൊണ്ടുവന്നു |

| | |
|---|---|
| 3. ഉടമ്പടിയുടെ കല്പനകൾ നൽകി. | 3. കല്പന നൽകി. |
| 4. അനുസരിച്ചാൽ ജീവിക്കും | 4. ജീവന്റെ വൃക്ഷം |
| 5. കല്പന ലംഘിച്ചാൽ മരിക്കും | 5. കല്പന ലംഘിച്ചാൽ മരണം |
| 6. ജനം കൽപന ലംഘിച്ചു | 6. മനുഷ്യൻ കല്പന ലംഘിച്ചു |
| 7. മരുഭൂമിയിലെ ശിക്ഷ | 7. മനുഷ്യനു ശിക്ഷ |
| 8. കാനാൻദേശം നഷ്ടപ്പെടും | 8. പറുദീസായിൽ നിന്നു പറത്താക്കി |

ഈ ചരിത്രത്തിനു മുഖ്യമായും രണ്ടു ഘടകങ്ങളുണ്ട്. ദൈവത്തിന്റെ സൗജന്യമായ തിരഞ്ഞെടുപ്പും അചഞ്ചലമായ സ്നേഹവും വാഗ്ദാനങ്ങളിലുള്ള വിശ്വസ്തതയുമാണ് ഒരു ഘടകം. ജനത്തിന്റെ പ്രതികരണമാണ് രണ്ടാമത്തേത്. അത് പലപ്പോഴും അവിശ്വസ്തതയായിരുന്നു. ഇസ്രായേലിന്റെ നൻമയും വളർച്ചയ്ക്കും കാരണം ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹമാണെന്നും അവർ അനുഭവിക്കേണ്ടിവന്ന സകല തിൻമകളുടേയും കാരണം അവരുടെ അവിശ്വസ്തതയാണെന്നും അവരുടെ ചരിത്രംതന്നെ വ്യക്തമാക്കി.

ഇസ്രായേൽ ചരിത്രത്തിന്റെ വെളിച്ചത്തിൽ ദൈവ-മനുഷ്യബന്ധത്തെക്കുറിച്ചും മനുഷ്യപ്രകൃതിയെക്കുറിച്ചും ലഭിച്ച അടിസ്ഥാനപരമായ ഉൾക്കാഴ്ചയാണ് ഉൽപത്തി 2-3 അധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യപ്രകൃതിയിൽത്തന്നെ കാതലായ അപാകതയുണ്ടെന്നും അത് ദൈവസൃഷ്ടയല്ല, മനുഷ്യന്റെ തന്നെ സ്വതന്ത്രമായ തിരഞ്ഞെടുപ്പിന്റെ ഫലമാണെന്നും ഈ അധ്യായങ്ങൾ പഠിപ്പിക്കുന്നു.

മധ്യപൗരസ്ത്യദേശത്തു പ്രചാരത്തിലിരുന്ന പല പുരാണേതിഹാസങ്ങളും മനുഷ്യന്റെ അടിസ്ഥാനപ്രശ്നങ്ങളെ ചർച്ചാവിഷയമാക്കുന്നുണ്ട്. യാഹ്വിസ്റ്റ് ഗ്രന്ഥകാരനും അവ പരിചിതങ്ങളായിരുന്നു. മനുഷ്യസൃഷ്ടിയേയും പതനത്തേയും കുറിച്ചുള്ള വിവരണങ്ങളിൽ ഈ പുരാണകഥകളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവയെ അതേപടി സ്വീകരിക്കുകയല്ല, തനിക്കുലഭിച്ച ദൈവിക പ്രകാശത്തിന്റെ വെളിച്ചത്തിൽ അവയെ വിശകലനംചെയ്ത്. വിശ്വാസസത്യങ്ങൾ വ്യക്തമാക്കാൻ ഉപകരിക്കുന്നവ മാത്രം തിരഞ്ഞെടുക്കുകയാണ് വിശുദ്ധഗ്രന്ഥകാരൻ ചെയ്തത്.

**രചനാരൂപം**

സംഭവങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്ന ചരിത്ര രചനയല്ല, സനാതന സത്യങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രകാശിപ്പിക്കുന്ന കഥാരൂപത്തിലുള്ള ആഖ്യാനമാണ് ഈ അധ്യായങ്ങളിൽ കാണുന്നത്. എന്നാൽ ഒരാശയമോ ആദർശമോ അവതരിപ്പിക്കുന്ന വെറും കെട്ടുകഥകളോ ഉപമകളോ അല്ല ഇത്. ഇവിടെ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങളും

(ആദാം, ഹവ്വാ, സർപ്പം) സ്ഥലങ്ങളും (മരുഭൂമി, ഏദേൻ, പറുദീസാ) വസ്തുക്കളും (മരം, പഴം) എല്ലാം യാഥാർത്ഥ്യത്തിൽ അടിസ്ഥാനമുള്ള പ്രതീകങ്ങളാണ്. മനുഷ്യന്റെ അടിസ്ഥാന സ്വഭാവത്തേയും ലക്ഷ്യത്തേയും അവൻ നേരിടുന്ന പ്രശ്നങ്ങളേയും വിശദീകരിക്കുവാൻ കഴിയുന്ന സാർവ്വത്രികസ്വഭാവമുള്ളവയാണ് ഈ പ്രതീകങ്ങൾ. മനുഷ്യനെക്കുറിച്ച് ഇവിടെ പറയുന്ന കാര്യങ്ങൾ, എല്ലാ മനുഷ്യരെയും സംബന്ധിക്കുന്ന സത്യങ്ങളുടെ ആവിഷ്കരണമാണ്. അതിനാൽ ഇവയെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കുകയല്ല, ഇവയിലെ പ്രതീകങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കയാണ് വേണ്ടത്.

2, 5-22 വാക്യങ്ങളെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. മനുഷ്യസൃഷ്ടി (2,5-7);
2. പറുദീസാ (2,8-17);
3. മനുഷ്യനു തുണ (2,18-25)

**1. മനുഷ്യസൃഷ്ടി 2,5-7**

മനുഷ്യസൃഷ്ടിയെ കേന്ദ്രമാക്കിയുള്ള ഒരു വിവരണമാണ് ഈ മൂന്നു വാക്യങ്ങളിലുള്ളത്. മൂലഭാഷയായ ഹൂബ്രുവിൽ 7-ാം വാക്യം മാത്രമാണ് പൂർണ്ണവാക്യം. മറ്റുള്ളവയെല്ലാം മനുഷ്യസൃഷ്ടിയുടെ സാഹചര്യങ്ങൾ വിവരിക്കുന്ന ഉപവാക്യങ്ങളാണ്.

***ദൈവമായ കർത്താവ്:*** "യാഹ്വേ ഏലോഹിം" എന്നാണ് ഹീബ്രുമൂലം. ഉൽപ. 2-3 അധ്യായങ്ങളിൽ മാത്രമേ ഈ രണ്ടുപേരുകൾ ഒരുമിച്ചു പ്രത്യക്ഷപ്പെടുന്നുള്ളൂ. പുറപ്പാടു സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് യാഹ്വേ എന്ന പേര് വെളിപ്പെടുത്തപ്പെട്ടത്. ഈ പേരിൽ ദൈവം വിമോചനത്തിനായി സ്വയം വെളിപ്പെടുത്തി (പു. 3, 14-17). ഇസ്രായേലിനെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച യാഹ്വേ സ്രഷ്ടാവായ ദൈവമാണെന്ന് ആരംഭത്തിലെ സൂചിപ്പിക്കുന്നു. ദൈവത്തോടുള്ള ബഹുമാനംമൂലം യഹൂദർ അവിടുത്തെ നാമം ഉച്ചരിച്ചിരുന്നില്ല. ആ പേര് കാണുമ്പോൾ "അദോനായ്" എന്നാണ് അവർ വായിച്ചിരുന്നത്. കർത്താവ്, നാഥൻ, അധിപൻ എന്നൊക്കെയാണ് അദോനായ് എന്ന പദത്തിന്റെ അർത്ഥം. "യാഹ്വേ" എന്ന പേര് "കർത്താവ്" എന്നു പൊതുവെ വിവർത്തനം ചെയ്യുന്നു.

***ഭൂമിയും ആകാശവും:*** "ആകാശവും ഭൂമിയും" എന്ന ക്രമത്തിലാണ് ബൈബിളിൽ സാധാരണ കാണാറുള്ളതെങ്കിലും ഇവിടെ ഹൂബ്രുവിൽ "ഭൂമിയും ആകാശവും" എന്ന ക്രമമാണ് ഉപയോഗിച്ചിരിക്കുന്നത്. വാക്യത്തിൽ ആദ്യംവരുന്ന പദത്തിനാണ് ഊന്നൽ ലഭിക്കുക. മനുഷ്യന്റെ മേഖലയായ ഭൂമിക്ക് ഈ വാക്യഘടനയിൽ കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നു.

***ഭൂമിയുടെ അവസ്ഥ:*** 5-6 വാക്യങ്ങൾ മനുഷ്യസൃഷ്ടിക്കുമുമ്പുള്ള അവസ്ഥയെ സൂചിപ്പിക്കുന്നു. ഒരു മരുഭൂമിയുടെ പ്രതീതിയാണ് ഈ വിവരണം നൽകുന്നത്. പുല്ലോ ചെടികളോ ഇല്ലാതെ, വരണ്ടുണങ്ങിയ തരിശുനിലം പോലെയാണ് ഭൂമി. ഇതിനു രണ്ടു കാരണങ്ങൾ നൽകിയിരിക്കുന്നു. 1. ദൈവം മഴ പെയ്യിച്ചില്ല, 2. കൃഷിചെയ്യാൻ മനുഷ്യനില്ല. ജീവിതാനുഭവത്തിൽ നിന്നുള്ള ഈ വിവരണം ഭൂമിയുടെ ഫലപുഷ്ടിയിൽ ദൈവത്തിന്റെയും മനുഷ്യന്റെയും കൂട്ടായ പ്രവർത്തനത്തിന്റെ ആവശ്യകത എടുത്തുകാട്ടുന്നു. ഭൂമിയിൽ നിന്നുയർന്ന ഭൂതലം നനയ്ക്കുന്ന മൂടൽ മഞ്ഞ് ഭൂമിയെ ഫലപുഷ്ടമാക്കാൻ പര്യാപ്തമായില്ല.

***മനുഷ്യസൃഷ്ടി:*** ആദ്യവിവരണത്തിൽ മനുഷ്യൻ ഏറ്റവും ഒടുവിലത്തെ സൃഷ്ടിയാണ്; ഇവിടെയാകട്ടെ ആദ്യത്തേതും. എപ്രകാരമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എന്നു വർണ്ണിക്കുകയല്ല, മനുഷ്യപ്രകൃതിയുടെ അടിസ്ഥാനഭാവങ്ങൾ എടുത്തുകാട്ടുകയാണ് ഈ വിവരണത്തിന്റെ ഉദ്ദേശ്യം.

ആദാം എന്നപദമാണ് "മനുഷ്യൻ" എന്ന് വിവർത്തനംചെയ്യുന്നത്. ഇവിടെ ആദാം എന്നത് ഒരു വ്യക്തിയുടെ പേര് എന്നതിലുപരി "മനുഷ്യൻ" എന്ന പൊതുനാമമാണ്. പിന്നീട് ഈ പദം ആദ്യമനുഷ്യന്റെ പേരായും ഉപയോഗിക്കുന്നുണ്ട്. മണ്ണ് എന്നർത്ഥമുള്ള "ആദമാ" എന്ന പദവുമായി ഇത് അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. മണ്ണിൽനിന്നു വന്നവനാണ് മനുഷ്യൻ എന്ന് ഈ ബന്ധം സൂചിപ്പിക്കുന്നു.

രണ്ടു ഘട്ടമായിട്ടാണ് മനുഷ്യസൃഷ്ടി വിവരിച്ചിരിക്കുന്നത്. ആദ്യത്തേത് കുശവന്റെ പ്രവൃത്തിയെ അനുസ്മരിപ്പിക്കുന്നു. കുശവൻ കളമണ്ണുകൊണ്ട് പാത്രങ്ങൾ മെനയുന്നതുപോലെ ദൈവം പൂഴികൊണ്ട് മനുഷ്യനെ മെനഞ്ഞു. പല പുരാണേതിഹാസങ്ങളിലും കാണുന്ന ഈ പ്രയോഗം ബൈബിളിൽ പലതവണ പ്രത്യക്ഷപ്പെടുന്നുണ്ട് (ജോബ് 10,8-9ച സങ്കീ. 119,73; ജറെ. 18,6).

മനുഷ്യനിലേക്കു ജീവന്റെ ശ്വാസം പകരുന്നതാണ് രണ്ടാംഘട്ടം. ശ്വസിക്കുന്ന മനുഷ്യൻ ജീവിക്കുന്നു, ശ്വാസം നിലച്ചാൽ മരിക്കുന്നു എന്ന അനുഭവത്തിന്റെ വെളിച്ചത്തിൽ ശ്വാസമാണ് ജീവൻ എന്ന വിശ്വാസം ഇവിടെ പ്രതിഫലിക്കുന്നു. മനുഷ്യജീവൻ ദൈവത്തിന്റെ ദാനമാണ്. ഈ രണ്ടു ചിത്രങ്ങളും ദൈവത്തിനു മനുഷ്യനോടുള്ള കരുണാർദ്രമായ സ്നേഹത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങളാണ്. മനുഷ്യൻ തന്റെ അസ്തിത്വത്തിനു ദൈവത്തോടു കടപ്പെട്ടിരിക്കുന്നുവെന്നും ഈ വിവരണം പഠിപ്പിക്കുന്നു.

മണ്ണിനോടും ദൈവത്തോടും ബന്ധപ്പെട്ടാണ് മനുഷ്യൻ. മണ്ണിൽ നിന്നുവന്ന മനുഷ്യൻ ജീവസന്ധാരണത്തിനായി മണ്ണിനെ ആശ്രയിക്കുന്നു. എന്നാൽ അവനെ മനുഷ്യനാക്കുന്നത് ദൈവത്തിന്റെ ശ്വാസമാണ്. അവനിൽ പ്രവർത്തി

ക്കുന്ന ദൈവിക ചൈതന്യം അവനെ മറ്റു സൃഷ്ടികളിൽ നിന്നു വ്യത്യസ്ത നാക്കുന്നു. ജീവദായകമായ ദൈവശ്വാസം അവനിൽ ഉള്ളിടത്തോളം കാലം മാത്രമേ അവൻ ജീവിക്കൂ. മനുഷ്യന്റെ മഹത്വവും താഴ്മയും, നശ്വരതയും അനശ്വരതയും ഒരേസമയം എടുത്തുകാട്ടുന്നതാണ് ഈ ചിത്രം. ദൈവത്തിന്റെ ഛായയിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്ന പ്രഖ്യാപനം ഈ സത്യത്തെ കൂടുതൽ വിശദമാക്കുന്നുണ്ട്.

ഉണങ്ങി വരണ്ട ഭൂമിയിൽ മനുഷ്യനെ സൃഷ്ടിക്കുന്നത് മരുഭൂമിയിൽവച്ച് ഇസ്രായേലിനെ രൂപപ്പെടുത്തയതിനെ അനുസ്മരിപ്പിക്കുന്നു. ഉണങ്ങിവരണ്ട അസ്ഥികളിലേക്ക് ജീവശ്വാസം പ്രവേശിക്കുന്ന ചിത്രത്തിന് (എസെ 37, 10) ഇതുമായി സാമ്യമുണ്ട്. പ്രവാസികളുടെ മടങ്ങിവരവിനെക്കുറിച്ചുള്ള ഈ പ്രവചനം ഇസ്രായേൽ ചരിത്രത്തിന്റെ ഭാഗംതന്നെ.

***2. പറുദീസ (ഏദേൻ):*** ഇത് ഒരു സ്ഥലപ്പേരായി കരുതുന്നവരുണ്ട്. തോട്ടത്തിന്റെ സ്വഭാവം സൂചിപ്പിക്കുന്നതാണ് എന്നു മറ്റു ചിലർ കരുതുന്നു. ഈ അർത്ഥത്തിലാണ് "സന്തോഷത്തിന്റെ പറുദീസാ" (Paradism Voluptatis) എന്നു ലത്തീനിലേക്കു വിവർത്തനം ചെയ്യപ്പെട്ടത് എന്നാൽ ഏദേൻ എന്ന പദത്തിന് "വരണ്ട നിലം", "മരുഭൂമി" എന്നും അർത്ഥമുണ്ട്. ഭൂമിയുടെ അവസ്ഥയെകുറിച്ച് 2,5 ൽ നൽകിയ വിവരണത്തോട് കൂടുതൽ യോജിച്ചു പോകുന്നതാണ് ഈ വ്യാഖ്യാനം. ഒരു മരുപ്പച്ചയുടെ പ്രതീതിയാണ് "ഏദനിലെ തോട്ടം" എന്ന വിവരണം ജനിപ്പിക്കുന്നത്.

***നദികൾ:*** പറുദീസായുടെ സ്ഥലവും സ്വഭാവവും കൂടുതൽ വിശദമാക്കുന്നതാണ് നാലു നദികളെക്കുറിച്ചുള്ള വിവരണം. യൂഫ്രട്ടീസ്, ടൈഗ്രീസ് നദികൾ ഏവർക്കും സുപരിചിതമാണ്. ഈ നദികൾക്കു മധ്യേയുള്ള സ്ഥലം "മെസോപ്പൊട്ടാമിയ" എന്ന പേരിൽ അറിയപ്പെടുന്നു. ഈ നദീതടത്തിൽ നിന്നാണ് ഇസ്രായേലിന്റെ പൂർവ്വികർ കാനാനിലേക്കു കുടിയേറിപ്പാർത്തത്. ഈ പ്രദേശം ഇന്ന് ഇറാക്കിന്റെ ആധിപത്യത്തിലാണ്. പിഷോൺ, ഗിഹോൺ എന്നീ നദികൾ എവിടെയാണെന്ന് ആർക്കും അറിയില്ല. ദൈവം നട്ടുപിടിപ്പിച്ച തോട്ടത്തിന്റെ സ്ഥലമോ സ്വഭാവമോ അക്ഷരാർത്ഥത്തിൽ എടുക്കരുതെന്നും ആസ്ഥലം ആരും അന്വേഷിച്ചു പോകേണ്ടതില്ലെന്നും സൂചിപ്പിക്കാനായിരിക്കാം അജ്ഞാതമായ രണ്ടു നദികളുടെ പേരു രേഖപ്പെടുത്തിയിരിക്കുന്നത്.

ബൈബിളിൽ "നാല്" സമഗ്രതയെ സൂചിപ്പിക്കുന്ന സംഖ്യയാണ്. ഭൂതലം മുഴുവൻ ജലസേചനം ചെയ്യാൻമാത്രം ശക്തമാണ് പറുദീസായിലെ നദിയെന്ന് നിറഞ്ഞൊഴുകുന്ന നാലു മഹാനദികളുടെ പ്രതീകത്തിലൂടെ വിശുദ്ധ ഗ്രന്ഥ

കാരൻ സൂചിപ്പിക്കുകയാവാം. മരുഭൂമിയിൽ വസിക്കുന്നവർക്ക് സമൃദ്ധിയുടെയും സൗഭാഗ്യത്തിന്റെയും പ്രതീകമാണ് ജലം.

**3. മനുഷ്യനു തുണ 2,18-25**

മനുഷ്യപ്രകൃതിയുടെ അടിസ്ഥാനഭാവങ്ങളായ സ്വാതന്ത്ര്യവും പരിമിതിയും എടുത്തുകാട്ടിയതിനുശേഷം യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ സൃഷ്ടിയുടെ വിവരണം തുടരുന്നു. മനുഷ്യനു ചേർന്ന ഇണയെതേടുന്ന ദൈവത്തിന്റെ ചിത്രമാണ് ഈ ഭാഗത്ത് വരച്ചുകാട്ടുന്നത്. മനുഷ്യന്റെ ഏകാന്തതയെപ്പറ്റിയുള്ള ദൈവത്തിന്റെ വിചിന്തനം (2,18) മനുഷ്യസ്വഭാവത്തിന്റെ മറ്റൊരു പ്രത്യേകതയിലേക്കു ശ്രദ്ധതിരിക്കുന്നു. മനുഷ്യൻ സമൂഹജീവിയാണ്. തുല്യവ്യക്തികൾ തമ്മിലുള്ള ബന്ധത്തിലാണ് മനുഷ്യത്വം പൂർണ്ണമാകുന്നത്.

മനുഷ്യനു തുണയായി പക്ഷിമൃഗാദികളെ സൃഷ്ടിക്കുകയും അവയ്ക്കു പേരിടാൻ മനുഷ്യനെ അനുവദിക്കുകയും ചെയ്യുന്ന ചിത്രം ദൈവത്തിനു മനുഷ്യനോടുള്ള പരിഗണനയും മനുഷ്യനു ജന്തുലോകത്തിൽ നല്കപ്പെട്ടിരിക്കുന്ന ആധിപത്യവും സൂചിപ്പിക്കുന്നു. എന്നാൽ ഇവയിലൊന്നിലും തനിക്കുചേർന്ന ഇണയെ മനുഷ്യൻ കണ്ടെത്തിയില്ല എന്ന പ്രസ്താവന ഏകാകിയായ മനുഷ്യന്റെ അഗാധമായ വിഷാദത്തെ വ്യക്തമാക്കുന്നു. ഈ ലോകത്തിലെ സകല സമ്പത്തും കൈയടക്കിയാലും സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള മനുഷ്യന്റെ അന്തർദാഹം ശമിക്കുകയില്ല.

മനുഷ്യന് ഇണയും തുണയുമായി സ്ത്രീയെ സൃഷ്ടിച്ചു നൽകുന്നതോടെയാണ് സൃഷ്ടികർമ്മം പൂർത്തിയാകുന്നത്. നിദ്രയും വാരിയെല്ലും പ്രതീകങ്ങളാണ്. ഗാഢനിദ്ര സൃഷ്ടികർമ്മത്തിന്റെയും സ്ത്രീ-പുരുഷ ലൈംഗികതയുടെയും രഹസ്യാത്മകതയെ സൂചിപ്പിക്കുന്നു. വാരിയെല്ലാകട്ടെ പുരുഷനും സ്ത്രീയും തമ്മിലുള്ള തുല്യതയുടേയും അഭേദ്യമായ ബന്ധത്തിന്റെയും സൂചനയാണ്. "ആദ്യത്തെ പ്രേമഗാനം" എന്നു വിശേഷിപ്പിക്കാവുന്ന പുരുഷന്റെ ഉദ്ഘോഷണം ഈ യാഥാർത്ഥ്യത്തെ ഏറ്റുപറയുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള ഗാഢമായ ഐക്യത്തെ ഊന്നിപ്പറയുന്നതാണ് "അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" എന്ന പ്രയോഗം. തന്റെതന്നെ ഭാഗവും സ്വഭാവത്തിൽ പങ്കുകാരിയുമായി മനുഷ്യൻ സ്ത്രീയെ കാണുന്നു. "നരൻ-നാരി" എന്നു വിവർത്തനം ചെയ്യുന്നത് "ഇഷ്-ഇഷാ" എന്ന ഹീബ്രുപദങ്ങളാണ്. ഒരേ പദത്തിന്റെതന്നെ പുല്ലിംഗവും സ്ത്രീലിംഗവും.

വിവാഹത്തിന്റെ ദൈവനിശ്ചിതമായ ചില പ്രത്യേകതകൾ ഈ വിവരണത്തിലും തുടർന്നുള്ള പ്രസ്താവനയിലും കാണാം. വിവാഹം ദൈവംതന്നെ സ്ഥാപിച്ചതാണ്. വധുവിന്റെ പിതാവ് മകളെ വരന് ഏൽപിച്ചു കൊടുക്കുന്ന

തുപോലെയാണ് ദൈവം സ്ത്രീയെ മനുഷ്യന്റെ മുമ്പിലേക്കു കൊണ്ടുവന്നത്. സ്ത്രീ-പുരുഷൻമാരെ പരസ്പരം അടുപ്പിക്കുകയും ബന്ധിപ്പിച്ചു നിർത്തുകയും ചെയ്യുന്ന ആകർഷണവും ദൈവംതന്നെയാണ് അവരുടെ പ്രകൃതിയിൽ നിക്ഷേപിച്ചത്. സ്ത്രീ-പുരുഷ ലൈംഗികത അതിൽത്തന്നെ നല്ലതും വിശുദ്ധവുമാണെന്ന് ഇത് പഠിപ്പിക്കുന്നു. ഒരു പുരുഷനെയും ഒരു സ്ത്രീയെയും തമ്മിൽ മരണംവരെ അഭേദ്യമാംവിധം ബന്ധിപ്പിക്കുന്നതാണ് വിവാഹം. ഏകത്വവും അവിഭാജ്യതയും വിവാഹത്തിന്റെ പ്രത്യേകതകളാണ്. സ്ത്രീ-പുരുഷൻമാർ പരസ്പരം ഇണയും തുണയുമായി വർത്തിക്കുകയാണ് വിവാഹത്തിന്റെ ലക്ഷ്യം.

മാതാപിതാക്കൻമാർ നൽകുന്ന സുരക്ഷിതത്വം ഉപേക്ഷിച്ച് സ്വന്തമായൊരു കുടുംബം സ്ഥാപിക്കാനും പരസ്പരമുള്ള ഐക്യത്തിൽ പുതിയ സുരക്ഷിതത്വം കണ്ടെത്താനും സ്ത്രീ-പുരുഷബന്ധം സഹായിക്കുന്നു. "ഒറ്റ ശരീരമായിത്തീരും" എന്ന പ്രസ്താവന വിവാഹബന്ധത്തിന്റെ അവിഭാജ്യതയും ഏകത്വവും ഉറപ്പിക്കുന്നതോടൊപ്പം ആ ബന്ധത്തെ ശാശ്വതീകരിക്കുന്ന മക്കളുടെ ജനനത്തെയും സൂചിപ്പിക്കുന്നു. ബഹുഭാര്യാത്വവും വിവാഹമോചനവും ദൈവത്തിന്റെ പദ്ധതിക്കും മനുഷ്യപ്രകൃതിക്കും വിരുദ്ധമാണെന്ന് ഈ പ്രസ്താവന ഊന്നിപ്പറയുന്നു.

## ചോദ്യങ്ങൾ

1. സൃഷ്ടിയെക്കുറിച്ചുള്ള യാഹ്‌വിസ്റ്റ് വിവരണവും ഇസ്രായേൽ ചരിത്രവും തമ്മിൽ താരതമ്യം ചെയ്യുക.
2. സൃഷ്ടിയുടെ രണ്ടാം വിവരണത്തിൽ വെളിപ്പെടുന്ന ദൈവത്തിന്റെ പ്രത്യേകതകൾ ഏവ? ആദ്യ വിവരണത്തിലേതുമായി ഇതിനെ താരതമ്യം ചെയ്യുക.
3. പറുദീസാ എന്നാൽ എന്ത്?
4. പറുദീസായിൽ മനുഷ്യനെ ഏൽപിച്ചിരുന്ന ജോലി എന്ത്? ഇന്ന് അതിന് എന്തു പ്രസക്തിയുണ്ട്?
5. മനുഷ്യനു നൽകിയിരുന്ന കൽപനയെന്ത്? എന്താണ് അതിന്റെ അർത്ഥം?
6. വിവാഹത്തിന്റെ സ്വഭാവത്തെയും ലക്ഷ്യത്തെയുംകുറിച്ച് എന്തുപഠനമാണ് ഈ വിവരണത്തിൽനിന്നു ലഭിക്കുന്നത്?

# 3
# തിന്മയുടെ ഉദ്ഭവം

**ഉൽപത്തി 3, 1-24**

## തകർന്ന ബന്ധങ്ങൾ

തിന്മയുടെ ഉദ്ഭവമാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. ദൈവം സൃഷ്ടിച്ചതല്ല, മനുഷ്യൻ തന്റെ സ്വാതന്ത്ര്യം ദുരുപയോഗിച്ച് സ്രഷ്ടാവിനെതിരെ മറുതലിച്ചതിന്റെ ഫലമായുണ്ടായതാണ് തിന്മ എന്ന് വി. ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. പാപം എന്നപദം ഉപയോഗിക്കുന്നില്ലെങ്കിലും പാപത്തിന്റെ ചിത്രമാണ് ഇവിടെ വരച്ചുകാട്ടുന്നത് എന്നതിൽ സംശയമില്ല. പാപത്തെക്കുറിച്ച് താത്വികമായൊരു വിശകലനമോ, നിർവ്വികാരമായൊരു നിർവ്വചനമോ അല്ല, നാടകീയമായൊരു ചിത്രീകരണമാണ് ഈ അധ്യായത്തിൽ നമുക്ക് ലഭിച്ചിരിക്കുന്നത്.

ആദിയിലെ പാപം എന്നതിലുപരി, ആദി മുതലേയുള്ള പാപമാണ് ഇവിടെ ചിത്രീകരിക്കുന്നത്. ആദാം എന്നാൽ മനുഷ്യൻ എന്നാണ് അർത്ഥം. അതിനാൽ പാപം മനുഷ്യന്റെ പാപമാണ്. പാപത്തിന്റെ തുടക്കം, സ്വഭാവം, ഫലങ്ങൾ, പാപത്തോടും പാപിയോടും പാപിയായ മനുഷ്യനോടുമുള്ള ദൈവത്തിന്റെ സമീപനം എന്നിവയെ ഇസ്രായേൽ ചരിത്രത്തിന്റേയും സ്വന്തം അനുഭവജ്ഞാനത്തിന്റേയും വെളിച്ചത്തിൽ, ദൈവാത്മാവിന്റെ പ്രത്യേക സഹായവും പ്രചോദനവും ലഭിച്ച യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ നാടകീയമായി അവതരിപ്പിക്കുന്നതാണ് ഈ വിവരണം. അതിനാൽ പാപത്തിന്റെ അന്തഃസത്ത വ്യക്തമാക്കുന്ന ചിത്രീകരണം എന്നനിലയിൽ ഇതിനെ മനസ്സിലാക്കണം. ആദാമിന്റെ പാപം നാം ഓരോരുത്തരുടേയും പാപമാണ്.

ഈ അധ്യായത്തെ മൂന്നായി തിരിക്കാം. 1. പ്രലോഭനവും പാപവും (3,1-7); 2. വിചാരണ (3,8-13); 3. ശിക്ഷ (3,14-24).

### 1. പ്രലോഭനവും പാപവും 3,1-7

പാപത്തിന്റെ ഉദ്ഭവവും സ്വഭാവവും വ്യക്തമാക്കുന്നതാണ് ഈ വാക്യങ്ങൾ. പെട്ടെന്നുണ്ടാകുന്ന വികാരാവേശത്താൽ ചെയ്തുപോകുന്ന ഒരു പ്രവൃത്തിയല്ല, പൂർണ്ണമായ അറിവോടും സ്വതന്ത്രമായ മനസ്സോടുംകൂടി ചെയ്യുന്ന ദൈവകൽപനയുടെ ലംഘനമാണ് പാപം. ദൈവത്തിന്റെ കൽപന നല്ലതും

ജീവദായകവും ആണെങ്കിൽ എന്തേ മനുഷ്യൻ അത് ലംഘിക്കുന്നു? ദൈവ കൽപനയെ ലംഘിക്കാനുള്ള പ്രേരണയാണ് പ്രലോഭനം. അതിന് ആന്തരി കവും ബാഹ്യവുമായ രണ്ട് വശങ്ങളുണ്ട്. പുറമേനിന്നുവരുന്ന പ്രലോഭന മാണ് ഇവിടെ സർപ്പത്തിന്റെ പ്രതീകത്തിലൂടെ ചിത്രീകരിക്കുന്നത്. തീരു മാനം എടുക്കുന്നതിനുമുമ്പുള്ള ആന്തരിക സംഘർഷം സ്ത്രീയുടെ വിചി ന്തനത്തിലൂടെ പ്രകടമാകുന്നു.

***സർപ്പം*** 3,1a. പാപത്തിന്റെ തുടക്കവും തിന്മയുടെ ഉദ്ഭവവും വിവരി ക്കാൻവേണ്ടി വിശുദ്ധ ഗ്രന്ഥകാരൻ ഉപയോഗിക്കുന്ന പ്രതീകമാണ് സർപ്പം. "മറ്റെല്ലാ വന്യമൃഗങ്ങളേക്കാളും കൗശലമേറിയതായിരുന്നു സർപ്പം" എന്ന പ്രസ്താവന ഒരു പൊതുധാരണയുടെ പ്രകാശനമാണ്. അവസരോചിതമായി പെരുമാറാനുള്ള വിവേകത്തിന്റെ ഉദാഹരണമായി ക്രിസ്തുനാഥൻ തന്നെ സർപ്പത്തെ എടുത്തുകാട്ടിയിട്ടുണ്ട് (മത്താ. 10,16).

ദൈവത്തിന്റെ സൃഷ്ടിയായ ഒരു വന്യജീവിയായിട്ടാണ് ഇവിടെ സർപ്പത്തെ അവതരിപ്പിക്കുന്നതെങ്കിലും തുടർന്നുള്ള ചിത്രികരണം അതിനെ വെറും ഒരു ഇഴജന്തുവായിമാത്രം കരുതുക പ്രയാസമാക്കുന്നു. "കൗശലം" എന്ന പ്രയോഗം തന്നെ ദുഃസൂചനയാണ്. മനുഷ്യനേക്കാൾ വലിയ ബുദ്ധി ശക്തിയും സത്യം വളച്ചൊടിക്കാനുള്ള സാമർത്ഥ്യവും ദൈവത്തോടു മറുത ലിക്കാൻ പ്രേരിപ്പിക്കുന്ന ദുഷ്ടതയും ഒത്തിണങ്ങിയ ഈ ജീവിയുടെ മറ വിൽ ഏതോ അമാനുഷികശക്തി നിൽക്കുന്നു എന്ന പ്രതീതിയാണ് ലഭി ക്കുക. ഈ അർത്ഥത്തിലാണ് ബി.സി. ഒന്നാം നൂറ്റാണ്ടുമുതൽ യഹൂദ-ക്രൈ സ്തവ പാരമ്പര്യങ്ങൾ ഈ പുരാതന സർപ്പത്തെ മനസ്സിലാക്കിയത്. (ജ്ഞാനം 2,24; യോഹ. 8,44; 1 യോഹ. 3,8; വെളി. 12,9; 20,2). പറുദീസാ യിലെ സർപ്പത്തെ പ്രലോഭകനായ സാത്താന്റെ പ്രതീകമായിട്ടാണ് ഇന്നു നാം കാണുന്നത്. പക്ഷേ എന്തുകൊണ്ട് സർപ്പം സാത്താന്റെ പ്രതീകമാ കുന്നു എന്നതിന് ഇതിൽനിന്ന് ഉത്തരം ലഭിക്കുന്നില്ല.

സർപ്പത്തെക്കുറിച്ചുള്ള പൗരാണികരുടെ കാഴ്ചപ്പാടും യാഹ്‌വിസ്റ്റു ഗ്രന്ഥ കാരന്റെ ചരിത്രപശ്ചാത്തലവും ഈ പ്രശ്നത്തിലേക്ക് വെളിച്ചം വീശുന്നു ണ്ട്. ആണ്ടുതോറും പടം പൊഴിക്കുന്നതിനാൽ സർപ്പം വീണ്ടും വീണ്ടും യുവത്വം വീണ്ടെടുക്കുന്നു എന്ന ധാരണ പൗരാണികർക്കുണ്ടായിരുന്നു. അതി നാൽ പല പുരാതന മതങ്ങളും സർപ്പത്തെ ജീവന്റേയും ഫലപുഷ്ടിയുടേയും ദൈവമായി ആരാധിച്ചിരുന്നു. കാനാന്മാർ ഇപ്രകാരമുള്ള സർപ്പാരാധകരാ യിരുന്നു. കാനാൻ ദേശത്തു വാസമുറപ്പിച്ച ഇസ്രായേൽക്കാർ കാനാന്മാരുടെ വിഗ്രഹാരാധനയിലും പങ്കുചേരാൻ നിരന്തരം പ്രലോഭിപ്പിക്കപ്പെട്ടിരുന്നു. വിജാ

തീയ സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ച സോളമന്റെ കാലത്ത് വിഗ്രഹാരാധന ഇസ്രായേലിൽ വ്യാപകമായിത്തീർന്നു. വിജാതീയ സ്ത്രീകൾവഴിയാണ് ഇസ്രായേൽ പുരുഷന്മാർ വിഗ്രഹാരാധനയിലേക്ക് വലിച്ചിഴക്കപ്പെട്ടത്. (സംഖ്യ 25,1-3; 1 രാജാ 11,1-8).

ഈ പ്രവണതകൾക്കെതിരെ ശക്തമായ പ്രതികരണമായിട്ടാവണം, ആദ്യപാപത്തിന്റെ മുഖ്യകഥാപാത്രങ്ങളായി യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ സർപ്പത്തേയും സ്ത്രീയേയും ചിത്രീകരിച്ചത്. ജീവന്റെ ദൈവമായി ആരാധിക്കപ്പെടുന്ന സർപ്പം യഥാർത്ഥത്തിൽ പ്രലോഭകനും സകല തിന്മകളുടേയും ഉറവിടവും മരണത്തിനു കാരണക്കാരനും ആണ് എന്ന് തുടർന്നുള്ള വിവരണം വ്യക്തമാക്കുന്നു.

***പ്രലോഭനം*** 3,1b. സർപ്പവും സ്ത്രീയും തമ്മിലുള്ള സംഭാഷണം പ്രലോഭനത്തിന്റെ വിവിധ വശങ്ങൾ വ്യക്തമായി ചിത്രീകരിക്കുന്നു. തികച്ചും അപ്രതീക്ഷിതമായി പ്രലോഭകൻ കടന്നുവന്ന് ഒരു ചോദ്യംകൊണ്ട് സംഭാഷണം ആരംഭിക്കുന്നു. "തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം ഭക്ഷിക്കരുത് എന്നാണോ ദൈവം കൽപ്പിച്ചിരിക്കുന്നത്?" ദൈവകൽപനയെ അതികഠിനവും ക്രൂരവുമായി തോന്നത്തക്കവിധം വളച്ചൊടിക്കുന്നതാണ് ഈ ചോദ്യം. കൽപന നൽകിയ ദൈവത്തെ ന്യായീകരിക്കാനെന്നവണ്ണം സ്ത്രീ മറുപടി പറഞ്ഞു. എന്നാൽ, "തൊടുകപോലും അരുത്" എന്ന ഘടകം കൂട്ടിച്ചേർത്തുകൊണ്ട് കൽപനയെ അവൾ കൂടുതൽ കർശനമായി അവതരിപ്പിച്ചു. ചോദ്യം ചെയ്യുന്ന ആളിന്റെ ഉദ്ദേശ്യമോ ചോദ്യത്തിന്റെ ലക്ഷ്യമോ മനസ്സിലാകാതെ സംഭാഷണത്തിലേർപ്പെട്ട സ്ത്രീ തുടർന്നുള്ള ആക്രമണങ്ങൾക്കു വഴി തുറന്നിടുകയാണ് ചെയ്തത്.

പ്രലോഭനത്തിന്റെ രണ്ടാംഘട്ടം കൽപന നൽകിയ ദൈവത്തിന്റെ സത്യസന്ധതയേയും ഉദ്ദേശ്യ ശുദ്ധിയേയും ചോദ്യംചെയ്തുകൊണ്ട് ദൈവത്തെ ധിക്കരിക്കാൻ പ്രേരിപ്പിക്കുന്നു. കൽപനയുടെ ലംഘനംവഴി മൂന്നു നന്മകൾ നേടിയെടുക്കാൻ കഴിയുമെന്ന് പ്രലോഭകൻ വാഗ്ദാനം ചെയ്യുന്നു: 1. മരിക്കുകയില്ല. ദൈവത്തിന്റെ താക്കീതിനെ പാടേ നിഷേധിക്കുന്ന ഈ പ്രസ്താവന സർപ്പം ഇവിടെ ദൈവത്തിന്റെ പ്രതിയോഗിയായി പ്രത്യക്ഷപ്പെടുന്നു. 2. കണ്ണ് തുറക്കും. യാഥാർത്ഥ്യങ്ങളെ പുതിയൊരു വെളിച്ചത്തിൽ കാണാൻ കഴിയും എന്ന വാഗ്ദാനം ദൈവം അവരെ മനഃപൂർവ്വം അജ്ഞതയിൽ തളച്ചിട്ടിരിക്കുകയാണെന്ന് സൂചിപ്പിക്കുന്നു. 3. ദൈവത്തെപ്പോലെയാകും. വിലക്കപ്പെട്ട കനി ഭക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന അറിവ് അവരെ ദൈവതുല്യരാക്കും.

നന്മ തിന്മയുടെ അറിവിന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കുകയെന്നാൽ നന്മയേത്, തിന്മയേത് എന്ന് നിർണ്ണയിക്കാനുള്ള അവകാശം സ്വന്തമാക്കുക എന്നാണ് അർത്ഥമെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ നാം കണ്ടു. സൃഷ്ടി എന്ന അവസ്ഥയുടെ പരിമിതികൾ അംഗീകരിക്കാതെ സ്വയം ദൈവമാകാനുള്ള ശ്രമമാണിത്. ജീവിതം സ്വന്തം കൈകളിലെടുത്ത്, ദൈവത്തെ കൂടാതെ പടുത്തുയർത്താൻ ശ്രമിക്കുന്നത് സ്രഷ്ടാവിനെ നിഷേധിക്കുന്ന അഹങ്കാരമാണ്. ഇതാണ് പാപത്തിന്റെ കാതൽ. ഇതിലേക്കാണ് പ്രലോഭനം നയിക്കുന്നത്.

"അവൾ പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു." എന്ന കാര്യമാത്രപ്രസക്തമായ പ്രസ്താവന പ്രലോഭനത്തിന്റെ അന്ത്യം കുറിക്കുന്നതോടൊപ്പം കൂട്ടായ്മയും വ്യക്തമാക്കുന്നു. പ്രലോഭനത്തിൽ വീണവർ മറ്റുള്ളവരേയും പാപത്തിലേക്ക് നയിക്കുന്നു. സ്ത്രീയുടെ വാക്കുകേട്ട്, വിലക്കപ്പെട്ട കനി ഭക്ഷിച്ച പുരുഷന്റെ ചിത്രത്തിനു പിന്നിൽ സ്ത്രീകൾ വഴി വിഗ്രഹാരാധനയിലേക്ക് വശീകരിക്കപ്പെട്ട ഇസ്രായേലിന്റെ അനുഭവം നിഴലിക്കുന്നുണ്ട്.

***പാപത്തിന്റെ ഫലം*** 3,7. പ്രലോഭകൻ പറഞ്ഞതെല്ലാം അർദ്ധസത്യങ്ങളായിരുന്നു. അവർ മരിക്കുകയില്ല എന്നുപറഞ്ഞു. പഴം തിന്ന ഉടനെ അവർ ശാരീരികമായി മരിച്ചില്ല. എന്നാൽ ദൈവവുമായുള്ള സ്നേഹബന്ധം വിച്ഛേദിക്കുകവഴി ദൈവികജീവൻ അവർക്കു നഷ്ടപ്പെട്ടു. ജീവന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കാനുള്ള അവകാശം ദൈവതുല്യരാക്കുന്ന സർവ്വജ്ഞാനമല്ല, തങ്ങൾ നഗ്നരാണെന്ന അറിവാണ്. "അവർ നഗ്നരായിരുന്നു; എങ്കിലും അവർക്കു ലജ്ജ തോന്നിയിരുന്നില്ല" (2,25) എന്ന പ്രസ്താവനയുമായി ബന്ധപ്പെടുത്തി ഇതിനെ മനസ്സിലാക്കണം.

നഗ്നതയെക്കുറിച്ചുള്ള പുതിയ അറിവ് മൂന്നു കാര്യങ്ങൾ സൂചിപ്പിക്കുന്നു. 1. അവർക്കു തങ്ങളുടെ മഹത്വവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു. യുദ്ധത്തിൽ കീഴടങ്ങിയ ശത്രുക്കളെയും വധിക്കാൻ കൊണ്ടുപോകുന്ന കുറ്റവാളികളെയും നഗ്നരാക്കി നടത്തുക പതിവായിരുന്നു. 2. അവരുടെ വ്യക്തിത്വത്തിൽ തന്നെ പിളർപ്പുണ്ടായി. ആയിരുക്കുന്നവിധത്തിൽ തങ്ങളെ സ്വീകരിക്കാൻ അവർക്കു കഴിയുന്നില്ല. ആത്മാഭിമാനം നഷ്ടപ്പെട്ട ഇവർ സ്വയം വെറുത്തു. കുറ്റബോധം അവരെ വേട്ടയാടി. ഭയം അവരെ കീഴടക്കി. 3. അവർ പരസ്പരം അകന്നു. അത്തിയിലകൊണ്ട് അരക്കച്ചയുണ്ടാക്കുന്നത് പാഴ്വേലയാണെന്ന് അടുത്ത വാക്യം വ്യക്തമാക്കുന്നു. പുരുഷൻ സ്ത്രീയെ തള്ളിപ്പറയുന്നതായും താമസിയാതെ കാണും. ദൈവം വിധി പ്രസ്താവിക്കുന്നതിനു മുമ്പുതന്നെ പാപത്തിന്റെ ഫലം അവർ അറിഞ്ഞു, ദൈവം പുറത്താക്കുന്നതിനു മുമ്പേ

പറുദീസാ അവർക്കു നഷ്ടപ്പെട്ടു. വികാരങ്ങൾ ലജ്ജാകരമാംവിധം നിയന്ത്രണാതീതമായി എന്ന സൂചനയും നഗ്നതാബോധത്തിലുണ്ട്.

**2. വിചാരണ 3.8-13**

പാപിയായ മനുഷ്യന്റെ ആന്തരികഭാവവും അവനോടുള്ള ദൈവത്തിന്റെ സമീപനവും വ്യക്തമാക്കുന്ന ഈ വാക്യങ്ങൾ ഒരു നിയമനടപടിയുടെ ശൈലിയാണ് അവതരിപ്പിച്ചിരിക്കുന്നത്. തോട്ടത്തിൽ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രം മനുഷ്യനും ദൈവവും തമ്മിൽ നിലനിന്ന ഗാഢമായ ഐക്യം വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ ശബ്ദം പാപിയായ മനുഷ്യനിൽ ഭയം ജനിപ്പിക്കുന്നു. ഓടിയൊളിക്കാനുള്ള ശ്രമം പാപംവഴി മനുഷ്യൻ ദൈവത്തിൽനിന്ന് അകന്നുപോകുന്നു എന്ന് വ്യക്തമാക്കുന്നു. "നീ എവിടെയാണ്" എന്ന ചോദ്യം തന്റെതന്നെ അവസ്ഥയെക്കുറിച്ചു ബോധവാനാകാൻ മനുഷ്യനെ സഹായിക്കുന്നു. ആത്മശോധനയ്ക്കുള്ള ആഹ്വാനമാണിത്. കുറ്റാരോപണമോ ശാസനയോ അല്ല, പിതൃസഹജമായ വാത്സ്യല്യമാണ് ഈ ചോദ്യത്തിൽ പ്രതിധ്വനിക്കുന്നത്.

പാപം മറച്ചുവയ്ക്കാനും ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള മനുഷ്യരുടെ പൊതുവായ പ്രവണതയാണ് പുരുഷന്റെയും സ്ത്രീയുടെയും ഉത്തരങ്ങളിൽ പ്രതിഫലിക്കുന്നത്. പുരുഷൻ സ്ത്രീയുടെ മേലും, സ്ത്രീ സർപ്പത്തിന്റെമേലും കുറ്റം ആരോപിക്കുന്നു. തെറ്റു സമ്മതിക്കുന്നുണ്ടെങ്കിലും ഇരുവരും തങ്ങളുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണ്. "അങ്ങെനിക്കു കൂട്ടിനു തന്ന സ്ത്രീ" എന്ന വിശേഷണത്തിൽ പാപത്തിന്റെ ഉത്തരവാദി അത്യന്തികമായി ദൈവം തന്നെയാണ് എന്നധ്വനിയുണ്ട്. ഇരുവരും പറയുന്നതു സത്യമാണ്. പുറമേ നിന്നുണ്ടായ പ്രലോഭനമാണ് പാപത്തിന് കാരണമായത്. സർപ്പം സ്ത്രീയെയും സ്ത്രീ പുരുഷനെയും പ്രലോഭിപ്പിച്ചു. എന്നാൽ ഇത് സ്വതന്ത്രമായിചെയ്ത പ്രവൃത്തിയുടെ ഉത്തരവാദിത്വം ഇല്ലാതാക്കുന്നില്ല.

പ്രലോഭനം തുടങ്ങിവച്ച സർപ്പത്തെ ദൈവം ചോദ്യംചെയ്യുന്നില്ല എന്നതു ശ്രദ്ധേയമത്രേ. തിന്മയുടെ ഉദ്ഭവം മനുഷ്യന് അഗ്രാഹ്യമായ ഒരു രഹസ്യമാണ് എന്ന് ഇതുവഴി വിശുദ്ധ ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. മനുഷ്യൻ അനുഭവിക്കുന്ന തിന്മയുടെ കാരണം മനുഷ്യന്റെ തന്നെ പാപമാണ്. അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം മനുഷ്യനുണ്ട്. എന്നാൽ അതിനും മുമ്പേ തിന്മയുടെ ശക്തി ഉണ്ടായിരുന്നു. അത് എങ്ങിനെ ഉണ്ടായി എന്നു വിശദീകരിക്കുന്നില്ല.

**3. ശിക്ഷ 3,14-24**

കുറ്റം തെളിയിച്ചതിനു ശേഷം വിധി പ്രസ്താവിക്കുകയായി. കുറ്റകൃത്യത്തിന് ആനുപാതികമായ യഥാർത്ഥ ശിക്ഷ അവസാനഭാഗത്താണ് (3,22-24) വിവരിക്കുന്നത്. അതിനു മുമ്പേ ഓരോ കുറ്റവാളിയുടെയും മേലുള്ള ശിക്ഷാവിധി വിവരിക്കുന്നു. ഈ അധ്യായത്തിലെ മൂന്നു ഭാഗങ്ങളിലും മുഖ്യ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ക്രമം ശ്രദ്ധേയമത്രേ.

പ്രലോഭനം: സർപ്പം - സ്ത്രീ - പുരുഷൻ

വിചാരണ: പുരുഷൻ - സ്ത്രീ

ശിക്ഷാവിധി: സർപ്പം - സ്ത്രീ - പുരുഷൻ

കുറ്റകൃത്യത്തിനു തുടക്കം കുറിച്ച സർപ്പത്തിൻമേലാണ് ആദ്യമേ ശിക്ഷാവിധി പ്രസ്താവിക്കുന്നത്. ഇവിടെ പ്രത്യക്ഷപ്പെടുന്ന മൂന്നു കഥാപാത്രങ്ങലും ഒറ്റപ്പെട്ട വ്യക്തികളായിട്ടല്ല, ഓരോ വർഗ്ഗത്തിന്റെ പ്രതിനിധിയായിട്ടാണ് നിലകൊള്ളുന്നത്. അവരുടെ മേൽ പ്രഖ്യാപിക്കുന്ന ശിക്ഷാവിധി ആ വർഗ്ഗത്തെ മുഴുവൻ ബാധിക്കുന്നു. സർപ്പത്തിന്റെയും പുരുഷന്റെയും അവസ്ഥയെ വിശദീകരിക്കുന്നതാണ് ശിക്ഷാവിധിയുടെ ചിത്രീകരണം.

## കായേനും ആബേലും

ഉൽപത്തി 4-ാം അധ്യായത്തിൽ മനുഷ്യപാപത്തിന്റെ വിവരണം തുടരുകയാണ്. ആദിമാതാപിതാക്കളുടെ പാപം ആവർത്തിക്കുന്ന കായേൻ വരപ്രസാദം നഷ്ടപ്പെട്ട മനുഷ്യപ്രകൃതിയുടെ ദുർഭഗാവസ്ഥയെ ഓർമ്മിപ്പിക്കുന്നുണ്ട്. ഈ വിവരണത്തിന്റെ അന്തസത്തയെ ചുരുക്കമായി മനസ്സിലാക്കാം.

1. ദൈവം ആബേലിന്റെ ബലിസ്വീകരിച്ചു എന്നതിന്റെ അർത്ഥം ദൈവം കായേനോട് എതിർപ്പുപ്രകടിപ്പിച്ചു എന്നല്ല. ദൈവം തന്റെ പദ്ധതിയുടെ നിർവ്വഹണത്തിനുവേണ്ടി ഓരോ സാഹചര്യത്തിലും കാലഘട്ടത്തിലും വ്യക്തികളെ തെരഞ്ഞെടുക്കുന്നു. ദൈവികമായ തെരഞ്ഞെടുപ്പിനെ ചോദ്യംചെയ്യാൻ മനുഷ്യന് അവകാശമില്ല.
2. മനുഷ്യന്റെ മേൽ ഭരണം നടത്താനാഗ്രഹിക്കുന്ന പാപത്തെക്കുറിച്ച് ദൈവം നിരന്തരമായ മുന്നറിയിപ്പ് തരുന്നു. ദൈവം തരുന്ന സൂചനകളെ മനസ്സിലാക്കി പാപ മാർഗ്ഗത്തിൽ നിന്നു മാറിനിൽക്കാൻ മനുഷ്യന് ബാധ്യതയുണ്ട്.
3. പാപത്തെ അംഗീകരിക്കാതെ നിസ്സാരവൽക്കരിക്കാനുള്ള എല്ലാ പ്രവണതകളെയും ദൈവം എതിർക്കുന്നു. തനിക്കു തെറ്റുപറ്റി എന്ന് സ്വയം

അംഗീകരിക്കുന്നതുവരെ ദൈവത്തിന്റെ കാരുണ്യം അറിയാനോ അനുഭവിക്കാനോ പാപിക്കു കഴിയില്ല.

4. തെറ്റിനെ അംഗീകരിക്കുന്ന പാപിയ്ക്ക് ദൈവം തന്റെ കാരുണ്യത്തിന്റെ കരം നീട്ടിക്കൊടുക്കുന്നു. ദൈവം തന്റെ മുദ്രപതിച്ച് സ്വന്തമാക്കിയ ആദ്യ മനുഷ്യൻ കായേനാണ് എന്ന സത്യം പാപിയോടുള്ള ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തെയാണ് വെളിപ്പെടുത്തുന്നത്.

## ചോദ്യങ്ങൾ

1. ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തിന്റെ പാപമാണ്. വിശദീകരിക്കുക.
2. പ്രലോഭനത്തിന്റെ വിവരണത്തിൽ നിന്ന് എന്തുൾക്കാഴ്ചയാണ് നിങ്ങൾക്കു ലഭിക്കുന്നത്?
3. എന്തായിരുന്നു ആദിമാതാപിതാക്കൻമാരുടെ പാപം?
4. നൻമതിൻമയുടെ അറിവിന്റെ വൃക്ഷം എന്തിന്റെ പ്രതീകമാണ്?
5. ഈ അധ്യായത്തിലെ വിവരണത്തിൽ എപ്രകാരമാണ് ദൈവത്തിന്റെ കരുണയും നീതിയും പ്രകടമാകുന്നത്?
6. തിന്മയുടെ ഉദ്ഭവത്തെക്കുറിച്ച് ഈ അധ്യായത്തിൽ എന്താണ് പഠിപ്പിക്കുന്നത്?
7. കായേന്റെയും ആബേലിന്റെയും കഥയുടെ സാരാംശം എന്ത്?

# I
# ബൈബിൾ-എഴുത്തുസാമഗ്രികൾ

പഴയനിയമ കാലഘട്ടത്തിൽ എഴുതിയിരുന്നത് വൈവിധ്യമാർന്ന പല പ്രതലങ്ങളിലാണ്. പാറക്കല്ലിൽ അക്ഷരങ്ങൽ കൊത്തിവയ്ക്കുക, കോറിയിടുക (വയനാട്ടിലെ എടയ്ക്കൽ ഗുഹയിൽ ഈ രീതിയാണ്) എന്നിവയാണ് ഏറ്റവും പുരാതന സമ്പ്രദായം. മൺകട്ടകളും മൺപാത്രശകലങ്ങളും മൺപലകകളുമായിരുന്നു മറ്റ് മാധ്യമങ്ങൾ. (പാത്രച്ചീളുകൾക്ക് ഒസ്ട്രാക്ക-ostraca-എന്നുപറയും). മരത്തൊലിയിലും മരപ്പലകകളിലും തുണിയിലുമൊക്കെ എഴുതുന്ന പതിവും ഉണ്ടായിരുന്നു. ലോഹത്തകിടുകളും ഇലകളും ഇതേപോലെ ഉപയോഗിച്ചിട്ടുണ്ട് (ചെപ്പേടുകളും താളിയോലകളും ഓർക്കുക). മെഴുക് ഉരുക്കി ഒഴിച്ച പലകപ്പുറത്ത് എഴുതുവാൻ എളുപ്പമായിരുന്നു.

പിന്നീടാണ് പപ്പീറസ് ചെടിയുടെ തണ്ടുകൾ സംസ്കരിച്ച കടലാസ് ഉണ്ടാക്കാമെന്ന് കണ്ടെത്തിയത് (പപ്പീറസ്, papyrus, പേപ്പർ). നൈൽ നദിയുടെ തടങ്ങളിൽ വളർന്നിരുന്നതും മുള (reed-ഞാങ്ങണ) വിഭാഗത്തിൽപ്പെടുന്നതുമായ ഒരു ജലസസ്യമാണ് പപ്പീറസ്. നാലഞ്ചു മീറ്റർ ഉയരത്തിലും 20 സെന്റിമീറ്റർ വണ്ണത്തിലും വളർന്നിരുന്ന പപ്പീറസിന്റെ തണ്ടുകൾ കനംകുറഞ്ഞ പാളികളായി കീറി, തലങ്ങനെയും വിലങ്ങനെയും പാകി, ഉണക്കി വേണ്ടത്ര വലിപ്പത്തിൽ മുറിച്ചെടുത്താണ് കടലാസ് ഉണ്ടാക്കിയിരുന്നത്. പാളികളെ യോജിപ്പിക്കാൻ ഒരു പ്രത്യേകതരം പശയോ ചുണ്ണാമ്പോ ചേർത്തിരുന്നുവെത്രേ. പ്രതലം മിനുസപ്പെടുത്താൻ ഉരച്ചുപാകപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇത്തരം പുൽക്കടലാസിൽ എഴുതിയ ബൈബിൾ പുസ്തകങ്ങളുടെ ഭാഗങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

ബി.സി. 500-ഓടുകൂടി പുതിയ ഒരുതരം എഴുത്തുകടലാസ് കണ്ടെത്തി-മൃഗങ്ങളുടെ ചർമ്മം. വളരെ ബുദ്ധിമുട്ടേറിയ ഒരു ശുദ്ധീകരണ, സംസ്കരണപ്രക്രിയയ്ക്കുശേഷമാണ് എഴുതുവാൻ അനുയോജ്യമായ തോൽക്കടലാസ് ലഭ്യമായിരുന്നത്. പുൽക്കടലാസിനെക്കാൾ വെളുത്തതും മടക്കുവാനും ചുരുട്ടുവാനും എളുപ്പമുള്ളതും ഒരുതവണ എഴുതിയത്

മായിച്ച് പുതിയതായി മറ്റൊന്ന് എഴുതുവാൻ കഴിയുന്നതുമാണ് ഈ ചർമ്മ പടം. വേഗം ഒടിഞ്ഞുനുറുങ്ങിപോകുകയുമില്ല. യഹൂദസിനഗോഗുകളിൽ പരസ്യപാരായണത്തിനായി ഉപയോഗിച്ചിരുന്നത് പുൽക്കടലാസിലോ തോൽക്കടലാസിലോ എഴുതി ചുരുട്ടിസൂക്ഷിക്കുന്ന ചുരുളുകളിൽ (scroll) നിന്നായിരുന്നു (ഇപ്പോഴും അങ്ങനെതന്നെ). ചുരുളുകൾ ഒരു ദണ്ഡിലോ ചുരുളിന്റെ രണ്ടറ്റത്തുമായി ഈരണ്ടു ദണ്ഡുകളിലോ ആയി ചുറ്റിയാണ് സൂക്ഷിക്കുക. ഓരോ പുസ്തകവും ഓരോ ചുരുൾ ആയിരിക്കും. വലിയ ചുരുളുകളിൽ കൂടുതൽ പുസ്തകങ്ങളും എഴുതിയിരുന്നു (ഉദാ: 12 ചെറു പ്രവാചകന്മാർ) ചുരുളുകൾ പെട്ടികളിലും ഭരണികളിലുമായി സൂക്ഷിക്കു കയായിരുന്നു പതിവ്. പക്ഷെ നൂറ്റാണ്ടുകളെ അതിജീവിക്കാൻ ഇവ അശ ക്തമായതിനാൽ ഒരു ബൈബിൾ ഗ്രന്ഥത്തിന്റെയും മൂലപതിപ്പ് നമുക്ക് കൈവന്നിട്ടില്ല. ചർമ്മപടത്തിൽ എഴുതാമെന്ന നില വന്നതോടെ മുറിച്ചുമ ടക്കി കുത്തിക്കെട്ടി പ്രായോഗികാവശ്യത്തിനു കൂടുതൽ എളുപ്പമുള്ളതര ത്തിൽ കൈകാര്യം ചെയ്യാമെന്നായി. മാത്രമല്ല ഇരുപുറത്തും എഴുതുകയും ചെയ്യാം. അങ്ങനെയാണ് ആദ്യത്തെ പുസ്തകങ്ങൾ ഉണ്ടായത്. അവയ്ക്ക് കോഡെക്സ് (codex) എന്നുപേര്.

യഹൂദമതഗ്രന്ഥങ്ങൾ ചുരുളിലാണ് എഴുതപ്പെട്ടിരുന്നത്. അതുകൊണ്ട് ക്രൈസ്തവഗ്രന്ഥങ്ങൾ കോഡെക്സിൽ എഴുതി പ്രചരിപ്പിക്കുവാൻ ക്രൈസ്തവർ ഉത്സാഹിച്ചു. ചുരുളിൽനിന്ന് ഒരു പ്രത്യേകവാക്യം കണ്ടെ ത്താൻ അത്ര എളുപ്പമല്ല. ചുരുളിൽനിന്ന് വായിക്കുമ്പോൾ രണ്ട് കൈകളും കൊണ്ട് ചുരുളിൽ പിടിക്കേണ്ടതും ആവശ്യമാണ്. ഇക്കാര്യങ്ങളിലെല്ലാം കോഡെക്സ് ആണ് എളുപ്പം. ഒരു ചുരുളിൽ എഴുതുന്നതിനെക്കാൾ കൂടു തൽ ഒരു കോഡെക്സിൽ എഴുതുമായിരുന്നു. ഉദാഹരണമായി ലൂക്കാ യുടെ സുവിശേഷം എഴുതുവാൻ 10 മീറ്റർ നീളമുള്ള ഒരു ചുരുൾ വേണ്ടി വരും. അത്രയുമാണ് ഒരു സാധാരണ ചുരുളിന്റെ നീളവും. അപ്പോൾ ലൂക്കാ യുടെ സുവിശേഷവും അപ്പസ്തോലപ്രവർത്തനങ്ങളും ഒരേ കോഡെക ക്സിൽ അപ്രായോഗികമാകും. എന്നാൽ കോഡെക്സിൽ ഈ പ്രശ്ന മില്ല. ആവശ്യാനുസരണം അതിൽ താളുകൾ കൂട്ടിത്തുന്നുവാൻ കഴിയും.

തോൽക്കടലാസിന്റെ ഉത്ഭവം ഇന്നത്തെ തുർക്കിരാജ്യത്തിന്റെ പടിഞ്ഞാ റെതീരത്തുള്ള പെർഗാമോസ് എന്ന പട്ടണത്തിലാണ് (ഇന്നത്തെ പേര് ബെർഗാമാ). അങ്ങനെ തോൽക്കടലാസിന് ഗ്രീക്കിൽ പെർഗെമെനേ എന്നു പേരുണ്ടായി. ഇംഗ്ലീഷിലെ പാർച്ച്മെന്റ് (parchment) ഈ പദത്തിൽനി ന്നുണ്ടായതാണ്. ആട്ടിൻകുട്ടിയുടെയോ പശുക്കിടാവിന്റെയോ മാൻകിടാ

വിന്റേയോ തോൽകൊണ്ടുണ്ടാക്കുന്ന ത്വക്പത്രം കൂടുതൽ ഈടുനിൽക്കുന്നതും വിലയേറിയതുമാണ്. ഇതിനുപറയുന്ന പേരാണ് വെല്ലം (vellum). ആദ്യമെഴുതിയതുമായിച്ച് വീണ്ടും എഴുതപ്പെട്ട തോൽക്കടലാസിന്റെ പേരാണ് പുനർലിഖിതം (palimsest). കോഡെക്സ് സിനായിറ്റിക്കസ് എന്നറിയപ്പെടുന്ന കയ്യെഴുത്തുപ്രതിക്ക് 730 താളുകൾ ഉണ്ട്. ഏകദേശം 360 ആടുകളുടെ തോൽ ഇതിന് വേണ്ടിവന്നിട്ടുണ്ട് എന്നാണ് കണക്ക്.

**എഴുതിയിരുന്ന രീതി**

പുൽക്കടലാസിനും ചർമ്മപത്രത്തിലും എഴുതിയിരുന്നത് പപ്പീറസ് തണ്ടിൻകഷണം കൂർപ്പിച്ച് ഉണ്ടാക്കുന്ന എഴുത്തുകോൽകൊണ്ടായിരുന്നു. ലോഹം, മരക്കഷണം എന്നിവകൊണ്ടുള്ള എഴുത്താണികളും (നാരായം) ഉപയോഗിച്ചിരുന്നു. ഉളിയും കൊട്ടുവടിയും കൊണ്ട് അക്ഷരങ്ങൾ കൊത്തിവയ്ക്കുന്നതും പതിവായിരുന്നു. മഷിയുണ്ടാക്കിയിരുന്നത് അടുക്കളയിലെ പാത്രങ്ങളിൽനിന്നും വിളക്കിൽനിന്നുമുള്ള കരിയും ഒരു പ്രത്യേകതരം പശയുംകൂട്ടി ചാലിച്ചായിരുന്നു. ഈജിപ്തുകാരാണ് ഇത്തരം മഷി ആദ്യം ഉപയോഗിച്ചത്.

**കയ്യെഴുത്തുപ്രതികൾ**

പുരാതനകാലത്ത് ചുരുളുകളിലും കോഡെക്സുകളിലുമായി എഴുതിയിരുന്ന ഹസ്തലിഖിതരേഖകൾ ബൈബിൾ കൈമാറ്റത്തിലെ നാഴികകല്ലുകളാണ്. ഹീബ്രുരചനകളിൽ സ്വരചിഹ്നങ്ങളൊ മറ്റ് വ്യാകരണചിഹ്നങ്ങളൊ ഇല്ലായിരുന്നു. ഗ്രീക്കു കയ്യെഴുത്തുപ്രതികളിലാകട്ടെ, വാക്കുകൾക്കിടയിൽ സ്ഥലം വിടാതെ, തുടർച്ചയായി വലിയ അക്ഷരത്തിലാണ് എഴുതിയിരുന്നത്. ഇത്തരം കയ്യെഴുത്തുപ്രതികളെ വലിയക്ഷരികൾ (uncial-majuscule manuscripts) എന്നുപറയും. ഈ കാര്യങ്ങൾ വായനയുടെ ബുദ്ധിമുട്ടു വർദ്ധിപ്പിച്ചു. ചെറിയ അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ അകത്തി എഴുതുന്നരീതി എ.ഡി. ഒമ്പതാം നൂറ്റാണ്ടിലാണ് ആരംഭിച്ചത്. ഇത്തരം കയ്യെഴുത്തുപ്രതികളെ ചെറിയക്ഷരികൾ (minuscule manuscripts) എന്നുവിളിക്കുന്നു. ഓരോ വാക്കിലുമുള്ള അക്ഷരങ്ങൾ ചേർത്തെഴുതുവാനും തുടങ്ങി.

ബൈബിൾ പുസ്തകങ്ങൾ പകർത്താൻ ജീവിതകാലം മുഴുവൻ ഉഴിഞ്ഞുവച്ച ആളുകളും ഉണ്ട്. വിജ്ഞാനവും ദൈവഭയവുമുള്ള ആളുകൾ വേണം ഈ ജോലിചെയ്യാൻ എന്നാണ് യഹൂദസങ്കല്പവും. ഇപ്പോഴും സിനഗോഗുകളിൽ വായിക്കാനുള്ള ചുരുളുകൾ തയ്യാറാക്കുന്നതും ഇവരാണ്. അവർ വേദപുസ്തകം വ്യാഖ്യാനിക്കാൻപോലും കഴിവുള്ള നിയമ

ജ്ഞരായി മാറി. (ഗ്രീക്കിൽ എഴുത്തുകാരൻ എന്നർത്ഥമുള്ള പദം മലയാളത്തിൽ നിയമജ്ഞൻ എന്നാണ് തർജ്ജമചെയ്തിരിക്കുന്നത്. മത്താ. 12,18 മർക്കോ 2,16).

കയ്യെഴുത്തുപ്രതികൾ തമ്മിൽ വ്യത്യാസങ്ങളുണ്ട്. കാരണം ഓരോപ്രതിയും ഓരോ എഴുത്തുകാരൻ എഴുതിയുണ്ടാക്കുന്നതാണല്ലോ. ഒരു മൂലപാഠത്തിൽ നോക്കിയോ മൂലപാഠം വായിച്ചുകേട്ടോ ആണ് പുതിയ പ്രതി എഴുതുന്നത്. ഹീബ്രു അക്ഷരമാലയിലെ വിവിധ അക്ഷരങ്ങൾ തമ്മിൽ സാമ്യമുള്ളതുകൊണ്ട് എഴുത്തുകാർക്ക് പകർത്തുമ്പോൾ തെറ്റു പറ്റുവാൻ സാധ്യതയുണ്ട്. വാക്കുകളിൽതന്നെയുള്ള അക്ഷരങ്ങളുടെ സ്ഥലമാറ്റം, വാക്യങ്ങളിൽ വാക്കുകൾ മുറിയ്ക്കുമ്പോൾ വരുന്ന പിശകുകൾ, അക്ഷരങ്ങളുടെയോ വാക്കുകളുടേയോ ആവർത്തനം (dittography), അക്ഷരങ്ങളോ വാക്കുകളോ വിട്ടുപോകുന്നത് (haplography), തെറ്റിദ്ധാരണയുടെ ഫലമായി ഒരുവരിതന്നെ വിട്ടുപോകുന്നത്, തെറ്റായ സ്വര-വ്യാകരണചിഹ്നങ്ങൾ ചേർക്കുന്നത്, എഴുത്തുകാരൻ സ്വമേധയാ വരുത്തുന്ന മാറ്റങ്ങൾ (കൂടുതൽ ഉചിതമെന്നുതോന്നുന്ന പദം ചേർക്കുന്നതും വിശദീകരിക്കുന്നതും മറ്റും) എന്നിങ്ങനെ കയ്യെഴുത്തുപ്രതിയിൽ വരാവുന്ന തെറ്റുകൾ നിരവധിയാണ്. ഈ തെറ്റുകൾ ഒഴിവാക്കി മൂലപാഠം പരമാവധി വിശ്വസ്തതയോടെ പുനരാവിഷ്ക്കരിക്കാനുള്ള ശ്രമത്തിന് പാഠനിരൂപണം (textual criticism) എന്നാണുപേര്. കയ്യെഴുത്തുപ്രതികളുടെ താരതമ്യപഠനം കൊണ്ടുമാത്രമേ ഈ യത്നം വിജയിക്കുകയുള്ളൂ.

കയ്യെഴുത്തുപ്രതികളുടെ ബാഹുല്യവും അവ ഉൾക്കൊള്ളുന്ന വ്യത്യാസങ്ങളുംമൂലം മൂലഗ്രന്ഥത്തിലെത്തിച്ചേരുക വളരെ ശ്രമകരമാണ്. മാത്രമല്ല ഇപ്പോൾ നിലവിലുള്ള ബൈബിൾ മൂലത്തോട് എത്രമാത്രം വിശ്വസ്തമാണ് എന്ന ശങ്കയും ഉണ്ടാകാം. വാസ്തവത്തിൽ ഈ ശങ്കയ്ക്ക് വലിയ സ്ഥാനമില്ല എന്നതാണ് വാസ്തവം. കാരണം ഹസ്തലിഖിതങ്ങളോടൊപ്പം ദേവാലയവായനയ്ക്കായി തയ്യാറാക്കിയിട്ടുള്ള വേദപാഠങ്ങൾ (lectionary), കാനോനാ നമസ്കാരപുസ്തകങ്ങൾ (breviary), സഭാപിതാക്കന്മാരുടെ രചനകളിലെ ഉദ്ധരണികൾ എന്നിവയെല്ലാം സൂക്ഷ്മമായി പരിശോധിച്ചും വിലയിരുത്തിയുമാണ് ഇന്ന് നിലവിലുള്ള ബൈബിൾ പാഠം (Biblical Text) നിർണ്ണയിച്ചിരിക്കുന്നത്. ആധുനിക ബൈബിൾ പതിപ്പുകൾ പരിശോധിതപതിപ്പുകളാണ് (critical texts). ഇത്തരം ആധികാരിക പതിപ്പുകളിൽ മുഖ്യ ഹസ്തലിഖിതങ്ങളിൽനിന്നുള്ള വ്യത്യസ്തവായന

കൾ (variant readings) ചേർത്തിരിക്കും. ഇതിന് പാഠസാമഗ്രി (critical apparatus) എന്നാണ് പറയുക.

ബൈബിളിനെപ്പോലെ കയ്യെഴുത്തുപ്രതികൾ സുലഭമായുള്ള മതഗ്രന്ഥങ്ങളോ പുരാതനകൃതികളോ ഇല്ലെന്നുപറയാം. എണ്ണത്തിൽ മാത്രമല്ല, പഴക്കത്തിൽ മൂലകൃതിയോട് അടുത്തുനിൽക്കുന്ന കാര്യത്തിലും അവ മറ്റുള്ളവയെക്കാൾ വളരെ മുമ്പിലാണ്. ഉദാഹരണമായി ഗ്രീക്ക്-റോമൻ വിദ്യാലയങ്ങളിൽ പാഠ്യവിഷയമായിരുന്ന ഒഡീസി, ഇലിയാഡ് മഹാകാവ്യങ്ങളുടെ ഏറ്റവും പഴയ ഹാസ്തലിഖിതം മൂലത്തിന്റെ രചനകഴിഞ്ഞ് 2000 കൊല്ലങ്ങൾക്കുശേഷമുള്ളതാണ്. എന്നാൽ ബൈബിളിലെ വിവിധ ഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപ്രതികൾ മൂലത്തിന്റെ രചനകഴിഞ്ഞ് ഏതാനും നൂറ്റാണ്ടുകൾക്കകം വിരചിതമായവയാണ്. ആയിരക്കണക്കിനു ഹസ്തലിഖിതങ്ങൾ ലഭ്യമാണുതാനും.

**ഡോ. ജോർജ് കുടിലിൽ**

# ഭാഗം II
# കാനൻ നിയമം

കത്തോലിക്കാ സഭയുടെ ഔദ്യോഗിക നിയമങ്ങളെയാണ് കാനൻ നിയമങ്ങൾ എന്നു പറയുന്നത്. സഭാംഗങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ടതും ആചരിക്കേണ്ടതുമായ വിശ്വാസചര്യകളുടെ നൈയാമിക വ്യാഖ്യാനമാണ് കാനൻനിയമത്തിന്റെ ഇതിവൃത്തം. കാനൻ നിയമത്തിന്റെ ഈ പ്രാരംഭ പഠനത്തിൽ പാശ്ചാത്യ; പൗരസ്ത്യസഭകളിലെ കാനൻ നിയമങ്ങളുടെ ഉത്ഭവവും വളർച്ചയുമാണ് വിശദീകരിക്കുന്നത്.

**പാഠരചന**

**ഡോ. ജോസഫ് വാരണത്ത്**
**റവ. ഡോ. സി. സിബി സി. എം. സി**

# 1
# പാശ്ചാത്യ, പൗരസ്ത്യ സഭകളുടെ കാനോൻ നിയമസംഹിതകൾ (CIC, CCEO)

**1. ആമുഖം:**

ചില 'അരുതു'കളുടെയും 'അതെ'കളുടെയും ആകെത്തുകയാണ് നിയമം. അവ ഒരേ സമയം ചില കാര്യങ്ങൾ ചെയ്യാൻ കല്പിക്കുന്നതും ചിലത് ചെയ്യരുതെന്ന് നിഷ്കർഷിക്കുന്നതുമാണ്. നിയമങ്ങൾ ജീവിതത്തിന്റെ മാർഗ്ഗരേഖകളുമാണ്. ഉദാ: ട്രാഫിക് നിയമങ്ങൾ. നിയമം പലപ്പോഴും കാരണങ്ങൾ (Reasons) തരാറില്ല. അവ അതിനാൽത്തന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്നതും സാധാരണവുമാണ്. 'ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കുക' എന്ന ക്രിസ്തീയനിയമം വെളിപ്പെടുത്തുന്നത് നിയമത്തിന്റെ ഈ സ്വഭാവമാണല്ലോ.

**2. വിവിധതരം നിയമങ്ങൾ**

**a. സ്വാഭാവിക നിയമം (ius Naturale)**

മനസ്സാക്ഷി മനുഷ്യമനസ്സിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതും മനുഷ്യപ്രകൃതിയിൽത്തന്നെ അന്തർലീനമായിരിക്കുന്നതുമാണ് Natural law അഥവാ സ്വാഭാവിക നിയമങ്ങൾ. കാര്യകാരണസഹിതം മനുഷ്യപ്രകൃതിയിൽ ഉൾച്ചേർന്നിരിക്കുന്ന ഈ നിയമങ്ങൾ മനുഷ്യമനസ്സാക്ഷിയിൽ നിന്ന് ഉത്ഭൂതമാകുന്നതാണ്. ഉദാ: കള്ളം പറയരുത്, കൊല്ലരുത്.

എല്ലാ വ്യക്തികൾക്കും ഒരുപോലെ ബാധകവും ദൈവം സൃഷ്ടിച്ച സകലരും അനുഷ്ഠിക്കാൻ കടപ്പെട്ടതുമാണ് സ്വാഭാവിക നിയമം. എന്തെന്നാൽ ഇതിനുപിന്നിൽ എപ്പോഴും ഒരു കാര്യവും കാരണവുമുണ്ടായിരിക്കും. ഈ നിയമപാലനത്തിന് നീതി, സത്യം, ധാർമ്മികത എന്നീ ത്രിവിധ മൂല്യങ്ങളുടെ അടിസ്ഥാനമുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. കാരണം ഇവയാണ്

സ്വാഭാവികനിയമത്തിന് തന്നെ അസ്തിത്വം നല്കുന്ന സുപ്രധാന ഘടകങ്ങൾ. അതിനാൽത്തന്നെ ഈ നിയമങ്ങൾ പാലിക്കാൻ സകലരും ബാധ്യസ്ഥരുമാണ്.

**b. സർഗാത്മകനിയമങ്ങൾ**

സമുദായത്തിന്റെയും സമൂഹത്തിന്റെയും സുസ്ഥിതിക്കും നിലനില്പിനും വേണ്ടിയാണ് നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. അത് ജീവിതത്തിന് അടുക്കും ചിട്ടയും കൈവരുത്തുന്നു. സമൂഹജീവിയായ മനുഷ്യൻ തനിക്കുള്ള അധികാരങ്ങളും അവകാശങ്ങളും എന്തൊക്കെയാണെന്നും, നിയമം എന്തിനുവേണ്ടി, എപ്രകാരം പാലിക്കണം എന്നും അറിഞ്ഞിരിക്കണം. ഒരു വ്യക്തിക്ക് പലതരത്തിലുള്ള നിയമങ്ങൾ പാലിക്കേണ്ടതായി വരാറുണ്ട്. ഒരു രാജ്യത്തിലെ പൗരനെന്നനിലയിൽ ആ രാജ്യത്തിന്റെനിയമം (civil law), ഏതെങ്കിലും ഒരു മതവിഭാഗത്തിലെ അംഗം എന്ന നിലയിൽ മതത്തിന്റെ നിയമം തുടങ്ങിയവ പാലിക്കാൻ ഒരുവൻ കടപ്പെട്ടിരിക്കുന്നു. അതിനാൽത്തന്നെ കത്തോലിക്കാസഭയുടെ അംഗങ്ങൾ സഭയുടെ നിയമം (canon law) പാലിക്കാൻ കടപ്പെട്ടവരാണ്.

ഏതെങ്കിലുമൊരു രാജ്യത്തിന്റെ, ഉദാഹരണത്തിന്, ഇന്ത്യയുടെ നിയമം നിർമ്മിക്കുന്നത് പാർലമെന്റാണ്. അതേസമയം ആഗോള കത്തോലിക്കാ സഭയ്ക്കുവേണ്ടി നിയമനിർമ്മാണം നടത്തുക സഭാ തലവനായ മാർപ്പാപ്പയാണ്.

സർഗ്ഗാത്മക നിയമം (positive law) ഉണ്ടാക്കാൻ പ്രത്യേക അധികാരമുള്ളവർക്കേ സാധിക്കുകയുള്ളൂ. 4 തരം നിയമങ്ങളാണ് ഇതിൽപ്പെടുക.

**സർഗ്ഗാതമക നിയമം**

ദൈവികനിയമം സഭാത്മകനിയമം സ്ഥാപനനിയമങ്ങൾ രാജ്യനിയമം

**ദൈവിക നിയമം:** ദൈവം നേരിട്ട് തരുന്നവ. ഉദാ: പത്തു കല്പനകൾ.

**സ്ഥാപന നിയമം:** ഓരോ സ്ഥാപനത്തിലും നിയമനിർമ്മാണ അധികാരമുള്ള വ്യക്തികൾ വഴി ലഭിക്കുന്നവ.

**രാജ്യ നിയമം:** അതതു രാജ്യത്തിലെ പാർലമെന്റ് വഴി നല്കപ്പെടുന്നവ.

**ദൈവിക നിയമം:** ദൈവം മനുഷ്യന് നേരിട്ട് നല്കിയ ഈ ദൈവികനിയമങ്ങൾ പാലിക്കാൻ സകല സൃഷ്ടികളും കടപ്പെട്ടിരിക്കുന്നു. കത്തോലിക്കാ വിശ്വാസസംഹിതയുടെ ആകെത്തുകയാണ് ഈ നിയമങ്ങൾ എന്നുപറയാം. മനുഷ്യജീവിതത്തിന്റെ ഊടും പാവുമായ ദൈവികനിയമങ്ങൾ എഴുതപ്പെട്ടിരിക്കുന്നത് മനുഷ്യബുദ്ധിക്കു മനസ്സിലാക്കാനും ഗ്രഹിക്കാനും സ്വീകരിക്കാനും ഉപയുക്തമായ വിധത്തിലാണ്. ദൈവത്താൽ നല്കപ്പെട്ടവയായതിനാൽ ദൈവികനിയമങ്ങളിൽ മാറ്റം വരുത്താൻ സഭയ്ക്കും മനുഷ്യനും അവകാശമോ അധികാരമോ ഇല്ല. എന്നാൽ സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതം ഇവയ്ക്ക് ചില വ്യാഖ്യാനങ്ങൾ നൽകാനും ചില നവീകരണങ്ങൾ വരുത്താനും സാധിക്കും. ഉദാ:- ഒരു കാലഘട്ടത്തിൽ ദൈവികനിയമത്തിന്റെ ഭാഗമായി അടിമത്തത്തെ കണക്കാക്കിയിരുന്നു. എങ്കിൽ, ഇന്നത് ദൈവനിയമത്തിന് എതിരാണ് എന്നു വ്യക്തമായി സഭ പഠിപ്പിക്കുന്നു.

വിശ്വാസവീക്ഷണത്തിനും പാരമ്പര്യങ്ങൾക്കും അനുയോജ്യമായും ഇന്നിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തും ക്രിസ്തീയജീവിതത്തിന്റെ ആത്യന്തികലക്ഷ്യം സാധിതമാക്കും വിധവും വേണം ദൈവീകനിയമങ്ങൾ വ്യാഖ്യാനിക്കുവാനും നവീകരിക്കുവാനും. ദൈവികനിയമങ്ങൾ നല്കപ്പെട്ടത് വെളിപാടുകൾ വഴിയാണ്. ക്രിസ്തുവഴി നമുക്കുലഭ്യമായ ദൈവികനിയമം ആണ് പുതിയനിയമവും പാരമ്പര്യങ്ങളും. സ്വാഭാവിക നിയമവും ദൈവികനിയമവും പരസ്പര ബന്ധിതങ്ങളും പരസ്പര പൂരകങ്ങളുമാണ്. ദൈവികനിയമം സ്വാഭാവികനിയമത്തെ പൂർണ്ണമാക്കുകയും അതിന്റെ അന്തഃസത്തയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. സ്വാഭാവികനിയമത്തിന്റെ ഉത്ഭവംതന്നെ ദൈവികനിയമത്തിൽ നിന്നാണ്.

### c. സർഗാത്മക മാനുഷികനിയമങ്ങൾ

സഭയ്ക്കുവേണ്ടിയുള്ള നിയമനിർമ്മാണ അധികാരം യേശുക്രിസ്തുവിൽനിന്ന് ഏറ്റെടുത്തവരാണ് അപ്പസ്തോലന്മാർ. ഇതിന്റെ തെളിവുകൾ പുതിയനിയമലേഖനങ്ങളിലും പാരമ്പര്യങ്ങളിലും ഉണ്ട്. ഈ അധികാരാവകാശങ്ങൾ അപ്പസ്തോലന്മാരുടെ പിന്തുടർച്ചക്കാരായ മെത്രാന്മാർ ഏറ്റെടുക്കുകയും കാലാകാലങ്ങളിൽ സഭയ്ക്കാവശ്യമായ നിയമങ്ങൾ നിർമ്മിക്കുകയും, നിലവിലുള്ളതിനെ നവീകരിക്കുകയും ചെയ്യുന്നു. സാർവ്വത്രിക സഭയെ സംബന്ധിച്ച നിയമങ്ങളിൽ പരമാധികാരം പത്രോസിന്റെ പിൻഗാമിയും റോമിന്റെ മെത്രാനുമായ മാർപ്പാപ്പയ്ക്കു മാത്രമാണ്. ഈ ആധികാരി

കതയെക്കുറിച്ചുള്ള അറിവ് ബൈബിളും പാരമ്പര്യങ്ങളും തന്നെയാണ് നമുക്ക് നൽകുന്നത്.

**3. രാജ്യനിയമവും സഭാനിയമവും**

രാജ്യനിയമത്തിന്റെയും സഭാനിയമത്തിന്റെയും സവിശേഷതകൾ പ്രതിപാദിച്ചിട്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു.

**രാജ്യനിയമം**

- ഈ നിയമങ്ങൾ ലോകസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നു.
- രാജ്യസഭയിൽവച്ച് വേണ്ട വ്യതിയാനങ്ങൾ വരുത്തുന്നു.
- രാജ്യസഭയിൽ നിന്നും ഈ നിയമങ്ങൾ പ്രസിഡണ്ട് സ്വീകരിച്ച് തന്റെ ഒപ്പോടുകൂടി പുറപ്പെടുവിക്കുന്നു.
- ഈ നിയമങ്ങളിൽ വരുന്ന വീഴ്ചകൾക്ക് ശിക്ഷാവിധികളുണ്ട്.
- ക്രമസമാധാനത്തിന് പ്രത്യേക സംവിധാന ക്രമങ്ങളുണ്ട്
  (പോലീസ്, പട്ടാളം etc.)

**സഭാനിയമം**

- പരമാധികാരിയായ മാർപാപ്പ നിയമങ്ങൾ വിളംബരം ചെയ്യുന്നു.
- വിശ്വാസികൾ ഇവ അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നു.
- വിശ്വാസജീവിതക്രമീകരണത്തിന് ഊന്നൽ നൽകുന്നു
- നിയമങ്ങളുടെ അനുസരണം വ്യക്തിയുടെ സ്വതന്ത്ര തെരഞ്ഞടുപ്പാണ്.
- നിയമങ്ങൾ അനുസരിപ്പിക്കാൻ പ്രത്യേക സംവിധാനങ്ങളില്ല.
- നിയമപാലനത്തിന് സഭയിൽ പരിമിതികളുണ്ട്.

**4. കാനൻ നിയമത്തിന്റെ ഉത്ഭവം**

"കാനോൻ" (kanon) എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥതലങ്ങൾ താഴെപ്പറയുന്നവയാണ്.

- 'അളവുകോൽ' അഥവാ അളക്കാൻ ഉപയോഗിക്കുന്ന നീളമുള്ളതും വക്രമല്ലാത്തതുമായ മരക്കഷണം
- നേർരേഖ വരയ്ക്കാൻ ഉപയോഗിക്കുന്ന മരക്കോൽ
- നേർവഴി കാണിക്കാനും, സ്വഭാവരൂപീകരണം, ശിക്ഷണം എന്നിവയ്ക്കുമുള്ള ചൂണ്ടുപലകകൾ അഥവാ മാർഗ്ഗരേഖകൾ.

തിരുസഭയിൽ ഉപയോഗത്തിലിരുന്ന 'വിശുദ്ധപുസ്തകങ്ങൾക്ക്' പൊതുവായി 'കാനോന' എന്നു പറഞ്ഞിരിക്കുന്നു (canonical books). ക്രിസ്തീയ സഭകളുടെ പശ്ചാത്തലത്തിൽ വിശ്വാസസത്യങ്ങൾ, ദൈവീക നിയമങ്ങൾ,

ശിക്ഷണനിയമങ്ങൾ എന്നീ പേരുകളാൽ ഈ മാർഗ്ഗരേഖകൾ (കാനോന കൾ) അറിയപ്പെടാൻ തുടങ്ങി.

- നിയമങ്ങൾ പാലിച്ച് സന്യാസജീവിതം നയിച്ചിരുന്ന ഒരുകൂട്ടം സമർപ്പിതർ കാനോൻസ് (canons) എന്നറിയപ്പെട്ടിരുന്നു.
- സഭയിൽ വിശ്വാസരഹസ്യങ്ങളെ സൂചിപ്പിക്കാൻ "കാനൻ" എന്ന പദം ഉപയോഗിച്ചിരുന്നു. ഉദാ: വി. ഗ്രന്ഥകാനൻ, ആരാധനാക്രമകാനോന, വിശു ദ്ധരാക്കുന്ന പ്രക്രിയ.
- ലത്തീൻ ഭാഷയിൽ "yegalae", "Lex", "ius" എന്നീ "കാനോന"യെ സൂചി പ്പിക്കാനാണ് ഉപയോഗിക്കുന്നത്.

**5. നിയമത്തിന്റെ മൂന്നുതലങ്ങൾ**

ജനനം, ജീവിതം, മരണം തുടങ്ങിയഘട്ടങ്ങൾ ഒരു വ്യക്തിയുടെ ജീവിത ത്തിനുള്ളതുപോലെ നിയമവും വിവിധ ഘട്ടങ്ങളിലൂടെയാണ് പൂർത്തീകരി ക്കപ്പെടുന്നത്.

**a. സൃഷ്ടി**

ഇതിൽ ഒരു നിയമനിർമ്മാതാവ് ഉണ്ടായിരിക്കും. ഇദ്ദേഹം നിയമത്തിന്റെ മൂല്യം, സ്വീകരണം എന്നിവ നിർണ്ണയിക്കുകയും തീരുമാനങ്ങൾ കൈക്കൊ ള്ളുകയും ചെയ്യുന്നു. നിയമം ആർക്കുവേണ്ടി? എന്തിനുവേണ്ടി? എന്താണി തിന്റെ പ്രസക്തി? ഈ നിയമം സ്വീകരിക്കാൻ സമൂഹം തയ്യാറാണോ? തുട ങ്ങിയ ചോദ്യങ്ങൾക്കെല്ലാം തൃപ്തികരമായ ഉത്തരം കിട്ടിയാൽ നിയമത്തിന്റെ ഉത്ഭവമായി.

**b. ആശയവിനിമയം**

നിയമത്തിലെ സുപ്രധാന കണ്ണികൾ നിയമനിർമ്മാതാവും സ്വീകർത്താ വുമാണ്. നിയമപാലനത്തിന് അത് ഔദ്യോഗികമായി പുറപ്പെടുവിച്ചിരിക്ക ണം. ഉചിതമായ മാർഗ്ഗങ്ങളിലൂടെ സ്വീകർത്താക്കളിൽ എത്തിക്കണം. നിയമം പ്രാബല്യത്തിൽ വരുത്തുന്നതിന് നിശ്ചിതമായ കാലപരിധി നിശ്ചയിക്കണം. നിയമപഠനത്തിനും പാലനത്തിനും സമയപരിധി ഉണ്ടായിരിക്കണം. നിയമ വിളംബരത്തിനും പാലനത്തിനുമിടയ്ക്കുള്ള സമയപരിധിക്ക് "Vocatio Legis"/ "Vocation of law" എന്നുപറയുന്നു.

**c. സ്വീകരണം**

നിയമം ആരെ ഉദ്ദേശിക്കുന്നുവോ അവൻ അല്ലെങ്കിൽ സമൂഹം/സമുദായം ആ നിയമം സ്വീകരിക്കുകയും പാലിക്കുകയും വേണം. ഇത് നിയമത്തെ 'അംഗീകരിക്കൽ' എന്നതിലുപരി ഒരു 'ഉൾക്കൊള്ളൽ' ആണ്. സമൂഹം സ്വത

ന്ത്രബുദ്ധി ഉപയോഗിച്ച് നിയമനിർമ്മാതാവിന്റെ ഉദ്ദേശശുദ്ധിയും നിയമത്തിന്റെ പൊരുളും മനസ്സിലാക്കണം. ഈ മനസ്സിലാക്കലിന് മൂന്നു കാര്യങ്ങൾ ആവശ്യമാണ്.

(i) ബൗദ്ധികമായ മനസ്സിലാക്കൽ
(ii) പണ്ഡിതരുടെ വ്യാഖ്യാനങ്ങൾ
(iii) സമൂഹത്തിലുള്ള നടപ്പിലാക്കൽ

അതിനാൽ സഭയുടെ നിയമജീവിതത്തിലെ കഥാപാത്രങ്ങൾ സമൂഹവും നിയമനിർമ്മാതാക്കളും നിയമത്തിന്റെ വിധികർത്താക്കളും ആണ്. നിയമം വേണ്ടവിധത്തിൽ മനസ്സിലാക്കുക, സ്വീകരിക്കുക, ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്നതാണ് സർവ്വപ്രധാനം.

**6. കാനൻ നിയമത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും**

തിരുസ്സഭയുടെ കാനോനിക സംഹിത സഭയുടെ ജീവിതക്രമീകരണത്തിനും ശിക്ഷണത്തിനും വേണ്ടിയുള്ളതാണ്. അല്ലാതെ അവ വിശ്വാസസത്യങ്ങളല്ല. കാനൻസംഹിതയുടെ ലക്ഷ്യം സഭാസമൂഹത്തിന് മാർഗ്ഗനിർദ്ദേശം നൽകുക എന്നതിലാണടങ്ങിയിരിക്കുന്നത്. വിശ്വാസസത്യങ്ങളെക്കാൾ മാർഗ്ഗനിർദ്ദേശങ്ങളാണ് കാനോനസംഹിതയിലെ പ്രതിപാദ്യം. ഇത് ക്രിയാത്മകമായ ചെയ്തികൾക്ക്, നന്മപ്രവൃത്തികൾക്ക്, നിർദ്ദേശങ്ങൾ നൽകുന്നു. ഇതിൽ വിശ്വാസത്തിന്റെ ഘടകങ്ങൾക്കായിരിക്കുകയില്ല മുൻതൂക്കം.

**7. നിയമത്തിന്റെ ധർമ്മങ്ങൾ**

വ്യത്യസ്തമായ രീതിയിൽ ചരിക്കുന്ന സംവിധാനങ്ങളായ രാഷ്ട്രത്തെയും തിരുസ്സഭയെയും നാം വേർതിരിച്ചുതന്നെ കാണണം. നന്മയുടെ ഉത്ഭവം, ചരിത്രം, വളർച്ച, ലക്ഷ്യം എല്ലാം രാഷ്ട്രത്തിന്റേതിൽനിന്നു വ്യത്യസ്തമാണ്. ദൈവശാസ്ത്രപരമായി നോക്കുമ്പോൾ സഭ എന്നുപറയുന്നത് ഒരു രഹസ്യമാണ്. പരിശുദ്ധാത്മാവിന്റെ ആവാസസ്ഥലവും രക്ഷയുടെ അടയാളവുമായ സഭയ്ക്ക് ഒരു ദൗത്യം സാധിക്കാനുണ്ട്. എത്തിപ്പിടിക്കാനായി ഒരു അന്ത്യവുമുണ്ട്. ശിക്ഷാനടപടികൾക്കെന്നതിനേക്കാൾ സഭ ഊന്നൽ കൊടുക്കുന്നത് ശിക്ഷണത്തിനാണ്. അതു നടപ്പിൽ വരുത്താൻ പോലീസോ പട്ടാളമോ വേണ്ട. സാധാരണക്കാരും പാപികളുമടങ്ങിയ ഒരു സമൂഹമാണ് സഭ. അതിനാൽ സഭയിൽ ക്രമങ്ങളും ശിക്ഷണവും അവകാശങ്ങളും നിജപ്പെടുത്തണം.

**നിയമത്തിന്റെ നാലു ധർമ്മങ്ങൾ**

ഏതൊരു നിയമത്തിനും നിർവ്വഹിക്കുവാനുള്ളത് നാലുതരം ധർമ്മങ്ങളാണ്.

1. ലക്ഷ്യങ്ങൾ നിശ്ചയിക്കുക
2. ഭദ്രത ഉറപ്പാക്കുക
3. ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വചിക്കുക.
4. ബോധനം നല്കുക

തിരുസഭയുടെ കാനൻസംഹിത ഈ നാലുധർമ്മങ്ങളും നിർവ്വഹിക്കുന്നതായി കാണാം.

**1. ലക്ഷ്യങ്ങൾ നിശ്ചയിക്കുക:** 'ആത്മാക്കളുടെ രക്ഷ' (Salus animarum) സഭയുടെ പ്രധാന ഉദ്ദേശ്യമാണ്. സഭ അവളുടെ മക്കളുടെ രക്ഷ എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രമായി കാണുന്നു. നിയമസംഹിതയിലെ ഓരോ കാനോനയും സഭ എങ്ങനെ ഈ രക്ഷ സാധിക്കുന്നു, ഇതിനായി എന്തുചെയ്യുന്നു എന്ന് എടുത്തു കാണിക്കുന്നു. സഭയുടെ സുപ്രധാനനിയമം (supreme rule) തന്നെ 'ആത്മാക്കളുടെ രക്ഷ'യാണ്. ഇതിനായി സഭ മറ്റെല്ലാം മാറ്റിവയ്ക്കുന്നു.

**2. ഭദ്രത ഉറപ്പാക്കുക:** നിയമം സഭയിൽ ക്രമീകരണവും സ്ഥിരത (stability)യും കൈവരുത്തുന്നു. ഈ നിയമം വഴി സംജാതമാകുന്ന ഐക്യം എല്ലാവരും അവരവരുടെ ജീവിതത്തിൽ അനുഭവിക്കണമെന്ന് സഭാമാതാവ് ആഗ്രഹിക്കുന്നു. അതിനുവേണ്ടി സഭ അധികാരികളെ തെരഞ്ഞെടുക്കുന്നു, കൂദാശകൾ പരികർമ്മം ചെയ്യുന്നു, ദൈവവചനം പ്രഘോഷിക്കുന്നു. യഥോചിതം തീരുമാനങ്ങൾ കൈക്കൊള്ളുന്നു, നീതി നിർവ്വഹിക്കുന്നു.

**3. കടമകളും ഉത്തരവാദിത്തങ്ങളും:** വ്യക്തിഗത അവകാശങ്ങളുടെ സംരക്ഷണത്തിലാണ് നിയമം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. വിപരീതസാഹചര്യങ്ങളെ നേരിടേണ്ടിവരുമ്പോൾ പരിഹാരം കാണുന്നതിനും നിയമം ആവശ്യമാണ്. പ്രശ്നപരിഹാരത്തിനും ചോദ്യങ്ങൾക്ക് ഉത്തരം ലഭ്യമാക്കാനും സംശയനിവാരണത്തിനും ആവശ്യമായ നിയമഫോറങ്ങൾ സഭ രൂപപ്പെടുത്തിയിട്ടുണ്ട്. സഭയിലും രാഷ്ട്രത്തിലും അംഗങ്ങളുടെ അവകാശങ്ങൾക്കും കടമകൾക്കും തുല്യപ്രാധാന്യമാണ് നല്കപ്പെടുന്നത്. സഭ തീർച്ചയായും വിശ്വാസികളുടെ അവകാശങ്ങളും കടമകളും വേണ്ടവിധം സംരക്ഷിക്കാൻ ബാധ്യസ്ഥയുമാണ്.

**4. ബോധനം:** സഭാ സമൂഹത്തെ എല്ലാകാര്യങ്ങളും വേണ്ടവിധം പഠിപ്പിക്കാനുള്ള ഒരു ഉപാധിയാണ് നിയമങ്ങൾ. വിശ്വാസികൾ തങ്ങളുടെ ജീവിത മൂല്യങ്ങളും നിലയും വിലയുമെല്ലാം ആർജ്ജിച്ചെടുക്കുന്നത് നിയമപഠനത്തി

ലൂടെയാണ്. സഭാതനയരുടെ പ്രതീക്ഷകളും വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ യോഗ്യത (qualifications) യും സന്യസ്തരുടെ ജീവിതാന്തസ്സിന്റെ കടമകളും ക്രമീകരിക്കുന്നതും നിജപ്പെടുത്തുന്നതും സഭാ നിയമങ്ങൾ തന്നെയാണ്.

**8. കാനൻ നിയമചരിത്രം**

കാനൻ നിയമചരിത്രം വളരെ വിസ്തൃതവും അതിരുകാണാൻ കഴിയാത്തവിധം വിശാലവുമാണ്. പ്രധാനപ്പെട്ട ചരിത്രവികാസങ്ങളിലൂടെ കാനോനിക നിയമ ചരിത്രത്തെ വളരെ ചുരുക്കവും സാരാംശം നഷ്ടപ്പെടുത്താതെയും പ്രതിപാദിക്കുകയാണിവിടെ. ഏകമായ ആഗോള കത്തോലിക്കാസഭ വിവിധതരം പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും കാനോനിക നിയമസംഹിതകളുംകൊണ്ട് സമ്പന്നമാണ്. പന്തക്കുസ്താദിനത്തിൽ ജറുസലെമിൽ ആരംഭംകുറിച്ച സഭ വിവിധരാജ്യങ്ങളിൽ, വ്യത്യസ്തരൂപഭാവങ്ങളിൽ വളർന്ന് 'പാശ്ചാത്യം', 'പൗരസ്ത്യം' എന്നീ രണ്ട് വിഭാഗങ്ങളായി ഇന്നും നിലകൊള്ളുന്നു. ഈ വിഭജനം റോമാസാമ്രാജ്യവുമായി ബന്ധപ്പെട്ടുണ്ടായതാണ്. എ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡയോക്ലീഷൻ ചക്രവർത്തി (284-305) റോമാസാമ്രാജ്യത്തെ നാലായി വിഭജിച്ചെങ്കിലും ക്രമേണ നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ (395) അത് പാശ്ചാത്യം, പൗരസ്ത്യം എന്നിങ്ങനെ രണ്ടുവിഭാഗങ്ങൾ മാത്രമായിത്തീർന്നു. പാശ്ചാത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം റോമായും പൗരസ്ത്യറോമാസാമ്രാജ്യത്തിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിളും ആയിരുന്നു. പൗരസ്ത്യറോമാസാമ്രാജ്യത്തിൽ പാരമ്പര്യങ്ങളും ക്രമാനുഷ്ഠാനങ്ങളും വഴി രൂപംകൊണ്ട് വളർന്നുവികസിച്ച സഭകളാണ് പൗരസ്ത്യസഭകൾ എന്നറിയപ്പെടുന്നത്. പാശ്ചാത്യസാമ്രാജ്യത്തിൽ വളർന്നുവന്ന സഭ പാശ്ചാത്യസഭ എന്നറിയപ്പെടുന്നു.

കാലക്രമേണ റോമാസാമ്രാജ്യത്തിനുപുറത്ത് ശ്ലീഹന്മാർ സഭകൾ സ്ഥാപിക്കുകയുണ്ടായി. അങ്ങനെ ലോകത്തിന്റെ വിവിധഭാഗങ്ങളിലായി അഞ്ച് പൗരസ്ത്യ പാരമ്പര്യങ്ങൾ രൂപംകൊണ്ടു. അവ പേർഷ്യൻ, ബൈസന്റയിൻ, അലക്സാണ്ട്രിയൻ, അർമേനിയൻ, അന്ത്യോക്യൻ എന്നിവയാണ്. ഇവയ്ക്ക് തനതായ ആരാധനക്രമപാരമ്പര്യങ്ങൾ, അതായത്, ബലിയർപ്പണം, യാമപ്രാർത്ഥനകൾ, കൂദാശാനുഷ്ഠാനങ്ങൾ, നോമ്പ്, ഉപവാസം, തിരുനാളുകൾ, കാനോൻ നിയമസംഹിതകൾ ഇവയുണ്ടായിരുന്നു. കാലക്രമേണ പാശ്ചാത്യവിഭാഗത്തിൽപ്പെടാത്ത സഭകൾക്കെല്ലാം പൗരസ്ത്യസഭകൾ എന്നപേര് പ്രാബല്യത്തിൽ വന്നു. മേൽപ്പറഞ്ഞ പൗരസ്ത്യ-പേർഷ്യൻ-കൽദായ പശ്ചാത്തലത്തിലാണ് നമ്മുടെ സീറോമലബാർസഭ വളർന്നുവന്നത്. പൗരസ്ത്യ-

പാശ്ചാത്യ കത്തോലിക്കാസഭകൾ എല്ലാ കാര്യങ്ങളും വിഭിന്ന രീതിയിലാണ് കണ്ടിരുന്നതും നടത്തിയിരുന്നതും. ഇങ്ങനെയാണ് രണ്ടുതരം കാനോനിക നിയമസംഹിതകൾ രൂപപ്പെട്ടതും അതിന്റെ വിവിധരൂപങ്ങൽ മാറിമാറി പ്രാബ ല്യത്തിൽ വന്നതും. ഈ ദ്വിവിധ കാനൻ സംഹിതകളുടെയും ചരിത്രത്തി ലേയ്ക്ക് കടക്കുന്നതിനുമുമ്പ് അവയുടെ സ്രോതസ്സുകൾ ഏവയെന്ന് പരി ശോധിക്കാം.

**കാനൻ നിയമത്തിന്റെ ഉറവിടങ്ങൾ**

രണ്ടു സ്രോതസ്സുകളാണ് പ്രധാനമായും കാനൻ നിയമത്തിന്റെ പ്രചോദ കങ്ങൾ ആയി എക്കാലവും നിലകൊള്ളുന്നത്.

1. പത്തുകല്പനകൾ, യേശുക്രിസ്തുവിന്റെ പഠനങ്ങൾ, അപ്പസ്തോല ന്മാരുടെ പഠനങ്ങൾ, മാർപാപ്പമാരും എക്യുമെനിക്കൽ സൂനഹദോസുകളും കൗൺസിലുകളും.

2. നിയമങ്ങൾ അടങ്ങിയ രേഖകളുടെ ശേഖരങ്ങൾ, സഭയിലെ പാരമ്പ ര്യങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും കാനൻ നിയമചരിത്രത്തെ മൂന്നു ചോദ്യങ്ങൾക്കുത്തരമായി വിശദീകരിക്കുകയാണ് അഭികാമ്യം.

a) ആരാണ് കാനോൻ നിയമസംഹിത ഉണ്ടാക്കിയത്?

b) സ്വീകരിച്ചിരിക്കുന്ന അധികാരവും രൂപഭാവങ്ങളുമേവ?

c) നിയമങ്ങളുടെ രൂപകല്പനയ്ക്ക് സ്വീകരിച്ച നയങ്ങളും രീതികളും ഏവ?

ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ തുടർന്നുള്ള കാനൻനിയമചരിത്രത്തിന്റെ വിശകലനത്തിലൂടെ വ്യക്തമാക്കുന്നതാണ്.

**9. ലത്തീൻ സഭയുടെ കാനൻ നിയമ സംഹിത (CIC)**

1985 ജനുവരി 25-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പ ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള നിയമസംഹിതയുടെ പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധീ കരിച്ചു.

"നിയമങ്ങൾ ദൈവത്തിന്റെ അത്യുദാരമായ ദാനമാകുന്നു. അവയുടെ അനു ഷ്ഠാനമോ സാക്ഷാത്തായ വിവേകവും (പ്രഭാ: 24)". എന്ന പഴയനിയമത്തിലെ ആശയം ഉദ്ധരിച്ചുകൊണ്ടാണ് പാപ്പാ പുതിയ കാനൻനിയമസംഹിതയുടെ ഔപചാരികമായ പ്രകാശനം നിർവ്വഹിച്ചത്. ലത്തീൻ സഭയുടെ നിയമസം ഹിതയുടെ രണ്ടാമത്തെ പ്രധാനപതിപ്പാണിത്. പാശ്ചാത്യസഭയിൽ നിലവി ലിരുന്ന നിയമക്കുറിപ്പുകൾ ക്രോഡീകരിച്ച് 1917ൽ പുറത്തിറക്കിയ നിയമ സംഹിതയാണ് ആദ്യപതിപ്പ് (CIC 1917-codex iuris canomici-The code of canon law).

വിവിധവകുപ്പുകളുടെ തരംതിരിവനുസരിച്ചുള്ള പൊതുനിയമങ്ങൾ വ്യക്തികളെ സംബന്ധിക്കുന്ന, വസ്തുക്കളെ സംബന്ധിക്കുന്ന, നിയമനടപടികളെ സംബന്ധിക്കുന്ന, കുറ്റകൃത്യങ്ങളെയും അവയ്ക്കുള്ള ശിക്ഷകളേയും സംബന്ധിക്കുന്ന നിയമങ്ങൾ - എന്നീ അഞ്ചുപുസ്തകങ്ങളിലായി ആകെ രണ്ടായിരത്തി നാനൂറ്റി പതിനാല് (2414) കാനോനകൾ ഇതിലുണ്ട്. 1917 ലെ CIC യ്ക്കുമുമ്പുള്ള ചരിത്രം പരിശോധിക്കുമ്പോൾ കാണുന്ന വസ്തുതകൾ ഇവയാണ്. മുൻപറഞ്ഞതുപോലെ ഇന്നു ലഭ്യമായിരിക്കുന്ന കത്തോലിക്കാസഭയുടെ കാനൻ നിയമസംഹിതകളുടെ സ്രോതസ്സും ആദ്യനിയമങ്ങളുമായി നിലകൊള്ളുന്നത് ബൈബിൾ പഠനങ്ങളാണ്. തുടർന്ന് അപ്പസ്തോലന്മാരുടെ പഠനങ്ങൾ ഇതിനോടുചേർക്കപ്പെട്ടു. പില്ക്കാലത്ത്, മാർപ്പാപ്പമാരും സാർവ്വത്രിക കൗൺസിലുകളും സഭാകേന്ദ്രാലയങ്ങലും കാലാകാലങ്ങളിൽ നല്കിക്കൊണ്ടിരുന്ന നിയമശാസനകളെയും നിർദ്ദേശങ്ങളെയും ആധാരമാക്കിയായിരുന്നു സഭയുടെ സ്ഥാപന-സാമൂഹ്യവ്യവസ്ഥിതി ക്രമീകരിച്ച് നിയന്ത്രിച്ചുപോന്നിരുന്നത്.

കാലഹരണപ്പെട്ടുപോയവയെ മാറ്റി വൈവിധ്യമാർന്നതും ഭിന്നാത്മകവുമായ നിയമങ്ങൾ അടങ്ങിയിട്ടുള്ള വിവിധശേഖരങ്ങളിൽനിന്നും (collections) പ്രസക്തമായവ മാത്രം തെരഞ്ഞെടുത്ത് ഒരു സംഹിതയുടെ ചട്ടക്കൂടിലാക്കിക്രമീകരിക്കുക എന്ന ദുഷ്കരമായ ജോലിയായിരുന്നു 1917-ലെ നിയമസംഹിതാ വിധാതാക്കൾക്ക് നിർവ്വഹിക്കേണ്ടിയിരുന്നത്. പന്ത്രണ്ടുകൊല്ലത്തെ നിതാന്ത പരിശ്രമത്തിന്റെ ഫലമായിട്ടാണ് CIC-1917 പുറത്തിറങ്ങിയത്.

ലോകത്തിന്റെ ഗതിവിഗതികൾ അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്നതിനാൽ ക്രമേണ ഈ നിയമസംഹിതയും പരിഷ്കരിക്കേണ്ട ആവശ്യം നേരിട്ടു. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചും മാറുന്ന കാലഘട്ടത്തിലെ സഭയുടെ ആവശ്യങ്ങൾ പരിഗണിച്ചും 1959 ജനുവരി 25-ാം തീയതി ജോൺ 23-ാമൻ മാർപാപ്പ II-ാം വത്തിക്കാൻ കൗൺസിലിന് സമാഹ്വാനം ചെയ്തു. പ്രസ്തുത അവസരത്തിൽ കൗൺസിലിൽവച്ച് കാനൻനിയമപരിഷ്കരണത്തിനുള്ള സജ്ജീകരണങ്ങൾ ഉണ്ടായിരിക്കുമെന്നും അറിയിച്ചു. 1963 മാർച്ച് 28-ന് നിയമസംഹിത പരിഷ്കരിക്കുന്നതിനുള്ള പൊന്തിഫിക്കൽ കമ്മീഷൻ സ്ഥാപിതമായി. എങ്കിലും II-ാം വത്തിക്കാൻ കൗൺസിൽ മൂലം ഈ ജോലി നീട്ടിവയ്ക്കുകയാണുണ്ടായത്. 1965 നവംബർ 20-ാം തീയതി നിയുക്ത കമ്മീഷൻ ഈ ജോലിക്ക് തുടക്കം കുറിച്ചു. തദവസരത്തിൽ അന്നത്തെ മാർപാപ്പ പോൾ ആറാമൻ നവീകരണ ജോലി സംബന്ധിച്ച് രണ്ടു സുപ്രധാന നിർദ്ദേശങ്ങൾ പ്രസ്തുതകമ്മീഷന് നല്കി. അവ താഴെപ്പറയുന്നവയാണ്.

1. നവീകരണം കൊണ്ടുദ്ദേശിക്കുന്നത് നിലവിലുള്ള നിയമങ്ങളുടെ പുന സംവിധാനം മാത്രമല്ല, ഉടച്ചുവാർക്കൽ (Recasting) കൂടിയാണ്.

2. നിയമനിർമ്മാണത്തിന് അടിസ്ഥാനമായി സ്വീകരിക്കേണ്ടത് വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളായിരിക്കണം.

അഞ്ചു ഭൂഖണ്ഡങ്ങളിലെ മുപ്പത്തൊന്നു രാഷ്ട്രങ്ങളിൽ നിന്നുള്ള ഒരു വിദഗ്ധസംഘമാണ് റിവിഷൻജോലി നിർവ്വഹിച്ചത്.

അവർ: 105 കർദ്ദിനാളന്മാർ, 77 മെത്രാപ്പോലീത്താമാരും മെത്രാന്മാരും, 73 രൂപതാവൈദികർ, 47 സന്യാസവൈദികർ, 3 സിസ്റ്റേഴ്സ്, 12 അല്മായർ എന്നിവരാണ്. ഇവരുടെ സംഘാതാത്മക പ്രവർത്തനഫലമാണ് പുതിയ നിയമ സംഹിത. 1917 CIC യുടേതിൽ നിന്നും പുതിയ നിയമസംഹിതയുടെ ഘടനയും ക്രമീകരണവും വ്യത്യസ്തമാണ്.

പ്രതിപാദ്യവിഷയങ്ങളുടെ സ്വഭാവം പരിഗണിച്ച് പ്രത്യേകശീർഷകങ്ങളോടുകൂടി ഭാഗങ്ങളും വകുപ്പുകളും ഉപവകുപ്പുകളുമായി തരംതിരിച്ച് ഏഴു പുസ്തകങ്ങളിലായി 1752 കാനോനകൾ ഈ സംഹിതയിലുണ്ട്.

| | | |
|---|---|---|
| ഒന്നാം പുസ്തകം | - | പൊതുനിയമങ്ങൾ |
| രണ്ടാം പുസ്തകം | - | ദൈവജനം |
| മൂന്നാം പുസ്തകം | - | സഭയുടെ പ്രബോധനാധികാരം |
| നാലാം പുസ്തകം | - | സഭയിലെ വിശുദ്ധീകരണ ശുശ്രൂഷകൾ |
| അഞ്ചാം പുസ്തകം | - | സഭയുടെ സ്ഥാവരജംഗമവസ്തുക്കൾ |
| ആറാം പുസ്തകം | - | സഭയിലെ അനുമതികൾ |
| ഏഴാം പുസ്തകം | - | സഭയിലെ നിയമവ്യവസ്ഥിതി |

1917 CIC-യിലേക്കാൾ 662 കാനോനകൾ ഇതിൽ കുറവാണ്. ക്രമാനുഗതവും അർത്ഥസമ്പുഷ്ടവുമായ ഘടനയാണ് 1983-ലെ CIC യ്ക്കുള്ളത്. അവതരണത്തിലും കാലാനുഗതമായ നവീകരണങ്ങൾ വരുത്തുന്നതിലും - ചില സാങ്കേതിക പോരായ്മകളെ ഒഴിച്ചുനിർത്തിയാൽ - പുതിയ സംഹിത വിജയിച്ചിട്ടുണ്ട്. സഭയെ സംബന്ധിച്ചുള്ള II-ാം വത്തിക്കാൻ കൗൺസിലിന്റെ ശാസ്ത്രീയപഠനവും സിദ്ധാന്തവും (Ecclesiology) നിയമത്തിന്റെ ഭാഷയിൽ (Judicial Language) അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് പുതിയ CIC യുടെ പ്രധാനസവിശേഷത. 1983 ലെ CIC ലത്തീൻറീത്തിൽപ്പെട്ട കത്തോലിക്കാ സഭാ വിഭാഗത്തിനുമാത്രമേ ബാധകമായിരിക്കുകയുള്ളൂ (Can. I). പൗരസ്ത്യ റീത്തുകളിൽപ്പെട്ട സഭാവിഭാഗങ്ങൾക്കുവേണ്ടിയുള്ള നിയമസംഹിത (CIEO) പിന്നീടാണ് പുറത്തുവന്നത്.

**10. പൗരസ്ത്യസഭകളുടെ കാനൻ നിയമസംഹിത**

പൗരസ്ത്യസഭകൾക്കുവേണ്ടി പരിഷ്കരിച്ച പൊതുവായ നിയമസംഹിത 'sacri canones' എന്ന തിരുവെഴുത്തുവഴി 1990 ഒക്ടോബർ 18-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പ ഒപ്പുവച്ചു പ്രസിദ്ധീകരിച്ചു.

CCEO-Codex Canonum Ecelesiarum Orientalium - The code of canons of the eastern churches-(പൗരസ്ത്യസഭകളുടെ കാനോൻ നിയമസംഹിത) എന്ന ശീർഷകത്തിൽ പ്രകാശനംചെയ്ത നിയമസംഹിത 1991 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽവന്നു. ഈ പുതിയ കാനൻ നിയമസംഹിതയെ പൗരസ്ത്യസഭകളുടെ ഉത്തമഭരണമാധ്യമമായും സഭാചരിത്രത്തിലെ നാഴികക്കല്ലായും മാർപാപ്പ വിശേഷിപ്പിച്ചു. 21 പൗരസ്ത്യ വ്യക്തിഗത കത്തോലിക്കാ സഭകൾക്കു മുഴുവനുമായുള്ള common code ആയ CCEO-യെ പൗരസ്ത്യസഭകളുടെ 'മാഗ്നാകാർട്ട' എന്നുവിശേഷിപ്പിക്കാം. മെത്രാന്മാരുടെ സിനഡിൽ CCEO-യെ അവതരിപ്പിച്ചുകൊണ്ട് ജോൺപോൾ മാർപാപ്പ നടത്തിയ പ്രസംഗത്തിലെ ചില പ്രധാന പരാമർശങ്ങൾ താഴെക്കൊടുക്കുന്നു.

1. വത്തിക്കാൻ കൗൺസിൽ വിഭാവനംചെയ്ത സഭാനിയമപരിഷ്കരണത്തിന്റെ കാര്യത്തിലെ മൂന്നാമത്തെ ചുവടുവയ്പായിരുന്നു ഇളളഛ യുടെ പ്രസിദ്ധീകരണം. 1983-ൽ CIC യും 1988-ൽ റോമൻ കൂരിയായുടെ പരിഷ്കരണം ലക്ഷ്യംവച്ചു പുറപ്പെടുവിച്ച 'നല്ല ഇടയൻ' (Pastor Bonus) എന്ന തിരുവെഴുത്തുമാണ് മറ്റു സുപ്രധാന നാഴികക്കല്ലുകൾ. സാർവ്വത്രികസഭയുടെ നിയമസംവിധാനതലങ്ങളിൽ ലത്തീൻ-പൗരസ്ത്യസഭകളുടെ നിയമസംഹിതകൾക്ക് തുല്യസ്ഥാനമാണുള്ളത്.

2. സാർവ്വത്രികസഭയുടെ എല്ലാ വിഭാഗങ്ങളും ഈ നിയമസംഹിതയെ (CCEO) അതിന്റെ വിശദാംശങ്ങളോടുകൂടി സ്വീകരിച്ച് അംഗീകരിക്കേണ്ടിയിരിക്കുന്നു.

3. പൗരസ്ത്യസഭകളുടെ ഭരണസീമകൾക്കുവെളിയിൽ സ്ഥിതിചെയ്യുന്ന പൗരസ്ത്യകത്തോലിക്കാ വിശ്വാസികളുടെ പ്രത്യേകസാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പ്രത്യേകനിയമങ്ങൾക്കായുള്ള (Particular law-Jus speciale) വ്യവസ്ഥകൾ ഈ നിയമസംഹിത വിഭാവനം ചെയ്തിട്ടുണ്ട്.

4. പുതിയ നിയമസംഹിതയുടെ (CCEO) എക്യുമെനിക്കൽ സ്വഭാവമാണ് അതിന്റെ എടുത്തുപറയാവുന്ന മറ്റൊരു സവിശേഷത.

ജോൺപോൾ മാർപാപ്പ CCEO യ്ക്കു നല്കുന്ന വിശേഷണം 'സഭാശുശ്രൂഷയിലെ സ്നേഹവാഹനം' (The vehicle of charity in the service of

the church) എന്നാണ്. "പൗരസ്ത്യസഭകൾ വളർന്നുവികസിക്കാനും അതോടൊപ്പം അവയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം നവമായ അപ്പസ്തോലിക ചൈതന്യത്തോടെ പൂർണ്ണമാക്കുവാനും" (OE.I) CCEO ഏറെ സഹായകരമാകുമെന്ന് ഇതിനാൽ വ്യക്തമാണ്.

## CCEO യുടെ രൂപീകരണചരിത്രം

എല്ലാ പൗരസ്ത്യസഭകൾക്കും പൊതുവായും സമ്പൂർണ്ണമായതുമായ ഒരു കാനൻനിയമസംഹിതയ്ക്കു രൂപംകൊടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി പതിനൊന്നാം പീയൂസ് മാർപാപ്പ അധ്യക്ഷനായുള്ള ഒരു സമിതി 1927-ൽ നിയമിതമായി. തുടർന്ന് 1929-ൽ കർദ്ദിനാൾ ഗാസ്പാരിയുടെ അധ്യക്ഷതയിൽ കർദ്ദിനാൾമാരുടെ പ്രാരംഭ കമ്മീഷൻ നിലവിൽവന്നു. 1935-ൽ കാനൻ നിയമ സംഹിതയുടെ ക്രോഡീകരണത്തിനായി പതിനൊന്നാം പീയൂസ് പാപ്പാ ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിച്ചു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനഫലമായി 1948 ൽ സമ്പൂർണ്ണനിയമസംഹിതയുടെ കരടുരേഖ അംഗീകാരത്തിനും പ്രസിദ്ധീകരണത്തിനുമായി പന്ത്രണ്ടാംപീയൂസ് മാർപാപ്പയ്ക്കു സമർപ്പിച്ചു. എങ്കിലും ഈ കരടുരേഖയിൽ നിന്ന് ചില ഭാഗങ്ങൾമാത്രം പല തവണകളിലായി തിരുവെഴുത്തുകൾ (Motu Proprio) മുഖേന പ്രസിദ്ധപ്പെടുത്തുകയാണുണ്ടായത്. അവ:-

a) 1948-ൽ വിവാഹം സംബന്ധിച്ചവ (crebrae allatac)
b) 1950-ൽ നീതിന്യായം, കോടതിനടപടികൾ എന്നിവയെ സംബന്ധിച്ചവ
c) 1952-ൽ സന്യസ്തരെ സംബന്ധിച്ചും പള്ളിവസ്തുക്കളുടെ ഭരണക്രമം സംബന്ധിച്ചും ഉള്ളവ
d) 1957-ൽ വ്യക്തികളെ സംബന്ധിച്ചവ

മറ്റ് കൂദാശകളെ സംബന്ധിച്ച കാനോനകൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നില്ല. വത്തിക്കാൻ ശേഖരത്തിൽ ഇന്നും അതിന്റെ ഫയൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. 12-ാം പീയൂസ് പാപ്പായുടെ കാലശേഷം സ്ഥാനാരോഹണം ചെയ്ത 23-ാം ജോൺ മാർപാപ്പ പൗരസ്ത്യനിയമ സംഹിതയുടെ ബാക്കിവരുന്ന ഭാഗങ്ങളുടെ പ്രസിദ്ധീകരണം തല്ക്കാലം നിറുത്തിവയ്ക്കുകയാണുണ്ടായത്. 2-ാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയ പാപ്പായ്ക്ക് സാർവ്വത്രികസഭയുടെ നിയമസംവിധാനം മുഴുവനായും വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ വെളിച്ചത്തിൽ പരിഷ്കാര വിധേയമാക്കാനായിരുന്നു താല്പര്യം. സഭയിലും ലോകത്തിലും ത്വരിതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് കാലാനുഗതമായ ഒരു നവീകരണം പൗരസ്ത്യസഭകളുടെ കാനോനസംഹിതകൾക്കും ഉണ്ടായിരിക്കണമെന്ന് പാപ്പാ നിഷ്കർഷിച്ചു. അതിനാൽ 1959 ജനുവരി 25-ന് രണ്ടാം വത്തിക്കാൻ

കൗൺസിൽ ആഹ്വാനംചെയ്ത അവസരത്തിൽത്തന്നെ പ്രസ്തുത കൗൺസിലിൽവച്ച് കാനൻനിയമപരിഷ്കരണങ്ങൾക്കുള്ള സജ്ജീകരണവുംകൂടി ഉണ്ടായിരിക്കുമെന്ന് സഭയെ അറിയിച്ചതായി നാം മുമ്പ് കണ്ടതാണല്ലോ. എങ്കിലും 1965-ൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കഴിഞ്ഞിട്ടും കാനൻ പരിഷ്കരണക്രമീകരണങ്ങൾ കാര്യമായി പുരോഗമിയ്ക്കാകയാൽ 1972-ൽ പോൾ ആറാമൻ പാപ്പ പൗരസ്ത്യ നിയമ സംഹിതയുടെ സമഗ്രപരിഷ്കരണത്തിനായി കർദ്ദേനാൾ ജോസഫ് പാറേക്കാട്ടിൽ അധ്യക്ഷനായുള്ള ഒരു പൊന്തിഫിക്കൽ കമ്മീഷനെ നിയമിച്ചു. 1974 മാർച്ച് 18-ാം തീയതിയിലെ ഉദ്ഘാടനസമ്മേളനത്തോടുകൂടി നിയുക്തകമ്മീഷൻ (PCCICOR) ജോലി ആരംഭിച്ചു. ഇരുപത്തൊന്നു പൗരസ്ത്യവ്യക്തിസഭകളുടെ (Ecclesia Sui iuris) പ്രാതിനിധ്യസ്വഭാവമുള്ള ഒരു വിദഗ്ധസംഘമാണ് നിയമസംഹിതയുടെ ജോലി നിർവ്വഹിക്കുവാനുണ്ടായിരുന്നത്. ഈ കമ്മീഷന് പോൾ ആറാമൻ പാപ്പാ ചില മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയത് ചുരുക്കമായി നമുക്കു കാണാം.

a) തിരുസ്സഭ (LG), പൗരസ്ത്യസഭകൾ (OE), എക്യുമെനിസം ഇവയെ സംബന്ധിച്ച വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ ക്രോഡീകരണപ്രക്രിയയ്ക്ക് അടിസ്ഥാനമായി സ്വീകരിക്കുക.
b) എല്ലാ പൗരസ്ത്യവ്യക്തിസഭകൾക്കും ബാധകമാകുന്ന പൊതുനിയമങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് പുതിയ നിയമസംഹിത ക്രോഡീകരിക്കുക.
c) യഥാർത്ഥവും കാലോചിതവും പൗരസ്ത്യപാരമ്പര്യങ്ങളിൽ അടിയുറച്ചതും പൗരസ്ത്യസ്വഭാവമുള്ളതുമായ നിയമസംഹിതയ്ക്ക് രൂപംനൽകുക. ഓരോ സഭയ്ക്കും തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിക്കാനും സ്ഥലകാല അനുരൂപണങ്ങൾ നടത്താനുമുള്ള സാധ്യത ഉണ്ടായിരിക്കണം.
d) എക്യുമെനിസത്തെ പ്രോത്സാഹിപ്പിക്കുന്നതും നൈയാമിക സ്വഭാവമുള്ളതും (Juridical) അജപാലനാഭിമുഖ്യമുള്ളതും (postoral) ആയിരിക്കണം. "പ്രത്യേകനിയമം" ഉണ്ടാകാനുള്ള സാധ്യത ഓരോ സഭയ്ക്കും ഉണ്ടായിരിക്കണം

ഈ കമ്മീഷനിലെ അംഗങ്ങൾ: 6 പാത്രിയർക്കീസുമാർ, 8 കർദ്ദിനാൾമാർ, 7 മെത്രാന്മാർ, കൺസൾട്ടേഴ്സായി 11 മെത്രാന്മാർ, 33 രൂപതാ വൈദികർ, 21 സന്യാസവൈദികർ, 2 അല്മായർ എന്നിവരാണ്.

ഒൻപത് പഠനഗ്രൂപ്പുകൾ ആയി തിരിച്ച് നിയമസംഹിതയുടെ കരടിനു രൂപം കൊടുത്തതോടുകൂടി 1980 ൽ ക്രോഡീകരണപ്രക്രിയയുടെ 1-ാം ഘട്ടം അവസാനിക്കുകയും കൺസൾട്ടേഴ്സിന്റെ ദൗത്യം പൂർത്തിയാവുകയും ചെയ്തു. ലത്തീൻ കാനോൻ നിയമത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ

ക്രമീകരണത്തോടുകൂടിയ ഘടനയാണ് CCEO യ്ക്കുള്ളത്. വത്തിക്കാന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'Acta apostolica sedis'- AAS vol.82 No.II ൽ ആണ് CCEO യുടെ ലത്തീൻ രൂപത്തിലുള്ള ഗ്രന്ഥം കൊടുത്തിരിക്കുന്നത്. നീണ്ടവർഷങ്ങളിലെ ക്രോഡീകരണചരിത്രം 32 വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**10. 2 CCEO യുടെ ഘടനയും ഉള്ളടക്കവും**

**10. 2.1 ശീർഷകം:** പൗരസ്ത്യസഭകളുടെ കാനോൻനിയമസംഹിതയുടെ തലക്കെട്ട് എന്തായിരിക്കണമെന്നത് ഒരു നീണ്ട വിവാദമായിരുന്നു. ലാറ്റിൻകോഡ് ലാറ്റിൻ സഭയ്ക്കുള്ളതായതിനാൽ അതു ദ്യോതിപ്പിക്കുന്ന ഒരു ശീർഷകം ലത്തീൻ കോഡിന് ഉണ്ടാകണമെന്ന് കർദ്ദിനാൾ പാറേക്കാട്ടിൽ നിർബന്ധം പറഞ്ഞിരുന്നു. എങ്കിലും ലത്തീൻസഭ ഈ നിർദ്ദേശം ഉൾക്കൊണ്ടില്ലെന്നു മാത്രമല്ല, 'The code of Canon Law' എന്ന പൊതുശീർഷകം സ്വീകരിക്കുകയും അത് പല വിവാദങ്ങൾക്കും വഴി തെളിക്കുകയും ചെയ്തു. പൗരസ്ത്യസഭാനിയമസംഹിതയ്ക്ക് ആ സഭകൾക്കാണ് നിയമം എന്നു കാണിക്കത്തക്ക രീതിയിലുള്ള ഒരു ശീർഷകം വേണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. അവസാനം ഏറെ ചർച്ചയ്ക്കും പഠനത്തിനുംശേഷം സ്വീകൃതമായത് CCEO എന്ന ശീർഷകം ആണ്. കമ്മീഷന്റെ നല്ലൊരുശതമാനം വോട്ട് ഈ പേരിനു കിട്ടിയിരുന്നു. ഈ ശീർഷകം പൗരസ്ത്യസഭകൾക്കുള്ള നിയമത്തെ വേർതിരിച്ചുകാണിക്കുകയും അതോടൊപ്പം ആദ്യകാലസഭയുടെ നിയമസംഹിതകളുടെ മധുരിമ നിലനിർത്തുകയും ചെയ്യുന്നു.

**10. 2.2 ഭാഷ:** ക്രോഡീകരണത്തിന്റെ ആരംഭംമുതലേ (1972) പുതിയ നിയമസംഹിതയുടെ ഭാഷ എന്തായിരിക്കണമെന്നതിനെക്കുറിച്ചൊരു തർക്കം കമ്മീഷൻ അംഗങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. ഗ്രീക്കു വേണമെന്ന് ഒരുകൂട്ടവും അതല്ല ലാറ്റിൻമതിയെന്ന് മറുപക്ഷവും വാദിച്ചു. ഒരു ഘട്ടത്തിൽ പുതിയനിയമസംഹിത ഈ പറഞ്ഞ രണ്ടുഭാഷയിലും പ്രസിദ്ധീകരിക്കാമെന്ന തീരുമാനത്തിലെത്തി എങ്കിലും ആദ്യസമ്പൂർണ്ണകരടുരൂപം ലത്തീൻഭാഷയിൽ മാത്രമേ പുറത്തിറങ്ങിയുള്ളൂ. ഒരു ഭാഗവും ഗ്രീക്കുഭാഷയിലുണ്ടായിരുന്നില്ല.

ഗ്രീക്കുഭാഷ ഇന്ന് വളരെ ചുരുക്കം ജനങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഗ്രീക്ക് മൂലഭാഷയാക്കി നിയമം പുറത്തിറക്കിയാൽ പൗരസ്ത്യസഭാംഗങ്ങളിൽ വളരെ ചുരുക്കംപേർ മാത്രമേ ഇതു വായിക്കാനും പഠിക്കാനും ഇടവരികയുള്ളൂ. കൂടുതൽപേർ ഉപയോഗിക്കുന്ന ഭാഷ എന്നത് ഒരു മാനദണ്ഡമാക്കുകയാണെങ്കിൽ ഉക്രേനിയൻ, മലയാളം, അറബിക് എന്നീ ഭാഷകളിലൊന്ന് സ്വീകരിക്കേണ്ടിവരും. കാരണം, ഗ്രീക്കുഭാഷയെക്കാൾ പൗരസ്ത്യ

സഭകളിൽ പ്രാധാന്യം ഈ ഭാഷകൾക്കാണ്. മാർപാപ്പയ്ക്ക് വളരെ എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന ഒരു ഭാഷയായിരിക്കണം ഉപയോഗിക്കേണ്ടത് എന്നതിനാലും ഔദ്യോഗികഭാഷ ലത്തീൻ ആയതുകൊണ്ടും മാർപാപ്പായുടെ ഇന്നുവരെയുള്ള എല്ലാ രേഖകളും ലത്തീൻഭാഷയിൽ പ്രസിദ്ധീകരിച്ച പാരമ്പര്യം നിലനിൽക്കുന്നതുകൊണ്ടും ഇന്നുവരെ വത്തിക്കാനിൽ വേറെയാതൊരു ഭാഷയും ഔദ്യോഗികമായി ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ടും CCEO ഉം ലത്തീൻ ഭാഷയിൽത്തന്നെ 1990 ൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ വിവിധഭാഷകളിലേയ്ക്ക് വിവർത്തനം നടത്താനുള്ള അവകാശം ഇതോടൊപ്പം കൊടുത്തിരിക്കുന്നു. ലത്തീൻഭാഷയിൽ പുറത്തിറങ്ങിയ CCEO യുടെ മൂലകൃതിയിൽ ഒട്ടേറെ ഗ്രീക്കുപദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അത് CCEO യുടെ ഭംഗി വർധിപ്പിച്ചിട്ടേ ഉള്ളൂ.

**10. 2.3. നിയമനിർമ്മാണം:** പൗരസ്ത്യസഭകൾക്കായുള്ള കാനൻനിയമസംഹിത മാർപാപ്പയ്ക്കൊപ്പം പൗരസ്ത്യവ്യക്തിസഭകളുടെ തലവന്മാരും കൂടിച്ചേർന്ന് പ്രസിദ്ധപ്പെടുത്തുവാനുള്ള ചിന്തകളും ചർച്ചകളും ഏറെ നടന്നിരുന്നു. 'ഒരുമിച്ചുള്ള' ഒരു വിളംബരം സഭയുടെ കൂട്ടായ്മ വർദ്ധിപ്പിക്കാനും കൂട്ടുത്തരവാദിത്വം എടുത്തുകാണിക്കാനും ഉപയുക്തമായ ഒരു വിലപ്പെട്ട അവസരമായിരിക്കുമെന്ന ചിന്തയാണ് ഇതിനു പിന്നിൽ പ്രബലപ്പെട്ടിരിക്കുന്നത്. പക്ഷേ വിവിധകാരണങ്ങളാൽ ഈ ചിന്ത ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. അതിനുനിരത്തപ്പെട്ട കാരണങ്ങൾ:

a) ഇന്നുവരെയുള്ള കത്തോലിക്കാ സഭാ ചരിത്രത്തിൽ ഒരു നിയമസംഹിതയും 'ഒരുമിച്ച്' പുറത്തിറക്കിയതായി കേട്ടിട്ടില്ല.

b) പൗരസ്ത്യസഭകൾക്ക് ഏകനേതൃത്വം ഇല്ലാത്തസ്ഥിതിക്ക് ആരെ തലവനായി സ്വീകരിക്കും എന്ന പ്രശ്നം അവശേഷിച്ചു.

c) വ്യത്യസ്ത റീത്തുകളെയും സഭകളെയും സംബന്ധിക്കുന്ന തീരുമാനങ്ങൾ പുറപ്പെടുവിക്കുവാനുള്ള അധികാരം മാർപാപ്പയ്ക്കു മാത്രമേ ഉള്ളൂ. അതിനാൽ അന്നത്തെ മാർപാപ്പ തന്നെ CCEO ഒപ്പുവച്ച് പ്രസിദ്ധപ്പെടുത്തി.

**ഉള്ളടക്കവും ഘടനയും**

CIC യും CCEO യും തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ? അതോ ഒരേ കാര്യങ്ങൾ രണ്ടു ശീർഷകങ്ങൾകൊണ്ടു സൂചിപ്പിക്കുന്നതാണോ? എന്നു സംശയം തോന്നാം.

ഒറ്റവാക്കിൽ പറഞ്ഞാൽ, ആഗോള കത്തോലിക്കാസഭയെ സംബന്ധിച്ച പൊതുവായതും സാമ്യമുള്ളതുമായ കാര്യങ്ങൾ രണ്ടു നിയമസംഹിതകളിലും ഉണ്ട്. ഏതു നിയമവും സഭയുടെ തനിമയും നാനാത്വവും പരിരക്ഷിക്കാനുള്ള മാധ്യമമാണ്. നിയമത്തിന്റെ സ്വഭാവവും ഘടനയും മാറുമ്പോഴും തനിമ നഷ്ട പ്പെടുന്നില്ല. തിരുസഭയുടെ ഐക്യം കാത്തുസൂക്ഷിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നത് വിവിധങ്ങളായ നിയമങ്ങളാണ്. CIC യിലും CCEO യിലും പൊതുവായിട്ടുള്ള കാനോനകളുണ്ട്. അവ പ്രധാനമായും ഒരേ കാര്യങ്ങളാമ് ദ്യോതിപ്പിക്കുന്നത്. ചിലകാര്യങ്ങളിൽ CCEO യിൽ നിന്നു CIC വ്യത്യസ്ത മായിരിക്കേണ്ടതുണ്ട്. അതിന് കാരണം, ലാറ്റിൻ സഭയിൽ നിന്ന് വളരെ ഭിന്ന മായ അനേകം ഘടകങ്ങൾ പൗരസ്ത്യസഭകളിലുണ്ട്. അതിന്റെ പാരമ്പര്യ ങ്ങളും ആചാരങ്ങളും വിശ്വാസവും നിയമവും കാത്തുരക്ഷിക്കേണ്ട ചുമതല CCEO യ്ക്കാണ്. എന്നാൽ ചില കാര്യങ്ങളിൽ രണ്ടു സഭകൾക്കും ഐക്യ രൂപ്യം വേണം താനും. ഉദാ: നടപടി ക്രമങ്ങളെ സംബന്ധിക്കുന്ന നിയമ ങ്ങൾ. സഭയിൽ നീതി നടപ്പാക്കാൻ രണ്ടു നിയമസംഹിതകളിലും വ്യത്യ സ്തമായ നിയമം ഉണ്ടാകുന്നത് ഉചിതമല്ലല്ലോ.

CCEO 21 (+1) വ്യക്തിഗത കത്തോലിക്കാസഭകൾക്ക് (Eceleisia Sui iuris) വേണ്ടിയുള്ള പൊതുനിയമമാണ്. ഈ സഭകളുടെ പാരമ്പര്യം, ദൈവ ശാസ്ത്രം, ആരാധനാക്രമങ്ങൾ, ആദ്ധ്യാത്മികത എല്ലാം വളരെ വ്യത്യസ്ത മാണ്. അതിനാൽ വ്യതിരിക്തമായ കാര്യങ്ങൾക്ക് ഓരോ വ്യക്തിസഭയ്ക്കും അതിന്റേതായ പ്രത്യേകനിയമം (particular law) ഉണ്ടാക്കാനുള്ള അനുവാദം CCEO യിൽ കൊടുത്തിട്ടുണ്ട്.

CCEO യിൽ 153 സ്ഥലത്ത് 'ius particulare' പ്രത്യേകനിയമം-ഉണ്ടാ ക്കാനുള്ള അവസരം നല്കിയിരിക്കുന്നത് ശ്രദ്ധേയമാണ്. പ്രധാനകാര്യങ്ങ ളിൽ തീരുമാനങ്ങളെടുക്കാനും നിയമങ്ങൾ നിർമ്മിക്കാനുമുള്ള സാധ്യത ഈ അവസരം പ്രദാനംചെയ്യുന്നു. CCEO യുടെ ഉള്ളടക്കവും ഘടനയും പൗര സ്ത്യസഭകളുടെ ആചാരങ്ങൾക്കും പാരമ്പര്യങ്ങൾക്കുമനുസരിച്ചാണ് ക്രമ പ്പെടുത്തിയിരിക്കുന്നത്. അതോടൊപ്പം CCEO യ്ക്ക് മുമ്പുണ്ടായിരുന്ന നിയ മസംഹിതകളുടെ (CICO, MP) രീതികളും സ്വീകരിച്ചിട്ടുണ്ട്. പൗരസ്ത്യപാ രമ്പര്യമാണ് 'ശീർഷകങ്ങൾ' ആയി 1546 കാനോനകളെയും വിന്യസിപ്പിച്ചി രിക്കുന്നത്. പാശ്ചാത്യരീതി ആയിരുന്നെങ്കിൽ "പുസ്തകം" ആകുമായിരു ന്നു. 30 ശീർഷകങ്ങൾ വിഷയങ്ങളുടെ പ്രാധാന്യമനുസരിച്ച് ക്രമാനുഗത മായി ചിട്ടപ്പെടുത്തിയിരിക്കുന്നു.

| CCEO യുടെ ഘടന | CIC യുടെ ഘടന |
|---|---|
| 30 ശീർഷകങ്ങൾ – അധ്യായങ്ങൾ – ഉപാധ്യായങ്ങൾ – കാനനുകൾ – ഖണ്ഡികകൾ ഉപകാനനുകൾ<br>ആകെ 1546 കാനനുകൾ | പുസ്തകങ്ങൾ – ഭാഗങ്ങൾ – ശീർഷകങ്ങൾ – അദ്ധ്യായങ്ങൾ – ഉപാദ്ധ്യായങ്ങൾ – കാനനുകൾ – ഖണ്ഡികകൾ – ഉപകാനനുകൾ<br>ആകെ 1752 കാനനുകൾ |

**ചോദ്യങ്ങൾ**

1. CIC യുടെ രൂപീകരണ ചരിത്രം വിവരിക്കുക?
2. CCEO യുടെ രൂപീകരണ ചരിത്രം വിശദമാക്കുക?
3. CIC യുടെയും CCEO യുടെയും ഉള്ളടക്കത്തിലും ഘടനയിലുമുള്ള പ്രധാന വ്യത്യാസങ്ങൾ ഏവ?
4. അടിസ്ഥാനപരമായി പാശ്ചാത്യ പൗരസ്ത്യ കാനൻ നിയമങ്ങൾ സമാന സ്വഭാവമുള്ളതാണ്. എന്നാൽ ചില വിഷയങ്ങളിൽ അവ വ്യത്യാസം പുലർത്തുന്നു. രണ്ടുദാഹരണങ്ങളിലൂടെ സമർത്ഥിക്കുക?
5. കാനൻ നിയമത്തിന്റെ ഉറവിടങ്ങൾ ഏവ?

# 5
# കൂദാശകൾ ജീവിതത്തിൽ

**1. ആമുഖം:**

1546 കാനോനകളും 30 ശീർഷകങ്ങളുമുള്ള പൗരസ്ത്യ സഭാനിയമത്തിലെ 161-ാം ശീർഷകത്തിൽ വരുന്ന 228 കനോനകൾ ദൈവാരാധനയെ പ്രത്യേകിച്ച് കൂദാശകളെ സംബന്ധിച്ചുള്ളവയാണ്. ഇതിൽ തിരുപ്പട്ടം ഒഴിച്ചുള്ള മറ്റു കൂദാശകളെകുറിച്ചും കൂദാശാനുകരണങ്ങളെപ്പറ്റിയും സംക്ഷിപ്തമായും, വിവാഹം എന്ന കൂദാശയെപ്പറ്റി സാമാന്യം വിശദമായും ഇവിടെ പ്രതിപാദിക്കുന്നു.

സഭയുടെ സ്രോതസ്സും ശക്തികേന്ദ്രവും ആരാധന ക്രമമാണെങ്കിൽ ആരാധനക്രമത്തിന്റെ കാതൽ കൂദാശകളാണ് (SC.10). "മനുഷ്യരെ വിശുദ്ധീകരിക്കുക മിശിഹായുടെ മൗതിക ശരീരമായ സഭയെ വളർത്തുക, സർവ്വോപരി ദൈവത്തിന് ആരാധനയർപ്പിക്കുക (SC.10) എന്നിവയാണ് കൂദാശകളുടെ ലക്ഷ്യങ്ങളായി കൗൺസിൽ പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നത്. പൗരസ്ത്യസഭകളുടെ കാഴ്ചപ്പാടിൽ കൂദാശകൾ ദൈവിക രഹസ്യങ്ങളുടെ ആവിഷ്കാരമാണ്. കൂദാശകളെ "മിശിഹാ രഹസ്യങ്ങൾ" എന്നാണ് പൗരസ്ത്യ സഭകൾ വിളിക്കുന്നത്. മിശിഹാരഹസ്യത്തിന്റെ പ്രതീകാത്മക പുനരാവിഷ്കരണങ്ങളായ കൂദാശകളുടെ ആഘോഷത്തിൽ പാലിക്കേണ്ട കാര്യങ്ങളും നിയമങ്ങളും ആണ് നമ്മൾ ഈ പാഠത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്.

## I കൂദാശ എന്ന പദം

"വിശുദ്ധീകരിക്കുന്നത്" എന്നതാണ് കൂദാശയെന്ന സുറിയാനി പദത്തിന്റെ അർത്ഥം. എല്ലാ കൂദാശകളുടെയും ലക്ഷ്യം വിശുദ്ധീകരണമാണല്ലോ. ജന്മപാപവും കർമ്മപാപവും നീക്കി മാമ്മോദീസായിലും പരിശുദ്ധാത്മാവിന്റെ പ്രത്യേക ശക്തിനൽകി സ്ഥൈര്യലേപനത്തിലും, ഈശോയുടെ ശരീരരക്തങ്ങളിലൂടെ വി. കുർബാനയിലും വിശുദ്ധീകരിക്കുന്നു. കർമ്മ പാപങ്ങളിൽനിന്നും വിശുദ്ധീകരിക്കുന്ന കൂദാശയാണ് കുമ്പസാരം. രോഗിയുടെ ആത്മാവിനും ശരീരത്തിനും ശക്തി നൽകി രോഗീലേപനത്തിൽ വിശുദ്ധീകരണം നടക്കുന്നു. വിവാഹത്തിലും തിരുപ്പട്ടത്തിലും ആ ജീവിതാന്തസ്സു

കൾക്കാവശ്യമായ ദാനങ്ങൾ നൽകി വിശുദ്ധീകരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിതൈ്വക ദൈവത്തിന് ദൈവജനം അടയാളങ്ങളിലൂടെ സഭയിൽ പരസ്യമായി അർപ്പിക്കുന്ന സ്തുതിയും ആരാധനയും പുകഴ്ചയുമാണ് കൂദാശകളുടെ അന്തഃസത്ത.

## II കൂദാശകളിലുള്ള പരസ്പരപങ്കാളിത്തം

പ്രത്യേക സാഹചര്യങ്ങളിൽ തക്ക കാരണങ്ങളുടെ അടിസ്ഥാനത്തിൽ കത്തോലിക്കരുടെ പരസ്യാരാധന സ്ഥലങ്ങൾ അകത്തോലികർക്ക്, സ്വയാധികാര സഭകളുടെ പ്രത്യേക നിയമാനുസൃതം ഉപയോഗിക്കുന്നതിനുമായി രൂപതാധ്യക്ഷന് അനുവദിക്കാവുന്നതാണ്. കത്തോലിക്കാ പുരോഹിതർക്ക് കത്തോലിക്കർക്കുമാത്രമേ നിയമാനുസൃതം കൂദാശകൾ പരികർമ്മം ചെയ്യാനാവൂ. എന്നാൽ സ്വന്തം സഭയുടെ പുരോഹിതശുശ്രൂഷ ലഭിക്കാൻ സാധ്യതയില്ലാത്ത അവസരത്തിൽ ഉതപ്പും തെറ്റുകളും നിസ്സംഗതാമനോഭാവവും ഇല്ലാതെ ആദ്ധ്യാത്മിക നന്മ ലക്ഷ്യംവെച്ചുകൊണ്ട് കത്തോലിക്കന് അകത്തോലിക്കാ പുരോഹിതനേയും അകത്തോലിക്കന് കത്തോലിക്കാ പുരോഹിതനേയും കുമ്പസാരം, വി. കുർബാന, രോഗീലേപനം എന്നീ കൂദാശകളുടെ പരികർമ്മത്തിനായി സമീപിക്കാവുന്നതാണ്. ഇപ്രകാരം കൂദാശകൾ പരികർമ്മം ചെയ്യുന്നതിന് അകത്തോലിക്കർ ആവശ്യപ്പെടുകയും ശരിയായ ഒരുക്കമുള്ളവർ ആയിരിക്കുകയും വേണം. സഭകളുടെ അധികാരികളുമായി ചർച്ചചെയ്ത് പരസ്പര ധാരണയോടെ രൂപപ്പെടുത്തിയിരിക്കുന്ന പ്രത്യേക നിയമമനുസരിച്ചാണ് ഇത്തരം കാര്യങ്ങളിൽ പ്രവർത്തിക്കേണ്ടത് (cc.670. 671).

## III കൂദാശകളും സ്വകാര്യ പ്രാർത്ഥനകളും

കൂദാശകളും സ്വകാര്യപ്രാർത്ഥനകളും (ഭക്താനുഷ്ഠാനങ്ങൾ) തമ്മിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്. കൂദാശകൾ എല്ലാം ക്രിസ്തുസ്ഥാപിച്ചവയാണ്. അവ വ്യക്തിയുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നവയാണ്. ഭക്താനുഷ്ഠാനങ്ങൾ ആദ്ധ്യാത്മിക ജീവിതത്തിന് സഹായകകരമാണെങ്കിലും വ്യക്തിയെ വിശുദ്ധീകരിക്കാൻ പര്യാപ്തമല്ല. ദൈവവും മനുഷ്യനും തമ്മിൽ സംഗമിക്കുന്ന പ്രക്രിയയാണ് കൂദാശകളിൽ നടക്കുന്നത്. എന്നാൽ ഭക്താനുഷ്ഠാനങ്ങളിൽ ഈ സംഗമം നടക്കുന്നു എന്നു പറയാനാവില്ല. കൂദാശകൾ വസ്തുനിഷ്ഠമാണ്. പരികർമ്മം ചെയ്യുന്ന വൈദികന്റെ അറിവോ വിശുദ്ധിയോ അല്ല കൂദാശകളുടെ ഫലം നിർണ്ണയിക്കുന്നത്. ഭക്താനുഷ്ഠാനങ്ങൾ വ്യക്തിനിഷ്ഠമാണ്. അനുഷ്ഠിക്കുന്ന വ്യക്തികളുടെ വിശ്വാസത്തെയും ആഗ്രഹത്തെയും ആശ്രയിച്ചിരിക്കും ഇവയുടെ ഫലം. കൂദാശകൾ സാർവ്വത്രികമാണ്. സഭയിൽ അത് എവിടെ പരികർമ്മം ചെയ്താലും ഒരേ ഫലങ്ങളാണ്

അവയ്ക്കുള്ളത്. എന്നാൽ ഭക്താനുഷ്ഠാനങ്ങൾ പ്രത്യേക സ്വഭാവമുള്ളവയാണ്. അതുകൊണ്ടാണ് വിശുദ്ധരുടെ വണക്കത്തിന് ചില പ്രത്യേക സങ്കേതങ്ങളിൽ ആളുകൾ തിങ്ങിക്കൂടുന്നത്. കൂദാശകൾ നിർബന്ധമാണ്, അവ ക്രൈസ്തവന്റെ ആത്മീയശക്തിയാണ്, ഭക്ഷണമാണ്. ജനനംമുതൽ മരണം വരെയുള്ള അവന്റെ എല്ലാ ആവശ്യങ്ങളിലും അവനോടൊപ്പം ആയിരിക്കുന്നതിനും അവനെ വിശുദ്ധീകരിക്കുന്നതിനും ഈശോ സ്ഥാപിച്ചവയാണവ. ഭക്താനുഷ്ഠാനങ്ങൾ ആത്മീയ ഉന്നമനത്തിന് സഹായകമാണെങ്കിലും കൂദാശകൾ പോലെ അവ നിർബന്ധമല്ല.

## IV കൂദാശകളുടെ വിഭജനം

**1. മായാത്ത മുദ്രപതിക്കുന്ന കൂദാശകൾ:-**

കൂദാശകളിൽ ചിലത് ഒരിക്കൽ മാത്രം സ്വീകരിക്കാവുന്നതാണ്. മറ്റുള്ളവ ആവശ്യാനുസരണം വീണ്ടും സ്വീകരിക്കാവുന്നവയും. ഒരിക്കൽ മാത്രം സ്വീകരിക്കുന്നവയെ മായാത്ത മുദ്രപതിക്കുന്ന കൂദാശകൾ എന്നു വിളിക്കുന്നു. മാമ്മോദീസ, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നിവയാണവ. അവയുടെ സ്വീകരണത്തിലൂടെ ഒരിക്കലും മായ്ക്കപ്പെടാൻ സാധിക്കാത്ത മുദ്രയാണ് സ്വീകരിക്കുന്നവരിൽ പതിക്കുന്നത് (CC.672).

**2. മരിച്ചവരുടെ കൂദാശകളും ജീവിക്കുന്നവരുടെ കൂദാശകളും:-**

വരപ്രസാദം ഇല്ലാത്തപ്പോൾ സ്വീകരിക്കുന്ന മാമ്മോദീസ, കുമ്പസാരം എന്നിവയാണ് മരിച്ചവരുടെ കൂദാശകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വരപ്രസാദ അവസ്ഥയിൽ സ്വീകരിക്കുന്ന സ്ഥൈര്യലേപനം, കുർബാന, രോഗീലേപനം, തിരുപ്പട്ടം, വിവാഹം എന്നിവയെയാണ് "ജീവിക്കുന്നവരുടെ കൂദാശകൾ" എന്നു വിളിക്കുന്നത്.

**3. കൂദാശകളുടെ വിഭജനം സാർവ്വത്രിക മതബോധന ഗ്രന്ഥമനുസരിച്ച്:-**

കൂദാശകളെ 3 ഗണങ്ങളായി തിരിച്ചിരിക്കുന്നു. മാമ്മോദീസ, സ്ഥൈര്യലേപനം, വി. കുർബാന എന്നിവയാണ് ആദ്യത്തെ ഗണത്തിൽപെടുക. ഇവയെ പ്രവേശക കൂദാശകൾ (Sacraments of Initiation) എന്നു വിളിക്കുന്നു. കുമ്പസാരം, രോഗീലേപനം എന്നിവയാണ് രണ്ടാമത്തെ ഗണത്തിൽ, ഇവയെ സൗഖ്യദായക കൂദാശകൾ (Sacraments of Healing) എന്നു വിളിക്കുന്നു. തിരുപ്പട്ടവും വിവാഹവുമാണ് മൂന്നാമത്തെ ഗണത്തിലുള്ളത്. ഇവയെ കൂട്ടായ്മയുടെയും ശുശ്രൂഷയുടെയും കൂദാശകൾ (Sacraments of service of communion and mission).

## V കൂദാശകളുടെ പരികർമ്മം

കൂദാശകൾ സഭയുടെ ഔദ്യോഗികാരാധനയാണ്. അതിനാൽ സാധിക്കുന്നിടത്തോളം അവ വിശ്വാസികളുടെ സാന്നിധ്യത്തിലും സജീവ ഭാഗഭാഗി

ത്വത്തോടെയും പരികർമ്മം ചെയ്യണം. അതുപോലെ സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ആരാധന പുസ്തകങ്ങളുടെ നിബന്ധനകൾക്കനുസൃത മായിട്ടാണ് കൂദാശകൾ പരികർമ്മം ചെയ്യേണ്ടത്. പുരോഹിതർ സഭയുടെ ഔദ്യോഗിക ശുശ്രൂഷ സഭകളുടെ പേരിൽ ചെയ്യുമ്പോൾ തങ്ങളുടെ സഭ യുടെ ആരാധനക്രമരീതിയനുസരിച്ചു മാത്രമേ പരികർമ്മം ചെയ്യാവൂ. മറ്റൊരു റീത്തനുസരിച്ച് പരികർമ്മം ചെയ്യുവാൻ പുരോഹിതർക്ക് ശ്ലൈഹിക സിംഹാ സനത്തിന്റെ പ്രത്യേകാനുമതി ആവശ്യമാണ് (cc 763-673).

## ൿക മാമ്മോദീസാ

മാമ്മോദീസായിൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് സ്വാഭാവിക ജലത്താൽ കഴുകപ്പെടുന്ന വ്യക്തി പാപത്തിൽനിന്ന് മോചിക്കപ്പെടുകയും പുതിയ ജീവനിലേക്ക്, വീണ്ടും ജനി ക്കുകയും ക്രിസ്തുവിനെ ധരിക്കുകയും അവിടുത്തെ ശരീരമായ സഭയിലേക്ക് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു. മാമ്മോദീസായുടെ യഥാർത്ഥമായ സ്വീക രണം വഴിയാണ് ഒരു വ്യക്തി മറ്റ് കൂദാശകൾ സ്വീകരിക്കാൻ യോഗ്യനായി ത്തീരുന്നത് (c 675). സാധാരണഗതിയിൽ മാമ്മോദീസാ ആഘോഷമായാണ് പരികർമ്മം ചെയ്യേണ്ടത്. എന്നാൽ മരണാസന്നനായ വ്യക്തിക്കോ മറ്റു അത്യാ വശ്യ സാഹചര്യങ്ങളിലോ മാമ്മോദീസാ നൽകേണ്ടി വരുമ്പോൾ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ സ്വാഭാവിക ജലം കുരിശടയാളത്തിൽ മൂന്ന് പ്രാവശ്യം ശിരസ്സിൽ ഒഴിച്ചോ, തളിച്ചോ സ്നാനാർത്ഥിയെ ജലത്തിൽ മൂന്ന് പ്രാവശ്യം മുക്കിയോ സ്നാനം നൽകാവുന്നതാണ്. സഭ നിർദ്ദേശിക്കുന്നതു പോലെ ചെയ്യാനുള്ള ഉദ്ദേശ്യം ഇപ്രകാരം മാമ്മോദീസ നൽകുന്ന ആൾക്ക് ഉണ്ടായിരിക്കണം (cc 675-676).

### കാർമ്മികൻ

പൗരസ്ത്യസഭകളിൽ മാമ്മോദീസായുടെ സാധാരണ കാർമ്മികൻ വൈദി കനാകുന്നു. ഇടവക വികാരിയോ അദ്ദേഹത്തിന്റെ അനുമതിയോടെ മറ്റൊരു വൈദികനോ മാമ്മോദീസാ പരികർമ്മം ചെയ്യണമെന്ന് നിയമം നിഷ്കർഷി ക്കുന്നു. വൈദികരുടെ അഭാവത്തിൽ അത്യാവശ്യ സന്ദർഭങ്ങളിൽ-ഉദാഹര ണത്തിന് മരണാവസ്ഥയിലുള്ള ഒരാൾക്ക്, മാമ്മോദീസാ നൽകേണ്ടി വരു മ്പോൾ ഒരു ഡീക്കനോ, മറ്റേതെങ്കിലും ശെമ്മാശനോ, സമർപ്പിത ജീവിതം നയിക്കുന്ന ഒരാൾക്കോ, മാമ്മോദീസാ നൽകാൻ അറിയാവുന്ന ഏതെങ്കിലും ക്രൈസ്തവവിശ്വാസിക്കോ മാതാപിതാക്കൾക്കോ, മാമ്മോദീസാ നൽകാവു ന്നതാണ് (c 677). അധികാരമില്ലാതിതടത്ത് ഒരു വൈദികനും മാമ്മോദീസാ നൽകിക്കൂടാ. എന്നാൽ മറ്റു സ്വയാധികാര സഭകളിലെ വ്യക്തിയുടെ മാമ്മോ ദീസായ്ക്ക് അവരുടെ വൈദികർ അനുവാദത്തിനായി ആവശ്യപ്പെടുമ്പോൾ

അത് നൽകാതിരിക്കരുത്. അതുപോലെത്തന്നെ സ്വന്തം സ്വയാധികാരസഭയിലെ വൈദികരാൽ മാമ്മോദീസാ നൽകപ്പെടാൻ വേണ്ട സാഹചര്യങ്ങൾ, രൂപതാദ്ധ്യക്ഷൻ ഉണ്ടാക്കണം (a 678). ഗർഭഛിദ്രത്തിന് (aborted fetus). വിധേയമായ ഭ്രൂണത്തിന് ജീവൻ ഉണ്ടായിരിക്കുകയും അതിന് മാമ്മോദീസാ നൽകാൻ സാധിക്കുന്ന സാഹചര്യമാണെങ്കിൽ അതിന് മാമ്മോദീസാ നൽകപ്പെടുന്നതാണ് (c 680).

**നിയമാനുസൃത മാമ്മോദീസ നൽകുവാൻ പാലിക്കപ്പെടേണ്ട നിബന്ധനകൾ**

ശിശുക്കൾക്ക് നിയമാനുസൃതം മാമ്മോദീസാ നൽകണമെങ്കിൽ താഴെപ്പറയുന്ന വ്യവസ്ഥകൾ നിർബന്ധമായും പാലിക്കണം. ശിശുവിനെ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുവാനുള്ള സാധ്യത ഉണ്ടായിരിക്കണം, മാതാപിതാക്കന്മാർ ഒരാളെങ്കിലുമോ അവരുടെ സ്ഥാനത്ത് നിൽക്കുന്ന രക്ഷാകർത്താവോ അതിനായി സമ്മതിക്കണം. അനാഥരായ കുഞ്ഞുങ്ങൾക്ക് മാമ്മോദീസാ നൽകപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മന്ദബുദ്ധികൾക്ക് ശിശുക്കളെ എന്നപോലെ പരിഗണിച്ച് മാമ്മോദീസാ നൽകേണ്ടതാണ്. അകത്തോലിക്കരുടെ മക്കൾക്ക് നിയമാനുസൃതം മാമ്മോദീസാ നൽകണമെങ്കിൽ മാതാപിതാക്കൾ ഒരാളെങ്കിലും അതിനായി ആവശ്യപ്പെടണം. അല്ലെങ്കിൽ അവരുടെ സ്വന്തം സഭയിലെ പുരോഹിതരെ ലഭിക്കാനുള്ള സാധ്യതയില്ലാത്ത അവസ്ഥയിലായിരിക്കണം. ശിശുവല്ലാത്ത ഏതൊരു വ്യക്തിയേയും മാമ്മോദീസാ സ്വീകരിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നതിനായി ഒരുക്കുകയും വേണം (cc 681-682). മാമ്മോദീസാ നൽകുന്നതിന് തലതൊട്ടപ്പനോ, തലതൊട്ടമ്മയോ ഒരാളെങ്കിലും ഉണ്ടായിരിക്കണം. പുരാതനകാലം മുതൽ അർത്ഥിയെ ഒരുക്കുന്നതിനും ശിശുവെങ്കിൽ കത്തോലിക്കാ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുന്നതിനും ഈ ആചാരം നിലവിൽ ഉണ്ടായിരുന്നു.

തലതൊട്ടപ്പനോ തലതൊട്ടമ്മയോ ആകണമെങ്കിൽ താഴെപറയുന്ന നിബന്ധനകൾ പാലിച്ചിരിക്കണം.

a മാമ്മോദീസാ, സ്ഥൈര്യലേപനം, വി. കുർബാന എന്നീ കൂദാശകൾ സ്വീകരിച്ച ആളായിരിക്കണം.

b സാധാരണനിലയിൽ കത്തോലിക്കനായിരിക്കണം

c ചുമതലകൾ ഏറ്റെടുക്കുവാൻ തയ്യാറുണ്ടാകണം.

d മാമ്മോദീസാ സ്വീകരിക്കുന്ന വ്യക്തിയോ, മാതാപിതാക്കളോ രക്ഷാകർത്താക്കളോ അവരില്ലെങ്കിൽ വൈദികനോ ചുമതലപ്പെടുത്തിയിരിക്കണം.

e മാമ്മോദീസാ സ്വീകരിക്കുന്ന വ്യക്തിയുടെ മാതാവോ പിതാവോ ദമ്പതിയോ ആകരുത്

f സഭാപരമായി ശിക്ഷണനടപടികൾക്ക് വിധേയരാകരുത്.

g പ്രത്യേകനിയമം അനുശാസിക്കുന്നപ്രായം, സഭാജീവിതം തുടങ്ങിവയ ഉണ്ടായിരിക്കണം.

ന്യായമായ കാരണം ഉള്ളപ്പോൾ പൗരസ്ത്യ അകത്തോലിക്കാസഭയിലെ ക്രൈസ്തവ വിശ്വാസിയെ തലതൊട്ടയാളുടെ കർത്തവ്യം അനുഷ്ഠിക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ എല്ലായ്പ്പോഴും ഇത് തലതൊടുന്ന കത്തോലിക്കരായ ഒരാളോടൊപ്പം ആയിരിക്കണം (c. 684). ശിശുക്കൾക്ക് എത്രയും വേഗം മാമ്മോദീസാ നൽകുവാനുള്ള ഉത്തരവാദിത്വം മാതാപിതാക്കൾക്ക് ഉണ്ട്. മാതാപിതാക്കളുടെയും തലതൊടുന്നവരുടെയും ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഇടവക വികാരി ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തണം. സാധാരണനിലയിൽ പള്ളിയിൽവച്ചാണ് മാമ്മോദീസാ നൽകേണ്ടത്. പ്രത്യേകനിയമം അനുവദിക്കുന്നുണ്ടെങ്കിലോ, രൂപതാധ്യക്ഷന്റെ അനുവാദത്തോടെയോ വീട്ടിലോ മറ്റ് സ്ഥലങ്ങളിലോ വെച്ച് മാമ്മോദീസാ നൽകാവുന്നതാണ് (cc. 687). തലതൊടാൻ ഒരാളെങ്കിലും ഇല്ലാത്ത അവസ്ഥയിൽ ഒരു സാക്ഷിയെങ്കിലും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് മാമ്മോദീസാ പരികർമ്മം ചെയ്യുന്ന ആളിന്റെ ചുമതലയാണ്. മാമ്മോദീസാ സാധുവായി പരികർമ്മം ചെയ്യുന്നുവെന്നതിന് തെളിവാണ് ഈ സാക്ഷി (cc. 688).

**മാമ്മോദീസാ രജിസ്റ്റർ**

മാമ്മോദീസാ നടത്തപ്പെടുന്ന സ്ഥലത്തെ വികാരി ഉടൻതന്നെ വളരെ സൂക്ഷ്മതയോടെ മാമ്മോദീസാ രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതിച്ചേർക്കണം. മാമ്മോദീസാ സ്വീകരിച്ച് ആളിന്റെ പേര്, മാതാപിതാക്കൻമാരുടെ പേര്, തലതൊടുന്നവരുടെ പേര്, സ്ഥലവും തിയ്യതിയും, ജനനതിയ്യതി, ജനനസ്ഥലം എന്നിവയും സ്വയാധികാര സഭയിലെ അംഗത്വവും എഴുതിച്ചേർക്കണം. അവിവാഹിതരായ അമ്മമാർക്കുണ്ടാകുന്ന കുഞ്ഞുങ്ങളുടെ പേരിനോടൊപ്പം അമ്മയുടെ പേരും എഴുതിച്ചേർക്കേണ്ടത് മാതൃത്വം പരസ്യമാണെങ്കിലോ, അമ്മ രേഖാമൂലം ആവശ്യപ്പെടുന്ന സാഹചര്യത്തിലോ ആണ്. അപ്പൻ ആവശ്യപ്പെടുകയും പിതൃത്വം പരസ്യമായി വെളിവാക്കപ്പെടുകയും ചെയ്തതാണെങ്കിൽ, പിതാവിന്റെ പേര് എഴുതി ചേർക്കുന്നു. മറ്റു സാഹചര്യങ്ങളിൽ പിതാവിന്റെയോ, മാതാവിന്റെയോ പേര് ചേർക്കാതെ മാമ്മോദീസാ രജിസ്റ്ററിൽ ശിശുവിന്റെ പേരുമാത്രം ചേർക്കുന്നു. ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ സിവിൽനിയമം അനുസരിക്കേണ്ടതാണ് (cc. 689). മാമ്മോദീസാ നടന്നകാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അത് തെളിയിക്കുന്നതി

നുവേണ്ടി സംശയത്തിനതീതനായ ഒരു വ്യക്തിയുടെ സാക്ഷ്യമോ, മുതിർന്നവർക്കുള്ള മാമ്മോദീസായായിരുന്നുവെങ്കിൽ സ്നാനം സ്വീകരിച്ചയാളുടെ സംശയാതീതമായ കാര്യകാരണങ്ങളും കാണിച്ചുകൊണ്ടുള്ള പ്രഖ്യാപനമോ മതിയാവുന്നതാണ് (cc. 691).

## VII സ്ഥൈര്യലേപനം (തൈലാഭിഷേകം)

സ്ഥൈര്യലേപനം എന്ന കൂദാശ ശരിയായ ക്രൈസ്തവ സാക്ഷ്യത്തിനായി വിശ്വാസികളെ ഒരുക്കുന്നു. വി. തൈലാഭിഷേകം വഴി പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ലഭിക്കുന്നു. തൈലംപൂശൽ ശരീരത്തെ പുഷ്ടപ്പെടുത്തുന്നതുപോലെ വിശ്വാസത്തെയും ശക്തിപ്പെടുത്താൻ സഹായിക്കുന്നു. കായികാഭ്യാസികൾ ശരീരത്തിൽ തൈലംപൂശി മൽസരത്തിനു തയ്യാറാകുന്നുപോലെ, സ്ഥൈര്യലേപനമെന്ന കൂദാശയുടെ സ്വീകരണത്തിലൂടെ ക്രൈസ്തവർ ഈലോകജീവിതത്തിൽ വിശ്വാസത്തിനെതിരായുള്ള വെല്ലുവിളികളെ നേരിടാൻ സജ്ജരാകുന്നു (cc. 692). സുഗന്ധകൂട്ടുകളും ഒലിവെണ്ണകളും കലർത്തിയാണ് തൈലം തയ്യാറാക്കുന്നത്. സാധാരണയായി എല്ലാ പൗരസ്ത്യ സഭകളിലും മെത്രാനാണ് വി. തൈലം കൂദാശചെയ്യുന്നത്. സീറോ മലബാർ ആരാധനക്രമമനുസരിച്ച് വലിയ ശനിയാഴ്ച രാവിലെ മെത്രാൻ തന്റെ കത്തീഡ്രലിൽവെച്ച് ആഘോഷമായി വി. തൈലം കൂദാശ ചെയ്യുകയും ഇടവക വികാരിമാർ അവിടെനിന്നും വാങ്ങിക്കൊണ്ട് പോവുകയുമാണ് പതിവ് (cc. 693). പൗരസ്ത്യസഭകളിൽ പുരോഹിതനാണ് സ്ഥൈര്യലേപനത്തിന്റെ കാർമ്മികൻ മാമ്മോദീസായോടൊപ്പമോ, അല്ലാതെയോ സ്ഥൈര്യലേപനം കൊടുക്കുമ്പോഴും വൈദികർ തന്നെയാണ് കാർമ്മികർ (cc. 694). പൗരസ്ത്യ സഭാനിയമം നിഷ്കർഷിക്കുന്നതനുസരിച്ച് മാമ്മോദീസായും സ്ഥൈര്യലേപനവും ഒരുമിച്ചാണ് കൊടുക്കേണ്ടത്. വേറിട്ട് കൊടുക്കുമ്പോഴും അധികം താമസിയാതെതന്നെ സ്ഥൈര്യലേപനം കൊടുക്കാൻ വൈദികർ ശ്രദ്ധിക്കണം (cc. 695). പൗരസ്ത്യസഭകളിൽപ്പെട്ട എല്ലാ വൈദികർക്കും സ്ഥൈര്യലേപനം നൽകാൻ അധികാരമുണ്ട്. സാധാരണഗതിയിൽ സ്വന്തം സഭയിൽപ്പെട്ട വിശ്വാസികൾക്ക് മാത്രമേ വൈദികർ നിയമാനുസൃതം സ്ഥൈര്യലേപനം കൊടുക്കാവൂ. എന്നാൽ മരണാസന്നരായവർക്കോ, സ്വന്തം അജഗണത്തിൽപെട്ടവർക്കോ ഈ കൂദാശ നിയമാനുസൃതം കൊടുക്കാവുന്നതാണ്, അവർ ഏത് സ്വയാധികാര സഭയിൽപ്പെട്ടവരായാലും (cc. 696). രക്ഷാകര രഹസ്യത്തിലേക്കുള്ള കൗദാശികമായ പ്രവേശനം വി. കുർബാന സ്വീകരിണത്തിലാണ് പൂർണ്ണമാകുന്നത്. അതുകൊണ്ട് ഓരോ സ്വയാധികാരസഭകളുടേയും പ്രത്യേക നിയമത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച്, മാമ്മോദീസായ്ക്കും സ്ഥൈര്യലേപനത്തിനും ശേഷം എത്രയും വേഗം വി.

കുർബാന നൽകപ്പെടുന്നു. പൗരസ്ത്യസഭാ പാരമ്പര്യമനുസരിച്ച് മാമ്മോദീസ, സ്ഥൈര്യലേപനം, വി. കുർബാന എന്നീ പ്രവേശകകൂദാശകൾ ഒരുമിച്ച് പരികർമ്മം ചെയ്യേണ്ടവയാണ്. (c. 697). ശിശുക്കൾ ജനിച്ച ഉടൻതന്നെ ജീവൻ പരിപോഷിപ്പിക്കാൻ ഭൗതിക ഭക്ഷണം (മുലപ്പാൽ, പാൽ) ആവശ്യമായിരിക്കുന്നതുപോലെ ആത്മീയ ജീവൻ പരിപോഷിപ്പിക്കുവാൻ ആത്മീയ ഭക്ഷണം നല്കേണ്ടത് അത്യാവശ്യമാണ്.

## VIII വി. കുർബാന (cc. 698-717)

വി. കുർബാനയെന്ന കൂദാശ അന്ത്യ അത്താഴത്തിന്റെയും കർത്താവിന്റെ കുരിശിലെ ബലിയുടെയും സമ്യക്കും പ്രതീകാത്മകവുമായ പുനരാവിഷ്കരണമാണ്. ബലിയും, കാഴ്ച്ചയും, വിരുന്നുമായ ഈ കൂദാശ ക്രിസ്തുവിന്റെ ശരീരമായ സഭയെ പടുത്തുയർത്തുന്നു (c. 698). എല്ലാ ക്രൈസ്തവ വിശ്വാസികളും അവരുടേതായ രീതിയിൽ ആരാധനക്രമ പുസ്തകത്തിൽ പറയുന്നതുപോലെ പരി. കുർബാനയിൽ പങ്കുചേരണം. മെത്രാന്മാർക്കും വൈദീകർക്കും മാത്രമേ പരി. കുർബാനയിൽ കാർമ്മികരാകുവാൻ അധികാരമുള്ളൂ. രൂപതയിൽ പ്രധാന കാർമ്മികനായ മെത്രാനോടൊപ്പം എല്ലാ വൈദികരും ഒരുമിച്ച് സാധിക്കുമ്പോഴെല്ലാം ബലിയർപ്പിക്കുന്നത് നല്ലതാണ്. സമൂഹബലിയാണ് അഭികാമ്യമെങ്കിലും തനിച്ച് വി. കുർബാന അർപ്പിക്കാനുള്ള അനുവാദം ഓരോ വൈദികനും ഉണ്ട്. എന്നിരുന്നാലും സമൂഹബലി നടന്നുകൊണ്ടിരിക്കുന്ന സമയത്ത് അതേ ദേവാലയത്തിൽവെച്ച് ഇങ്ങനെ ചെയ്യാൻ വൈദികന് അവകാശമില്ല (c. 700). വിവിധ സ്വയാധികാര സഭകളിലെ മെത്രാന്മാരും വൈദികരും സഭയുടെ കൂട്ടായ്മ പ്രകടമാക്കുന്നതിനായി സമൂഹബലിയർപ്പിക്കുന്നതും നല്ലതാണ്. അങ്ങനെ ചെയ്യുമ്പോൾ മുഖ്യ കാർമ്മികന്റെ റീത്തു പ്രകാരമാണ് ബലി അർപ്പിക്കേണ്ടത്. എന്നാൽ ഓരോ സഹകാർമ്മികനും തന്റെ റീത്ത് അനുസരിച്ചുള്ള തിരുവസ്ത്രങ്ങൾ ധരിക്കുന്നു (c. 701). അകത്തോലിക്കാ വൈദികരുമായി സമൂഹബലി പാടില്ല (c. 702). പുറമേനിന്ന് വൈദികൻ കുർബാന അർപ്പിക്കാൻ വരുമ്പോൾ മെത്രാന്റെ ശുപാർശക്കത്ത് (celebret) പള്ളിയുടെ റെക്ടറെ (വികാരിയെ) കാണിക്കണം. അല്ലെങ്കിൽ വരുന്ന വൈദികനെക്കുറിച്ച് റെക്ടറിന് (വികാരിക്ക്) ബോധ്യമുണ്ടായിരിക്കണം (c. 703). കർമ്മവിധിപ്രകാരം മുടക്കമില്ലാത്ത (ഉദാ: ദുഃഖവെള്ളി) എല്ലാ ദിവസവും കുർബാന അർപ്പിക്കാം (c. 704). ഒരു കത്തോലിക്കാ പുരോഹിതന് ഏത് കത്തോലിക്കാ പള്ളിയിലെ അൾത്താരയിലും റെക്ടറിന്റെ അനുവാദത്തോടെ ബലിയർപ്പിക്കാവുന്നതാണ്. എന്നാൽ അകത്തോലിക്കാ ദേവാലയത്തിൽ ബലിയർപ്പിക്കണമെങ്കിൽ രൂപതാദ്ധ്യക്ഷന്റെ അനുവാദം വേണം (c. 705). വി. കുർബാനയ്ക്കാവശ്യമായ അപ്പം

ഗോതമ്പിൽ നിന്നും കേടുവരാൻ സാധ്യതയില്ലത്തവിധം - അടുത്തകാലത്ത് ഉണ്ടാക്കിയതായിരിക്കണം. വി. കുർബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞ്, മുന്തിരിയിൽ നിന്ന് ഉണ്ടാക്കിയ കേടുവരാത്ത സാധാരണ വീഞ്ഞ് ആയിരിക്കണം (c. 706). കുർബാന അപ്പത്തിന്റെ ഒരുക്കം, കുർബാനയ്ക്ക് ഒരുക്കമായുള്ള ഉപവാസം, തിരുവസ്ത്രങ്ങൾ, സമയം, സ്ഥലം തുടങ്ങിയവ സംബന്ധിച്ചുള്ള നിയമങ്ങളും ഓരോ സ്വയാധികാര സഭകൾക്കുമുള്ളതാണ്. സ്വന്തം സഭയിലേത് സംലഭ്യമല്ലെങ്കിൽ മറ്റു സ്വയാധികാര സഭയിലെ തിരുവസ്ത്രവും, കുർബാനയപ്പവും ഉപയോഗിക്കാവുന്നതാണ് (c. 707). അടുക്കലടുക്കലും പ്രത്യേകിച്ച് മരണാവസ്ഥയിലും, പെസഹാകാലത്തും, വി. കുർബാന ഉൾക്കൊള്ളുവാനുള്ള കടമയെക്കുറിച്ചും വിശ്വാസികളെ ബോധവവാൻമാരാക്കാൻ രൂപതാ മെത്രാന്മാരും ഇടവക വികാരിമാരും ശ്രദ്ധിക്കേണ്ടതാണ് (c. 708). പൊതുനിയമമനുസരിച്ച് വൈദികരാണ് വിശ്വാസികൾക്ക് വി. കുർബാന വിതരണം ചെയ്യേണ്ടത്. പ്രത്യേക നിയമം അനുവദിക്കുന്നവിധത്തിൽ മറ്റു വിശ്വാസികൾക്കും വി. കുർബാന വിതരണം ചെയ്യാവുന്നതാണ്. എന്നാൽ അവർക്ക് വേണ്ടതായ അറിവും പരിശീലനവും നൽകണം (c. 709). ഗൗരവമായ പാപാവസ്ഥയിലുള്ളവർ വി. കുർബാന സ്വീകരിക്കുകയോ, അർപ്പിക്കുകയോ ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്യേണ്ടത് അത്യാവശ്യമായി വന്നാൽ അവർ പൂർണ്ണമായ ഒരു മനസ്താപം നടത്തുകയും എത്രയും പെട്ടെന്നുതന്നെ കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുകയും വേണം. പരസ്യപാപികൾക്ക് കുർബാന സ്വീകരണം വിലക്കപ്പെട്ടിരിക്കുന്നു (c. 711, 712). തക്ക കാരണത്താൽ മറ്റുവിധത്തിൽ നിർബന്ധിക്കുന്നില്ലെങ്കിൽ കുർബാനക്കിടയ്ക്കു തന്നെ പരി. കുർബാന വിതരണം ചെയ്യണം. എന്നാൽ രോഗികൾക്ക് അല്ലാതെയും നൽകാം (c. 713). ക്രൈസ്തവ വിശ്വാസികളുടെ ആരാധനയ്ക്കും രോഗികൾക്ക് വിതരണം ചെയ്യുന്നതിനുമായി വി. കുർബാന ദേവാലയങ്ങളിൽ പൂജ്യമായി സൂക്ഷിക്കേണ്ടതാണ് (c. 714). ഓരോ സഭകളുടെയും സ്ഥലത്തിന്റെയും നിയമങ്ങൾക്കനുസൃതം കുർബാന ധർമ്മവും മറ്റ് തിരുകർമ്മങ്ങൾക്കായുള്ള ധർമ്മവും സ്വീകരിക്കാവുന്നതും അതിന്റെ ഉത്തരവാദിത്വം കൃത്യമായി പാലിക്കേണ്ടതുമാണ് (cc. 715-17).

## IX അനുരഞ്ജന കൂദാശ (cc. 718-736)

മാമ്മോദീസായ്ക്കുശേഷം ചെയ്തിട്ടുള്ള പാപങ്ങൾക്ക് പൊറുതിയാചിച്ചുകൊണ്ട് ഒരു വ്യക്തി, പുരോഹിതന്റെ ശുശ്രൂഷയിലൂടെ ദൈവത്തോടും സഭയോടും അനുരഞ്ജനപ്പെടുന്ന കൂദാശയാണ് കുമ്പസാരം. പരിശുദ്ധാത്മാവിനാൽ ആന്തരികമായി നയിക്കപ്പെട്ടാണ് ഒരു വ്യക്തി പാപസങ്കീർത്തന വേദിയിലേക്ക് അണയുന്നത്. പശ്ചാത്താപവും, പാപങ്ങളുടെ വ്യക്തിപരമായ

ഏറ്റുപറച്ചിലും പാപത്തിൽനിന്നും പിൻതിരിയുവാനുള്ള ഉറച്ച തീരുമാനവും കുമ്പസാരത്തിന് ആവശ്യമാണ് (c. 718). ഗൗരവമായ പാപത്തെക്കുറിച്ച് ബോധ്യമുള്ള ഏതൊരുവനും ഈ കൂദാശ എത്രയും വേഗം സ്വീകരിക്കണം. മാത്രമല്ല, നോമ്പിന്റെയും പശ്ചാത്താപത്തിന്റെ കാലങ്ങളിലും ഈ കൂദാശ സ്വീകരിക്കേണ്ടതാണ് (c. 719). ഗൗരവമായ പാപംചെയ്ത ക്രൈസ്തവ വിശ്വാസി ദൈവവുമായും സഭയുമായും അനുരഞ്ജനപ്പെടുന്നതിനുള്ള ഒരേയൊരു സാധാരണമാർഗ്ഗം വ്യക്തിപരവും സമഗ്രവുമായ കുമ്പസാരവും പാപമോചനവുമാണ്. ഇതിന് ശാരീരികമായും ധാർമ്മികമായും അസാധ്യമായ അവസരങ്ങളിൽ മാത്രമേ മറ്റുതരത്തിലുള്ള ക്രമങ്ങൾ ഉപയോഗിക്കാൻ പാടുള്ളൂ (c. 720). വ്യക്തിപരമായി കുമ്പസാരിക്കാതെ സാധാരണഗതിയിൽ പാപമോചനം പൊതുവായി നൽകിക്കൂടാ. എന്നാൽ വ്യക്തിപരമായി കുമ്പസാരം നടത്താൻ സാധ്യമല്ലാത്തവിധത്തിൽ മരണാവസ്ഥയിൽ ആയിരിക്കുമ്പോഴും വൈദികരുടെ ദൗർലഭ്യത്താലും കുമ്പസാരത്തിനണഞ്ഞിരിക്കുന്നവരുടെ ആധിക്യത്താലും, പലർക്കും കൗദാശിക പ്രസാദം ലഭിക്കാതിരിക്കാൻ സാധ്യതയുള്ള ഗൗരവമായ സാഹചര്യങ്ങളിലും ഒന്നിച്ചുള്ള പാപമോചനം നൽകാവുന്നതാണ്. എന്നാൽ ഈ ഗൗരവമായ സാഹചര്യങ്ങൾ ഏതെന്ന് നിശ്ചയിക്കേണ്ടത് രൂപതാമെത്രാനാണ്. ഇതിനു സ്ഥലത്തെ മറ്റു മെത്രാന്മാരുമായി ആലോചിക്കേണ്ടതാണ് (c. 720). സമൂഹപാപമോചനം സ്വീകരിക്കാൻ പാപത്തെകുറിച്ച് ഉത്തമമായി മനസ്തപിക്കുകയും സാധിക്കുന്ന ഏറ്റവും അടുത്ത അവസരങ്ങളിൽ വ്യക്തിപരമായി കുമ്പസാരിക്കുകയും വേണം (c. 721). വൈദികർക്കു മാത്രമേ പാപമോചനം നൽകാൻ അധികാരമുള്ളൂ. പ്രത്യേക സാഹചര്യത്തിൽ ഒരു രൂപതാമെത്രാൻ എതിർക്കുന്നില്ലെങ്കിൽ മെത്രാന്മാർക്ക് ലോകത്തെല്ലായിടത്തും പാപമോചനാധികാരമുണ്ട്. നിയമത്തിലോ നിയമാനുസൃതമായ അധികാരി നൽകുന്ന അനുവാദത്താലോ, അധികാരം (faculty) ഉണ്ടെങ്കിൽ മാത്രമേ ഒരു വൈദികന് വാസ്തവമായി കുമ്പസാരിപ്പിക്കാനാവൂ (c. 722). ഈ അധികാരം രൂപതാദ്ധ്യക്ഷന് രൂപതാതിർത്തിയിലും വികാരിക്ക് ഇടവകാതിർത്തിയിലും ഉദ്യോഗസഹജമായി ഉണ്ട് (c. 723). മരണാവസ്ഥയിൽ ഏതൊരു വൈദികനും എവിടെയും ഏതു പാപിക്കും പാപമോചനം നൽകാവുന്നതാണ് (c. 725). ഗൗരവമായ കാരണങ്ങൾ കൂടാതെ, കുമ്പസാരാനുവാദം ഒരു വൈദികനിൽനിന്നും പിൻവലിക്കാൻ പാടില്ല. അങ്ങനെ പിൻവലിക്കപ്പെടുകയോ ഉദ്യോഗത്തിൽനിന്നും മാറ്റുകയോ, രൂപത മാറുകയോ ചെയ്യുമ്പോൾ ഈ അനുവാദം നഷ്ടപ്പെടുന്നു (c. 726). ചില പാപങ്ങളുടെ മോചനം ശ്ലൈഹിക സിംഹാസനത്തിനു മാത്രമായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. കുമ്പസാര രഹസ്യം നേരിട്ട് വെളിപ്പെടുത്തൽ, ശുദ്ധതയ്ക്കെതിരായി പാപംചെയ്യാൻ സഹകരിച്ച കൂട്ടാ

ളിയുടെ പാപമോചനം എന്നിവ. ഇങ്ങനെ ആരെങ്കിലും കുമ്പസാരിച്ചാൽ മരണാവസ്ഥയിലൊഴികെ പാപമോചനം വാസ്തവമാകില്ല (c. 730). പൂർണ്ണ ഗർഭഛിദ്രം നടത്തിയവരുടെ പാപം മോചിക്കാൻ രൂപതാമെത്രാനു മാത്രമേ അധികാരമുള്ളൂ (c. 778). എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ പാപമോചന സംവരണം ഇല്ലാതാകുന്നു. വിവാഹത്തിനുള്ള ഒരുക്കമായി കുമ്പസാരിക്കുന്ന ആളിന്റെയും വീടിനു പുറത്തുപോകാൻ ബുദ്ധിമുട്ടായ ആളിന്റെയും വലിയ അസൗകര്യം കൂടാതെ മേലധികാരിയെ സമീപിക്കാൻ പറ്റാത്തവരുടെ കാര്യങ്ങളിലും കുമ്പസാര രഹസ്യം വെളിപ്പെടുന്ന അപകടമുള്ള സാഹചര്യങ്ങളിലും, നിബന്ധനവെച്ച് അധികാരിയുടെ അധികാരപരിധിക്ക് പുറത്താകുമ്പോഴും, സംവരണത്തിന്റെ നിയമസാധുത നഷ്ടപ്പെടുന്നു (c. 729). കുമ്പസാരക്കാരനെതിരായി, ശുദ്ധതയ്ക്കെതിരായി കുറ്റമാരോപിച്ചുകൊണ്ട് തെറ്റായ രീതിയിൽ ആക്ഷേപം നടത്തുന്നവന്റെ പാപം, പ്രസ്തുത വ്യക്തി തെറ്റായ ആക്ഷേപം പിൻവലിക്കുകയും ആവശ്യമായ പരിഹാരം നടത്തുകയും ചെയ്താലല്ലാതെ മോചിക്കുവാൻ പാടുള്ളതല്ല (c. 731). പാപങ്ങളുടെ സ്വഭാവവും ഗൗരവവും എണ്ണവും അനുസരിച്ചും, അനുതാപിയുടെ അവസ്ഥയും അതുപോലെതന്നെ അയാളുടെ മാനസാന്തര മനോഭാവവും പരിഗണിച്ചും അനുയോജ്യമായ പ്രായശ്ചിത്ത പ്രവൃത്തികളും കുമ്പസാരക്കാരൻ കൽപിക്കണം (c. 732). കുമ്പസാര രഹസ്യം ഒരു കാരണവശാലും വെളിപ്പെടുത്താൻ പാടുള്ളതല്ല. ബന്ധപ്പെടുന്ന എല്ലാവരും ഈ രഹസ്യം പാലിക്കാൻ ബാധ്യസ്ഥരാണ് (c. 738). കുമ്പസാരത്തിൽ കിട്ടിയ അറിവ് വെച്ച് ബാഹ്യമായ ഒരു നടപടിയും സ്വീകരിക്കാൻ പാടില്ല (c. 734). കുമ്പസാരത്തിന് ഏറ്റവും ഉചിതമായ സ്ഥലം പള്ളിയാണ്. രോഗാവസ്ഥയിലോ മറ്റു തക്കതായ കാരണങ്ങളുള്ളപ്പോഴോ മറ്റു സ്ഥലങ്ങളിലും കുമ്പസാരിപ്പിക്കാവുന്നതാണ്. പ്രത്യേകനിയമം ഇക്കാര്യത്തിൽ പാലിക്കണം (c. 736).

## X രോഗീലേപനം (cc. 737-742)

രോഗികളുടെ മേൽ വിശുദ്ധ തൈലംകൊണ്ട് പൂശുകയും കൈവച്ച് പ്രാർത്ഥിക്കുകയും ചെയ്ത് അവരെ സുഖപ്പെടുത്തുക എന്ന അപ്പസ്തോലിക പാരമ്പര്യം (മർക്കോ. 6.13, യാക്കോ 5:14-17) സഭ കൂദാശയായി അംഗീകരിക്കുകയും നിഷ്ഠയോടെ പിൻതുടരുകയും ചെയ്യുന്നു. മനസ്തപിച്ച് പാപപ്പൊറുതിയപേക്ഷിച്ചുകൊണ്ട് ഈ കൂദാശ സ്വീകരിക്കുമ്പോൾ രോഗിക്ക് പാപമോചനവും രോഗാവസ്ഥയെയും ജീവിതാനുഭവങ്ങളെയും നേരിടാനുള്ള ശക്തിയും ലഭിക്കുന്നു. മരണാസന്നർക്കുമാത്രമല്ല പ്രായമായവർക്കും, രോഗാവസ്ഥയിലുള്ളവർക്കും രോഗശാന്തിയും ആരോഗ്യവും പ്രദാനം ചെയ്യുന്നതിന് ഈ കൂദാശ സഹായകരമാണ്. ചില സഭകളിൽ (ബൈസന്റയിൻ) ഒന്നില

ധികം വൈദികർ ചേർന്നാണ് ഈ കൂദാശ നൽകുന്നത്. ഈ പാരമ്പര്യം പാലിക്കപ്പെടണമെന്ന് സഭ നിഷ്കർഷിക്കുന്നു (c. 737). ഗൗരവമായ അസുഖംവരുന്ന സാഹചര്യങ്ങളിലെല്ലാം ക്രൈസ്തവ വിശ്വാസികൾ ഈ കൂദാശ സ്വീകരിക്കാൻ അണയുകയും അജപാലകർ അതിനായി ഉപദേശിക്കുകയും വേണം (c. 738). തിരുപ്പട്ടം സ്വീകരിച്ചവർക്ക് മാത്രമേ ഈ കൂദാശ പരികർമ്മം ചെയ്യാൻ അധികാരമുള്ളു (c. 739). ഗൗരവമായ രോഗത്താൽ വ്യക്തിക്ക് ഓർമ്മയോ, ബുദ്ധിശക്തിയോ ഇല്ലാത്ത അവസരത്തിൽ രോഗി ആവശ്യപ്പെടുന്നു എന്ന അനുമാനത്തിൽ വൈദികന് ഈ കൂദാശ പരികർമ്മം ചെയ്യാവുന്നതാണ് (c. 740). രോഗീലേപനത്തിനുള്ള തൈലം പല സഭകളിലും കാർമ്മികരായ വൈദികർ തന്നെയാണ് വെഞ്ചരിക്കുന്നത്. ഇതു സംബന്ധിച്ച പ്രത്യേക നിയമം പാലിക്കപ്പെടേണ്ടതാണ്. സീറോമലബാർ സഭയിൽ വിശുദ്ധതൈല വെഞ്ചരിപ്പിനോടൊപ്പം, രോഗീലേപനത്തിനുള്ള തൈലവും രൂപതാമെത്രാൻ തന്നെ വെഞ്ചരിക്കുന്ന പതിവാണുള്ളത് (c. 741). കൂദാശ പരികർമ്മം ചെയ്യുന്നരീതിയും ചൊല്ലുന്ന പ്രാർത്ഥനകളും ആരാധനക്രമ പുസ്തകങ്ങളിൽ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കനുസരിച്ചായിരിക്കണം. അത്യാവശ്യ അവസരങ്ങളിൽ രോഗീലേപനം, ആവശ്യമുള്ള പ്രാർത്ഥനമാത്രം ചൊല്ലി നടത്താവുന്നതാണ് (c. 742).

**ചോദ്യങ്ങൾ**

1. കൂദാശകളും സ്വകാര്യ പ്രാർത്ഥനകളും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?
2. മാമ്മോദീസായുടെ കാർമ്മികൻ ആര്?
3. മാമ്മോദീസായുടെ പരികർമ്മം നിയമാനുസൃതമാകാൻ പാലിക്കേണ്ട വ്യവസ്ഥകൾ ഏവ?
4. വിശുദ്ധ കുർബാനയെ സംബന്ധിക്കുന്ന പ്രധാന കാനൻ നിയമങ്ങൾ ചുരുക്കിവിവരിക്കുക?
5. ഗർഭച്ഛിദ്രം എന്ന പാപത്തിന്റെ മോചനത്തെ സംബന്ധിച്ചുള്ള പൗരസ്ത്യ കാനൻനിയമം എന്ത്?

## അനുബന്ധം II
# വി. എഫ്രേം

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരിക്കുന്ന വി. എഫ്രേം സാർവ്വത്രിക സഭയുടെ വേദപാരംഗതനും പൗരസ്ത്യസുറിയാനിസഭകളുടെ ദൈവശാസ്ത്രത്തിന്റെ പിതാവുമായാണ് അറിയപ്പെടുന്നത്. AD 306-ൽ സിറിയായിലെ നിസിബിസിലാണ് വി. എഫ്രേം ജനിച്ചത്. AD 298 ൽ, റോമൻ ചക്രവർത്തിയായിരുന്ന ഡയോക്ലീഷനും പേർഷൻ രാജാവായ നെർസെസും തമ്മിലുണ്ടാക്കിയ ഉടമ്പടിയെ തുടർന്ന് നിസിബിസ് റോമൻ അധീനതയിലായിരുന്നു. ഡയോക്ലീഷന്റെ ക്രൂരമായ മതമർദ്ദനങ്ങളുടെ പശ്ചാത്തലത്തിലാണ് എഫ്രേം വളർന്നുവന്നത്. നിസിബിസിലെ മെത്രാനായിരുന്ന യാക്കോബിന്റെ കീഴിൽ വിദ്യ അഭ്യസിച്ച എഫ്രേം യൗവ്വനത്തിൽ ഡീക്കനായി അഭിഷേകം ചെയ്യപ്പെട്ടു. തുടർന്ന് സുറിയാനി സഭയിലെ പ്രബോധകനായി (മല്പാൻ) അദ്ദേഹം നിയോഗിക്കപ്പെട്ടു. പൗരസ്ത്യ സഭകളുടെ വിജ്ഞാനകേന്ദ്രമായി പിൽക്കാലത്ത് ഖ്യാതി നേടിയ "നിസിബിസിലെ സ്കൂൾ" വി. എഫ്രേമിന്റ പേരിലാണ് അറിയപ്പെടുന്നത്. എഫ്രേമിന്റേതായി 400-ൽ പരം കീർത്തനങ്ങൾ ഇന്നും ലഭ്യമാണ്. ഈ പ്രബോധനഗാനങ്ങൾ (Madrase) ദൈവശാസ്ത്ര-തത്വശാസ്ത്ര വിഷയങ്ങളാലും വി. ഗ്രന്ഥ ആഖ്യാനങ്ങളാലും സമ്പന്നമാണ്. "ദൈവശാസ്ത്രജ്ഞനായ കവി" എന്ന അപരനാമം വി. എഫ്രേമിനുണ്ട്. തന്റെ മിഷനറി യാത്രകളിലൂടെ വി. ബേസിലുമായും ഗ്രീക്ക് ദൈവശാസ്ത്ര സണിയുമായും ബന്ധം സ്ഥാപിരക്കാൻ വി. എഫ്രേമിനു കഴിഞ്ഞിരുന്നതായി കരുതപ്പെടുന്നു. സിറിയൻ ദൈവശാസ്ത്രത്തെ മുഖ്യധാരാ ദൈവശാസ്ത്രവുമായി ബന്ധപ്പെടുത്താൻ ഈ ബന്ധംവഴി വി. എഫ്രേമിനു കഴിഞ്ഞു. AD 373 ജൂൺ 9-ാം തിയ്യതി എഫ്രേം നിത്യഭാഗ്യത്തിനായി വിളിക്കപ്പെട്ടു. 1920 ഒക്ടോബർ 5ന് ബനഡിക്ട് XV-ാമൻ മാർപാപ്പാ വി. എഫ്രേമിനെ സഭയുടെ വേദപാരംഗതനായി പ്രഖ്യാപിച്ചു. പരിശുദ്ധാത്മാവിന്റെ വീണ (*kenarad-Ruha*), എദേസ്സായിലെ ഡീക്കൻ, സുറിയാനി സഭയുടെ സൂര്യൻ എന്നീ പേരുകളിലും വി. എഫ്രേം സുവിതനാണ്.

തത്വശാസ്ത്രത്തെ ആധാരമാക്കി ദൈവശാസ്ത്ര ആഖ്യാനം നടത്തിയ പാശ്ചാത്യ-ഗ്രീക്ക് ദൈവശാസ്ത്ര ശൈലിയിൽനിന്നും വ്യതിരക്തമായി കവിതയെ ദൈവശാസ്ത്ര ആഖ്യാനത്തിനുള്ള മാർഗ്ഗമായി സ്വീകരിച്ചതാണ് വി. എഫ്രേമിന്റെ പ്രത്യേകത. പാശ്ചാത്യരീതിയിൽനിന്നും വ്യത്യസ്തമായ ഒരു ദൈവശാസ്ത്ര പഠനരീതി സാധ്യമാണെന്ന് വി. എഫ്രേം വ്യക്തമാക്കുന്നു. ഉത്തരാധുനിക ദൈവശാസ്ത്രത്തിന്റെ മുഖ്യ വിഷയങ്ങളായ സ്ത്രീവിമോചനം, കാവ്യാത്മകത പരിസ്ഥിതി, സൗഖ്യം തുടങ്ങിയവയെല്ലാം വി. എഫ്രേമിന്റെ കൃതികളിൽ ദൃശ്യമായതിനാൽ "യാഥാസ്ഥിതികനായ ഉത്തരാധുനിക ദൈവശാസ്ത്രജ്ഞൻ" എന്ന് വി. എഫ്രേമിനെ വിശേഷിപ്പിക്കാം.

## വി. എഫ്രേമിന്റെ പ്രധാന കൃതികൾ

1. നിസീബിയൻ കീർത്തനങ്ങൾ (Nisibian Hymns)
2. ക്രിസ്തുവിന്റെ മനുഷ്യാവതാരകീർത്തനം
3. വിശ്വാസകീർത്തനം (The Pearl)
4. സുവിശേഷ പ്രസംഗങ്ങൾ

# ഭാഗം III
# സഭാവിജ്ഞാനീയം

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങളെ വിശദീകരിക്കുന്ന ദൈവശാസ്ത്ര വിഭാഗമാണ് അടിസ്ഥാന ദൈവശാസ്ത്രം. അടിസ്ഥാനദൈവശാസ്ത്രത്തിലെ സഭാവിജ്ഞാനീയമാണ് ഈ പാഠത്തിലെ പ്രതിപാദ്യം. സഭയുടെ ഉത്ഭവത്തെക്കുറിച്ചും ലക്ഷണങ്ങളെ കുറിച്ചും സഭാകൂട്ടായ്മകളെക്കുറിച്ചും ലക്ഷണങ്ങളെക്കുറിച്ചും സഭാകൂട്ടായ്മകളെകുറിച്ചുമുള്ള ആമുഖ പഠനമാണ് ഈ പാഠഭാഗത്തുള്ളത്.

**പാഠരചന**

**ഡോ. തോമസ് നീണ്ടൂർ**
**റവ. ഫാ. തോമസ് കരിന്തോളിൽ**

# 6
# സഭാവിജ്ഞാനീയം

ആമുഖം

സഭയെക്കുറിച്ചുള്ള പഠനമാണ് സഭാവിജ്ഞാനീയം. സഭ എന്താണെന്നും അത് എങ്ങിനെ ആയിരിക്കണമെന്നും, അത് എങ്ങിനെയൊക്കെ ആയിരുന്നുവെന്നും അറിയാനുള്ള ശ്രമമാണ് സഭാവിജ്ഞാനീയ പഠനം. “ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും” (അപ്പ. പ്രവ: 1,8) എന്ന ലക്ഷ്യത്തോടെ ഈശോ സ്ഥാപിച്ച സഭയെ - നമ്മുടെ അമ്മയെ അടുത്തറിയുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം. സഭാതനയരുടെ ഏറ്റവും വലിയ കടമകളിലൊന്നാണ് സ്വന്തം അമ്മയായ സഭയെ അറിയുക എന്നത്. ‘അമ്മയായ’ സഭയെക്കുറിച്ച് കൂടുതൽ അറിയുന്നത് അവളെ കൂടുതൽ സ്നേഹിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട സഭാ തനയരായി ജീവിക്കുന്നതിനും അതുവഴി ‘എനിക്കു സാക്ഷികളാകണമെന്ന’ ഈശോയുടെ ആഗ്രഹത്തെ നിറവേറ്റുന്നതിനും നമ്മെ സഹായിക്കും.

20-ാം നൂറ്റാണ്ടിന്റെ സവിശേഷശ്രദ്ധ പതിഞ്ഞ വിഷയങ്ങളിലൊന്നാണ് സഭാവിജ്ഞാനീയം. എക്യുമെനിക്കൽ പ്രസ്ഥാനങ്ങളും ലോകസഭാ കൗൺസിലും, രണ്ടാം വത്തിക്കാൻ കൗൺസിലും സഭയെക്കുറിച്ച് ചിന്തിക്കാനും പഠിക്കാനും ശക്തമായി പ്രേരിപ്പിച്ചതുവഴി 20-ാം നൂറ്റാണ്ട് ‘സഭയുടെ നൂറ്റാണ്ട്’ എന്നുകൂടി വിശേഷിപ്പിക്കപ്പെടുന്നുണ്ട്. അധികാരത്തിന്റെയും സമ്പത്തിന്റെയും പിടിയിലമർന്നിരിക്കുന്ന ഒരു ചിന്താധാരയിൽ നിന്നും ഉറവിടങ്ങളിലേക്ക് - വി. ഗ്രന്ഥത്തിലേക്കും വി. പാരമ്പര്യങ്ങളിലേക്കും - മടങ്ങിച്ചെന്നുകൊണ്ടുള്ള ഒരു സഭാവിജ്ഞാനീയ നിർമ്മിതി സഭയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ കണ്ടെത്തിയതോടെയാണ് ഈ വിജ്ഞാനശാഖ ഇത്രയധികം ശ്രദ്ധിക്കപ്പെട്ടുതുടങ്ങിയത്. കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ വായിച്ചു മനസ്സിലാക്കികൊണ്ട് അധികാരത്തെ ശുശ്രൂഷയുടെ ശൈലിയായി സ്വീകരിച്ചുകൊണ്ട് സഭയ്ക്ക് അകത്തും പുറത്തുമുള്ള നവീകരണ സംരംഭങ്ങൾക്ക് കൂടുതൽ പ്രോത്സാ

ഹനം കൊടുത്തുകൊണ്ട് കൂടുതൽ ഫലപ്രദമായരീതിയിൽ സുവിശേഷം പ്രഘോഷിക്കാനും ജീവിക്കാനും സഭയെയും സഭാതനയരെയും പ്രാപ്തരാക്കുക എന്നതാണ് സഭാവിജ്ഞാനീയ പഠനത്തിന്റെ ലക്ഷ്യം.

## മൂലാർത്ഥം

ഇംഗ്ലീഷിലെ എക്ലേസിയോളജി (Ecclesiology) എന്ന പദമാണ് സഭാവിജ്ഞാനീയം എന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത്. 'എക്ലേസിയ' (Ecclesia) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് എക്ലേസിയോളജി എന്ന വാക്കിന്റെ അർത്ഥം (ek = out + kalein = to call– വിളിച്ചുചേർക്കുക) ഇംഗ്ലീഷിൽ സഭയെ സൂചിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്നത് ചർച്ച് (Church) എന്ന പദമാണ്. ദൈവത്തിന്റേത് എന്നർത്ഥമുള്ള കീറിയോസ് (Kyrios) എന്ന പദത്തിൽ നിന്നാണ് ചർച്ച് (Church) ഉത്ഭവിച്ചിരിക്കുന്നത്. കർത്താവിന്റെ കുടുംബാംഗങ്ങൾ, കർത്താവിന്റെ ജനം എന്നൊക്കെ അർത്ഥമുള്ള Kirche (ജർമ്മൻ), Kyrke (സ്വീഡിഷ്), Kerk (ഡച്ച്), Carkor (സ്ലാചിക്) എന്നീ പദങ്ങൾ കീരിയോസ് എന്ന ഗ്രീക്ക്പദത്തിൽ നിന്ന് ഉത്ഭവിച്ച പദങ്ങളാണ്.

## പഴയനിയമത്തിൽ

എക്ലേസിയ എന്ന ഗ്രീക്കുപദം ആദ്യമായി ഉപയോഗിച്ചത് വി. ഗ്രന്ഥത്തിന്റെ സപ്തതി (Lxx) വിവർത്തനത്തിലാണ്. 'ദൈവത്താൽ വിളിച്ചുകൂട്ടപ്പെട്ട' എന്നർത്ഥമുള്ള കഹാൽ (Qhal) എന്ന ഹീബ്രുപദത്തെ സൂചിപ്പിക്കാനാണ് ഈ പദം ഉപയോഗിച്ചത്. ശബ്ദം എന്നർത്ഥം വരുന്ന qol എന്ന ഹീബ്രുപദത്തിൽ നിന്നാണ് qhal ഉരുത്തിരിഞ്ഞത്. 'വിളിച്ചുചേർക്കപ്പെട്ട' എന്നർത്ഥമുള്ള കഹാൽ (Qhal) എന്ന പദത്തിനെ സൂചിപ്പിക്കാനായി ഗ്രീക്കു വിവർത്തകൻ എക്ലേസിയ (Ecclesia) എന്ന വാക്കുപയോഗിച്ചപ്പോൾ ഒരു പ്രത്യേക വ്യക്തിയാൽ വിളിച്ചുചേർക്കപ്പെട്ട ഒരു സമൂഹം എന്ന അർത്ഥം ഇതിന് കൈവന്നു. ഈ അർത്ഥത്തിന് മൂന്ന് തലങ്ങൾ കണ്ടെത്താനാകും.

1. ഇസ്രായേൽ ജനത്തെ വിളിച്ചുകൂട്ടിയത് ദൈവമാണ്. അതുകൊണ്ട് ഇസ്രായേൽ 'ദൈവജനം' (Kahal YHWH-People of God) എന്നറിയപ്പെടണം.

2. ഇസ്രായേലിനെ ഒരു ജനതയായി ദൈവം വിളിച്ചുകൂട്ടിയത് ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടിയാണ്. ഈ ലക്ഷ്യം ദൈവത്താൽ സ്ഥാപിതമായതിനാൽ ഈ ലക്ഷ്യം നേടുന്നതിനായി ഇസ്രായേൽ പരിശ്രമിക്കണം.

3. ഇസ്രായേലിനെ ദൈവം വിളിച്ചുകൂട്ടി ഒന്നിപ്പിച്ചത് പല 'ഇടങ്ങളിൽ'നിന്നുമാണ് (calling from). പലയിടങ്ങളിൽനിന്നും ഒന്നിച്ചു കെട്ടപ്പെട്ടവർ ഒന്നായി ദൈവത്തോട് ചേർന്ന് നിൽക്കണം.

## സുവിശേഷങ്ങളിലെ സഭാവിജ്ഞാനീയ ആശയങ്ങൾ

അധികാരത്തെ ശുശ്രൂഷയ്ക്കുവേണ്ടി വിനിയോഗിക്കുന്ന ശിഷ്യന്മാരുടെ ഒരു സമൂഹത്തെയാണ് സഭ എന്ന പദംകൊണ്ട് വി. മർക്കോസ് ഉദ്ദേശിക്കുന്നത്. ഈശോയുടെ കുരിശുമരണത്തോടെ ചിതറിക്കപ്പെട്ട ജനസമൂഹം ഉത്ഥാനത്തോടെ വീണ്ടും ഒന്നിച്ചു ചേർക്കപ്പെടുകയും മറ്റു ജനതകളോട് സുവിശേഷം പ്രഘോഷിക്കുന്ന ഒരു മിഷനറി സമൂഹമായി മാറുകയും ചെയ്തു (മാർക്കോ. 13,10). സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ ഈശോ ആദ്യ ശിഷ്യന്മാരെ വിളിക്കുന്നു (മാർക്കോ. 1,16,20). പിന്നീട് 12 പേരെ പ്രത്യേകം തിരഞ്ഞെടുക്കുകയും അവർക്ക് 'അപ്പസ്തോലർ' എന്ന പേരു നൽകുകയും ഇവരിൽ നിന്നും പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം ഉൾപ്പെടുത്തി വീണ്ടും ഒരു പ്രത്യേക സമൂഹത്തെ രൂപീകരിക്കുകയും, ശിഷ്യത്വത്തെക്കുറിച്ചും അധികാരത്തെ സേവനത്തിനായി വിനിയോഗിക്കേണ്ടതിനെക്കുറിച്ചുമുള്ള പ്രബോധനങ്ങൾ നൽകിക്കൊണ്ട് ഒരു സമൂഹമെന്ന നിലയിൽ ഒന്നിച്ചു പോകാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഈ സമൂഹത്തെയാണ് സഭ എന്ന പ്രയോഗത്തിലൂടെ വി. മർക്കോസ് വിവക്ഷിക്കുന്നത്.

അൽപംകൂടി വളർച്ച നേടിയ സഭാവിജ്ഞാനീയ ചിന്തകളാണ് വി. മത്തായി അവതരിപ്പിക്കുന്നത്. മലമുകളിലെ പ്രസംഗം, ശിഷ്യത്വത്തെക്കുറിച്ചുള്ള പ്രഭാഷണം, ഉപമകളിലൂടെയുള്ള പ്രബോധനങ്ങൾ (മത്താ. 13) സഭാത്മക ജീവിതത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ (മത്താ. 18) യുഗാന്ത്യോന്മുഖ പ്രഭാഷണങ്ങൾ എന്നിവയിലൂടെ നീളുന്ന പ്രഭാഷണ പരമ്പരയിലൂടെയാണ് വി. മത്തായി സഭയുടെ ഘടന, നിയമങ്ങൾ മുതലായവ വിവരിക്കുന്നത്. മിശിഹ ആയി അവതരിച്ച ഈശോയുടെ പ്രബോധനങ്ങൾ ശ്രവിച്ച് അവയെ ജീവിതത്തിൽ പകർത്തുന്ന സമൂഹമായ സഭയെ മലയിലെ പ്രസംഗത്തിലൂടെ വിശുദ്ധ മത്തായി അവതരിപ്പിക്കുന്നു. സഭയുടെ ഒരു സമൂഹമെന്ന നിലയിൽ സഭയിലെ എല്ലാ കാര്യങ്ങളും ശുഭമായിരിക്കില്ല എന്ന ചിന്തയാണ് കളകളുടെ ഉപമ (മത്താ. 13) കടലിലെറിയപ്പെട്ട വലയുടെ ഉപമ എന്നിവയിലൂടെ മത്തായി നൽകുന്നത്, സഭാംഗങ്ങൾക്ക് വീഴ്ചകൾ വരാം, വ്യക്തിപരമായി തിരുത്തണം, കുറവുകൾ കണ്ടാൽ സഭയോട് പറയണം, സഭയുടെ നിർദ്ദേശങ്ങൾ അനുസരിക്കണം, പാപങ്ങൾ ബന്ധിക്കാനും മോചിക്കാനും സഭയ്ക്ക് അധികാരമുണ്ട് തുടങ്ങിയ സഭാസമൂഹത്തിന്റെ ശിക്ഷണ വശങ്ങളിലേക്കുപോലും വി. മത്തായി വെളിച്ചം വീശുന്നു. മണവാളനെ കാത്തിരിക്കുന്ന കന്യകമാരെപ്പോലെ, യജമാനനെ കാത്തിരിക്കുന്ന വിശ്വസ്തനായ ഭൃത്യനെപ്പോലെ സഭ എപ്പോഴും ശ്രദ്ധാലുവായിരിക്കണമെന്ന് യുഗാന്ത്യോന്മുഖ പ്രഭാഷണങ്ങളിലൂടെ വി. മത്തായി ചൂണ്ടിക്കാണിക്കുന്നു. ഇപ്പോൾ

ഇസ്രായേലിന്റെ തുടർച്ചയും മിശിഹായാൽ സ്ഥാപിതവും സ്വഭാവത്താൽ മിഷനറിയും വ്യക്തമായ നിയമ വ്യവസ്ഥകളോടും കൂടി ശുശ്രൂഷയിൽ ആഴപ്പെട്ടുവളരുന്നതുമായ ഒരു സമൂഹത്തെയാണ് വി. മത്തായി സഭയിലൂടെ വിഭാവനം ചെയ്യുന്നത്.

സഭയുടെ സാർവ്വദേശീയ മാനത്തെക്കുറിച്ചാണ് വി. ലൂക്കാ വിവരിക്കുന്നത്. ലോകരക്ഷകനായ ഈശോയുടെ വചനത്തിൽ ആകൃഷ്ടരായി വിജാതീയർ സഭയിൽ വന്നുചേരുന്നതിന് ലൂക്കാ വലിയ ഊന്നൽ കൊടുക്കുന്നുണ്ട്. അപ്പസ്തോല പ്രവർത്തനങ്ങളുടെ ഒന്നാംഭാഗമായ സുവിശേഷത്തിൽ സഭയുടെ വിജാതീയരിലേക്കുള്ള വളർച്ച, ഈശോയുടെ നസറത്തിലെ വാസം, ആദം വരെയെത്തിനിൽക്കുന്ന വംശാവലി. ശിമയോന്റെ പ്രവചനം (ഈശോ വിജാതീയരുടെ പ്രകാശം) (ലൂക്ക 2,21) സമരിയാക്കാർ, വിജാതീയർ, പാപികൾ, വിജാതീയനായ ശതാധിപൻ, സിറിയാക്കാരനായ നാമാൻ, സ്റെപ്തായിലെ വിധവ എന്നിവർക്ക് ഈശോ കൊടുക്കുന്ന പരിഗണന, നസ്രത്തിലെ അത്ഭുതങ്ങൾ, സുവിശേഷ പ്രഘോഷണത്തിനായി 70 പേരെ അയക്കൽ തുടങ്ങിയവയിലൂടെ സഭയുടെ സാർവ്വദേശീയ മാനത്തെ ലൂക്കാ വ്യക്തമായി അവതരിപ്പിക്കുന്നു. വിജാതീയരിലേക്ക് കടന്നുചെന്ന സഭ എപ്രകാരം പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്കനുസരിച്ച് പടർന്നു പന്തലിച്ചുവെന്ന് അപ്പസ്തോല പ്രവർത്തനങ്ങളിൽ ലൂക്കാ വിവരിക്കുന്നു.

ക്രിസ്തു വിജ്ഞാനീയത്തിന് ഊന്നൽ കൊടുത്തിട്ടുള്ള യോഹന്നാനും സഭയേക്കുറിച്ചുള്ള ചില ദർശനങ്ങൾ ചർച്ചചെയ്യുന്നുണ്ട്. മനോഹരമായ പ്രതീകങ്ങളിലൂടെയാണ് യോഹന്നാൻ സഭയെ അവതരിപ്പിക്കുന്നത്. ഇടയനും ആടുകളും, മുന്തിരിച്ചെടിയും ശാഖകളും, ഈശോയും സഭാതനയരും തമ്മിലുണ്ടാകേണ്ട ആത്മബന്ധത്തിന്റെ ആഴത്തെ വ്യക്തിബന്ധത്തിന്റെ തീവ്രതയെ യോഹന്നാൻ ഇവയിലൂടെ സൂചിപ്പിക്കുന്നു.

## അപ്പസ്തോല പ്രവർത്തനങ്ങളിലെ സഭ

സുവിശേഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വ്യക്തവും വിശദവുമായൊരു സഭാവിജ്ഞാനീയമാണ് അപ്പസ്തോല പ്രവർത്തനങ്ങൾ നല്കുന്നത്. എക്ലേസിയ (സഭ) എന്ന പദം 23 തവണ അപ്പസ്തോല പ്രവർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. സഭ എന്നപദം കൂടാതെ മറ്റനേകം സംജ്ഞകളും ലൂക്കാ സഭയെ കുറിക്കാനായി ഉപയോഗിച്ചിട്ടുണ്ട്. ഉദാ: സഹോദരങ്ങൾ, വിശുദ്ധർ, ക്രിസ്ത്യാനികൾ, വിശ്വസിച്ചവർ, മാർഗ്ഗം, ശിഷ്യർ... പന്തക്കുസ്താനാളിൽ ഉദ്ഘാടനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിന്റെ സൃഷ്ടിയായിട്ടാണ് വി. ലൂക്കാ സഭയെ അവതരിപ്പിക്കുന്നത്. ആദ്യ അധ്യായങ്ങളിൽ സഭ എന്ന പദത്തിലൂടെ വിശ്വസിച്ച് സ്നാനം സ്വീകരിച്ച ഇസ്രായേൽക്കാരെ സൂചിപ്പിക്കുന്ന

ലൂക്കാ പിന്നീടിത് ഇസ്രായേലിൽനിന്നും വേർതിരിക്കപ്പെട്ട ഒരു സമൂഹമെന്ന നിലയിൽ ആദിമസഭയെ ഒന്നിപ്പിച്ചു നിർത്തിയ 4 ഘടകങ്ങളെ ചൂണ്ടിക്കാണിക്കുന്നുമുണ്ട്. അപ്പസ്തോലന്മാരുടെ പ്രബോധനം (Didascalia), അപ്പം മുറിക്കൽ (Eucharistia), പ്രാർത്ഥന (Eulogia), കൂട്ടായ്മ (Koinonia) ഇഎന്നിവയാണവ. യേശുവിന്റെ ജീവിതത്തിന്റെ ദൃക്സാക്ഷികളായിരുന്ന 12 ശിഷ്യന്മാരായിരുന്നു സഭാസമൂഹത്തിന്റെ നെടുംതൂണുകൾ. സഭയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും അപ്പസ്തോലന്മാർക്ക് വചനപ്രഘോഷണത്തിൽ മുഴുവൻ സമയവും ചിലവഴിക്കേണ്ടിവരികയും ചെയ്തപ്പോൾ സഭാസമൂഹത്തിന്റെ സംഘടനാപരമായ പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം സർവ്വസമ്മതരായി ഏഴുഡീക്കന്മാരെ തിരഞ്ഞെടുത്ത് കൈവയ്പ്മൂലം അവരെ ദൗത്യം ഭരമേൽപ്പിക്കുകയും ചെയ്തു. സഭാസമൂഹങ്ങൾ ജറുസലേമിനു പുറത്തേക്ക് വ്യാപിച്ചതോടെ പ്രാദേശിക സഭകൾ എന്ന ഒരു സംജ്ഞകൂടി അപ്പസ്തോല നടപടികളിൽ കാണാം. അന്തോക്യായിലെ സഭ, കേസറിയായിലെ സഭ, എഫേസൂസിലെ സഭ എന്നിങ്ങനെ ചില പ്രാദേശിക സഭകളെക്കുറിച്ചും അവയ്ക്കിടയിൽ ജറുസലേമിനുണ്ടായിരുന്ന കേന്ദ്രസ്ഥാനത്തെക്കുറിച്ചും ലൂക്കാ വിവരിക്കുന്നു.

## വി. പൗലോസിന്റെ ലേഖനങ്ങളിൽ

സഭാവിജ്ഞാനീയം ഒരു ദൈവശാസ്ത്രശാഖ എന്നരീതിയിൽ ഏറ്റവും പുരോഗതി പ്രാപിച്ചിരിക്കുന്നത് വി. പൗലോസിന്റെ ലേഖനങ്ങളിലാണ്. വിജാതീയർക്കിടയിൽ പ്രേഷിതപ്രവർത്തി നടത്തിയ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുള്ള വി. പൗലോസിന്റെ സഭാവിജ്ഞാനീയ ദർശനങ്ങൾ അതിസമ്പന്നമാണ്. 'എക്ലേസിയ' എന്നപദം 62 തവണ തന്റെ ലേഖനങ്ങളിൽ അദ്ദേഹം ഉപയോഗിക്കുന്നുണ്ട്. കൂടാതെ, ക്രിസ്തുവിന്റെ ശരീരം (Body of Christ) ദൈവത്തിന്റെ ആലയം (Temple of god) എന്നീ വാക്കുകളും സഭയെ കുറിക്കാനായി വി. പൗലോസ് ഉപയോഗിക്കുന്നുണ്ട്. സഭ ഏകമാണെന്ന കാഴ്ചപ്പാടിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള സഭാവിജ്ഞാനീയമാണ് വി. പൗലോസ് പഠിപ്പിക്കുന്നത്. സഭ ഏകമാണ്, അത് ദൈവത്തിന്റെ സഭയാണ് (ഫിലിപ്പി 3, 6). ഈ സഭയുടെ അടിത്തറ അപ്പസ്തോലന്മാരും പ്രവാചകരുമാണ്. ഈ അടിത്തറയുടെ ആധാരശില ക്രിസ്തുവാണ് (എഫേ 2,20). ദൈവത്തിന്റെ എല്ലാ വാഗ്ദാനങ്ങളും നിറവേറ്റപ്പെട്ട ഒരു ദൈവജനസമൂഹമാണ് സഭ.

മൂന്ന് വ്യത്യസ്ത അർത്ഥങ്ങളിലാണ് സഭ (എക്ലേസിയ), എന്ന പദം പൗലോസ് ഉപയോഗിക്കുന്നത്. 1) ഒരു പ്രാദേശിക സഭാസമൂഹത്തെ സൂചിപ്പിക്കാൻ (റോമാ 16,1 1 കോറി 1,2). 2) ഒരു പ്രത്യേക നഗരത്തിലെയോ പ്രവി

ശ്യയിലെയോ വിശ്വാസികളുടെ സമൂഹത്തെ സഭയെന്ന് വി.പൗലോസ് സംബോധന ചെയ്യുന്നുണ്ട്. 3) സമൂഹത്തെയോ കുടുംബാംഗങ്ങളെയോ സംബോധനചെയ്യയുന്നതിനായി സഭ എന്നവാക്ക് പൗലോസ് ഉപയോഗിക്കുന്നുണ്ട്. പ്രിസ്ക്ക, അക്വീല (റോമ 16,1-5), (1 കോറി 11,18), (1 കോറി 14,23) എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.

## വി. പത്രോസിന്റെ ലേഖനങ്ങളിൽ

എക്ലേസിയ (സഭ) എന്ന പദത്തിനു പകരം ദൈവജനം എന്ന വാക്കാണ് പത്രോസ് ഉപയോഗിക്കുന്നത്. നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ് (1 പത്രോസ് 2,9). ഈ ഒറ്റവാക്യത്തിൽ പത്രോസിന്റെ സഭാവിജ്ഞാനീയത്തിന്റെ സമഗ്രത നമുക്ക് ദർശിക്കാനാകും. ക്രിസ്തുവിന്റെ രക്തത്താൽ വിമോചിക്കപ്പെട്ടവരുടെ ഗണമായ സഭയിലെ (1 പത്രോസ് 9,19) എല്ലാ അംഗങ്ങളും മൂലക്കല്ലായ ക്രിസ്തുവിനോട് ചേർന്ന് ആധ്യാത്മിക സൗധം പണിയുന്നതിനായുള്ള ശിലകളായി വർത്തിക്കണം. ഈയൊരു പ്രബോധനമാണ് തന്റെ ലേഖനത്തിലൂടെ വി. പത്രോസ് നല്കുന്നത്.

## വെളിപാടു പുസ്തകത്തിലെ സഭാവിജ്ഞാനീയ ദർശനങ്ങൾ

അപ്പോക്കല്പ്റ്റിക് ശൈലിയിൽ വിരചിതമായ വെളിപാടുഗ്രന്ഥം അതിന്റെ ആശയങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ഏഴു സഭകൾക്കുള്ള കത്തുകളാണ്. സഭകളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും അവ എത്തിപ്പിടിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ചും അതിനു സാധിക്കാതെവന്നാൽ അനുഭവിക്കേണ്ടിവരുന്ന ശിക്ഷകളെക്കുറിച്ചും ആദ്യ അദ്ധ്യായങ്ങൾ പ്രതിപാദിക്കുന്നു. തുടർന്നുവരുന്ന അധ്യായങ്ങൾ സഭയുടെ രണ്ട് സാർവ്വത്രിക മാനങ്ങളെയാണ് വിശദീകരിക്കുന്നത്. 1) തിന്മയുടെ ശക്തികളുമായുള്ള സഭയുടെ നിരന്തര സമരം. 2) തിന്മയ്ക്കുമേൽ സഭ നേടുന്ന അന്തിമവിജയം. സഭയെ വിശുദ്ധ നഗരമെന്നും, പുതിയ ജറുസലേമെന്നും യോഹന്നാൻ വെളിപാട് പുസ്തകത്തിൽ വിളിക്കുന്നുണ്ട്.

സമഗ്രവും സമ്പൂർണ്ണവുമായ ഒരു സഭാവിജ്ഞാനീയ ദർശനം പുതിയ നിയമ പുസ്തകങ്ങളിൽ കാണുന്നില്ലെങ്കിലും ഇവയെല്ലാം കൂട്ടിച്ചേർത്തുവയ്ക്കുമ്പോൾ, ധ്യാനപൂർവ്വം അവയിലൂടെ കടന്നുപോകുമ്പോൾ സഭാവിജ്ഞാനീയത്തിന്റെ സമഗ്രത ഇവയിൽ നമുക്ക് ദർശിക്കാനാകും.

## സഭകളുടെ ഉത്ഭവം

പരിശുദ്ധാരൂപിയെ സ്വീകരിച്ച ക്രിസ്തുശിഷ്യന്മാർ ദിവ്യരക്ഷകന്റെ സദ്വാർത്ത അറിയിക്കുവാൻ പല സ്ഥലങ്ങളിലും പോയി. അവർ സുവിശേഷം

പ്രസംഗിച്ചു; സഭകൾ സ്ഥാപിച്ചു. ഈ സഭകൾ റോമാ സാമ്രാജ്യത്തിനകത്ത് പലയിടത്തും മർദ്ദിക്കപ്പെട്ടെങ്കിലും അതിനെയെല്ലാം അതിജീവിച്ചു. സാമ്രാജ്യത്തിലെ വിവിധ കേന്ദ്രങ്ങൾ ക്രമേണ സഭാഭരണകേന്ദ്രങ്ങളുമായി.

ഓരോ സഭയിലും രൂപംകൊണ്ട ആരാധനാക്രമമായിരുന്നു സഭാജീവിതത്തിന്റെ കേന്ദ്രബിന്ദു. ബലിയർപ്പണം, കൂദാശാനുഷ്ഠാനങ്ങൾ, നോമ്പ്, ഉപവാസം, ഭരണരീതി, ആദ്ധ്യാത്മികത എന്നിവയെല്ലാം സഭകളുടെ തനിമയാർന്ന വ്യക്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങളാണ്. അപ്പസ്തോലന്മാർ രൂപം നൽകിയ അടിസ്ഥാനസഭാജീവിതരീതി വിവിധ ദേശീയസംസ്ക്കാരങ്ങളിലൂടെ വൈവിധ്യമാർന്ന സഭാജീവിതശൈലികളുമായി വളർന്നുവന്നു. യാമപ്രാർത്ഥനകൾ, തിരുവസ്ത്രങ്ങൾ മുതലായവയിലും സഭകൾക്കു തമ്മിൽ കുറെയൊക്കെ വ്യത്യാസങ്ങളുണ്ട്. ആരാധനാക്രമം, ദൈവശാസ്ത്രം, കാനൻനിയമം, ഭരണരീതി, ആദ്ധ്യാത്മികത എന്നിവയെല്ലാം സഭയുടെ വ്യക്തിത്വത്തിന് മാറ്റുകൂട്ടി. ഇവയെല്ലാം ആചരിക്കുന്ന ക്രിസ്തീയ വിഭാഗത്തിന് പില്ക്കാലത്ത് പാശ്ചാത്യർ 'റീത്തെ'ന്ന പേരു നല്കി. എന്നാൽ, റീത്ത് എന്ന പേര് പൗരസ്ത്യർക്കു സ്വീകാര്യമല്ല. റീത്ത് എന്ന പദത്തിന് ബാഹ്യമായ ആചാരവിധികൾ എന്ന അർത്ഥമാണ് ഉള്ളത്. ആചാരവിധികൾക്കപ്പുറത്തുള്ള സഭാപൈതൃകമാണ് സഭയുടെ വ്യക്തിത്വത്തിന് നിദാനം. ഇപ്രകാരം മലബാർ സഭ എന്നുപറയുമ്പോൾ മലബാർസഭയുടെ ആരാധനക്രമം, കാനൻനിയമം, ഹയരാർക്കി, നോമ്പ്, ഉപവാസം, ഭരണരീതി, ആചാരങ്ങൾ, ആദ്ധ്യാത്മികത, പാരമ്പര്യം, അവ പാലിക്കുന്ന ആളുകൾ എന്നെല്ലാം അർത്ഥമാകും. (CCEO 27, 28). പാശ്ചാത്യർ ഇപ്രകാരമുള്ള സഭകൾക്ക് 'റീത്തുകൾ' എന്ന പദം ഉപയോഗിക്കുമ്പോൾ പൗരസ്ത്യർ അവയെ 'സഭകൾ'എന്നാണ് വിളിക്കുക.

ആരാധനാക്രമത്തെയും ശ്ലൈഹിക പൈതൃകത്തെയും അടിസ്ഥാനമാക്കിയാണ് വിവിധ സഭകൾ വളർന്നത്. ഈശോമിശിഹാ സ്ഥാപിച്ച വി. കുർബാനയും മറ്റു കൂദാശകളുമാണ് ആരാധനാക്രമമെന്നു പറഞ്ഞാൽ പ്രഥമമായി മനസ്സിലാക്കുന്നത്. ക്രിസ്ത്വനുയായികൾ ഒരുമിച്ചുകൂടി ദിവ്യപ്രബോധനങ്ങളെപ്പറ്റി ധ്യാനിച്ചിരുന്ന സാബത്തുദിനാചാരണം യഹൂദപാരമ്പര്യമായിരുന്നല്ലോ. യഹൂദരിൽനിന്നു മാനസാന്തരപ്പെട്ട അനുയായികൾ സിനഗോഗിലെ പാരമ്പര്യം കുറെയൊക്കെ നിലനിർത്തി. അപ്പമെടുത്തുവാഴ്ത്തി സ്തുതി പറഞ്ഞ് എല്ലാവരും ദിവ്യബലിയിൽ പങ്കുകൊണ്ടിരുന്നു; മാമ്മോദീസാ നൽകിയിരുന്നു. ഇതോടുചേർന്ന് ശ്രേഷ്ഠാചാര്യന്മാർ കൈകൾ അവർക്ക് തലയിൽ വച്ച് പരിശുദ്ധാരൂപിയുടെ ദാനങ്ങൾക്കായി പ്രാർത്ഥിക്കുകയും ആത്മീയ നേതൃത്വം നൽകുകയും ചെയ്തിരുന്നതായി കാണാം. എന്നാൽ ഇന്നത്തെപ്പോലെ വ്യക്തമായ രീതിയിലായിരുന്നില്ല അന്നത്തെ

ആരാധനാക്രമം. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടെ ക്രമക്കേടുകളൊഴിവാക്കാൻ വേണ്ടി പ്രാർത്ഥനകളുടെ രീതിക്കും ദൈർഘ്യത്തിനും കൂദാശകളുടെ കർമ്മ വിധിക്കുമെല്ലാം കുറെയൊക്കെ വ്യക്തവും ക്ലിപ്തവുമായ രൂപം നല്കേണ്ടതായി വന്നു. വിശുദ്ധരും പണ്ഡിതരുമായ സഭാപിതാക്കന്മാർ ഈ പ്രാർത്ഥനകളും ആചാരങ്ങളും ആരാധനാരീതിയുമൊക്കെ ശ്ലൈഹിക പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ സമ്പുഷ്ടമാക്കി. ദൈവശാസ്ത്ര കേന്ദ്രങ്ങൾ ഇവയെ സ്വാധീനിച്ചു. ഇപ്രകാരമുള്ള ആരാധനാപാരമ്പര്യം വിശ്വസ്തതയോടെ സഭകൾ ആചരിച്ചുപോന്നു. അഞ്ചാം നൂറ്റാണ്ടോടെ ആരാധനാപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ വിവിധ സഭകൾ വ്യക്തമായി രൂപംകൊണ്ടു. പ്രാചീന ക്രൈസ്തവപഠനകേന്ദ്രങ്ങൾ ആസ്ഥാനമാക്കി ഇവ വളർന്നു.

**കത്തോലിക്കാസഭ: സഭകളുടെ കൂട്ടായ്മ**

കത്തോലിക്കാസഭ വിവിധ സഭകളുടെ കൂട്ടായ്മ (Communion) യാണ്. ഈ സഭകൾ തമ്മിൽ ഗാഢമായ ഐക്യമുണ്ട്. വിശ്വാസം, സന്മാർഗ്ഗം, കൂദാശകൾ, പരിശുദ്ധ കുർബാന, ഹയരാർക്കി എന്നിവയാണ് ഐക്യത്തിന്റെ ഘടകങ്ങൾ. എന്നാൽ ഈ ഐക്യം വൈവിധ്യാമാർന്ന പാരമ്പര്യങ്ങളിലൂടെയാണ് പ്രകടമാവുക. ആരാധനാക്രമം, ആദ്ധ്യാത്മികത, ഭരണരീതി, ദൈവശാസ്ത്രം, ശിക്ഷണക്രമം എന്നിങ്ങനെ പലതിലും ഈ സഭകളുടെ ഇടയിൽ വൈവിധ്യമുണ്ട്. ഈ വൈവിധ്യം ഐക്യത്തിന്റെ ആഴവും പരപ്പും പ്രകടമാക്കുന്നു. ഈ രംഗത്ത് കത്തോലിക്കാസഭ ബാഹ്യമായ ഐക്യരൂപ്യം ആവശ്യപ്പെടുന്നില്ല. വൈവിധ്യമാർന്ന സഭാപാരമ്പര്യങ്ങൾ അഭംഗം നിലനിർത്തണമെന്ന് വ്യക്തമായ നിർദ്ദേശം സഭ നൽകുന്നു.

കത്തോലിക്കാസഭയിലെ വിവിധ സഭകളെ വ്യക്തിഗത സഭകൾ (Individual Churches) എന്ന് പറയുന്നു. തനതായ വ്യക്തിത്വം (Individuality) ഉള്ളതിനാലാണ് ഇങ്ങനെ അറിയപ്പെടുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം പരിഷ്കരിച്ച പൗരസ്ത്യകാനൻ നിയമസംഹിത (Codex Canoum Ecclesiarum Orientalium) വ്യക്തി വ്യക്തിഗത സഭകളെ “Sui Juris Churches” എന്നാണ് വിളിക്കുക. ഇതനുസരിച്ച് കത്തോലിക്കാസഭയിൽ താഴെപ്പറയുന്ന വ്യക്തിഗത സഭകളാണുള്ളത്. അവ ആചരിക്കുന്ന ആരാധനക്രമപാരമ്പര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ വിഭജനം.

1. റോമാസഭ (ലത്തീൻ)
2. അലക്സാണ്ഡ്രിയൻ സഭ — കോപ്റ്റിക് സഭ<br>എത്യോപ്യൻ സഭ

3. അന്ത്യോക്യൻ സഭ — സിറിയൻ സഭ
സിറിയൻ മാറൊനൈറ്റ് സഭ
സീറോ - മലങ്കര സഭ

4. പൗരസ്ത്യ സുറിയാനിസഭ — കൽദായ സഭ
(പൗരസ്ത്യ സുറിയാനി സഭ)
സീറോ മലബാർ സഭ

5. അർമേനിയൻ സഭ
ഗ്രീക്ക് മെൽകൈറ്റു സഭ, ഉക്രേനിയൻ സഭ, റുമേനിയൻ സഭ, റുത്തേനിയൻ സഭ
സ്ലോവാക് സഭ, ഹങ്കേറിയൻ സഭ
ഇറ്റാലോ

6. ബൈസൻ്റൈൻ സഭ — അൽബേനിയൻ സഭ
ക്രിസ്സേവ് ചി സഭ
ബൾഗേറിയൻ സഭ
ഗ്രീക്ക് സഭ
റഷ്യൻ സഭ
ബൈലോ - റഷ്യൻ സഭ
അൽബേനിയൻ

പൗരസ്ത്യ സഭകളെ സംബന്ധിച്ചുള്ള കൗൺസിൽ ഡിക്രിയിൽ ഈ ആശയം തന്നെ പ്രകടമാക്കുന്നു.

"വിശ്വാസികൾ വിവിധ സമൂഹങ്ങളായി, ഹയരാർക്കിയുടെ കീഴിൽ വ്യതിരിക്ത (Separate) സഭകൾ അല്ലെങ്കിൽ റീത്തുകളുമായി സമ്മേളിച്ചിരുന്നു. ഈ സഭകൾ തമ്മിൽ പ്രശംസനീയമായ ബന്ധം പുലർത്തുന്നുണ്ട്. അതിനാൽ വൈവിദ്ധ്യം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നത്" (പൗരസ്ത്യ സഭകൾ 2).

## പാശ്ചാത്യ പൗരസ്ത്യസഭകൾ

പൗരസ്ത്യം പാശ്ചാത്യം എന്നീ സംജ്ഞകൾ റോമാസാമ്രാജ്യവുമായി ബന്ധപ്പെട്ടതാണ്. എ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡയക്ലീഷൻ ചക്രവർത്തി (284-305) സാമ്രാജ്യം നാലായി വിഭജിച്ചു. ക്രമേണ അതു രണ്ടായിത്തീർന്നു; പാശ്ചാത്യവും പൗരസ്ത്യവും. പൗരസ്ത്യ സാമ്രാജ്യത്തിൽ വളർന്നു വികസിച്ച സഭകളാണ് പൗരസ്ത്യസഭകൾ; പാശ്ചാത്യ സാമ്രാജ്യത്തിലേത് പാശ്ചാത്യ സഭകളും. റോമാ സാമ്രാജ്യത്തിനു പുറത്തും അപ്പസ്തോലന്മാർ സഭകൾ സ്ഥാപിച്ചു. തോമാശ്ലീഹായാൽ സ്ഥാപിതമായ പേർഷ്യൻ സഭയും ഭാരതസഭയും ഇതിനുദാഹരണങ്ങളാണ്. പാശ്ചാത്യ വിഭാ

ഗത്തിൽപ്പെടാത്ത സഭകൾക്കെല്ലാം ക്രമേണ പൗരസ്ത്യസഭകളെന്ന പേര് പ്രാബല്യത്തിൽ വന്നു. ഇങ്ങനെയാണ് പേർഷ്യയിലെയും ഭാരതത്തിലെയും സഭകളും പൗരസ്ത്യ സഭകളെന്നറിയപ്പെടുക. പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ സഭകൾ സ്ഥാപിച്ച ഇതര സഭകൾക്കും ഈ പേരുതന്നെ ലഭിച്ചു.

പാശ്ചാത്യ റോമാസാമ്രാജ്യത്തിൽ റോമൻ, ഗാള്ളിക്കൻ, അംബ്രോസിയൻ, മൊസ്സാറബിക്ക് എന്നിങ്ങനെ പല പ്രാദേശിക ആരാധനാരീതികളുമുണ്ടായിരുന്നു. എന്നാൽ റോമിന്റെ പ്രാമുഖ്യം വർദ്ധിച്ചുവന്നതോടെ മേല്പറഞ്ഞ മറ്റു വൈവിധ്യം ക്ഷയിക്കുകയും റോമൻ ആരാധനാക്രമത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു. ഇവ ഇന്നും നാമമാത്രമായി ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്. റോമൻ സഭയും പാശ്ചാത്യസഭയും ഇന്നത്തെ വ്യവസ്ഥിതിയിൽ ഒന്നാണെന്നുപറയാം. ആരാധനക്രമഭാഷയുടെ പേരിൽ ലത്തീൻ റീത്തെന്നും ഇതറിയപ്പെടുന്നു.

എന്നാൽ പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ സ്ഥിതി വ്യത്യസ്തമായിരുന്നു. അവിടെ വിവിധ സഭകൾ സ്വതന്ത്രമായി വളർന്നു. ഒന്നു മറ്റൊന്നിനെ വിഴുങ്ങിയില്ല! സാമ്രാജ്യത്തിന്റെ പൗരസ്ത്യതലസ്ഥാനത്ത് വളർന്നു വികസിച്ചത്, ബൈസന്റൈൻ സഭയാണ്. ഇതു മറ്റുസഭകളുടെ വളർച്ചയ്ക്ക് പ്രതിബന്ധമായില്ല. ക്രമേണ ഇത് മറ്റുസ്ഥലങ്ങളിലേയ്ക്കു വ്യാപിച്ചു. ഇന്ന് പല ഉപ വിഭാഗങ്ങൾ ഇതിനുണ്ട്. ഇവയ്ക്കു പുറമേ, അലക്സാൺഡ്രിയൻ, അന്ത്യോക്യൻ, പൗരസ്ത്യ സുറിയാനി, അർമേനിയൻ എന്നീ ആരാധനക്രമങ്ങൾ പൗരസ്ത്യസഭകളിൽ കാണാം. അർമ്മേനിയൻ സഭയൊഴിച്ച് മറ്റുള്ളവയ്ക്ക് ഉപവിഭാഗങ്ങളുണ്ട്.

കോപ്റ്റിക്, എത്യോപ്യൻ എന്നീ വിഭാഗങ്ങൾ അലക്സാഡ്രിയൻ സഭയ്ക്കുണ്ട്. കേരളത്തിലുള്ള മലങ്കര സഭയും ലെബനോണിലെ മാറോനീത്താ സഭയും സിറിയായിലെ സുറിയാനിസഭയും അന്ത്യോക്യൻ ആരാധനക്രമത്തിന്റെ പൊതുവായ പൈതൃകങ്ങളുള്ളവയാണ്. ഒരേ ശ്ലൈഹിക പൈതൃകത്തിൽ വേരൂന്നി പേർഷ്യയിലും മെസൊപ്പൊട്ടേമിയായിലും ഇൻഡ്യയിലും വളർന്നു പന്തലിച്ച, പൗരസ്ത്യ ആരാധനക്രമം ആചരിക്കുന്ന രണ്ട് സഭകളാണുള്ളത്. അവയാണ് സീറോ മലബാർസഭയും പൗരസ്ത്യ സുറിയാനി സഭയും. തോമ്മാശ്ലീഹായുടെ ശ്ലൈഹികപൈതൃകമാണ് ഈ അയൽസഭകൾക്ക് പൊതുവായിട്ടുള്ളത്. തന്മൂലം ഹയരാർക്കി തലത്തിലും ഈ ബന്ധം ക്രമേണ വളർന്നുവന്നു. എങ്കിലും ഭാരതത്തിലെ സഭയ്ക്ക് തനതായ ഭരണ സംവിധാനമുണ്ടായിരുന്നു.

സഭയിലെ വൈവിധ്യം തിരുസ്സഭയുടെ സാർവ്വത്രികതയുടെ മാത്രമല്ല വളർച്ചയുടെയും സാംസ്ക്കാരികോദ്ഗ്രഥനത്തിന്റെയും അടയാളമാണ്. ആദിമസഭയുടെ ശ്ലൈഹികപാരമ്പര്യമാണിവയിലുള്ളത്. സഭാപിതാക്കന്മാരുടെ

നേതൃത്വത്തിൽ വളർന്നു വന്ന ഈ സഭകൾ തിരുസ്സഭയുടെ അമൂല്യസമ്പത്താണ്. ഓരോ സഭയുടെയും ഈ ശ്ലൈഹികപൈതൃകം സഭ മുഴുവന്റെയും പൊതുസ്വത്താണ്. ഇടുങ്ങിയ ദേശീയ ചിന്തകളുടെ പരിമിതികളിൽ ഇവയെ ഒതുക്കാവുന്നതല്ല. ശ്ലൈഹിക പൈതൃകത്തിന്റെ കേന്ദ്രബിന്ദു ആരാധനക്രമമാണ്. ഇവയെ വെറും 'ദേശീയ സഭകളായി' മുദ്രകുത്താവുന്നതല്ല. തിരുസ്സഭയുടെ ആദ്ധ്യാത്മിക പൈതൃകമാണ് ഇവയിലൂടെ തുടരുന്നത്. വർഗ്ഗവർണ്ണ ദേശഭേദമന്യേ ലോകമെങ്ങും വളർന്നു വികസിക്കാൻ ഇവയ്ക്കവകാശമുണ്ട്.

## സഭകളുടെ തുല്യപദവി

ശ്ലൈഹിക പൈതൃകത്തിന്റെയും ആദിമസഭാപാരമ്പര്യത്തിന്റെയും അവകാശികളാണ് സഭകൾ. തന്മൂലം രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു;

"അഭികാമ്യമായ അവയുടെ പൗരാണികത്വം കൊണ്ട് ഒരു പ്രത്യേക സ്ഥാനം ഈ സഭകൾക്കുണ്ട്. അപ്പസ്തോലന്മാരിൽ നിന്ന് സഭാപിതാക്കളിലൂടെ കൈവന്ന പാരമ്പര്യം അവയിൽ പ്രശോഭിക്കുന്നുണ്ട്. ഈ പാരമ്പര്യമാവട്ടെ, സാർവ്വത്രികസഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസ്വത്തിന്റെ ഭാഗവുമാകുന്നു.... പ്രസ്തുത സഭകൾ ഈ പാരമ്പര്യത്തിന്റെ സജീവ സാക്ഷികളാണല്ലോ. അവ വളർന്നു വികസിക്കാനും, അതോടൊപ്പം അവയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം നവമായ ശ്ലൈഹിക ചൈതന്യത്തോടെ പൂർണ്ണമാകാനും ഈ സുനഹദോസ് ആഗ്രഹിക്കുന്നു".

വിശുദ്ധ ലിഖിതവും വിശുദ്ധ പാരമ്പര്യവും ഒരേ ആദരവോടെ സ്വീകരിക്കുകയും വിലമതിക്കുകയും ചെയ്യണമെന്നും കൗൺസിൽ പഠിപ്പിക്കുന്നു.

സഭാപൈതൃകത്തിന്റെ അവകാശികളാകയാൽ സഭകളെല്ലാം തുല്യമാണ്. ഒരേ കടമയും ഒരേ അവകാശങ്ങളുമാണവയ്ക്കുള്ളത്. റോമാമാർപ്പാപ്പയുടെ കീഴിൽ ലോകം മുഴുവനും സുവിശേഷമറിയിക്കുക എല്ലാ സഭകളുടെയും കടമയാകുന്നു.

സുവിശേഷ പ്രഘോഷണം നടത്തുകയും സഭാംഗത്വം സ്വീകരിച്ചവർക്ക് അജപാല സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക ഓരോ സഭയുടെയും കടമയും അവകാശവുമാകുന്നു. ഈ അവകാശം ആർക്കും നിഷേധിക്കുവാൻ അവകാശമില്ല. കാരണം, ദൈവദത്തമാണിവ. ഈ ദൗത്യനിർവ്വഹണത്തെ സഹായിക്കുകയും ത്വരിതപ്പെടുത്തുകയുമാണ് സഭാനേതൃത്വത്തിന്റെ കടമ.

"സഭയുടെ ന്യായത്താൽ ഒന്നു മറ്റൊന്നിന്റെ മുമ്പിലല്ല" ഇത് തിരുസ്സഭയുടെ ഘടനയിലെ അടിസ്ഥാനപരമായൊരു തത്വമാണ്. പല സഭകൾ സഭയിലുണ്ട്. ഓരോന്നിനുമുണ്ട് അതാതിന്റെ സവിശേഷതകൾ. എല്ലാ സഭ

കൾക്കും സ്ഥാനവും മാഹാത്മ്യവും ഉത്തരവാദിത്വവും തുല്യമാണ്. ശ്ലൈഹിക പാരമ്പര്യത്തിന്റെ തുല്യാവകാശികളാണ് ഈ സഭകളെല്ലാം.

വിശ്വാസത്തിലും സന്മാർഗ്ഗത്തിലും കൂദാശകളിലും സഭാനേതൃത്വത്തിലും പൂർണ്ണമായ ഐക്യമാണ് വിവിധ സഭകളുടെ ഇടയ്ക്കുള്ളത്. ഒന്നു മറ്റൊന്നിനെക്കാൾ പദവി കൂടിയതെന്നു അവകാശപ്പെടാനാവില്ല. അംഗസംഖ്യ മേന്മയുടെ മാനദണ്ഡമല്ല. പല രാഷ്ട്രീയകാരണങ്ങളും കാലാകാലങ്ങളിൽ അംഗസംഖ്യ വർദ്ധിക്കുന്നതിനോ കുറയുന്നതിനോ കളമൊരുക്കാം. യൂറോപ്യൻ രാജ്യങ്ങളിൽ പൗരാവകാശം ലഭിക്കാൻ ക്രിസ്ത്യാനിയാകണമെന്നു നിർബന്ധമുണ്ടായിരുന്നു. റോമാസാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്ന ജസ്റ്റീനിയനും (627-565) കാറൽമാനുമൊക്കെ (768-814) നിർബന്ധമുണ്ടായിരുന്നു. എല്ലാവരും മാമ്മോദീസാ സ്വീകരിച്ചവരായിരിക്കണമെന്ന് പൊതുവെ പറഞ്ഞാൽ 16-ാം നൂറ്റാണ്ടുവരെ പാശ്ചാത്യ യൂറോപ്പിൽ ഒതുങ്ങിയിരുന്നു ലത്തീൻ സഭ എന്നാൽ പിന്നീട് തെക്കേ അമേരിക്കയിൽ പോർട്ടുഗീസുകാരും സ്പെയിൻകാരും കോളനികൾ സ്ഥാപിച്ചപ്പോൾ ഭരണത്തലവന്മാരുടെ മതം ഭരണീയരുടേതുമായിരിക്കണമെന്ന നിയമമുണ്ടാക്കി. പാശ്ചാത്യമിഷനറിമാർ പോയിടത്തും പാശ്ചാത്യസഭാപാരമ്പര്യങ്ങൾ തന്നെ പ്രചരിപ്പിച്ചു. ഭാരതത്തിൽ വന്ന പോർട്ടുഗീസുകാർ മാർത്തോമ്മാ ക്രിസ്ത്യാനികളെക്കൂടി ലത്തീൻസഭയിൽ ചേർക്കാൻ കരുക്കൾ നീക്കി.

പൗരസ്ത്യസഭകൾ നിലവിലിരുന്ന പല രാജ്യങ്ങളിലും രാഷ്ട്രീയഗതി പ്രതികൂലമായിരുന്നു. അറബികളുടെ ആക്രമണം മദ്ധ്യപൂർവ്വദേശത്തെ ക്രിസ്തുമതം നാമാവശേഷമാക്കിയെന്നു പറയാം. പിന്നീട് കോൺസ്റ്റാന്റിനോപ്പിൾ വരെ ഇസ്ലാം വ്യാപിച്ചു. കമ്മ്യൂണിസ്റ്റ് ആധിപത്യകാലത്ത് സോവിയറ്റ് യൂണിയനിലും സഭകൾ ഇരുമ്പഴികൾക്കുള്ളിലായി. ഇപ്രകാരമുള്ള ഗതിവിഗതികൾ പരിശോധിച്ചാൽ അവ പ്രാദേശിക സഭകളുടെ വളർച്ചയെ വികസിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്തിരുന്നതായി കാണാം. ഇക്കാരണങ്ങളാൽ അംഗസംഖ്യയുടെ മാനദണ്ഡമനുസരിച്ച് സഭകളെ വിലയിരുത്താനാവില്ലെന്നു വ്യക്തം. എന്നാൽ ഈ തുല്യാവകാശം നിഷേധിക്കപ്പെട്ട നിരവധി സംഭവങ്ങൾ സഭാചരിത്രത്തിന്റെ കറുത്തപൊട്ടുകൾ തന്നെ. ഇൻഡ്യയിൽതന്നെ ഇതിനു നിരവധി ഉദാഹരണങ്ങളുണ്ടല്ലോ.

## സഭ നൂറ്റാണ്ടുകളിലൂടെ

12 അപ്പസ്തോലന്മാരുടെ നേതൃത്വത്തേക്കാളുപരി നിയതമായ ഘടനയോടെയോ നിയമവ്യവസ്ഥിതികളോടെയോ അല്ലായിരുന്നു സഭയുടെ ആരംഭം. അതുകൊണ്ടുതന്നെ ഏകതാനമായ ഘടനയോ ഭരണരീതിയോ ആദിമസഭയിൽ ദർശിക്കാനാവില്ല. സഭ പ്രത്യക്ഷപ്പെട്ടത് ഒരു ഗ്രീക്ക് മതമായിട്ടാണ്.

അലക്സാണ്ഡ്രിയാ അന്തോക്യാ, എഫേസൂസ്, കോറിന്തോസ് തുടങ്ങിയ ഗ്രീക്ക് നഗരങ്ങളിലാണ് ആദ്യമായി സഭാസമൂഹങ്ങൾ പിറവിയെടുത്തത്. സഭയുടെ ഘടനാപരമായ എല്ലാ കാര്യങ്ങളേയും കുറിക്കുന്ന പദങ്ങൾ ഗ്രീക്ക് ഭാഷയിൽ നിന്നും ഉയർന്നുവരാനുള്ള കാരണമിതുതന്നെ. ഒപ്പം തന്നെ ലാറ്റിൻ ഭാഷയും ഇതിനെ സ്വാധീനിച്ചു. ചുരുക്കിപ്പറഞ്ഞാൽ മൂന്നു ലോകങ്ങൾ, മൂന്നു സംസ്കാരങ്ങൾ, മൂന്നു ഭാഷകൾ മൂന്നു ദർശനങ്ങൾ (യഹൂദ-യവന-ലത്തീൻ) കൂടിച്ചേർന്നാണ് സഭയെ ഘടനാപരമായൊരു വ്യവസ്ഥിതിയിലേക്കുയർത്തിയത്.

നിയതമായ ഘടനയോ ഭരണകൂടസംവിധാനങ്ങളോ ഇല്ലായിരുന്നുവെങ്കിലും സഭയിൽ അപ്പസ്തോലന്മാർക്ക് അതുല്യമായ പദവി ഉണ്ടായിരുന്നു. പ്രത്യേകിച്ചു വി. പത്രോസിന്. അപ്പസ്തോലന്മാർ സുവിശേഷ പ്രഘോഷണത്തിനു കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് ഭരണരംഗത്തുനിന്ന് നിഷ്ക്രമിച്ചപ്പോൾ സഭാശുശ്രൂഷ 7 ഡീക്കന്മാർ ഏറ്റെടുത്തു. കൂടാതെ ശ്രേഷ്ഠന്മാരുടെ ഒരു സമൂഹവും ഭരണകാര്യങ്ങളിൽ സഹായിക്കുന്നുണ്ടായിരുന്നു. ജറുസലേം കൗൺസിലിൽ ഇതിനേക്കുറിച്ച് സൂചനയുണ്ട്.

ദൗത്യത്തിലധിഷ്ഠിതമായ ഒരു ഭരണസംവിധാനവും സംഘടനാത്മകതയും ആണ് സഭയ്ക്കുണ്ടായിരുന്നത്. കാരണം സഭ തുടരാൻ അനുവദിച്ചിരുന്നതും ഈയൊരു ദൗത്യമായിരുന്നു. - "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" ഈ ദൗത്യനിർവ്വഹണത്തിൽ സഭയിലെ എല്ലാ അംഗങ്ങളും തങ്ങളുടെ പങ്ക് നിർവ്വഹിക്കുകയും പ്രശ്നങ്ങളിലും തർക്കങ്ങളിലും ഈ മിഷനറി ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ തീരുമാനങ്ങളെടുക്കുന്നതിലും സഭയെ കാലോചിതമായി നയിക്കുന്നതിലും പങ്കുചേരുകയും ചെയ്തിരുന്നു. (നടപടി 20,28,1 കോറി 12,28 എഫേ 4,11, 1 പത്രോസ് 5,2-4).

ചില ആധുനിക പ്രൊട്ടസ്റ്റന്റു പണ്ഡിതന്മാർ വാദിക്കുന്നതുപോലെ ഒരു ആദ്ധ്യാത്മിക ശുശ്രൂഷാ മണ്ഡലവും ഭരണസംവിധാനവും തമ്മിലുള്ള വടംവലി ഒരിക്കലും ആദിമസഭയിൽ ഉണ്ടായിരുന്നില്ല. എല്ലാ വരങ്ങളും പരിശുദ്ധാത്മാവിൽ നിന്നാണ് നിർഗ്ഗളിക്കുന്നതെന്നും അത് സഭാഗാത്രത്തിന്റെ വളർച്ചയ്ക്കു വേണ്ടിയുള്ളതാണെന്നുമുള്ള കാഴ്ചപ്പാട് സഭാംഗങ്ങൾക്കുണ്ടായിരുന്നു. (റോമ 12,7-8, എഫേ 4,11-12, 1 കോറി 12,11).

ആദിമകാലം മുതൽക്കുതന്നെ തമ്മിൽ മാത്സര്യമോ സ്പർദ്ധയോ ഇല്ലായിരുന്നു. പ്രാദേശിക സഭകൾ തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ (പരിഛേദനം വിജാതീയരെ സഭയിലേക്ക് സ്വീകരിക്കൽ) ഉണ്ടായിരുന്നുവെങ്കിലും അപ്പസ്തോലന്മാർ അവയ്ക്കെല്ലാം സ്വീകാര്യമായ പരിഹാരങ്ങൾ

കണ്ടെത്തിയിരുന്നു. സഭകൾ തമ്മിൽ നിലനിന്നിരുന്ന കൂട്ടായ്മ ആദ്യനൂറ്റാണ്ടുമുതൽ തന്നെ പ്രകടമായിരുന്നു.

അധികാരം സേവനത്തിനു വേണ്ടിയാണെന്ന കാഴ്ചപ്പാട് വിശ്വാസികൾക്കിടയിൽ രൂഢമൂലമായിരുന്നു. തന്റെ ലേഖനങ്ങളിൽ പലയിടത്തും വി. പൗലോസ് ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട് (1 കോറി 4,9-13,2 കോറി 4,5-12). സഭാശുശ്രൂഷകൾക്കിടയിൽ പത്രോസിന് ഉന്നതസ്ഥാനമുണ്ടായിരുന്നു. ഈശോ ആദ്യം വിളിച്ച ശിഷ്യനെന്ന നിലയിലും സ്വർഗ്ഗത്തിന്റെ താക്കോലുകൾ ഏറ്റുവാങ്ങിയ വ്യക്തിയെന്ന നിലയിലും അപ്പസ്തോലന്മാർക്കിടയിൽ സമുന്നത സ്ഥാനമുണ്ടായിരുന്ന പത്രോസിനെ സഭാ തലവൻ എന്ന നിലയിൽ എല്ലാവരും അംഗീകരിക്കുകയും പത്രോസിന്റെ ദർശനങ്ങളും സമീപനങ്ങളും സഭയുടെ നിലപാടുകളായി മാറുകയും ചെയ്തു.

## സഭ റോമാസാമ്രാജ്യത്തിലെ ഔദ്യോഗിക മതം

മൂന്നു നൂറ്റാണ്ടുകാലം നീണ്ടു നിന്ന അതിക്രൂരവും ഭീകരവുമായ മതമർദ്ദനപരമ്പരകൾക്കുശേഷം AD 313 ലെ മിലാൻ വിളംബരത്തോടെ സഭ സ്വതന്ത്രമായി. ക്രൈസ്തവർക്ക് മതസ്വാതന്ത്ര്യം നൽകിയ പ്രഖ്യാപനമാണ് മിലാൻ വിളംബരത്തോടെ കോൺസ്റ്റന്റയിൻ നടത്തിയത്. ക്രമേണ ക്രിസ്തുമതം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി മാറി. ഇത് സഭയുടെ അധികാരത്തെയും സ്വാധീനത്തെയും വളർച്ചയേയും ഒന്നുപോലെ സ്വാധീനിച്ചു. മെത്രാന്മാർക്ക് വലിയ സ്ഥാനമാനങ്ങളും പദവികളും ലഭിച്ചു. റോമൻ ചക്രവർത്തി അപ്പസ്തോലന്മാർക്ക് സമനാണെന്നും സഭയും റോമാ സാമ്രാജ്യവും തത്ത്വത്തിൽ തുല്യമാണെന്നുമുള്ള കാഴ്ചപ്പാട് വളർന്നു വരുവാൻ മതസ്വാതന്ത്ര്യം വഴി തെളിച്ചു.

## പാത്രീയാർക്കേറ്റുകളുടെ ഉത്ഭവം

ഡയക്ലീഷൻ ചക്രവർത്തി (284-305) റോമാസാമ്രാജ്യത്തെ ഭരണ സൗകര്യത്തിനായി പ്രിഫെക്ചറുകൾ, ഡയോസിസുകൾ, പ്രോവിൻസുകൾ എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. സഭ റോമിലെ ഔദ്യോഗിക മതമായതോടെ ഭരണസംവിധാനങ്ങളുടെ കാര്യക്ഷമതയ്ക്കുവേണ്ടി സഭയും ഈ സംവിധാനത്തെ കടമെടുത്തു. റോമൻ സാമ്രാജ്യത്തിലെ പ്രോവിൻസുകളുടെ തലസ്ഥാനങ്ങളായിരുന്നു പ്രഥമ ക്രൈസ്തവ കേന്ദ്രങ്ങൾ. ഈ കേന്ദ്രങ്ങളിലെ സഭകൾക്ക് മാതൃസഭയുമായി അടുത്ത ബന്ധമുണ്ടായിരുന്നു. ഈ ബന്ധം നിലനിന്നിരുന്നത് പുതിയ സ്ഥലങ്ങളിൽ സുവിശേഷമെത്തിക്കുന്നതിനും. തത്ഫലമായി ഈ സഭകൾ മാതൃസഭകൾ എന്നറിയപ്പെടാൻ ഇടവരികയും ചെയ്തു. മാതൃ സഭകളിലെ മെത്രാൻമാർ മെത്രാപ്പൊലീത്തമാർ എന്നും

വിളിക്കപ്പെട്ടിരുന്നു. ഓരോ പ്രോവിൻസിലെയും മെത്രാൻമാർ ഒരുമിച്ചുകൂടി പ്രധാന പൊതുപ്രശ്നങ്ങൾ ചർച്ചചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ സഭകൾതമ്മിൽ സഹവർത്തിത്വവും സംഘടനാപരതയും വളർന്നുവ രികയും ചെയ്തു. പാശ്ചാത്യസഭയിൽ റോമും കാർത്തേജുമായിരുന്നു പ്രൊവിഷ്യൻ ഗ്രൂപ്പിലെ പ്രധാനികൾ. സഭകൾ തമ്മിലുണ്ടായിരുന്ന പര സ്പരബന്ധത്തിൽ നിന്നുകൊണ്ട് പാത്രിയാർക്കേറ്റുകൾ ഉരുത്തിരിഞ്ഞത്. സഭാ സമൂഹങ്ങളുടെ പൗരാണികത്വം, സഭയിലുണ്ടായിരുന്ന സ്ഥാനം, അപ്പ സ്തോലികത എന്നിവയുടെ അടിസ്ഥാനത്തിൽ അഞ്ചു പ്രധാന കേന്ദ്രങ്ങൾ സഭയിൽ ഉയർന്നുവന്നു. ഇവ പെന്റാർക്കി (Pentarchy) - അഞ്ച് അധി കാര കേന്ദ്രങ്ങൾ) എന്നറിയപ്പെടുന്നു. അവ റോമ, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാണ്ട്രിയ, അന്ത്യോക്യ, ജറുസലേം എന്നിവയാണ്. ജനസമൂഹങ്ങ ളുടെ തലവന്മാരാണ് പാത്രിയാർക്കീസുമാർ എന്നറിയപ്പെട്ടിരുന്നത്. മെത്രാന്റെ തിരഞ്ഞെടുപ്പ് മെത്രാപ്പോലീത്തായുടെ അറിവോടും മെത്രാപ്പോ ലീത്തായുടെ തിരഞ്ഞെടുപ്പ് പാത്രിയാർക്കിസിന്റെയും അറിവോടെയായി രുന്നു. പാത്രിയാർക്കിസിനെ തിരഞ്ഞെടുക്കുമ്പോൾ മറ്റു പാത്രിയാർക്കീ സുമാരുടെ സമ്മതവും ആവശ്യമായിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ പൗര സ്ത്യറോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനമെന്നനിലയിൽ അതിപ്രധാന മായ പാത്രിയാർക്കീസ് ആസ്ഥാനമായിരുന്നു. പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ റോമിലെ പാത്രിയാർക്കിസിന് സമുന്നത പദവിയും ഉന്നത പരമാധികാരവും കല്പിച്ചുകൊടുത്തിരുന്നു.

## മാർപ്പാപ്പയും രാഷ്ട്രീയാധികാരവും

പത്രോസിന്റെ പിൻഗാമിയും റോമിന്റെ പാത്രിയാർക്കീസുമായിരുന്ന സഭാ തലവനാണ് മാർപാപ്പയെന്ന് വിളിക്കപ്പെട്ടിരുന്നത്. ആദിമസഭയിൽ പാപ്പാ സ്ഥാനം ആധ്യാത്മിക നേതൃത്വത്തിനും ശുശ്രൂഷയ്ക്കുമാണ് മുൻതൂക്കം കൊടുത്തിരുന്നതെങ്കിൽ 8-ാം നൂറ്റാണ്ടുമുതൽ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം (754-1870) വരെ മാർപാപ്പ ഒരു ആത്മീയനേതാവ് എന്നതിനപ്പുറം ഇറ്റലി യിലെ പേപ്പൽ സ്റ്റേറ്റുകളുടെ ഭരണാധികാരിയായി ആയിത്തീർന്നു. ബൈസന്റയിൻ ചക്രവർത്തിമാരുടെ ശക്തിക്ഷയം, മതപരമായ വിവാദങ്ങൾ, ലൊമ്പാർഡ് യുദ്ധങ്ങൾ, മാർപാപ്പമാരും ഫ്രാങ്കുകളും തമ്മിൽ നടത്തിയ സഖ്യം ഇവയാണ് സഭയെ രാഷ്ട്രീയാധികാരം കൈയ്യാളുന്നതിലേക്ക് കൊണ്ടുചെന്നെത്തിച്ചത്. ചക്രവർത്തിമാരുടെയും ധനികരായ മറ്റുള്ളവരു ടെയും സമ്മാനങ്ങളും സംഭാവനകളും ഇറ്റലിയിലെ ഏറ്റവും വലിയ ധനിക നാകുന്നതിൽ മാർപാപ്പയെ സഹായിച്ചു. 754ൽ സ്റ്റീഫൻ രണ്ടാമൻ പാപ്പ ഫ്രാങ്കുകളുമായി സഖ്യത്തിലൊപ്പു വെച്ചതോടെ പാപ്പാ മധ്യ ഇറ്റലിയുടെ

രാജാവായി. ലെയോ മൂന്നാമൻ മാർപാപ്പ ചാർലിമെയിൻ എന്ന ഫ്രാങ്കിഷ് രാജാവിനെ റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിയായി കിരീടം ധരിപ്പിച്ചതോടെ പാശ്ചാത്യ സഭാതലങ്ങളിൽ വലിയ പ്രത്യാഘാതങ്ങളുണ്ടായി. പാപ്പാസ്ഥാനത്തിന്റെ ആത്മീയ ശക്തി കുറയുകയും ഭൗതികതയും അധികാരവും വർധിച്ചുവരികയും ചെയ്തതോടെ അനർഹരായ പലരും ഈ മോഹനപദവി ആഗ്രഹിച്ചുതുടങ്ങി. ചാർലിമെയിന്റെ കാലശേഷം റോമാസാമ്രാജ്യം പലതായി വിഭജിക്കപ്പെട്ടതോടെ ഫ്യൂഡലിസം രൂപം കൊണ്ടു. 9-10നൂറ്റാണ്ടുകളിൽ ഫ്യൂഡലിസം സഭാസംവിധാനങ്ങളെ ശക്തമായി സ്വാധീനിച്ചതിന്റെ ഫലമായി സഭയിലേക്ക് വേഷവിധാനങ്ങളും പദവികളും സംബോധനാരീതികളും കടന്നുവന്നു. രൂപതകൾക്കും സന്ന്യാസാശ്രമങ്ങൾക്കും സ്വന്തമായ പരിവാരങ്ങളും സേനയുമെല്ലാം ഉണ്ടായിത്തുടങ്ങി. 904 മുതൽ 964വരെ തിയോഫിലാക്ട് എന്ന കുടുംബത്തിന്റെ കൈയ്യിലായിരുന്നു പാപ്പാസ്ഥാനം നിലനിന്നത്.

13-ാം നൂറ്റാണ്ട് ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്ക് സാക്ഷ്യം വഹിച്ചതോടെ സഭയ്ക്കുള്ളിൽത്തന്നെ നിരവധി നവീകരണപ്രസ്ഥാനങ്ങൾ കടന്നുവന്നു. ക്ലൂണിയിലെ ആശ്രമത്തിന്റെതായ സംഭാവനകൾ ഈ രംഗത്ത് നിസ്തുലമായിരുന്നു. ഭിക്ഷു സന്ന്യാസികളുടെ (mendicant monks) സേവനം സഭയിൽ നവീകരണതരംഗം ശക്തമാക്കുന്നതിന് സഹായിച്ചു. ഒപ്പം തന്നെ ഇവരുടെ നേതൃത്വത്തിൽ നടന്നുവന്ന ഇൻക്വിസിഷൻ സഭാചരിത്രത്തിലെ തീരാകളങ്കമായി അവശേഷിക്കുന്നു. പശ്ചിമയൂറോപ്പിൽ മാർപാപ്പ അനുഭവിച്ചുവന്ന അധികാരങ്ങളും ആധിപത്യവും കുരിശുയുദ്ധങ്ങൾക്ക് വഴി തെളിച്ചു. രാജാക്കന്മാരും പ്രഭുക്കളും മാർപാപ്പമാരുടെ ആജ്ഞാനുവർത്തികളായി മധ്യപൗരസ്ത്യ ദേശത്തെത്തുകയും പൗരസ്ത്യ പാത്രിയാർക്കീസുമാർക്ക് ബദലായി ലാറ്റിൻ പാത്രിയാർക്കേറ്റ് സ്ഥാപിച്ച് ഒരു ലത്തീൻ സാമ്രാജ്യം സ്ഥാപിക്കാൻ പരിശ്രമിക്കുകയും ചെയ്തു. പക്ഷേ മുഹമ്മദീയരുടെ ശക്തമായ തിരിച്ചടികൾ മൂലം സഭയ്ക്ക് വിശുദ്ധസ്ഥലങ്ങളുടെ മേലുണ്ടായിരുന്ന നിയന്ത്രണം നഷ്ടപ്പെട്ടു. കാലം മറക്കാത്ത കൃത്യങ്ങളിലേക്ക് സഭ വലിച്ചിഴയ്ക്കപ്പെടുന്നതിനും ഇത് ഇടയാക്കി.

വിശുദ്ധരുടെ നാമകരണം, തിരുശേഷിപ്പുകളുടെ വിതരണം. ദണ്ഡവിമോചനങ്ങൾ, പ്രത്യേക ആനുകൂല്യങ്ങൾ, പദവികൾ, എന്നിവ കൊടുക്കൽ, 'ആദ് ലീമിന' സന്ദർശനങ്ങൾ, പാലിയം നൽകൽ തുടങ്ങിയവ ആരംഭിച്ചത് ഈ കാലയളവിലാണ്. ദൈവശാസ്ത്രപരമായ പാപ്പരത്തം ഈ കാലഘട്ടത്തിന്റെ മറ്റൊരു സവിശേഷതയായിരുന്നു. വി. ഗ്രന്ഥവും മറ്റു പാരമ്പര്യങ്ങളും അതിന്റെ തനിമയിലും അർത്ഥത്തിലും ഉൾക്കൊള്ളാതിരുന്നതുമൂലം ഇൻക്വിസിഷൻ വഴി ഒട്ടേറെ നിരപരാധികൾ വെന്തരിയുന്നതിനും ദ്വിഖഡ്ഗ വാദം

(Theory of two swords) പോലുള്ള സിദ്ധാന്തങ്ങളും 1302ൽ ബോനിഫസ് എട്ടാമൻ മാർപാപ്പ ഫ്രാൻസിലെ ഫിലിപ്പ് രാജാവിനെതിരെ പ്രസിദ്ധപ്പെടുത്തിയ 'Unam Sanctam' പോലുള്ള രേഖകളും ജന്മം കൊണ്ടു.

14-ാം നൂറ്റാണ്ടിൽ സഭ അതിന്റെ പ്രതിസന്ധി ഘട്ടത്തിന്റെ കൊടുമുടികളിലായിരുന്നു. ഒരേ സമയം മൂന്ന് മാർപാപ്പമാർ അധികാരത്തിൽ വരികയും സുരക്ഷയെ കരുതി റോമിൽ നിന്നും പാപ്പായുടെ ആസ്ഥാനം അവിഞ്ഞോണിലേക്ക് മാറ്റുകയും ചെയ്യേണ്ടിവന്നു. അധികാരവടംവലികളും സ്വജനപക്ഷപാതവും അരങ്ങുതകർത്ത 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് അഗസ്റ്റീനിയൻ സന്ന്യാസിയായിരുന്ന മാർട്ടിൻ ലൂഥർ തന്റെ നവീകരണാശയങ്ങളുമായി കടന്നുവന്നത്. പാശ്ചാത്യലോകത്തെ രണ്ടു ചേരികളായി തിരിക്കാനും സഭയ്ക്ക് വലിയ ആഘാതമേൽപ്പിക്കാനും മാർട്ടിൻ ലൂഥറിന്റെ പരിശ്രമങ്ങൾക്ക് കഴിഞ്ഞു. മാർട്ടിൻ ലൂഥറിന്റെ പ്രതിഷേധ സംഭവവികാസം പ്രൊട്ടസ്റ്റന്റ് വിപ്ലവം എന്നറിയപ്പെടുന്നു.

1545 സഭാചരിത്രത്തിലെ വളരെ പ്രാധാന്യമർഹിക്കുന്ന വർഷമാണ് പ്രൊട്ടസ്റ്റന്റ് വിപ്ലവമുയർത്തിയ വെല്ലുവിളികളും മറ്റു ആഭ്യന്തരപ്രശ്നങ്ങളും നേരിടുന്നതിനായിരുന്നു 1545 മുതൽ 1563വരെ ഉത്തര ഇറ്റലിയിലെ ട്രെന്റോ പട്ടണത്തിൽ വെച്ച് കൗൺസിൽ കൂടിയത്. സഭയുടെ കേന്ദ്രീകരണ സംവിധാനത്തിന് കൂടുതൽ ശക്തി പകരുന്നതിനും തന്മൂലം ദൈവജനത്തിന്റെ സഭയിലെ പങ്കാളിത്തം കുറയുന്നതിനുമാണ് ഈ കൗൺസിൽ വഴി തെളിച്ചത്. 1789 ആഗസ്റ്റ് 4ന് ഫ്രാൻസിലെ ചേർസയിൽ വച്ചു നടന്ന ദേശീയ അസംബ്ലി സഭാസമീപനങ്ങൾക്കെതിരെ പരസ്യമായ പ്രതിഷേധം പ്രഖ്യാപിച്ചു. 1789ൽ നവംബറിൽ സഭയുടെ ഭൂസ്വത്തുകൾ ഗവൺമെന്റ് ദേശസാൽക്കരിച്ചു. 1848ൽ വിപ്ലവകാരികൾ റോം പിടിച്ചടക്കി. 1870ൽ വിക്ടർ ഇമ്മാനുവൽ റോമിനെ ഇറ്റലിയോട് സംയോജിപ്പിച്ചു. 1929ലെ ലാറ്ററൻ സന്ധി അംഗീകരിച്ചുകൊണ്ട് മാർപാപ്പമാർ സ്വയം തടവുകാരെന്ന നിലയിൽ റോമിൽ താമസമുറപ്പിച്ചു തുടങ്ങി. 1929ൽ 108 ഏക്കർ മാത്രം വിസ്തീർണ്ണമുള്ള വത്തിക്കാൻ എന്ന ചെറിയ രാജ്യത്തെ ഇറ്റലി അംഗീകരിച്ചതോടെ സഭ ഭൗതികമായി സ്വതന്ത്രയായി.

## ഒന്നാം വത്തിക്കാൻ കൗൺസിൽ

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പാശ്ചാത്യ ലോകത്ത് സഭയ്ക്കെതിരായ കടന്നാക്രമണങ്ങൾ ശക്തമായപ്പോൾ അതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി 9-ാം പിയൂസ് മാർപാപ്പ 'തെറ്റുകളുടെ പട്ടിക' (Syllabus of Errors ) പ്രസിദ്ധപ്പെടുത്തി. ഇതിലെ പല പ്രസ്താവനകളും തെറ്റിദ്ധാരണാജനകങ്ങളായിരുന്നതിനാൽ അവയെ കാലോചിതമായി വിശദീകരിക്കാനാണ് 1869 ഡിസംബർ 8ന് കൗൺസിൽ ആരംഭിച്ചത്. മാർപാപ്പയുടെ പരമാധികാരം

(Roman Primacy), മാർപാപ്പയുടെ അപ്രമാദിത്വം (Papal Infallibility) എന്നിവ ഔദ്യോഗികമായി വിശ്വാസ സത്യങ്ങളായി ഈ കൗൺസിലിൽ പ്രഖ്യാപിക്കപ്പെട്ടു. 1870 ജൂലൈ 19നു ഫ്രാങ്കോ – പേർഷ്യൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടതു മൂലം ഈ കൗൺസിൽ നിറുത്തി വയ്ക്കേണ്ടി വന്നു. സഭകളുടെ ആന്തരിക സ്വഭാവത്തെക്കാളുപരി ഭൗതിക അധികാര സീമകളെയും ഭരണസംവിധാനത്തെയും നിർവ്വചിക്കാണ് ഈ കൗൺസിൽ കൂടുതലായും പരിശ്രമിച്ചത്.

## പൊതു സവിശേഷതകൾ

സഭാ നവീകരണം, ആധുനീകരണം, പുനരൈക്യപ്രസ്ഥാനം തുടങ്ങിയ ഏതാനും അടിയന്തിരലക്ഷ്യങ്ങൾ നേടുന്നതിനായാണ് കൗൺസിൽ ആരംഭിച്ചത് "ജനതകൾക്ക് പ്രകാശം" (lumen gentium) എന്നീ വാക്കുകൾക്കൊണ്ടാണ് തിരുസ്സഭയേക്കുറിച്ചുള്ള പ്രമാണരേഖ ആരംഭിക്കുന്നത്. പൗരസ്ത്യ സഭകൾ, മെത്രാൻമാർ, സന്ന്യാസികൾ, വൈദികർ, ആത്മായർ, വൈദിക വിദ്യാർത്ഥികൾ എന്നിവരെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രമാണരേഖകൾ തിരുസഭയുടെ ഘടകങ്ങളെ വിശകലനം ചെയ്യുന്നു. ലിറ്റർജി, വിദ്യാഭ്യാസം, മിഷൻ പ്രവർത്തനം, സാമൂഹ്യമാധ്യമങ്ങൾ, തുടങ്ങിയ രേഖകൾ സഭയുടെ ദൗത്യത്തെയാണ് പുനഃപരിശോധിക്കുന്നത്. എക്യുമെനിസം, അക്രൈസ്തവമതങ്ങൾ, സഭ ആധുനികലോകത്തിൽ എന്നിവയാകട്ടെ ബാഹ്യലോകവുമായുള്ള സഭയുടെ ബന്ധത്തെ പരിശോധിക്കുന്നു ഇവയിൽ സഭയെ സംബന്ധിക്കുന്ന 'ജനതകൾക്ക് പ്രകാശം' എന്ന പ്രമാണ രേഖയുടെ പ്രധാന സവിശേഷതകളെ ഇങ്ങനെ സംഗ്രഹിക്കാം.

### 1. അജപാലനപരം

സഭയെക്കുറിച്ചുള്ള നിയതമായ നിർവ്വചനങ്ങൾ ഒഴിവാക്കിക്കൊണ്ടാണ് കൗൺസിൽ പിതാക്കന്മാർ ഈ പ്രമാണരേഖയ്ക്ക് രൂപം നൽകിയത്. പഴയ കാല സാർവ്വത്രിക സൂനഹദോസുകളുടെ പ്രധാനദൗത്യം നിർവ്വചനം കണ്ടെത്തലും പാഷണ്ഡതകളെ തള്ളലുമായിരുന്നു. അജപാലനൗത്സുക്യത്തോടെ പ്രബോധനവും മാർഗ്ഗദർശനവും നൽകാനാണല്ലോ രണ്ടാം വത്തിക്കാൻ കൗൺസിൽ സമ്മേളിച്ചത്. തീർത്തും അജപാലനസംബന്ധിയായ രീതിയിലാണ് ഈ പ്രമാണരേഖ തിരുസഭയെക്കുറിച്ച് ചിന്തിക്കുന്നത്.

### 2. ആത്മീയ ഐക്യം

സഭാഭരണസംവിധാനത്തിനു കൊടുത്തിരുന്ന പഴയ ഊന്നലിനുപകരം തിരുസഭയിൽ ഉണ്ടായിരിക്കേണ്ട ആത്മീയഐക്യത്തെ (Spiritual communion) ഈ കൗൺസിൽ ഉയർത്തിപ്പിടിച്ചു. സഭ വെറുമൊരു സംഘട

നയോ സംവിധാനമോ അല്ല. മറിച്ച് ഒരേ ആത്മാവിനെ സ്വീകരിച്ചവരുടെ കൂട്ടായ്മയാണ്. വ്യക്തികളിൽ വ്യത്യസ്ത രീതികളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതിനാൽ സഭയിലെ വ്യത്യസ്ത ശുശ്രൂഷകരെ ഒരേ മനോഭാവത്തോടെ കണ്ട് പരസ്പരം വളർത്തി ആത്മീയ ഐക്യം സ്വന്തമാക്കാനാണ് കൗൺസിൽ ലക്ഷ്യമിടുന്നത്.

### 3. പുനരൈക്യാഭിവാഞ്ഛ

തിരുസഭയിൽ നിന്നു വേർപെട്ടുപോയ ഇതരസഭകളുടെ സഭാപാരമായ യാഥാർത്ഥ്യം അംഗീകരിക്കാനും എടുത്തു പറയാനും ഈ പ്രമാണരേഖയിലൂടെ പിതാക്കന്മാർ തയ്യാറായി. ഒരേ രക്ഷകനിൽ നിന്നു സദ്വാർത്ത സ്വീകരിച്ചവരാണ് എല്ലാസഭകളെന്നും, സഭകൾക്കുള്ള പൊതുവായ ഘടകങ്ങളെ കണ്ടെത്തി. ഐക്യത്തിന്റെ പാതകളാക്കി മാറ്റാമെന്നും കൗൺസിൽ ചിന്തിക്കുന്നുണ്ട്. പൂർണ്ണമായുള്ള ഐക്യത്തിനായുള്ള ദാഹത്തോടെ പ്രവർത്തിക്കാൻ തിരുസഭ ഈ പ്രമാണരേഖയിലൂടെ പ്രതിജ്ഞാബന്ധയാവുകയാണ്.

### 4. സന്യസ്തദൈവവിളിയുടെ സ്ഥാനം

വ്രതങ്ങൾ സ്വീകരിച്ചുകൊണ്ട് സ്വന്തമാക്കുന്ന സന്ന്യസ്തദൈവവിളിക്ക് സവിശേഷമായൊരു സ്ഥാനം കൊടുക്കുന്ന പ്രവണത സഭയിൽ നിലനിന്നിരുന്നു. സന്ന്യാസം ഒരു പ്രത്യേക ദൈവവിളിയാണെന്നിരിക്കിലും ക്രിസ്ത്യാനിയായിരിക്കുക എന്നതാണ് അടിസ്ഥാനപരമായ ദൈവവിളിയെന്ന് കൗൺസിൽ പഠിപ്പിച്ചു. സഭ വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക ആഹ്വാനമാണ്. അതിലുള്ള ശുശ്രൂഷകളും തിരഞ്ഞെടുപ്പുകൾക്കും ഇടയിൽ ഉച്ചനീചത്വങ്ങളില്ല.

### 5. യുഗാന്ത്യ വീക്ഷണം

സഭയുടെ യഥാർത്ഥ സ്വഭാവം തീർത്ഥാടകയുടേതാണ്. ഭൂമിയിൽ അവൾ ഒന്നും ലക്ഷ്യം വയ്ക്കുന്നില്ല. ഭൂമിയിലെ സഭ അവളിൽത്തന്നെ ഒരു ലക്ഷ്യവുമല്ല. മിശിഹായുടെ രണ്ടാമത്തെ അഗമനത്തിൽ അവിടുത്തെ സ്വീകരിക്കാൻ ദൈവജനത്തെ ഒരുക്കുകയെന്നതാണ് സഭയുടെ ദൗത്യം. ഈ നിർവ്വഹണം സഭയുടെ യുഗാന്ത്യ വീക്ഷണത്തെ വ്യക്തമാക്കുന്നു.

### 6. ആദിമസഭയുടെ മാതൃക

ദൈവാവിഷ്കരണത്തിന്റെ ഉറവിടങ്ങളായ പരിശുദ്ധഗ്രന്ഥത്തിനും വിശുദ്ധ പാരമ്പര്യങ്ങൾക്കും തുല്യ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു നിലപാടാണ് കൗൺസിൽ സ്വീകരിച്ചത്. ആദിമസഭയുടെ മാതൃക സ്വന്തമാക്കിക്കൊണ്ട് തിരുവചനത്തിലധിഷ്ഠിതവും വിശുദ്ധപാരമ്പര്യങ്ങളോട് കൂറുപു

ലർത്തുന്നതുമായ ജീവിതശൈലി സ്വന്തമാക്കാനുള്ള സഭയുടെ പരിശ്രമമാണ് ഈ പ്രമാണരേഖയിൽ നിഴലിക്കുന്നത്.

## സഭകൾ രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളിൽ

സഭയെ സൂചിപ്പിക്കാൻ വ്യത്യസ്ത പദങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിൽ ഉപയോഗിക്കുന്നുണ്ട്. അവ താഴെ കൊടുക്കുന്നു.

**1. സാർവ്വത്രികസഭ:** എല്ലാസഭകളെയും ഉൾക്കൊള്ളുന്ന സംജ്ഞയാണിത്. തിരുസഭ എന്ന പദം വിവക്ഷിക്കുന്നതും ഇതേ അർത്ഥംതന്നെ. കത്തോലിക്കാവിശ്വാസം സ്വീകരിച്ചിട്ടുള്ള എല്ലാ സഭകളെയും ഉൾകൊള്ളുന്നതാണ് സാർവ്വത്രിക സഭ. ലോകമെമ്പാടുമുള്ള വിവിധ സഭകളുടെ കൂട്ടായ്മയാണിത്.

**2. കത്തോലിക്കസഭ:** കാത്തലിക് (Catholic) എന്ന പദത്തിന്റെ മൂലാർത്ഥം 'എല്ലാവർക്കും കടന്നുവരാവുന്നത്' (Open to the whole) എന്നാണ്. ദൈവം മനുഷ്യനായത് എല്ലാ ജനപദങ്ങളെയും സത്യദൈവവിശ്വാസത്തിലും സ്നേഹത്തിലും സാഹോദര്യത്തിലും ഐക്യത്തിലും ദൈവജനമാക്കി രൂപാന്തരപ്പെടുത്താനാണ്. വർഗ്ഗ-വർണ്ണ-ഭേദമന്യേ എല്ലാവരും ഈ കൂട്ടായ്മയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഈ പദം അർത്ഥം വയ്ക്കുന്നത്. എക്യുമെനിക്കൽ കൗൺസിലാണ് ഈ വിശേഷണം തിരുസഭയ്ക്കു നൽകിയത്. മാർപാപ്പായുടെ നേതൃത്വം അംഗീകരിച്ച് സഭൈക്യത്തിൽ കഴിയുന്നവർ 'കത്തോലിക്കർ' എന്നറിയപ്പെടുന്നുണ്ടെങ്കിലും ഇതര സഭകൾ 'റോമൻ കത്തോലിക്കർ' എന്നാണ് ഈ സഭയെ വിശേഷിപ്പിക്കുന്നത്.

### 3. പ്രത്യേകസഭ (Particular Church)

സാർവ്വത്രിക സഭയെക്കുറിച്ചുള്ള പ്രതിപാദനത്തിൽ വ്യത്യസ്ത സഭകളെ സൂചിപ്പിക്കാനും രൂപതകളെക്കുറിച്ച് പ്രതിപാദിക്കുവാനുമാണ് ഈ സംജ്ഞ ഉപയോഗിക്കുന്നത്. മാതൃ സഭയോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക സഭകളെ വീക്ഷിക്കുന്നതിന്റെ ഫലമായിട്ടാണ് ഈ പേരുണ്ടായത്.

### 4. പ്രാദേശിക സഭ (Local Church)

സ്ഥലവുമായി ബന്ധപ്പെടുത്തി പ്രാദേശിക സഭ എന്നപേരിലും സഭ അറിയപ്പെടുന്നുണ്ട്. ഇടവക, ഗ്രാമം, രാജ്യം, ഭൂഖണ്ഡം, എന്നിങ്ങനെ പലതരത്തിലും സഭകൾ സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ടാണ് അറിയപ്പെടുന്നത്. കേരളസഭ, ഏഷ്യൻ സഭ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

### 5. വ്യക്തി സഭ (Individual Church)

തനതായ വ്യക്തിത്വമുള്ള സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ. ആരാധനാക്രമം, ശിക്ഷണക്രമം, ആദ്ധ്യാത്മികത, ഭരണക്രമം, ദൈവശാസ്ത്രം തുടങ്ങിയവ ഓരോ സഭയ്ക്കും വ്യത്യസ്തത പകരുന്നു. എങ്കിലും വിശ്വാസം, കൂദാശകൾ, ഹയരാർക്കി എന്നീ കാര്യങ്ങളിൽ സാർവ്വത്രിക സഭയോട് ഐക്യവും ഉണ്ടായിരിക്കും. ഓരോ സഭകളുടെയും വ്യക്തിത്വത്തിന് ഊന്നൽ കൊടുക്കുകയും അതേസമയം കത്തോലിക്കാസഭയോടുള്ള ഐക്യത്തിന് ഒട്ടും മങ്ങലേല്പിക്കാത്തതുമായ ഒരു കാഴ്ചപ്പാടാണിത്.

### 6. സഹോദരി സഭകൾ (Sister Churches)

സഭകളുടെ തുല്യത വിളംബരം ചെയ്യുന്ന ഒരു അഭിധാനമാണിത്. ശ്ലൈഹികപാരമ്പര്യത്തിൽ നിന്നാണ് സഭകൾ രൂപം കൊള്ളുന്നത്. ഈ ശ്ലൈഹികത സഭകളെ സഹോദരികളാക്കുന്നു. വ്യക്തിസഭ എന്ന സംബോധന സഭകളുടെ പൈതൃകത്തിനും തനിമയ്ക്കും ഊന്നൽ കൊടുക്കുമ്പോൾ സഭകൾ തമ്മിലുള്ള പരസ്പര ബന്ധത്തിനും തുല്യതയ്ക്കും സഹോദരസഭകൾ എന്ന വിശേഷണം പ്രാധാന്യം നല്കുന്നു. എക്യുമെനിസത്തെക്കുറിച്ചുള്ള ഡിക്രിയിൽ 14-ാം നമ്പറിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പൗരസ്ത്യ സഭകളെ സഹോദരി സഭകൾ എന്നാണു വിളിക്കുന്നത്.

**ചോദ്യങ്ങൾ**

1. സഭാവിജ്ഞാനിയം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
2. പുതിയ നിയമഗ്രന്ഥങ്ങൾ നല്കുന്ന സഭാവിജ്ഞാനിയ ദർശനങ്ങൾ വിവരിക്കുക?
3. സഭകളുടെ തുല്യപദവി എന്നതുകൊണ്ട് നിങ്ങൾ എന്തു മനസ്സിലാക്കുന്നു?
4. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭാവിജ്ഞാനീയ ശാഖയ്ക്ക് നല്കിയ സംഭാവനകൾ പരിശോധിക്കുക?

## അനുബന്ധം III
# മാർപാപ്പമാർ

പരിശുദ്ധ കത്തോലിക്കാസഭയെ നാളിതുവരെ നയിച്ച മാർപാപ്പാമാരുടെ പേരും ഭരണകാലവും ചുവടെ ചേർക്കുന്നു. ഈ ലിസ്റ്റ് വളരെ ആഴമേറിയ സത്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഒന്നാമതായി, പരി. കത്തോലിക്കാസഭയ്ക്ക് ക്രിസ്തുവിന്റെ പാദാന്തികത്തോളം നീളുന്ന യഥാർത്ഥ ചരിത്രമുണ്ട്. രണ്ടാമതായി, കത്തോലിക്കാസഭയിൽ ശ്ലൈഹീകപാരമ്പര്യം ഇടമുറിയാതെ കാത്തുസൂക്ഷിച്ചിട്ടുണ്ട്. മൂന്നാമതായി ലോകത്തെ മറ്റേതൊരു സഭാസമൂഹത്തിൽനിന്നും പരിശുദ്ധ കത്തോലിക്കാസഭയെ വേറിട്ടു നിർത്തുന്നത് ഈ സഭയിൽ പരി. മാർപാപ്പാമാരിലൂടെ അനസ്യൂതം പരിരക്ഷിക്കപ്പെട്ട ശ്ലൈഹീകപാരമ്പര്യമാണ്. മാർപാപ്പമാരുടെ ലിസ്റ്റു വായിച്ചിട്ട് ചുവടെ നൽകുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ശ്രമിക്കുക.

1. കാത്തലിക് എൻസൈക്ലോപീഡിയ അനുസരിച്ച് ബനഡിക്റ്റ് XVI-ാമൻ മാർപാപ്പ 266-മത്തെ മാർപാപ്പയാണ്. എന്നാൽ വത്തിക്കാന്റെ ഔദ്യോഗികലിസ്റ്റിൽ ബനഡിക്റ്റ് XVI-ാമൻ 265-ാമത്തെ മാർപാപ്പായാണ്. എന്തുകൊണ്ട്?
2. ആന്റിപോപ്പാണെന്ന് പലചരിത്രകാരന്മാരും ആരോപിക്കുന്ന പാപ്പ ആരാണ്?
3. മൂന്നുതവണ സ്ഥാനാരോഹണം നടത്തിയ മാർപാപ്പ ആര്?
4. ഏറ്റവും കൂടുതൽ കാലം സഭയെ ഭരിച്ച 5 മാർപാപ്പമാരുടെ പേരെഴുതുക?
5. ഏറ്റവും കൂടുതൽ മാർപാപ്പമാർ സ്വീകരിച്ച പേര് ഏത്?

| | | |
|---|---|---|
| 1. | വി. പത്രോസ് .................. | (32-67) |
| 2. | വി. ലൂക്കോസ് ................. | (67-76) |
| 3. | വി. അനാക്ലേറ്റസ് ........... | (76-88) |
| 4. | വി. ക്ലെമന്റ് I ............. | (88-97) |
| 5. | വി. എവരിസ്തൂസ് ......... | (97-105) |
| 6. | വി. അലക്സാർ........ | (105-115) |
| 7. | വി. സിക്സറ്റസ് I ........ | (115-125) |
| 8. | ടെലസ്ഫോറസ് ............. | (125-136) |
| 9. | ഹൈജീനൂസ്.................... | (136-140) |
| 10. | വി. പിയൂസ് I ............. | (140-155) |
| 11. | വി. അനിസേറ്റസ്........... | (155-166) |
| 12. | വി. സോറ്റേർ .................... | (166-175) |
| 13. | വി. എലവുത്തേരിയൂസ് | (175-189) |
| 14. | വി. വികടർ I .............. | (189-499) |
| 15. | വി. സെഫീറിനസ് .......... | (199-217) |
| 16. | വി. കലിസ്റ്റസ് I .......... | (217-222) |
| 17. | വി. ഉർബൻ I ............. | (222-230) |
| 18. | വി. പോൺസ്യൻ ........... | (230-235) |
| 19. | വി. അന്തേനൂസ് ............. | (235-236) |
| 20. | വി. ഫാബിയൻ ............... | (236-250) |
| 21. | വി. കൊർണേലിയൂസ് ... | (250-253) |
| 22. | വി. ലൂഷ്യസ് I............ | (253-254) |
| 23. | വി. സ്റ്റീഫൻ I............. | (254-257) |
| 24. | വി. സിക്റ്റസ് II.......... | (257-258) |
| 25. | വി. ഡയനീഷ്യസ് .......... | (260-268) |
| 26. | വി. ഫെലിക്സ് I ........ | (269-274) |
| 27. | വി. വൂത്തിക്യൻ.............. | (275-283) |
| 28. | വി. കായൂസ് .................... | (283-296) |

29. വി. മാർസെലിനസ് ........ (296–304)
30. വി. മാർസെയൂസ് I ...... (308–309)
31. വി. എവുസേബിയൂസ് (309 or 309)
32. വി. മിൽതിയാർദെസ് ..... (311–314)
33. വി. സിൽവസ്റ്റർ I ........ (314–335)
34. വി. മാർക്ക് ........................ (335–336)
35. വി. ജൂലിയസ് I ........... (337–352)
36. വി. ലിബേരിയൂസ് .......... (352–366)
37. വി. ദാമസൂസ് I ........... (366–382)
38. വി. സിറിച്ചിയൂസ് ............ (384–399)
39. വി. അനസ്താസിയൂസ് (399–401)
40. വി. ഇന്നസെന്റ് I ......... (401–417)
41. വി. സോസിമൂസ് ............. (417–418)
42. വി. ബോസിഫസ് I ..... (418–422)
43. വി. സെലസ്റ്റീൻ I ........ (422–432)
44. വി. സിക്സ്റ്റസ് III ........ (432–40)
45. മഹാനായ വി. ലെയോ . (440–461)
46. വി. ഹിലരിയൂസ് ............. (461–468)
47. വി. സിംപ്ലീച്ചിയൂസ് ......... (468–483)
48. വി. ഫെലിക്സ് III ...... (483–492)
49. വി. ഗെലാസിയൂസ് I .... (492–496)
50. വി. അനസ്താസിയൂസ് I (496–498)
51. വി. സിമ്മാക്കൂസ് ............. (498–514)
52. വി. ഹോർമിസ്ദസ് ......... (514–523)
53. വി. ജോൺ I ............... (523–526)
54. വി. ഫെലിക്സ് IV ...... (526–530)
55. വി. ബോനിറസ് I ........ (530–532)
56. വി. ജോൺ II .............. (533–536)
57. വി. അഗാപ്പിറ്റെസ് I ..... (535–536)
58. വി. സിൽവേരിയൂസ് ....... (536–537)
59. വിജിലിയൂസ് .................... (537–555)
60. പെലാജിയൂസ് I ........... (556–561)
61. ജോൺ III ................... (561–574)
62. ബെനഡിക്ട് I ............. (575–579)
63. പെലിജിയൂസ് II ......... (579–590)
64. മഹാനായ വി. ഗ്രിഗറി I (590–604)
65. സബീനിയൻ .................... (604–606)
66. ബോനിഫസ് III .......... (606–607)
67. വി. ബോനിഫസ് IV .... (608–615)
68. വി. അദോയോദാത്തൂസ് I (615–618)
69. ബോനിഫസ് V ........... (619–618)
70. ഹോണോരിയൂസ് I ...... (625–638)
71. സെവേറിയൂസ് ................. (638–640)
72. ജോൺ IV ................... (640–642)
73. തെയഡോർ I .............. (642–649)
74. വി. മാർട്ടിൻ I .............. (649–655)
75. വി. എവുജിൻ I ........... (655–657)
76. വി. വിറ്റാലിയൻ ............... (657–672)
77. അദയോദാത്തൂസ് II ..... (672–678)
78. ദോനൂസ് ............................ (676–678)
79. വി. അഗാത്തോ ............... (678–681)
80. വി. ലെയോ II ............. (682–683)
81. വി. ബെനഡിക്ട് ............. (684–685)
82. ജോൺ IV ................... (685–686)
83. കോനോൻ ......................... (686–687)
84. വി. സെർജിയൂസ് I ...... (687–701)
85. ജോൺ VI ................... (701–705)
86. ജോൺ VII .................. (705–707)
87. സിസിന്നിയൂസ് ................. (708)
88. കോൺസ്റ്റന്റയിൻ ............. (708–715)
89. വി. ഗ്രിഗറി II .............. (715–731)
90. വി. ഗ്രിഗറി IIII ............ (731–741)
91. വി. സഖാറി ...................... (741–752)
92. സ്റ്റീഫൻ II ................... (752) സ്ഥാനാരോഹണത്തിനു മുൻപേ മരിച്ചു.
93. സ്റ്റീഫൻ III ................. (752–757)
94. വി. പൗലോസ് I .......... (757–767)
95. സ്റ്റീഫൻ IV ................. (767–772)
96. അഡ്രിയാൻ I .............. (772–795)
97. വി. ലെയോ III ............ (795–816)
98. സ്റ്റീഫൻ V ................... (816–817)
99. വി. പാസ്കൽ I ........... (817–824)
100. എവുജിൻ II ................ (824–827)
101. വലെന്റയിൻ ...................... (827)
102. ഗ്രിഗറി IV .................. (827–844)
103. സെർജിയൂസ് II ........... (844–847)
104. വി. ലിയോ IV ............. (847–855)
105. ബനഡിക്ട് III ............. (855–858)
106. വി. നികോളോസ് I ...... (858–857)
107. അഡ്രിയാൻ II ............. (867–872)
108. ജോൺ VII .................. (872–882)

109. മാരിനൂസ് I ................. (882-884)
110. വി. അഡ്രിയാൻ III ...... (884-885)
111. സ്റ്റീഫൻ I .................... (885-891)
112. ഫോർമോസൂസ് ............... (891-896)
113. ബോനിഫസ് VI .......... (896)
114. സ്റ്റീഫൻ VII ................ (896-897)
115. റൊമാനൂസ് ....................... (897)
116. തിയഡോർ II .............. (897)
117. ജോൺ IX ................... (898-900)
118. ബെനഡിക്ട് IV .......... (900-093)
119. ലെയോ V ................... (903)
120. സെർജിയൂസ് III .......... (904-911)
121. അനസ്താസിയൂസ് III . (911-913)
122. ലാൻഡോ .......................... (913-914)
123. ജോൺ X .................... (914-928)
124. ലെയോ VI .................. (928)
125. സ്റ്റീഫൻ VIII ............... (929-931)
126. ജോൺ XI ................... (931-935)
127. ലെയോ VII ................. (936-939)
128. സ്റ്റീഫൻ XI ................. (939-942)
129. മാരീനൂസ് II ................ (942-946)
130. അഗാപ്പിറ്റെസ് II .......... (946-955)
131. ജോൺ XII ................. (955-963)
132. ലെയോ VIII ................ (963-964)
133. ബെനഡിക്ട് V ............ (964)
134. ജോൺ XIII ................ (965-972)
135. ബെനഡിക്ട് VI ........... (973-974)
136. ബെനഡിക്ട് VII ......... (974-983)
137. ജോൺ XIV ................ (983-984)
138. ജോൺ XV ................. (958-996)
139. ഗ്രിഗറി V .................... (996-999)
140. സിൽവെസ്റ്റർ II ........... (999-1003)
141. ജോൺ XVII .............. (1003)
142. ജോൺ XVIII ............. (1003-09)
143. സെർജിയൂസ് IV ......... (1009-12)
144. ബെനഡിക്ട് VIII ........ (1012-24)
145. ജോൺ XIX ............... (1024-32)
146. ബെനഡിക്ട് IX ......... (1032-45)
(മൂന്നുതവണ സ്ഥാനാരോഹണം ചെയ്തു).
147. സിൽവെസ്റ്റർ III .......... (1045)
(ആന്റിപോപ്പാണെന്ന് ചിലർ കരുതുന്നു).
148. ബെനഡിക്ട് IX ......... (1045)
149. ഗ്രിഗറി VI ................... (1045-46)
150. ക്ലെമന്റ് II .................... (1046-47)
151. ബെനഡിക്ട് IX ......... (1047-48)
152. ദാമാസൂസ് II .............. (1048)
153. വി. ലെയോ IX ........... (1049-54)
154. വിക്ടർ II ................... (1055-57)
155. സ്റ്റീഫൻ X ................. (1057-58)
156. നിക്കോളാസ് II ........... (1058-61)
157. അലക്സാർ II ........ (1061-73)
158. വി. ഗ്രിഗറി VII ........... (1073-85)
159. വാ. വിക്ടർ IV ........... (1086-87)
160. വാ. ഉർബൻ III ........... (1088-99)
161. പാസ്ക്കൽ II ............... (1099-1118)
162. ജെലാസിയൂസ് II ......... (1118-19)
163. കല്ലിസ്റ്റസ് II ................ (1119-24)
164. ഹൊണേറിയൂസ് II ...... (1124-30)
165. ഇന്നസെന്റ് II .............. (1130-43)
166. സെലസ്റ്റിൻ II .............. (1143-44)
167. ലൂഷ്യസ് II .................. (1144-45)
168. വാ. എവുജിൻ II ......... (1145-53)
169. അനസ്താസീയൂസ് III . (1153-54)
170. അഡ്രിയാൻ IV ............ (1154-59)
171. അലക്സാർ III ....... (1159-81)
172. ലൂഷ്യസ് III ................. (1181-85)
173. ഉർബൻ III .................. (1185-87)
174. ഗ്രിഗറി VIII ................. (1187)
175. ക്ലെമന്റ് III .................. (1187-91)
176. സെലസ്റ്റിൻ III ............. (1191-98)
177. ഇന്നസെന്റ് III ............. (1198-1216)
178. ഹൊണേറിയൂസ് III ..... (1216-27)
179. ഗ്രിഗറി IX .................... (1227-41)
180. സെലസ്റ്റിൻ IV ............. (1241)
181. ഇന്നസെന്റ് IV ............. (1243-54)
182. അലക്സാർ IV ....... (1254-61)
183. ഉർബൻ IV .................. (1261-64)
184. ക്ലെമന്റ് IV .................. (1265-68)
185. വാ. ഗ്രിഗറി X ............. (1271-76)

186. വാ. ഇന്നസെന്റ് V ....... (1276)
187. അഡ്രിയാൻ V ............. (1276)
188. ജോൺ XXI ................ (1276-77)
189. നിക്കോളാസ് III ........... (1277-80)
190. മാർട്ടിൻ IV .................. (1281-85)
191. ഹൊണേറിയൂസ് IV ..... (1285-87)
192. നിക്കോളാസ് IV .......... (1288-92)
193. വി. സെലസ്റ്റിൻ V ....... (1294)
194. ബോനിഫസ് VIII ....... (1294-1303)
195. വാ. ബെനഡിക്ട് XI .. (1303-04)
196. ക്ലെമന്റ് V .................. (1305-14)
197. ജോൺ XXII .............. (1316-34)
198. ബെനഡിക്ട് XII ......... (1334-42)
199. ക്ലെമന്റ് VI .................. (1342-52)
200. ഇന്നസെന്റ് VI ............ (1352-62)
201. വാഴ്ത്തപ്പെട്ട ഉർബൻ V (1362-70)
202. ഗ്രിഗറി XI .................. (1370-78)
203. ഉർബൻ IV .................. (1378-89)
204. ബോനിഫസ് IX .......... (1389-1404)
205. ഇന്നസെന്റ് VII ........... (1404-06)
206. ഗ്രിഗറി XII ................. (1406-15)
207. മാർട്ടിൻ V ................... (1417-31)
208. എവുജിൻ IV ............... (1431-47)
209. നിക്കോളാസ് V ............ (1447-55)
210. കലിസ്റ്റസ് III ............... (1455-58)
211. പിയൂസ് II ................... (1458-64)
212. പോൾ II ..................... (1464-71)
213. സിക്സ്റ്റസ് IV .............. (1471-84)
214. ഇന്നസെന്റ് VIII .......... (1484-92)
215. അലക്സാർ VI ....... (1492-1503)
216. പയസ് III..................... (1503)
217. ജൂലിയസ് II ................ (1503-13)
218. ലെയോ X .................. (1513-21)
219. അഡ്രിയാൻ VI ........... (1522-23)
220. ക്ലെമന്റ് VII ................ (1523-34)
221. പോൾ III ................... (1534-49)
222. ജൂലിയസ് III .............. (1550-55)
223. മാർസെല്ലൂസ് II ........... (1555)
224. പോൾ IV ................... (1555-59)
225. പിയൂസ് IV ................. (1559-65)
226. വി. പിയൂസ് V ............ (1566-72)
227. ഗ്രിഗറി XIII ................ (1572-85)
228. സിക്സ്റ്റസ് V ............... (1585-90)
229. ഉർബൻ VII ................. (1590)
230. ഗ്രിഗറി XIV ............... (1590-91)
231. വി. പിയൂസ് IX ........... (1591)
232. ക്ലെമന്റ് VIII ............... (1592-1605)
233. ലെയോ XI ................. (1605)
234. പോൾ X .................... (1605-21)
235. ഗ്രിഗറി XV ................ (1621-23)
236. ഉർബൻ VIII ................ (1623-44)
237. ഇന്നസെന്റ് X ............ (1644-55)
238. അലക്സാർ VII ..... (1655-67)
239. ക്ലെമന്റ് IX ................ (1667-69)
240. ക്ലെമന്റ് X ................. (1670-76)
241. വാ. ഇന്നസെന്റ് XI ..... (1676-89)
242. അലക്സാർ VIII .... (1689-91)
243. ഇന്നസെന്റ് XII .......... (1691-1700)
244. ക്ലെമന്റ് XI ................ (1700-21)
245. ഇന്നസെന്റ് XIII ......... (1721-24)
246. ബെനഡിക്ട് XIII ....... (1724-30)
247. ക്ലെമന്റ് XII ............... (1730-40)
248. ബെനഡിക്ട് XIV ....... (1740-58)
249. ക്ലെമന്റ് XIII ............... (1758-69)
250. ക്ലെമന്റ് XIV ............... (1769-74)
251. പിയൂസ് VI ................. (1775-99)
252. പിയൂസ് VII ............... (1800-23)
253. ലെയോ XII ................ (1823-29)
254. പിയൂസ് VIII .............. (1829-30)
255. ഗ്രിഗറി XVI ............... (1831-46)
256. വാ. പീയൂസ് IX ......... (1846-78)
257. ലെയോ XIII .............. (1878-1903)
258. വി. പിയൂസ് X ........... (1903-14)
259. ബെനഡിക്ട് XV ........ (1914-22)
260. പിയൂസ് XI ................. (1922-39)
261. പിയൂസ് XII ................ (1939-58)
262. വാ. ജോൺ XXIII ....... (1939-58)
263. പോൾ VI ................... (1963-78)
264. ജോൺ പോൾ I ........... (1978)
265. ജോൺ പോൾ II ......... (1978-2005)
266. ബെനഡിക്ട് XVI ....... (2005)

# ഭാഗം IV
# ധാർമ്മിക ദൈവശാസ്ത്രം

ക്രിസ്തീയത കേവലം ആശയങ്ങളുടെ സംഹിതയല്ല. അടിസ്ഥാനപരമായി ഒരു ജീവിതശൈലിയാണ്. ക്രിസ്തീയ ജീവിതശൈലിയെ രൂപപ്പെടുത്താൻ സഹായിക്കുക എന്നതാണ് വിവിധ ദൈവശാസ്ത്ര ശാഖകളുടെ ലക്ഷ്യം. ക്രിസ്തീയ ജീവിതശൈലിയുടെ അടിസ്ഥാന സ്വാവങ്ങളെ വിശദീകരിക്കുന്ന ദൈവശാസ്ത്രശാഖയാണ് ധാർമ്മിക ദൈവശാസ്ത്രം. ഈ പാഠഭാഗത്തിന്റെ രചനയ്ക്ക് പ്രധാനമായും അവലംബമായിരിക്കുന്നത് പി.ഒ.സി. പ്രസിദ്ധീകരണമായ "ക്രിസ്തീയ ധാർമ്മികത" എന്ന പുസ്തത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഏതാനും പാഠങ്ങളാണ്.

**പാഠരചന**

**ഡോ. ജോസഫ് കോയിക്കക്കുടി**

# 7
# ക്രിസ്തീയ ധാർമ്മികത

തന്നെ സൃഷ്ടിക്കുകയും സ്നേഹിച്ചുപരിപാലിക്കുകയും ചെയ്യുന്ന ദൈവത്തോടുള്ള മനുഷ്യന്റെ ബന്ധമാണ് മനുഷ്യപ്രവൃത്തികളിലെ നന്മതിന്മകളെ വേർതിരിക്കുന്നത്. ദൈവഹിതത്തിനനുസൃതമായുള്ള മനുഷ്യപ്രവൃത്തികൾ നന്മയായിട്ടുള്ളതും ദൈവഹിതത്തിനുവിരുദ്ധമായ പ്രവൃത്തികൾ തിന്മയായിട്ടുള്ളതുമാണ്. ക്രൈസ്തവ ധാർമ്മികതയുടെ മാനദണ്ഡം ദൈവമാണെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

തന്റെ ജനത്തിൽനിന്ന് താൻ എന്തു പ്രതീക്ഷിക്കുന്നുവെന്ന് ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള ദൈവിക വെളിപാടിന്റെ ലിഖിതരൂപമാണ് ബൈബിൾ. തന്റെ ജനവുമായി മോശയിലൂടെ നടത്തിയ പഴയ നിയമ ഉടമ്പടിയും അതിനെ പൂർത്തീകരിച്ചുകൊണ്ട് ദൈവപുത്രനായ ക്രിസ്തുവിലൂടെ നടത്തിയ പുതിയ ഉടമ്പടിയും ധാർമ്മിക ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന ശിലകളാണ്. “എന്റെ ഉടമ്പടി പാലിച്ചു ജീവിച്ചാൽ നിങ്ങൾ എന്നേക്കും എന്റെ സ്വന്തം ജനമായിരിക്കും” (പുറ.19:5) എന്ന ദൈവിക നിബന്ധനയോട് “ദൈവം പറഞ്ഞതെല്ലാം ഞങ്ങൾ അനുസരിച്ച് ജീവിക്കും” (പുറ. 19:8) എന്ന് ദൈവജനം മറുപടി പറയുന്നതായി സീനായ് ഉടമ്പടിയുടെ വിവരണത്തിൽ നാം വായിക്കുന്നു. ദൈവ മനുഷ്യബന്ധത്തിന്റെ ധാർമ്മികതയെ അളക്കുന്ന ദൃശ്യമായ അടയാളമായി പഴയനിയമം അവതരിപ്പിക്കുന്നത് സീനായ് ഉടമ്പടിയിലൂടെ ലഭിച്ച പത്തുകല്പനകളെയാണ്. കല്പനകളുടെ ലിഖിതരൂപത്തെ വാഗ്ദാനപേടകത്തിൽ മാത്രമല്ല ഓരോ യഹൂദനും തന്റെ ശിരോവസ്ത്രത്തിലും സൂക്ഷിച്ചിരുന്നു. പാപമെന്നത് ദൈവവുമായി ഏർപ്പെട്ട ഉടമ്പടിയുടെ ലംഘനമാണെന്ന് പ്രവാചകന്മാർ അനുസ്മരിപ്പിക്കുന്നുണ്ട്. സീനായ് ഉടമ്പടിയിലൂടെ മനുഷ്യകുലവുമായ് ദൈവം സ്നേഹബന്ധത്തിലായി എന്ന് വി. ഗ്രന്ഥം സമർത്ഥിക്കുന്നു. ദൈവം പിതാവും ഇസ്രായേൽ മകനുമാണെന്നും (ഹോസി 11:14), ദൈവം ഇടയനും ഇസ്രായേൽ അജഗണവുമാണെന്നും (എസെ 34:11-23), ഇസ്രായേൽ വധുവും ദൈവം വരനുമാണെന്നും (എശ 54:1-10) പ്രവാചകന്മാർ ഓർമ്മിപ്പിക്കുന്നതിന്റെ അർത്ഥം ഉടമ്പടിയിലൂടെ നിലവിൽവന്ന ദൈവ മനുഷ്യബന്ധം തീവ്രമായ സ്നേഹത്തിന്റേതാണ് എന്ന

വസ്തുതയാണ്. ഈ സ്നേഹബന്ധത്തെ പാപംമൂലം നിരസിച്ച ഇസ്രായേൽ ജനത ഉടമ്പടിയെ നിഷേധിക്കുയായിരുന്നു. (ജെറെ 22:8-9). ഇസ്രായേലിന്റെ ഉടമ്പടി ലംഘനത്തെ വ്യഭിചാരം മൂലം ദാമ്പത്യ ഉടമ്പടിയെ നശിപ്പിക്കുന്ന അഭിസാരികയായ ഭാര്യയുടെ നടപടിയോടാണ് ഹോസിയ പ്രവാചകൻ ഉപമിക്കുന്നത് (2:2-5). ചുരുക്കത്തിൽ, മനുഷ്യനെ അഗാധമായി സ്നേഹിക്കുന്ന ദൈവത്തിന്റെ സ്നേഹത്തോടുള്ള മനുഷ്യന്റെ പ്രതികരണമാണ് മാനുഷിക ധാർമ്മികതയുടെ മാനദണ്ഡമായി ബൈബിൾ അവതരിപ്പിക്കുന്നത്. മനുഷ്യൻ നഷ്ടമാക്കിയ ഉടമ്പടിയുടെ സദ്ഫലങ്ങളെ പുതിയ ഉടമ്പടിയിലൂടെ വീണ്ടെടുത്തതിനാൽ ദൈവജനം ദൈവമക്കളുടെ പദവിയിലേക്കുയർത്തപ്പെട്ടു. അതുകൊണ്ട് ക്രിസ്തു സംഭവത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ ധാർമ്മികതയെക്കുറിച്ചു പുതിയ നിയമം പ്രതിപാദിപ്പിക്കുന്നുള്ളൂ. പഴയനിയമ, പുതിയ നിയമ ഉടമ്പടികളുടെ പരിപ്രേക്ഷ്യത്തിലാണ് ക്രിസ്തീയധാർമ്മികതയെ നാം മനസ്സിലാക്കേണ്ടത്.

ദൈവവുമായുള്ള ബന്ധം പുന:സ്ഥാപിച്ച് ദൈവത്തിൽ എത്തിച്ചേരാൻ മനുഷ്യനെ സഹായിക്കുക എന്നതാണ് ധാർമ്മിക ദൈവശാസ്ത്രത്തിന്റെ അടിസ്ഥാന ലക്ഷ്യം. ധാർമ്മിക ദൈവശാസ്ത്രത്തെക്കുറിച്ചുള്ള പഠനങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ധാർമ്മിക ദൈവശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളായ സ്വാതന്ത്ര്യം, മനസാക്ഷി, മനുഷ്യപ്രവൃത്തി, പാപം തുടങ്ങിയവയാണ് ഇവിടെ വിശദീകരിക്കുന്നത്.

## സ്വാതന്ത്ര്യം: നമ്മുടെ തിരഞ്ഞെടുപ്പ്

സ്വതന്ത്രമായ പ്രവർത്തനം എപ്പോഴും ഒരു തിരഞ്ഞെടുപ്പാണ്. (Choice). ഒരു പ്രവൃത്തി ചെയ്യുവാൻ നാം തയ്യാറാകുന്നതോടുകൂടി മറ്റൊന്നിനെ നാം ഉപേക്ഷിക്കുന്നു. ഒരു നന്മയെ സ്വീകരിക്കുമ്പോൾ മറ്റൊന്നിനെ നാം സ്വതന്ത്രമായി നിരസിക്കുന്നു. അങ്ങനെ ഒന്നിനുവേണ്ടി മറ്റൊന്നിനെ സ്വതന്ത്രമായി പരിത്യജിച്ചുകൊണ്ടാണ് മനുഷ്യൻ പ്രവർത്തിക്കുന്നത്. സ്വതന്ത്രമായ ഈ തെരഞ്ഞെടുപ്പിലാണ് ആത്യന്തികമായി മനുഷ്യന്റെ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്.

ഈ തിരഞ്ഞെടുപ്പ് നന്മയുടെ തിരഞ്ഞെടുപ്പാണ്. അടിസ്ഥാനപരമായി നന്മയിലേക്കു ചാഞ്ഞിരിക്കുന്ന മനുഷ്യമനസ്സ് നന്മയുടെ തിരഞ്ഞെടുപ്പിൽ മാത്രമേ സംതൃപ്തമാവുകയുള്ളൂ. അതുകൊണ്ട് സാക്ഷാൽ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത് സ്വതന്ത്ര മനസ്സ് നന്മ തിരഞ്ഞെടുക്കുന്നതിലാണ്.

### 1. ബുദ്ധി: സ്വതന്ത്ര മനസ്സിന്റെ നാരായവേര്

മനുഷ്യൻ ബുദ്ധിയുള്ളവനായതുകൊണ്ടാണ് സ്വതന്ത്രനായിരിക്കുന്നത്. അവന്റെ ബുദ്ധി ഉപയോഗിച്ച് നന്മ തിന്മകളെ വേർതിരിക്കുകയും ലക്ഷ്യപ്രാ

പ്തിക്കുള്ള മാർഗ്ഗങ്ങളെ വിവേചിച്ച് സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെ ജീവിതത്തിന്റെ അർത്ഥവും വ്യാപ്തിയും ആവശ്യങ്ങളും മനസ്സിലാക്കി അതിനുവേണ്ട അവികലങ്ങളായ തീരുമാനങ്ങളിലേയ്ക്ക് മനുഷ്യനെ എത്തിക്കുകയാണ് അവന്റെ നൈസർഗ്ഗികമായ ബുദ്ധി. ഈ വിശിഷ്ടദാനമുപയോഗിച്ചാണ് മനുഷ്യൻ സാഹചര്യങ്ങളെ വിലയിരുത്തുന്നതും, തീരുമാനങ്ങളെടുക്കുന്നതും പ്രവർത്തിക്കുന്നതും. ബുദ്ധിരഹിതങ്ങളായ ചെടികളും ജീവികളും പ്രേരണകൾക്കും വാസനകൾക്കും വശംവദരായിട്ടാണ് ഓരോ പ്രവർത്തനവും നടത്തുന്നത്. എന്നാൽ, മനുഷ്യൻ അവ ഒരോന്നിനെക്കുറിച്ചും ബോധവാനായി അവയെ സ്വാഭീഷ്ടമനുസരിച്ച് നിയന്ത്രിക്കുന്നു. ബുദ്ധിപൂർവ്വമായ ഈ വിവേചനമാണ് മനുഷ്യനെ സ്വതന്ത്രനാക്കുന്നതും ധാർമ്മികത അംഭംഗുരം കാത്തുസൂക്ഷിക്കുവാൻ പ്രേരിപ്പിക്കുന്നതും. അതുകൊണ്ട് ബുദ്ധിയുടെ അഭാവം, വസ്തുക്കളെപ്പറ്റിയുള്ള അജ്ഞാനം മനുഷ്യനെ അടിമത്തത്തിലേക്കും അരാജകത്വത്തിലേക്കും നയിക്കും.

സ്വാതന്ത്ര്യത്തിന് അടിസ്ഥാനമായ ബുദ്ധി മനുഷ്യനിൽ പരിമിതമായ തോതിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. കാരണം മനുഷ്യൻ പരിമിതനാണ്. മാത്രവുമല്ല, മനുഷ്യന്റെ ആദ്യപതന (Orginal fall) ത്തോടുകൂടി അവന്റെ തിന്മയിലേക്കുള്ള ആകർഷണത്തിന് ശക്തി കൂടുകയും ബുദ്ധിയുടെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തിട്ടുണ്ട്. ബുദ്ധിയുടെ വിഷയമായ നന്മ (goodness) അനന്തനന്മ (infinite good ness - God) വിവേചിച്ചറിയുന്നതിന് മനുഷ്യൻ പരാജയപ്പെടുന്നതിന്റെ കാരണമിതാണ്.

### 2. മനസ്സിന്റെ പങ്ക്

ഒരു പ്രവൃത്തി ചെയ്യുന്നതിനു മുമ്പായി നാം അതിന്റെ നാനാവശങ്ങളെപ്പറ്റി ബുദ്ധികൊണ്ടറിഞ്ഞാൽ മാത്രം പോരാ; അതുചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ നമ്മുടെ മനസ്സുകൊണ്ട് തീരുമാനിക്കുക കൂടി വേണം. അതുകൊണ്ട് മനുഷ്യ സ്വാതന്ത്ര്യത്തിന്റെ അഭിഭാജ്യ ഘടകമാണ് മനസ്സ് (Will). ബുദ്ധി അറിവ് പ്രധാനം ചെയ്യുമ്പോൾ മനസ്സ് തെരഞ്ഞെടുപ്പിന് (Choice) മനുഷ്യനെ പ്രാപ്തനാക്കുന്നു. മനസ്സിന്റെ ലക്ഷ്യം എല്ലായ്പ്പോഴും നന്മയാണ്. എങ്കിലും ബുദ്ധിയെപ്പോലെ തന്നെ മനസ്സിനും പരിമിതികളുണ്ട്. അതിനാൽ മറ്റുസാഹചര്യങ്ങളുടെ സ്വാധീനം മൂലം വലിയ നന്മയെ ഉപേക്ഷിച്ച്, ചെറിയ നന്മയെ അല്ലെങ്കിൽ താല്ക്കാലികഗുണം നല്കുന്ന വസ്തുക്കളെ തെരഞ്ഞെടുക്കുന്നതിന് നമ്മെ പ്രേരിപ്പിച്ചേക്കാം. സുശക്തമായ ശിക്ഷണത്തിലൂടെ മനസ്സിനെ ഈ പരിമിതിയിൽനിന്നും കുറെയൊക്കെ നമുക്ക് മോചിപ്പിക്കുവാൻ സാധിക്കും. അങ്ങനെ മനുഷ്യ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാന കാരണം മനസ്സാണ്. കാരണം മനസ്സാണ് ആത്യന്തകമായി തെരഞ്ഞെടുപ്പ് നടത്തുന്നത്.

മനുഷ്യന്റെ വികാരങ്ങ (Passions)ളും ശീല (habit)ങ്ങളും സ്വാതന്ത്ര്യത്തെ ഹനിക്കുന്നുണ്ട്. എന്നാൽ ഇവയെക്കാളേറെ സ്വാതന്ത്ര്യത്തെ കൂച്ചുവിലങ്ങി ടുന്നത് മനുഷ്യന്റെ സ്വാർത്ഥതയാ (selfishness) ണ്. മനുഷ്യനു സ്വതസിദ്ധ മായ കൂർമ്മബുദ്ധിയും സുശക്തമായ മനസ്സും കരഗതമായിട്ടുണ്ടെങ്കിലും സ്വാർത്ഥത അവനെ അടിമയാക്കിയേക്കും. സ്വാർത്ഥത പോലെതന്നെ ദൂഷ്യം ചെയ്യുന്ന മറ്റൊന്നാണ് സ്വന്തം ശക്തിയിലുള്ള അതിരുകടന്ന ആത്മവിശ്വാ സവും അതിൽനിന്നും ഉടലെടുക്കുന്ന അഹംഭാവവും. ഈ രണ്ടുകാര്യങ്ങ ളാണ് ലോകത്തിൽ കുറ്റവാളികളെയും അസൻമാർഗ്ഗികളെയും പ്രദാനം ചെയ്യുന്നത്. ഇക്കൂട്ടർ അടിമകളാണ്– സ്വാർത്ഥതയുടെയും അഹംഭാവത്തി ന്റെയും അടിമകൾ.

തൻമൂലം മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് ബുദ്ധിയും വിവേചനവും പൂർണ്ണ മായ മനസ്സും മാത്രം പോരാ, സ്വാർത്ഥതയുടെയും അഹംഭാവത്തിന്റെയും കരാളഹസ്തങ്ങളിൽ നിന്നും മോചനം നല്കുന്ന ജീവദായകമായ - കർമ്മ ദ്യോതകമായ സ്നേഹവും കൂടി വേണം. കാരണം സ്നേഹജന്യമായ പ്രവർത്തികൾ മനുഷ്യന്റെ ഹൃദയ ശൂന്യതയെ അകറ്റുന്നു. നന്മയ്ക്കു പ്രേരണ നല്കുന്നു, അതാണ് യഥാർത്ഥമായ സ്വാതന്ത്ര്യം.

## എന്തിനുള്ള സ്വാതന്ത്ര്യം

പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽനിന്നും ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു (ഗലാ. 5:1). ഈ സ്വാതന്ത്ര്യം എന്തിനുവേണ്ടിയു ള്ളതാണ്?. "സഹോദരരെ സ്വാതന്ത്ര്യത്തിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്നവ രാണു നിങ്ങൾ. എന്നാൽ, ഇത് ഭൗതീക സുഖത്തിനുള്ള സ്വാതന്ത്ര്യമായി കരുതരുത്. പ്രത്യുത സ്നേഹത്താൽ അന്യോന്യം സേവിക്കുവിൻ" (ഗലാ. 5:13). വി. അപ്പസ്തോലന്റെ വാക്കുകളിൽനിന്നും വ്യക്തമാകുക, ദൈവ സ്നേഹത്തിനുവേണ്ടിയുള്ള തിരഞ്ഞെടുപ്പിനും, അതനുസരിച്ചുള്ള പ്രവർത്ത നത്തിനുമാണ് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയത് എന്നാണ്. അതുകൊണ്ടു ദൈവ സ്നേഹപ്രവർത്തനങ്ങൾക്ക് എതിരായിനിൽക്കുന്നവയിൽനിന്നുമുള്ള - സ്വാർത്ഥതയിൽനിന്നും അതിൽനിന്നും ഉയിർകൊള്ളുന്ന ജഡികാഭിലാഷ ങ്ങളിൽനിന്നുമുള്ള - മോചനമാണ് ആത്മാവിന്റെ ആന്തരിക പ്രചോദന ങ്ങൾക്കനുസരിച്ച് ദൈവത്തിനും മനുഷ്യനും സേവനം ചെയ്യുന്നത്. വി. അപ്പ സ്തോലൻ പറയുന്നു. "കർത്താവ് അരൂപിയാകുന്നു. കർത്താവിന്റെ അരൂപി എവിടെയുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ട് (2 കൊറി. 3:17).

## 3. മാനുഷിക പ്രവൃത്തി (Human Act)

പൊതുവിൽ മാനുഷിക പ്രവൃത്തി എന്നതുകൊണ്ടു വിവക്ഷിക്കുക മനു ഷ്യന്റെ എല്ലാ പ്രവർത്തനങ്ങളെയുമാണ്. എന്നാൽ, ക്ലിപ്താർത്ഥത്തിൽ

ബുദ്ധിയും സ്വതന്ത്രമനസ്സും ഉപയോഗിച്ച് മനുഷ്യൻ ചെയ്യുന്ന പ്രവൃത്തിയാണ് മാനുഷിക പ്രവൃത്തി. മാനുഷിക പ്രവൃത്തി സ്വതന്ത്രമനസ്സിന്റെ തീരുമാനത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്.

**4. യുക്തിയും വിവേചനവും**

സ്വതന്ത്രതീരുമാനത്തിനുശേഷം ചെയ്യുന്ന ഓരോ പ്രവൃത്തിയും നടപ്പാക്കുന്നത് ആ പ്രവൃത്തിയെക്കുറിച്ചുള്ള അറിവിന്റെ വെളിച്ചത്തിലാണ്. അറിവിനുശേഷമാണ് മാനുഷിക പ്രവൃത്തി രൂപം കൊള്ളുന്നത്. അപ്പോൾ ആ പ്രവൃത്തിയുടെ മൂല്യത്തെ (Value) മനസ്സ് അംഗീകരിക്കുന്നു. മനസ്സിന്റെ ശരിയായ വിഷയം നന്മയാണ്. (Goodness) എന്നാൽ ഓരോ പ്രത്യേക നന്മയും അനന്തനന്മ (Absolute goodness) യുടെ മുമ്പിൽ നിസ്സംഗ മനോഭാവം പ്രകടിപ്പിക്കുന്നു. കാരണം, അനന്തനന്മയൊഴിച്ച് സൃഷ്ടിക്കപ്പെട്ട എല്ലാ നന്മയും പരിമിതമാണ്. തൻമൂലം ഈ പരിമിത നന്മകളിൽ നല്ല വശവും തിന്മയുടെ വശവുമുണ്ട്. അതുകൊണ്ട് ഇപ്രകാരമുള്ള പരിമിതനന്മകളുടെ മുമ്പിൽ, മനസ്സിന് ബുദ്ധിയുടെ വിവേചനം കൂടാതെ പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. അങ്ങനെ ബുദ്ധിയുടെ വിവേചനത്തിലൂടെ മനസ്സ് സ്വീകാര്യമായവ തിരഞ്ഞെടുക്കുന്നു. (തെരഞ്ഞെടുപ്പ് സ്വാതന്ത്ര്യം-freedom of Choice).

ഒരു വസ്തുവിനെയോ പ്രവൃത്തിയേയോ വിവേചിച്ചറിയുന്നത് അതിനെക്കുറിച്ചുള്ള അറിവിന്റെയും മനനത്തിന്റെയും അടിസ്ഥാനത്തിലുള്ള മൂല്യനിർണ്ണയത്തിന്റെ വെളിച്ചത്തിലാണ് (assessment of values). ഒരു മൃഗം പോലും അതു ദർശിക്കുന്നതിനെ മനസ്സിലാക്കുന്നു. എന്നാൽ, ഈ അറിവ് ഇന്ദ്രിയപരവും പദാർത്ഥപരവുമാണ് (Sensibile and material). തദ്ഫലമായി അത് പെട്ടന്നൊരു പ്രതികരണം കാണിക്കുന്നു. ഇതുപോലെ തന്നെ മനുഷ്യനും ചില പ്രതികരണങ്ങൾ കാണിക്കാറുണ്ട്. ഉദാഹരണമായി വീഴാൻ തുടങ്ങുമ്പോൾ കൈകൾ നിലത്തുകുത്തുന്നു. ഇത് " ഒരു മനുഷ്യ പ്രവൃത്തി" (human act, actus hominis) ആണ്. എന്നാൽ മാനുഷിക പ്രവൃത്തി (human act, actus humanus) യല്ല. മാനുഷിക പ്രവൃത്തി അറിവിന്റെയും മനസ്സിന്റെയും പ്രവർത്തന ഫലമായി ചെയ്യുന്ന പ്രവൃത്തിയാണ് മനുഷ്യപ്രവൃത്തിയിൽ ഈ രണ്ടു ഘടകങ്ങൾ ആവശ്യം ഉണ്ടായിരിക്കണമെന്നില്ല.

**ഇച്ഛാശക്തിയുടെ പ്രവർത്തനം**

മാനുഷിക പ്രവൃത്തി എപ്പോഴും സ്വതന്ത്രമായ തീരുമാനത്തിൽ നിന്നും ഉയിർക്കൊള്ളുന്ന പ്രവൃത്തിയാണ്. അതുകൊണ്ട് അതിനെ സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തി (voluntary act, actus voluntarius) എന്നു പറയുന്നു. സ്വേച്ഛയാ ചെയ്യുന്ന ഈ പ്രവൃത്തിയിൽനിന്നും വ്യതിരക്തമാണ്. നമ്മുടെ മനസ്സ് ആഗ്രഹിക്കുക മാത്രം ചെയ്യുന്ന പ്രവൃത്തി (actus volitum)കൾ. ഉദാഹരണമായി, മരിച്ചുകാണുവാനായി നാം ആഗ്രഹിക്കുന്ന വ്യക്തി മരിക്കുമ്പോൾ നാം സന്തോഷിക്കുന്നു. ഈ പ്രവൃത്തിക്ക്, അതായത് നാം ആഗ്ര

ഹിക്കുകമാത്രം ചെയ്ത പ്രവൃത്തിക്ക്, നാം പൂർണ്ണമായി ഉത്തരവാദികളല്ല. ബുദ്ധിയുടെയും മനസ്സിന്റെയും പ്രവർത്തനഫലമായുണ്ടാകുന്ന തീരുമാന ത്തിലധിഷ്ഠിതമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തിക്ക് (voluntary act) നാം പൂർണ്ണമായി ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു.

സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തികൾ രണ്ടുതരത്തിലുണ്ട്.

**1) അറിവിന്റെ അടിസ്ഥാനത്തിൽ**

പൂർണ്ണമായും സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തി (Fully voluntary, voluntarium perfectum) കളും അപൂർണ്ണമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃ ത്തി (voluntarium imperfectum) കളും. പൂർണ്ണമായും സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തികൾ വ്യക്തമായ അറിവിന്റെയും സ്വാതന്ത്ര്യമനസ്സിന്റെയും തീരുമാ നത്തിന്റെ വെളിച്ചത്തിൽ ചെയ്യുന്ന പ്രവൃത്തികളാണ്. അപൂർണ്ണമായും സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തികളിൽ ഭാഗികമായ അറിവോ അപൂർണ്ണമായ സമ്മതമോ ആണ് ഉള്ളത്.

**2) നിർവ്വഹണ (execution)ത്തിന്റെ അടിസ്ഥാനത്തിൽ**

പ്രത്യക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തി (voluntarium indirctum) കളും പരോക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തി (voluntarium indirctum) കളും ഈ ഗണത്തിൽപെടുന്നു. ഒരു വ്യക്തി ഒരു പ്രവൃത്തി ചെയ്യുവാൻ തീരുമാനമെടുക്കുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ആ പ്രവൃത്തി അതിൽ തന്നെ (inse) പ്രത്യക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃ ത്തിയാകുന്നു. ഉദാ. പ്രതികാര ബുദ്ധിയോടുകൂടിയ പ്രവൃത്തി, പരോക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തിയിൽ ആ പ്രവൃത്തിയെക്കുറിച്ച് മുൻകൂട്ടി കാണു ന്നു. അത് പ്രകാരം സംഭവിക്കാനുദ്ദേശിക്കുന്നില്ലെങ്കിലും പ്രത്യക്ഷമായി തീരുമാനിച്ച പ്രവൃത്തിയുടെ ഒരു പരിണിതഫലം (Consequence) എന്ന നിലയിൽ അതിനു മൗനാനുവാദം നല്കുന്നു. ഉദാഹരണമായി ഗർഭാശയ ത്തിനു ക്യാൻസർ ബാധിച്ച രോഗിയുടെ ഗർഭാശയം എടുത്തുകളയുന്നു, രോഗവിമോചനത്തിനായി ഇവിടെ ഗർഭാശയവിച്ഛേദനം പരോക്ഷമായി മാത്രമേ ആഗ്രഹിക്കുന്നുള്ളു. രോഗവിമുക്തിക്കായി ചികിത്സിച്ചപ്പോൾ ഒരു അനുബന്ധഫലം (Side effect) ആയി ഗർഭാശയ വിച്ഛേദനം സംഭവിച്ചു എന്നുമാത്രം. ഇത്തരത്തിലുള്ള പരോക്ഷമായി സ്വേച്ഛയാ ചെയ്യുന്ന പ്രവൃ ത്തികൾക്ക് നാം ധാർമ്മികമായി ഉത്തരവാദികളല്ല.

**മാനുഷിക പ്രവൃത്തികൾക്കുള്ള തടസ്സങ്ങൾ**

അറിവോടും സമ്മതത്തോടും കൂടി ചെയ്യുന്ന മാനുഷിക പ്രവൃത്തികൾക്ക് വിഘാതം സൃഷ്ടിക്കുന്നവയാണ് സമ്മർദ്ദം, ഭയം, വികാരവിക്ഷോഭം, അശ്രദ്ധ, അജ്ഞത, ശീലം, ശാരിരീക മാനസിക സ്വാധീനങ്ങൾ തുടങ്ങിയവ.

സമ്മർദ്ദത്തിനു വിധേയമായി ചെയ്യുന്ന പ്രവൃത്തി സ്വതന്ത്രമല്ല എന്നു മനസ്സിലാക്കാൻ വിഷമമില്ല. എനിക്കിഷ്ടമില്ലാത്ത ഭക്ഷണം അടിച്ചും ഇടിച്ചും എന്നെക്കൊണ്ടു കഴിപ്പിച്ചെന്നിരിക്കാം. ചെയ്യാൻ ആഗ്രഹിക്കുന്നില്ലെങ്കിലും കൈക്കുപിടിച്ച് എന്നെക്കൊണ്ട് ഒരാളെ അടിപ്പിച്ചെന്നിരിക്കാം. ഇച്ഛാശക്തി യുടെ കുറവുകൊണ്ട് ആ പ്രവൃത്തികൾ സ്വതന്ത്രമാകുന്നില്ല.

സമ്മർദ്ദം ശാരീരികമല്ലാതെ മാനസീകമാകുമ്പോൾ അതു ഭയത്തിന്റെ രൂപം പ്രാപിക്കുന്നു. ഒരു പ്രത്യേക വ്യക്തിയെ വിവാഹം കഴിച്ചില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്നു മകളോടു പറയുന്ന പിതാവ് അവളെ ഭയപ്പെടു ത്തുകയാണ്. ആ ഭയപ്പാടുകൊണ്ടുള്ള വിവാഹ സമ്മതം മാനുഷിക പ്രവൃത്തി എന്നുപറയുക വയ്യ. വിഷമസന്ധിയിൽ ആന്തരീകമായി പരപ്രേ രണ കൂടാതെ ഒരു ഭയം എല്ലാവർക്കുമുണ്ടാകാം. അത് സ്വാതന്ത്ര്യത്തെ നിഹനിക്കുന്നില്ല. വിവാഹാവസരത്തിൽ ഏറ്റെടുക്കുന്ന ഉത്തരവാദിത്വത്തെ പറ്റി ഭയം തോന്നിയ ചുറ്റുപാടിൽ വിവാഹസമ്മതം കൊടുത്താൽ ആ സമ്മ തവും തത്ഫലമായി ആവിവാഹവും ആസാധുവാകുന്നില്ല, വിവാഹം വാസ്ത വമായിരിക്കും.

വികാരവിക്ഷോഭം സ്വാതന്ത്ര്യം കുറയ്ക്കുകയോ നിശ്ശേഷം എടുത്തുക ളയുകയോ ചെയ്തെന്നുവരാം. തന്നോട് അസഭ്യം പറയുന്ന ഒരു മനുഷ്യ നോട് വെറുപ്പും ദേഷ്യവും തോന്നുകയും അതിന്റെ ഫലമായി അസഭ്യം പറയുന്നവനെ അടിക്കുകയും ചെയ്താൽ (Antecedent passion) ആ പ്രവൃത്തി സ്വതന്ത്രമായിരിക്കുകയില്ല. പ്രത്യേകിച്ച് പെട്ടെന്ന് ദേഷ്യം വരുന്ന പ്രകൃതിയാണുള്ളതെങ്കിൽ ശത്രുവിനെ വഴക്കുപറയുന്നതുകൊണ്ടുതന്നെ വികാരം രൂക്ഷമായി വിക്ഷോഭിക്കുകയും അതുകൊണ്ട് ശക്തമായി വഴക്കു പറയുകയും ചെയ്താൽ (Concomtant Passion) അവിടെയും ഉത്തരവാദിത്വം കുറയുകയും ചെയ്യുന്നു.

എന്നാൽ മൂന്നാമതൊരു തരത്തിലുള്ള വികാരവിക്ഷേഭമുണ്ട്. എന്നെ അസഭ്യം പറഞ്ഞിട്ടുള്ള ഒരു മനുഷ്യനോടു പകരം വീട്ടണമെന്നു ഞാൻ തീരുമാനിച്ചുറയ്ക്കുക. എപ്പോൾ എങ്ങനെ ആ പകരം വീട്ടൽ പ്രാവർത്തിക മാക്കണമെന്നെല്ലാം നിശ്ചയിക്കുക. അങ്ങനെ എടുത്ത തീരുമാനത്തിന്റെ ഫല മായി (Consequent Passion) ശത്രുവിനെ ഉപദ്രവിക്കുക. ഇവിടെ ഉത്തരവാ ദിത്വം കൂടുതലാണ്.

**അശ്രദ്ധ** (Inattention)

അശ്രദ്ധയോടുകൂടി ചെയ്യുന്ന ഒരു പ്രവൃത്തി മാനുഷിക പ്രവൃത്തി ആകു ന്നില്ല. കാരണം ബുദ്ധിയുടെയും സ്വതന്ത്രമനസ്സിന്റെയും പ്രവർത്തനം നട ക്കുന്നില്ല. ഉദാഹരണം ഒരാളെ യാദൃശ്ചികമായി മുറിവേൽപ്പിക്കുന്നു. ഇപ്ര

കാരമുള്ള പ്രവൃത്തികളുടെ ധാർമ്മിക ഉത്തരവാദിത്വം ആ പ്രവൃത്തിയിലുണ്ടായ അശ്രദ്ധയുടെ ഉത്തരവാദിത്വത്തെ ആശ്രയിച്ചിരിക്കുന്നു.

### അജ്ഞത

ആവശ്യം വേണ്ട അറിവിന്റെ അഭാവമാണ് അജ്ഞത. ഇപ്രകാരമുള്ള അജ്ഞത രണ്ടുവിധത്തിലാകാം. ഒന്ന്: അജയ്യമായ അജ്ഞത (Invincible ignorance) യാതൊരുവിധേനയും മറിക്കടക്കുവാൻ സാധ്യമല്ലാത്ത വിധമുള്ള അജ്ഞതയാണിത്. അജയ്യമായ അജ്ഞത സ്വേച്ഛയേ ഹനിക്കുന്നു. അതുകൊണ്ട് അപ്രകാരം ചെയ്യുന്ന പ്രവൃത്തി ഒരു മാനുഷിക പ്രവൃത്തി ആകാത്തതിനാൽ നാം അതിന് ഉത്തരവാദികളല്ല. രണ്ട് : ഈ അജ്ഞതയെ (Invincible ignorance) മനുഷ്യന്റെ പരിശ്രമത്തിലൂടെ നിർമ്മാർജനം ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള അജ്ഞതയോടെ ചെയ്യുന്ന പ്രവൃത്തിയുടെ ധാർമ്മിക ഉത്തരവാദിത്വം ഇല്ലാതാകുന്നില്ല.

### ശീലം

നല്ല ശീലങ്ങൾ നല്ല പ്രവൃത്തികൾ ചെയ്യുക സുഖകരമാക്കുന്നു. എങ്കിലും ശീലങ്ങളുടെ അടിസ്ഥാനത്തിൽ ചെയ്യുന്ന പ്രവൃത്തി സ്വേച്ഛയാ ചെയ്യുന്ന പ്രവൃത്തിയല്ല. കാരണം, അവിടെ ബുദ്ധിയുടെയും മനസ്സിന്റെ വിവേചനത്തിന്റെയും അടിസ്ഥാനമില്ല.

ഒരുവൻ പ്രവർത്തിക്കുക അത് പെട്ടെന്നുള്ള ഒരു പ്രേരണയുടെ ഫലമായി ചെയ്യുന്ന പ്രവൃത്തിയാണ്. തന്മൂലം അത് ഒരു മാനുഷിക പ്രവൃത്തിയല്ലാത്തതായിരുന്നു.

### ശാരീരിക, മാനസിക സ്വാധീനങ്ങൾ

മാനുഷിക പ്രവൃത്തിയെ തടസ്സപ്പെടുത്തുന്നവയാണ് ശരീരികവും മാനസികവുമായ ചില സ്വാധീനങ്ങൾ. മനുഷ്യമനസ്സിന്റെ തീരുമാനത്തിനനുസൃതമായി പ്രവർത്തിക്കുവാൻ ശാരീരിക ബലഹീനതകൾ ചിലപ്പോൾ അനുവദിച്ചില്ലെന്നു വരാം. അതുപോലെ ഭയം, അമിതമായ ഉൽക്കണ്ഠ തുടങ്ങിയവയും ബുദ്ധിയുടെയും മനസ്സിന്റെയും തീരുമാനങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കാം.

### ധാർമ്മികതയുടെ അന്ത:സത്ത

ഒരു പ്രവൃത്തി ധാർമ്മികമായി ശരിയോ തെറ്റോ എന്ന് വിധിയെഴുതുന്നത് ഒരു മാനദണ്ഡം (Norm) ത്തിന്റെ അടിസ്ഥാനത്തിലാണ്. ആ മാനദണ്ഡത്തിന് അനുയോജ്യമായ പ്രവൃത്തികൾ ധാർമ്മികമായി നല്ലവയാണ്. അതിനെതിരായിട്ടുള്ളവ അധാർമ്മികവും. എല്ലാത്തിന്റെയും ഉറവിടം ദൈവമാകയാൽ ധാർമ്മികതയുടെ ആദ്ധ്യാത്മിക മാനദണ്ഡം നൽകുന്ന മാനദണ്ഡം (unnormed norm) അതായത് മാനദണ്ഡം നൽകുന്ന മാനദണ്ഡം (ദൈവം

തന്നെ). എന്നാൽ, ഒരു വിശ്വാസി ദൈവവിശ്വാസത്താൽ ഉജ്ജ്വലമാക്കപ്പെട്ടു മനസ്സിലാക്കുകയും അതിന്റെ വെളിച്ചത്തിൽ സ്വാതന്ത്ര്യത്തെ ക്രമീകരിക്കുകയും ചെയ്യുന്നു. അപരൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിനാൽ അവന്റെ സ്വാതന്ത്ര്യത്തെയും നമുക്കു ബഹുമാനിക്കാൻ കടമയുണ്ട്. ആ ബഹുമാനം നൽകികൊണ്ടുമാത്രമേ സ്വാതന്ത്ര്യം ഉപയോഗിക്കുവാൻ നമ്മുക്ക് അവകാശമുള്ളൂ. വിശ്വാസിയല്ലാത്ത മനുഷ്യനും അവനു ലഭ്യമായിട്ടുള്ള പ്രായോഗിക ജ്ഞാനത്തിന്റെ വെളിച്ചത്തിൽ, സ്വന്തം സഹോദരന്റെ സ്വാതന്ത്ര്യത്തെ മാനിക്കുന്നതാണ് തന്റെ സ്വാതന്ത്ര്യം എന്നു മനസ്സിലാക്കി പ്രവർത്തിക്കുവാൻ കഴിയുന്നു.

ധാർമ്മികമായി നന്മയായിട്ടുള്ളത് അവശ്യം സ്വതന്ത്രമായി തീരുമാനിക്കപ്പെട്ടതാകണമെന്നില്ല. കാരണം, അപ്രകാരം തീരുമാനിക്കുക എന്നത് മനസ്സിന്റെ കടമയാണ്. ധാർമ്മികതയുടെ സംരക്ഷണാർത്ഥമുള്ള മനസ്സിന്റെ തീരുമാനങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്നില്ല.

ധാർമ്മികോത്തരവാദിത്വം (Moral Obligation) നമ്മുടെ സ്വാതന്ത്ര്യത്തിനു കടിഞ്ഞാണിടുന്ന ചങ്ങലയല്ല. അത് ഭൗതികവും ശാരീരികവും മാനസികവുമായ പ്രേരണ (Force) - കളിൽ നിന്നും വിഭിന്നമാണ്. അതുപോലെ തർക്കശാസ്ത്രാധിഷ്ഠിതമായ സത്യ (Logical necessity of Truth) ത്തിൽ നിന്നും വ്യത്യസ്തമാണ്. എന്നാലത് ഉദാത്ത (Superior) മായ ഒരു മനസ്സിന്റെ പ്രതിഫലനമാണ്. ഇവിടെ മനുഷ്യൻ അടിമയാകേണ്ട ആവശ്യം വരുന്നില്ല. ഒരു തീരുമാനത്തിലെത്താനുള്ള സ്വാതന്ത്ര്യം അവന് എപ്പോഴുമുണ്ട്.

## ഉപസംഹാരം

സത്തയിലധിഷ്ഠിതമാണ് മനുഷ്യന്റെ സ്വാതന്ത്ര്യദാഹം. ചുറ്റുപാടുകളുടെയും പാരമ്പര്യങ്ങളുടെയും നീരാളിപ്പിടുത്തത്തിലിരുന്ന മനുഷ്യൻ സ്വയം അടിമയായി കരുതുന്നു. അതുപോലെ സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യുന്നതിനുള്ള ലൈസൻസാണെന്നുള്ള വികലധാരണയോടെ സ്വാതന്ത്ര്യാസ്തിത്വത്തെ നിഷേധിക്കുന്നവരുമുണ്ട്. എന്നാൽ സൂഷ്മദൃഷ്ട്യാ മനുഷ്യൻ തന്റെ പ്രവർത്തനങ്ങളെയും ലോകത്തിലെ സ്ഥിരസ്ഥായിയായ ധാർമ്മിക മൂല്യങ്ങളെയും അപഗ്രഥിച്ചാൽ വ്യക്തമാകും, അവനിൽത്തന്നെ സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നുണ്ടെന്ന യാഥാർത്ഥ്യം. ആത്യന്തികമായി ഈ സ്വാതന്ത്ര്യം എന്തും ചെയ്യുന്നതിനുള്ള അനുവാദമല്ല. നന്മയുടെ തിരഞ്ഞെടുപ്പാണെന്നാണ് അവന്റെ ബുദ്ധിയും മനസ്സും സാമൂഹിക പ്രകൃതിയും വ്യക്തമാക്കുന്നത്. ഈ നന്മയുടെ തിരഞ്ഞെടുപ്പിനു ദൈവം തന്റെ കൃപാവരം മനുഷ്യനു നൽകുന്നു. അനന്തനന്മയായ ദൈവം രക്ഷാകരപദ്ധതിയിലൂടെ മനുഷ്യനെ പാപ-മൃത്യു-നിയമ ദാസ്യങ്ങളിൽനിന്നും മോചിപ്പിച്ച് കൃപാവര സഹായത്തി

ലൂടെ മാനുഷിക പ്രവൃത്തി ചെയ്യുന്നതിനു പ്രാപ്തനാക്കി. ഈ കൃപാവര ത്തോടു സഹകരിച്ച് യുക്തിയും മനസ്സും ഉപയോഗിച്ച് നന്മ തിരഞ്ഞെടുക്കു ന്നതിനുള്ള ഉത്തരവാദിത്വം മനുഷ്യനുണ്ട്. ഇതാണ് ധാർമ്മിക ഉത്തരവാദി ത്വം. ഈ ധാർമ്മിക ഉത്തരവാദിത്വം സ്വാതന്ത്ര്യത്തിന് ഒരിക്കലും പ്രതിബ ന്ധമല്ല. അതിന്റെ നിർവ്വഹണത്തിലൂടെ മാത്രമേ ഒരുവൻ യാഥാർത്ഥ്യത്തിൽ സ്വതന്ത്രനാകുന്നുള്ളൂ.

**ചോദ്യങ്ങൾ**

1. മനുഷ്യൻ സ്വതന്ത്രനാണോ? എന്തുകൊണ്ട്?
2. നന്മയുടെ ശക്തിയനുസരിച്ചു പ്രവർത്തിക്കുന്നതാണു സ്വാതന്ത്ര്യം. വിശദീകരിക്കുക.
3. മനുഷ്യസ്വാതന്ത്ര്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങളേവ?
4. ക്രീസ്തീയ വീക്ഷണത്തിൽ സ്വാതന്ത്ര്യത്തിന്റെ പ്രസക്തി വിശദീ കരിക്കുക?
5. മാനുഷിക പ്രവൃത്തി എന്നാൽ എന്ത്?
6. മാനുഷി പ്രവൃത്തിക്കുള്ള തടസ്സങ്ങൾ ഏവ?

**ഗ്രന്ഥസൂചി**


| | | |
|---|---|---|
| 1. | Aertny-Damen | Theologia Moralis, 16thed Rome, 1950 |
| 2. | Augusine'St. | De Libero Arbitrio CSEL, LXXI, 1956 |
| 3. | Barth K. | Church Dogmatics, 1962. |
| 4. | Bay C. | The Structure of Freedom, 1958. |
| 5. | Bergson H. | Time and Free will, 1980 |
| 6. | Guardini R. | Freedom, Grace and Desiny, 1961 |
| 7. | " | The Focus of Freedom, 1966 |
| 8. | Hearing B. | Morality is for Person, New York, 1948 |
| 9. | Mouroux J. | The Meaning of Man, New york, 1948 |
| 10. | Rahner K | Suarez on Human Freedom, 1950 |
| 11. | Rahner K. | Theological Investigations, 11, 1964 |
| 12. | Schnackenburg R. | The Mortal Teaching of the New Testment, London, 1965. |
| 13. | Thieckle H. | The Freedom of the Christian Man, 1963. |

# 8
# മനസ്സാക്ഷി

ധാർമ്മികമൂല്യങ്ങൾ പ്രതിദിനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ആധുനിക മനുഷ്യൻ പലപ്പോഴും സൗകര്യപൂർവ്വം വിസ്മരിച്ചു കളയുകയും അതേസമയം അവന്റെ ഉള്ളിന്റെയുള്ളിൽ കുടിക്കൊള്ളുകയും ചെയ്യുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ആ യാഥാർത്ഥ്യം അവന്റെ സൃഷ്ടിയല്ല. അതിനാൽ തന്നെ അത് അവന് അടിമയുമല്ല. സത്യവും അസത്യവും, നീതിയും അനീതിയും അത് വേർതിരിക്കും. അത് സ്നേഹത്തെ ആശ്ലേഷിക്കും, തിന്മയെ പുറംതള്ളും, ഈശ്വരനെ അന്വേഷിക്കും, കാണും, അറിയും, അനുസരിക്കും. ഈശ്വരന്റെ ഇംഗിതങ്ങൾക്ക് എതിരായ എല്ലാറ്റിനേയും അതു നിശിതമായി കുറ്റപ്പെടുത്തും. സ്നേഹജന്യമായ എല്ലാ പ്രവർത്തനങ്ങളെയും വികാരങ്ങളെയും അത് ത്വരിതപ്പെടുത്തും. സാമൂഹിക അനീതിക്കെതിരായി ശബ്ദമുയർത്തും. മാനുഷിക ബന്ധങ്ങൾക്ക് ഒരു മാനദണ്ഡമായി വർത്തിക്കും. ഈ യാഥാർത്ഥ്യത്തെയാണു മനസ്സാക്ഷി എന്നു പേർ ചൊല്ലി വിളിക്കുന്നത്.

**1. പദവ്യുൽപത്തി**

മനസ്സാക്ഷി (Conscience) എന്ന പദം ലത്തീൻ ഭാഷയിലെ "കേൺഷിയെൻസിയ" (Conscientia) യിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്. ഈ നിമിഷത്തിൽ ചെയ്യാൻ പോകുന്ന കാര്യത്തെപ്പറ്റിയുള്ള അന്തിമമായ വിധിതീർപ്പാണ് 'കോൺഷ്യൻസ്' എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്.

ഗ്രീക്കുഭാഷയിൽ ഇതിനു തുല്യമായ പദം 'സിനെയ്ദൈസിസ്' എന്നാണ്. 'സഹജ്ഞാനം' അല്ലെങ്കിൽ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന അറിവ് എന്നാണ് ഈ പദം കൊണ്ട് അവർ ഉദ്ദേശിക്കുന്നത്.

**2. നിർവചനങ്ങൾ**

വിവിധ കാലങ്ങളിൽ മനസ്സാക്ഷിയെ പലരും, പല വിധത്തിൽ നിർവ്വചിച്ചിട്ടുണ്ട്. പല വീക്ഷണകോണുകളിലൂടെ മനസ്സാക്ഷിയെ മനസ്സിലാക്കാൻ പരിശ്രമിച്ചതിന്റെ ഫലമായി പലതരത്തിലുള്ള നിർവചനങ്ങൾ ഉണ്ടായി. ഗ്രീക്കുതത്വജ്ഞനായ സ്റ്റോവയുടെ അഭിപ്രായത്തിൽ മനസ്സാക്ഷി എന്നത് നന്മയെപ്പറ്റിയുള്ള അറിവും ആ നന്മയോട് ബന്ധപ്പെട്ട ആത്മാവബോധവുമാണ്. യുക്തിയെപ്പോലും അതിക്രമിച്ചുകൊണ്ടുള്ള ആത്മാവിന്റെ നിലനിൽപ്പി

നുള്ള വാസനയാണിതെന്ന് ക്രിസിപ്പസ് പറയുന്നു. (Stosis) സ്റ്റോയിക് വീക്ഷണത്തിലാകട്ടെ സനാതന നിയമത്തിലുള്ള വ്യക്തികളുടെ പങ്കുചേരലാണിത്. ധാർമ്മിക പ്രവർത്തനങ്ങളുടെ വഴികാട്ടിയെന്നു എപ്പിറ്റെക്റ്റസും (Epitectus) നമ്മളിലെ ദൈവമെന്നു ഓവിഡും (Ovid) പറയുന്നു. നന്മ തിന്മകളെ വിവേചനാപൂർവ്വം മനസ്സിലാക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ദൈവാത്മാവായിട്ടാണ് മനസ്സാക്ഷിയെ സെനക്ക (Seneca) മനസ്സിലാക്കുന്നത്.

### 3. മനസ്സാക്ഷി വിശുദ്ധ ഗ്രന്ഥത്തിൽ

പഴയ നിയമത്തിൽ പലയിടത്തും മനസ്സാക്ഷിയെക്കുറിച്ചുള്ള സൂചനകൾ ദൃശ്യമാണ്. Ps-26/2 Jere-17:, 1, Job 27/6 മുതലായവ: ദൈവകൽപ്പനയെ ലംഘിച്ച ആദിമാതാപിതാക്കളെ ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കിയപ്പോൾ അവർ അനുഭവിച്ച മനോവ്യഥ അത്യന്തം ദുരൂഹമായിരുന്നു. ഒരു പക്ഷേ, ഇതുപോലുള്ള മാനസിക സംഘർഷം വിശ്വസാഹിത്യങ്ങളിൽ പോലും കാണുമെന്നു തോന്നുന്നില്ല. നന്മയുടെ സ്രോതസ്സുമായി അനവരതം ഐക്യപ്പെട്ടിരുന്ന ആദിമാതാപിതാക്കൾ ധിക്കാരപൂർവ്വം തിന്മ പ്രവർത്തിച്ചതു മുതൽ അവരുടെ അന്തഃകരണം അവരെ കുറ്റപ്പെടുത്തികൊണ്ടിരുന്നു. അതോടെയാണ് അവരുടെ യഥാർത്ഥസ്ഥിതിയെക്കുറിച്ചും നഗ്നാവസ്ഥയെക്കുറിച്ചും അവർ ബോധവാന്മാരായിത്തീർന്നത് (ഉൽപത്തി 3).

പഴയനിയമത്തിൽ മനസ്സാക്ഷിയുടെ അളവുകോലായി നിന്നിരുന്നത് പത്ത് കല്പനകളായിരുന്നു. തിരുനാളുകളിലും ആഘോഷാവസരങ്ങളിലും ഇസ്രായേൽക്കാർ ദൈവകല്പനകൾ പൊതുവായി വായിക്കുകയും അതിനോട് അനുസരണയും വിധേയത്വവും വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ക്രമേണ ഈ പ്രതിബദ്ധത അപ്രത്യക്ഷമായി. ഈ അവസരങ്ങളിലാണ് ദൈവത്തിന്റെ പ്രവാചകന്മാർ പ്രത്യക്ഷപ്പെടുന്നത്. ഇസ്രേയൽ ജനത്തിന്റെ മനസ്സാക്ഷിയായി ഈ പ്രവാചകന്മാർ നിലകൊണ്ടു. എങ്കിലും അവരെ ഇസ്രായേൽ ജനം പുറംതള്ളിയപ്പോൾ ദൈവത്തിന്റെ പടവാൾ ഇസ്രായേൽ ജനത്തിന്മേൽ പതിച്ചു. അങ്ങനെ ദൈവത്തിന്റെ നിയമം ശാശ്വതമാണെന്നും അത് അനവരതം പാലിക്കപ്പെടേണ്ടതാണെന്നും ദൈവം വ്യക്തമാക്കി.

മനസ്സാക്ഷിയെ പരാമർശിക്കുന്ന നിർദ്ദിഷ്ട പദങ്ങളൊന്നും സുവിശേഷങ്ങളിൽ നാം കാണുന്നില്ല. എന്നാൽ സുവിശേഷ ഉപദേശങ്ങളെല്ലാം മനസ്സാക്ഷിയനുസരിച്ചുള്ള ഒരു ജീവിതത്തിന് ആഹ്വാനം ചെയ്യുന്നു (മത്തായി 6:23). പഴയനിയമത്തിൽ ബാഹ്യാനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം കല്പിച്ചിട്ടുണ്ടെങ്കിൽ പുതിയ നിയമത്തിൽ ബാഹ്യാനുഷ്ഠാനങ്ങൾക്കല്ല പ്രാമുഖ്യം. ദൈവകല്പനകൾ അക്ഷരം പ്രതി നിവർത്തിക്കുന്നതിനേക്കാൾ ക്രിസ്തു ആഗ്രഹിച്ചത് ഈ കല്പനകൾക്കനുസൃതമായ ജീവിതമായിരുന്നു. അതിനാലാണല്ലോ ക്രിസ്തുനാഥൻ ഫരിസേയരെ വളരെ രൂക്ഷമായി വിമർശിക്കുന്നത്

(മത്തായി 15:5–11, 7:36). "മനുഷ്യനാൽ കാണപ്പെടുവാൻ, വേണ്ടി അവരുടെ മുൻപിൽ ദാനധർമ്മം ചെയ്യാതിരിക്കുവാൻ സൂക്ഷിക്കുക. അല്ലെങ്കിൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല...... നീ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ വലത്തു കൈ എന്തു ചെയ്യുന്നുവെന്ന് ഇടതുകൈ അറിയരുത്" (മത്താ. 6:2 4). ദൈവകല്പന അനുസരിക്കുവാനുള്ള ആന്തരികമായ ഒരു മനോഭാവമാണ് ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ടതെന്ന് ക്രിസ്തു ആഗ്രഹിക്കുന്നു. ഈ മനോഭാവമാവട്ടെ അവന്റെ മനസ്സാക്ഷിയിൽ നിന്ന് ഉണ്ടാകേണ്ടതാണ്. മനസ്സാക്ഷിയും പ്രവർത്തനങ്ങളും തമ്മിൽ പുലബന്ധം പോലുമില്ലാതെ ജീവിച്ചിരുന്ന പ്രീശരെ ക്രിസ്തു കുറ്റപ്പെടുത്തുന്നത് ലൂക്കായുടെ സുവിശേഷത്തിലും നാം കാണുന്നു (ലൂക്കാ 11:36 – 42).

വി. പൗലോസ് ഈ ആന്തരിക പ്രചോദിതമായ ജീവിതത്തിന് സർവ്വത്ര പ്രാധാന്യം കൊടുത്തു. ക്രിസ്തു വിവക്ഷിച്ച ഉദ്ദേശശുദ്ധി മനസ്സാക്ഷിയുടെ സ്വരമായിരുന്നു. വി. പൗലോസ് തന്റെ ലേഖനങ്ങളിലൂടെ ഈ സന്ദേശം പകർന്നു കൊടുക്കുന്നു. ഇതേപ്പറ്റി നിയതമായ സിദ്ധാന്തങ്ങൾ പൗലോസ് തരുന്നില്ല. എന്നാൽ മനസ്സാക്ഷിയെക്കുറിച്ച് പുതിയ നിയമത്തിൽ കാണുന്ന പരാമർശങ്ങൾ എല്ലാം തന്നെ പൗലോസിന്റെ പഠനങ്ങളിൽ ഉണ്ട്. സുവിശേഷങ്ങളിൽ കാണുന്ന ആത്മപ്രചോദിത മനസ്സാക്ഷിയെ പൗലോസ് തന്റെ ജീവിത മണ്ഡലങ്ങളിൽ കണ്ടുമുട്ടുന്നു. "എനിക്ക് വലിയ ദുഃഖമുണ്ട്. എന്റെ ഹൃദയത്തിൽ വ്യസനം ശമിക്കുന്നില്ല എന്നു മിശിഹായിൽ ഞാൻ സത്യം പറയുന്നു. ഞാൻ വ്യാജം പറയുന്നില്ല. പരിശുദ്ധാത്മാവു മൂലം എന്റെ മനസ്സാക്ഷി എന്നെപ്പറ്റി സാക്ഷ്യം നൽകുകയും ചെയ്യുന്നു" (റോമ 9:1–2). ഈ പ്രസ്താവന അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അന്വർത്ഥം തന്നെ. ക്രൈസ്തവ ജീവിതത്തിലെ സുപ്രധാന സുകൃതങ്ങളെല്ലാം തന്നെ ക്രിസ്തീയ മനസ്സാക്ഷിയോടു അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു.

ധാർമ്മിക ജീവിതത്തിന്റെ നിയന്താവാണ് ക്രൈസ്തവ മനസ്സാക്ഷിയെന്ന് പൗലോസ് കൊറിന്തോസ് സഭയ്ക്ക് എഴുതുന്നു. ഒരുവന്റെ ധാർമ്മിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് ഈ മാനദണ്ഡമാണ്. ഈ മാനദണ്ഡമാകട്ടെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അധിഷ്ഠിതമാകുന്നു.

വിശ്വാസത്താൽ അടിച്ചമർത്തപ്പെട്ട ഒരു പ്രതിഭാസമല്ല മനസ്സാക്ഷി. പ്രത്യുത, വിശ്വാസം മനസ്സാക്ഷിയുടെ പ്രവർത്തനത്തെ എന്നും പുഷ്ടിപ്പെടുത്തുന്നു. വിശ്വാസമനുസരിച്ച് ജീവിക്കുക എന്നതും മനസ്സാക്ഷിയനുസരിച്ച് ജീവിക്കുക എന്നതും ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഒന്നു തന്നെയാണ് (റോമ 9:1). വിശ്വാസം മനസ്സാക്ഷിയെ വ്യക്തമാക്കുകയും പ്രബുദ്ധമാക്കുകയും ചെയ്യുന്നു. മനസ്സാക്ഷി എന്നും വിശ്വാസത്തെ പരിരക്ഷിക്കുന്നു. വിശ്വാസരഹസ്യങ്ങൾ എല്ലാം മനസ്സാക്ഷിയിൽ ഉൾക്കൊള്ളുകയും

ചെയ്യുന്നു. “വിശ്വാസത്തിന്റെ രഹസ്യം” നിർമ്മല മനസ്സാക്ഷിയിൽ മുറുകെ പിടിച്ചിരിക്കണം” എന്നു പൗലോസ് തിമോത്തിക്ക എഴുതുന്നു (1 തിമോ 3:9). വിശ്വാസത്തോടും നല്ല മനസ്സാക്ഷിയോടും കൂടെ എല്ലാം പ്രവർത്തിക്കണ മെന്നും പൗലോസ് തിമോത്തിയെ ഉപദേശിക്കുന്നു (1 തിമോ. 1:19).

ധാർമ്മിക നിയമങ്ങളെ മനസ്സാക്ഷി ബാധിക്കുന്നുണ്ടോ എന്ന പ്രശ്നം ആദിമ സഭകളിൽ പൊന്തിവന്നു. അതിന് പൗലോസ് പരിഹാരമാർഗ്ഗം നൽകുവാൻ ശ്രമിക്കുന്നതും നമുക്ക് കാണാം. ദൈവകൽപനകൾ നൽകപ്പെട്ടിട്ടില്ലാത്ത പുറജാതികൾ അവരുടെ ഹൃദയത്തിൽ ആലേഖിതമായ പ്രകൃതിനിയമങ്ങൾ അനുസരിക്കണമെന്നു അദ്ദേഹം പഠിപ്പിക്കുന്നു. കാരണം, പ്രകൃതിനിയമം ദൈവത്തിന്റെ കല്പനകൾ തന്നെ. എന്നാൽ, നിയമത്തിന്റെ വിശദാംശങ്ങൾ വെളിപാടിലൂടെ സ്വീകരിച്ചവരാണു യഹൂദന്മാർ. അവരെ സംബന്ധിച്ചിടത്തോളം മനസ്സാക്ഷിയുടെ അളവുകോൽ ദൈവകല്പനകൾ തന്നെ (1 കൊറി:10). മരുഭൂമിയിൽവെച്ച് ഇസ്രായേൽ ജനം ദൈവത്തെ ധിക്കരിച്ചു പാപം ചെയ്തു. തന്മൂലം അവർ ശിക്ഷിക്കപ്പെടുകയും ചെയ്തു. ഈ സംഭവം ഒരു ഗുണപാഠമായി സ്വീകരിച്ച് ദൈവകല്പനകളെ ധിക്കരിക്കരുതെന്ന് പൗലോസ് കൊറിന്തോസ് സഭക്കാർക്ക് എഴുതുന്നു. നിയമമനുസരിക്കുന്നവൻ നിയമം മൂലം ജീവിക്കുന്നു (റോമ. 10:5).

ദൈവിക നിയമങ്ങളാൽ നയിക്കപ്പെടുന്ന മനസാക്ഷി വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നുണ്ടോ എന്ന ചോദ്യത്തിനു പൗലോസ് ഉത്തരം കണ്ടെത്തുന്നു. ക്രിസ്തുസംഭവത്തോടുകൂടി ലോകത്തിന് ഒരു പുതിയ കാഴ്ചപ്പാടുണ്ടായി മാനുഷികപ്രവർത്തനങ്ങളുടെയും ബന്ധങ്ങളുടെയും ചിന്താധാരകളുടെയും ധാർമ്മികമായ മാനദണ്ഡം ക്രിസ്തുവിൽ പൂർത്തിയായി. നമ്മിൽ വസിക്കുന്ന ദൈവാത്മാവ് തന്നെയാണു നമ്മുടെ മനസാക്ഷി. ഈ ആത്മാവ് നമ്മിൽ വസിക്കുമ്പോൾ നാം പരിപൂർണ്ണ സ്വതന്ത്രരാകുന്നു. “ഈശോമിശിഹായിലുള്ള ജീവാത്മാവിന്റെ നിയമം പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ നിന്നു നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു” (റോമ 8:2).

### 4. വിവിധതരം മനസാക്ഷികൾ

മനസാക്ഷി അതിൽ തന്നെ തെറ്റല്ല. എന്നാൽ വ്യക്തിയുടെ തീരുമാനം തെറ്റായി വരുന്നു. ഉദാ: ഒരു കിലോഗ്രാം അരി വാങ്ങുവാൻ വീട്ടമ്മ പറഞ്ഞു വിടുന്നു. അതു തെറ്റിദ്ധരിച്ച് വേലക്കാരി ഒരു കിലോഗ്രാം പരിപ്പ് വാങ്ങുന്നു. ഇവിടെ പാപത്തിന്റെ പ്രശ്നം ഉയരുന്നില്ല. എന്തെന്നാൽ വേലക്കാരി വീട്ടമ്മയെ അനുസരിച്ചു. അവൾ കേട്ടതനുസരിച്ച് പ്രവർത്തിച്ചെന്നു മാത്രം.

### പാപകരമായ മനസാക്ഷി (False conscience)

താൻ ചെയ്യുന്നതു തെറ്റാണെന്നു മനസ്സിലാക്കിയിട്ടും അതുതന്നെ ചെയ്യുന്നു. ഉദ: മോഷണം തെറ്റാണെന്നറിഞ്ഞിട്ടും അത് ആവർത്തിക്കുന്നു.

**കുറ്റകരമായ മനസ്സാക്ഷി (Culpable conscience)**

സത്യത്തെ അറിയാനുള്ള മാർഗ്ഗങ്ങൾ ഉപയോഗിക്കാത്തതുകൊണ്ട് ശരിയായ മനസ്സാക്ഷിയോടെ പ്രവർത്തിക്കുവാൻ സാധിക്കാതെ വരുന്നു. ഉദാ: ഇന്നു ഞായറാഴ്ചയാണോ എന്ന സംശയം ഉണ്ടാകുമ്പോൾ ആ സംശയം മാറ്റുവാൻ സാദ്ധ്യതകളുണ്ടായിട്ടും ഒന്നും ചെയ്യുന്നില്ല. അതുകൊണ്ട് ഞായറാഴ്ചയല്ലെന്നമട്ടിൽ ഞായറാഴ്ചയാചരണം മുടക്കുന്നു.

**ചഞ്ചല മനസ്സാക്ഷി (Perplexed conscience)**

എപ്പോഴും, ശരിയാണോ തെറ്റാണോ എന്ന സംശയം. എന്തുചെയ്താലും തൃപ്തിവരുന്നില്ല. നന്മയുടെയും തിന്മയുടെയും തുലാസ്സിൽ മാറിമാറി കയറുകയാണിവിടെ.

**മൃദുല മനസ്സാക്ഷി (Tender conscience)**

ആരെയും നോവിക്കാതെ എല്ലാം അതാതിന്റെ പൂർണ്ണതയിൽ ചെയ്യുന്നു. അതിൽ നിന്നു ആത്മ സംതൃപ്തി കൈവരിക്കുന്നു.

**സംശയ മനസ്സാക്ഷി (Srcupulous conscience)**

പാപമില്ലാത്തിടത്തും പാപമുണ്ടെന്നു കരുതി പ്രവർത്തിക്കുന്നു. ചെയ്യാത്തതും ചെയ്തെന്നു സംശയിക്കുന്നു. ചെയ്തത് പൂർണ്ണമായോ എന്ന് സംശയിക്കുന്നു. എന്നാൽ, ഇവിടെ തിരുത്തുവാനുള്ള അഭിവാഞ്ജ കാണപ്പെടുന്നുവെന്നത് ഒരു പ്രത്യേകതയാണ്.

**അയഞ്ഞ മനസ്സാക്ഷി (Lax conscience)**

എല്ലാം നിസ്സാരമായി കാണുന്ന മനസ്സിന്റെ ഉടമയാണവൻ. ഇത് ധാർമ്മികമായ അജ്ഞതയാണ്. ക്രമേണ ഇത് കഠിന ഹൃദയത്തെ രൂപീകരിക്കുന്നു. അക്കാരണത്താൽ ദൈവകല്പനകളെ നിരന്തരം നിസ്സാരമായി തള്ളുന്നു. തിരുത്തപ്പെടുവാനുള്ള ആഗ്രഹം ഒട്ടും തന്നെയില്ല.

**5. വിവിധ സിദ്ധാന്തങ്ങൾ**

**ബുദ്ധി വിഷയകരമായ സിദ്ധാന്തം (Intellectualistic)**

നന്മ ചെയ്യണം; ഇതു നന്മയാണ്, അതുകൊണ്ട് ഇതു ഞാൻ ചെയ്യണം എന്ന സാവയവ ന്യായ (syllogism) ത്തിൽ അധിഷ്ഠിതമായ ഒരു സിദ്ധാന്തമാണിത്. മഹാനായ ആൽബർട്ടും തോമസ്സ് അക്വിനാസ്സുമാണ് ഇതിന്റെ വക്താക്കൾ. എന്നാൽ നാം നന്മ ചെയ്യണമെങ്കിൽ നന്മയെ അറിയേണ്ടതാവശ്യമാണ്. അത് അറിയുവാനുള്ള ഏകമാർഗ്ഗം ബുദ്ധിശക്തിയാണെന്നു അക്വിനാസ് സമർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ ദാനവും വിവേകം എന്ന പുണ്യവും ബുദ്ധിയുടെ ശരിയായ വിധികല്പിക്കലിന് ആവശ്യമാണെന്നു കൂടെ അദ്ദേഹം വ്യക്തമാക്കുന്നു. പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ ബുദ്ധി ശരിയായി പ്രവർത്തിക്കുമ്പോൾ ശരിയായ മനസ്സാക്ഷി നമ്മിൽ രൂപം കൊള്ളുന്നു. ശരിയായ മനസ്സാക്ഷി ശരിയായ ബുദ്ധിയിൽനിന്നു മാത്രമേ രൂപം കൊള്ളുകയുള്ളൂ എന്നതാണ് ഈ സിദ്ധാന്തത്തിന്റെ ചുരുക്കം.

**സ്വേച്ഛാനുസരണസിദ്ധാന്തം (Voluntaristic Theory)**

മനസ്സിനു (will) പ്രാധാന്യം കൊടുക്കുന്ന ഒരു സിദ്ധാന്തമാണിത്. മനുഷ്യന്റെ ബുദ്ധിയാണ് മനസ്സാക്ഷിയുടെ നിദാനമെന്നു പറഞ്ഞ തോമസ്സ് അക്വിനാസിനേക്കാൾ ഒരു പടികൂടി കടന്നു മനസ്സിനു നന്മയേയും തിന്മയേയും ആഗ്രഹിക്കുവാനും ആഗ്രഹിക്കാതിരിക്കുവാനും കഴിയുമെന്നു ഈ സിദ്ധാന്തം പറയുന്നു. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള മനസ്സിന്റെ അഭിവാഞ്ഛയാണ് എല്ലാ മനസ്സാക്ഷിയുടെയും അടിസ്ഥാനം. അല്ലാതെ ബുദ്ധിശക്തി മാത്രമല്ല. ബുദ്ധി ഉപയോഗിച്ച് മനസ്സിലാക്കുന്ന കാര്യങ്ങളെ സ്വീകരിക്കുവാനും മനസ്സിനു കഴിയും. ബുദ്ധിയുടെ ശരിയായ പ്രവർത്തനം ഈശ്വര സ്വരമാകുമ്പോൾ ഈ സ്വരത്തെ മനസ്സ് സ്വായത്തമാക്കുമ്പോൾ ഇവിടെ ശരിയായ മനസ്സാക്ഷി രൂപം കൊള്ളുന്നു. അലക്സാണ്ടർ ഹെയൽസ് (Alexander Hales) ബൊനവന്തുര (Bonaventure) എന്നിവരാണു ഈ സിദ്ധാന്തത്തിന്റെ പിന്നിലുള്ളത്.

**പരിണാമ സിദ്ധാന്തം (Historical Evoluationistic Theory)**

മനുഷ്യന്റെ ആവിർഭാവം പരിണാമസിദ്ധാന്തംവഴി തെളിയിക്കുന്നവരാണു ഇതിന്റെ വക്താക്കൾ. അനുകൂല-പ്രതികൂല സാഹചര്യങ്ങളിലുള്ള സ്വയക്രമീകരണം (Self-adjustment) വഴി പരിണാമം പുരോഗമിക്കുന്നു. അതിന്റെ മൂർദ്ധന്യാവസ്ഥയിൽ മനുഷ്യനും ഉണ്ടായി. ഇതുപോലെ തന്നെയാണ് മനുഷ്യൻ മനസ്സാക്ഷി രൂപീകരിക്കുന്നത്. സനാതനമൂല്യത്തെ ഇവർ അപ്പാടെ വിസ്മരിക്കുന്നു. സാഹചര്യങ്ങളിലൂടെ വളരുക എന്ന ഒരു പ്രവർത്തനരീതി സ്വീകരിക്കുന്നു; അതിൽ ദൈവത്തിനു യാതൊരു സ്ഥാനവും നൽകുന്നില്ല. സാഹചര്യങ്ങളുടെ സൃഷ്ടിയായി മാത്രം മനസ്സാക്ഷിയെ കാണുന്നു.

**6. മനഃശാസ്ത്രപരമായ ഒരു പഠനം**

എല്ലാറ്റിനും മനഃശാസ്ത്രപരമായ വിശദീകരണം നൽകുന്ന ഒരു കാലഘട്ടമാണിത്. മനഃസ്സാക്ഷിയെയും മനഃശാസ്ത്രപരമായി വിശദീകരിച്ച് അതിന്റെ ദൈവത്വത്തെ മറയ്ക്കുന്ന ഒരു പ്രവണത ഇന്നുണ്ട്. ഫ്രോയിഡിന്റെ ശ്രേഷ്ഠാന്തരണശക്തി (Superego) യുമായി മനഃസ്സാക്ഷിയെ പലരും തുലനപ്പെടുത്തുന്നു. എന്നാൽ, ഇതു പരസ്പരബന്ധമുള്ളവയെങ്കിലും വിഭിന്നങ്ങളാണ്. സാമൂഹ്യനിയമങ്ങൾക്കും പാരമ്പര്യങ്ങൾക്കും എതിരായി ഒരുവൻ പ്രവർത്തിക്കുമ്പോൾ അവന് ആത്മസംഘർഷവും ഭയവും ഉണ്ടാകുന്നു. ഈ സംഘർഷത്തിൽനിന്നും ഭയത്തിൽനിന്നും ഉയിർകൊണ്ട ഒരു പ്രതിഭാസമായി ശ്രേഷ്ഠാന്തരണത്തിനു നിദാനമായി നിൽക്കുന്നത്. അക്കാരണത്താൽ അവരെ പ്രീതിപ്പെടുത്തുവാൻ മാത്രം ആ വ്യക്തി എല്ലാം ചെയ്യുന്നു. വിശിഷ്ഠാന്തക്കരണം ഒരുവന്റെ മനസ്സാക്ഷി രൂപീകരണത്തിൽ സ്വാധീനം ചെലുത്താം. എങ്കിലും അവ രണ്ടും ഒരിക്കലും ഒന്നല്ല. മനസ്സാക്ഷി അടിസ്ഥാനപരമായ ഒന്നാണ്. വിശിഷ്ടാന്തകരണം അങ്ങനെയല്ല.

**വിശിഷ്ടാന്തകരണം**

1) അംഗീകാരത്തിനും സ്നേഹത്തിനും വേണ്ടി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
2) അന്തർമുഖമാണ്. സ്വന്തം മൂല്യത്തിനു പ്രാധാന്യം നല്കുന്നു.
3) ചലനരഹിതമാണ്. നവമായി ഒന്നും സ്വീകരിക്കുന്നില്ല. നിശ്ചിതമായ രീതിയിൽ ആവർത്തിക്കുക മാത്രം ചെയ്യുന്നു. സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല.
4) അധികാരത്തോടുള്ള അന്ധമായ അനുസരണം. മൂല്യത്തെ കണ്ടെത്താനോ പ്രത്യുത്തരം നല്കാനോ കഴിയുന്നില്ല.
5) ഭൂതകാലത്തെ ആസ്പദമാക്കി ഭാവിക്കു വേണ്ടി ഒരു നിയമം സ്വീകരിക്കുന്നു.
6) അന്തഃകരണത്തിനു വിരോധമായി വർത്തിക്കുമ്പോൾ ശിക്ഷിക്കപ്പെടുവാനും അങ്ങനെ അനുരഞ്ജനപ്പെടുവാനും ആഗ്രഹിക്കുന്നു.
7) തെറ്റുകൾ ഏറ്റുപറഞ്ഞ് ഏകാന്തതയിൽ നിന്നും കുറ്റബോധത്തിൽനിന്നും ദ്രുതഗതിയിൽ മാറിപ്പോകുന്നു.
8) ധിക്കരിക്കപ്പെട്ട മൂല്യവും കുറ്റബോധവും തമ്മിലുള്ള ചേർച്ചയില്ലായ്മ ഇവിടെ വ്യക്തമാണ്. അധികാരത്തിനാണ് പ്രാമുഖ്യം ഇവിടെ.

**വിശിഷ്ടാന്തകരണം**

1) മൂല്യനിർണ്ണയത്തിനുവേണ്ടിയുള്ള പരമോന്മുഖമായ വ്യക്തിയുടെ സമർപ്പണം ഇവിടെ കാണാം.
2) ബഹിർമുഖമാണ്. ഇവിടെ പ്രാധാന്യം വൈയക്തികമൂല്യത്തേക്കാൾ സനാതനമൂല്യത്തിനാണ്. എന്നാൽ വൈയക്തികമൂല്യം സനാതനമൂല്യത്തിനുകീഴ്പ്പെട്ടു സ്ഥിതിചെയ്യുന്നു.
3) ചലനാത്മകമാണ്. വളരുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്ന അവബോധം ഇവിടെയുണ്ട്. സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുവാൻ കഴിയുന്നു.
4) മൂല്യത്തോടുള്ള ഉത്തരവാദിത്വപരമായ സമീപനം. ഇവിടെ അധികാരത്തെ ബാഹ്യമായി അനുസരിക്കുന്നില്ലെന്നു വരാം.
5) ഭൂതകാലം നല്ല ഭാവിയെ കരുപ്പിടിപ്പിക്കാൻ ഒരു സഹായിയായി മാത്രം വർത്തിക്കുന്നു.
6) സ്വയം തിരുത്തി മൂല്യത്തോട് ആഭിമുഖ്യം പുലർത്താൻ ശ്രമിക്കുന്നു.
7) വ്യക്തിയുടെ സർവ്വതോന്മുഖമായ വികാസത്തെ സഹായിക്കുന്ന സാവധാനമുള്ള വളർച്ച ഇവിടെ കാണുന്നു.
8) ചോദ്യം ചെയ്യപ്പെട്ട മൂല്യത്തോളം കുറ്റബോധം ഇവിടെ വ്യക്തികൾക്കുണ്ടാകുന്നു. അധികാരത്തേക്കാൾ മനസ്സാക്ഷിയുടെ ശബ്ദത്തിനു മുൻതൂക്കം.

ഇപ്പറഞ്ഞതിൽനിന്നും അന്തഃകരണവും മനസ്സാക്ഷിയും തമ്മിലുള്ള വ്യത്യാസം സ്പഷ്ടമാകുന്നു.

**7. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വീക്ഷണത്തിൽ**

നിത്യരക്ഷയ്ക്ക് സഭ ആവശ്യമാണെന്നാണ് വി. ലിഖിതങ്ങളും പാരമ്പര്യങ്ങളും അടിസ്ഥാനമാക്കി സൂനഹദോസ്സ് പഠിപ്പിക്കുന്നത്. കാരണം, നിത്യരക്ഷയ്ക്ക് ഒരു മദ്ധ്യസ്ഥനേയുള്ളു. രക്ഷയുടെ വഴിയും ഒന്നുമാത്രം. അതാണു ക്രിസ്തു. ഒരു കവാടത്തിലൂടെ എന്നപോലെ കടന്ന് മാമ്മോദീസാവഴി മനുഷ്യർ സഭയുടെ അംഗങ്ങളാകുന്നു. (തിരുസഭ Art. 14) കത്തോലിക്കാസഭ സത്യത്തിന്റെ ഗുരുനാഥനായിരിക്കണമെന്നാണു ക്രിസ്തുവിന്റെ അഭീഷ്ടം, മനുഷ്യ സ്വഭാവത്തിൽനിന്നു തന്നെ ഉൽഭൂതമാകുന്ന ധാർമ്മിക തത്വങ്ങൾ അധികാരപൂർവ്വം കല്പിച്ചുറപ്പിക്കുക എന്നുള്ളതും സഭയുടെ കടമയാണ്. (മതസ്വാതന്ത്ര്യം Art. 14)

ഇങ്ങനെ പഠിപ്പിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ അത് വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയല്ല വളർത്തുകയാണു ചെയ്യുന്നത്. എന്തെന്നാൽ ദൈവത്തിന്റെ മക്കൾക്ക് ദൈവകല്പനയാണ് ഏറ്റവും പ്രധാനം. അതിനനുസരിച്ച് വർത്തിക്കുവാൻ അവർ ആഗ്രഹിക്കുക സാധാരണമാണ്. ദൈവകല്പനകളെ ആവർത്തിച്ചുറപ്പിക്കുകയും കാലാകാലങ്ങളിൽ വിശദീകരിക്കുകയും ചെയ്യുകയല്ലാതെ സഭ ഒരു പ്രത്യേക പഠനം ഒരിക്കലും നല്കുന്നില്ല. അതിനാൽ മനസ്സാക്ഷി ക്രൈസ്തവസ്വാതന്ത്ര്യത്തെ ഹനിക്കുകയില്ല എന്നു സുവ്യക്തം.

കൗൺസിൽ മതസ്വാതന്ത്ര്യത്തെ ഉയർത്തിക്കാട്ടിയിട്ടുണ്ടെന്നുള്ളത് വളരെ ശ്രദ്ധേയമാണ്. വ്യക്തികളിൽ നിന്നോ, മാനുഷിക അധികാരികളിൽ നിന്നോ ഉണ്ടായേക്കാവുന്ന സമ്മർദ്ദങ്ങളിൽനിന്ന് എല്ലാ മനുഷ്യരും വിമുക്തരായിരിക്കുക എന്നതാണു മത സ്വാതന്ത്ര്യം. മതകാര്യങ്ങളിൽ സ്വന്തം മനസ്സാക്ഷിക്ക് എതിരായി വർത്തിക്കുവാൻ ആരും നിർബന്ധിക്കപ്പെടരുത്. ന്യായമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട് രഹസ്യമായോ, പരസ്യമായോ, തനിച്ചോ, കൂട്ടുചേർന്നോ സ്വന്തം ബോദ്ധ്യമനുസരിച്ച് വ്യാപരിക്കുന്നതിൽ ആരെയും തടയാൻ ആർക്കും അവകാശമില്ല. (മതസ്വാതന്ത്ര്യം Art, 2) ദൈവമക്കളുടെ സ്വാതന്ത്ര്യം എന്ന പ്രയോഗം തന്നെ കൗൺസിലിന്റെ സംഭാവനയാണ്.

സഭ ആധുനിക ലോകത്തിൽ എന്ന ഡിക്രിയിൽ പറയുന്നു: (Art, 17) സ്വതന്ത്രമായ അവസ്ഥയിൽ മാത്രമേ നന്മയിലേക്കു തന്നെത്തന്നെ തിരിക്കുവാൻ മനുഷ്യനുകഴിയുകയുള്ളൂ. തിന്മ ചെയ്യാനുള്ള ഒരു അനുവാദമായി ഈ കഴിവിനെ ആരും വളർത്തിയെടുക്കരുത്. ശരിയായ സ്വാതന്ത്ര്യം മനുഷ്യനിലുള്ള ദൈവീകഛായയുടെ അന്യാദൃശ്യമായ ഒരു അടയാളമാണ്. കാരണം, സ്വന്തം തീരുമാനങ്ങളുടെ വെളിച്ചത്തിൽ മനുഷ്യൻ വ്യാപരിക്കണമെന്നാണു ദൈവേഷ്ടം. സ്വയം പ്രേരിതവും ഉള്ളിൽ നിന്നു തന്നെ പ്രചോദിത

വുമായ അറിവോടുകൂടിയതും സ്വതന്ത്രവുമായ ഒരു തിരഞ്ഞെടുപ്പനുസരിച്ച് പ്രവർത്തിക്കുവാൻ ആരെയും നിർബ്ബന്ധിച്ചുകൂടാ. അതുപോലെ മതസംബന്ധമായ കാര്യങ്ങളിൽ പ്രത്യേകിച്ച് മനസ്സാക്ഷിയനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിന്നു വ്യക്തികളെ ആരും തടയരുത്. (മതസ്വാതന്ത്ര്യം Art, 3) ഇത്രയും വിശിഷ്ടവും വിലമതിക്കാത്തതുമാണ് മനസ്സാക്ഷി എന്നു വത്തിക്കാൻ കൗൺസിൽ ഉച്ചൈസ്തരം പ്രഘോഷിക്കുന്നു.

മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വന്തം മനസ്സാക്ഷി മുഖേനയാണ് ഒരുവൻ ജീവിത കടമകൾ കണ്ടറിഞ്ഞംഗീകരിക്കുന്നത്. എല്ലാക്കാര്യങ്ങളിലും ഈ മനസ്സാക്ഷിയെ അനുസരിക്കുവാൻ അവനു കടമയുണ്ട് (മതസ്വാതന്ത്ര്യം Art, 3). ഇത്രയും വിശിഷ്ടവും വിലമതിക്കാത്തതുമാണ് മനസ്സാക്ഷി എന്നു വത്തിക്കാൻ കൗൺസിൽ ഉച്ചൈസ്തരം പ്രഘോഷിക്കുന്നു.

മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വന്തം മനസ്സാക്ഷി മുഖേനയാണ് ഒരുവൻ ജീവിത കടമകൾ കണ്ടറിഞ്ഞംഗീകരിക്കുന്നത്. എല്ലാക്കാര്യങ്ങളിലും ഈ മനസ്സാക്ഷിയെ അനുസരിക്കുവാൻ അവനു കടമയുണ്ട് (മതസ്വാതന്ത്ര്യം Art, 3). മനസ്സാക്ഷിയുടെ അഗാധതലങ്ങളിൽ മനുഷ്യൻ ഒരു നിയമം കാണുന്നുണ്ട്. അത് അവൻ സ്വയം അവന്റെ മേൽ ആരോപിച്ചതല്ല. പ്രത്യുത, അവൻ ഇതനുസരിക്കുവാൻ നിർബ്ബന്ധിതനായിത്തീരുകയാണ്. നന്മയെ സ്നേഹിക്കുവാനും തിന്മയെ ഉപേക്ഷിക്കുവാനും എപ്പോഴും ആഹ്വാനം ചെയ്തുകൊണ്ട് മനസ്സാക്ഷിയുടെ സ്വരം അവന്റെ ഹൃദയത്തിൽ മന്ത്രിക്കുന്നുണ്ട്. മനുഷ്യഹൃദയത്തിൽ ദൈവത്താൽ ആലേഖിതമായ ഒരു നിയമമുണ്ട്. അതനുസരിക്കണമെന്നതാണു മനുഷ്യന്റെ മാഹാത്മ്യം (സഭ ആധുനിക ലോകത്തിൽ Art, 6).

ക്രിസ്തുവിന്റെ രക്ഷാകരഫലങ്ങളായ സമാധാനം, സാഹോദര്യം, ഐക്യം, ഇവയില്ലാത്ത ക്രൈസ്തവ ജീവിതം നിർജ്ജീവമാണ്. സർവ്വലോകത്തിലുമുള്ള ക്രൈസ്തവരെ ഒരുമിപ്പിക്കുന്ന കണ്ണി ക്രൈസ്തവമനസ്സാക്ഷിയനുസരിച്ചുള്ള ഒരു ജീവിതമാണ്. ഈ മനസ്സാക്ഷിയിൽ എല്ലാം ഉൾക്കൊള്ളുന്നുവെന്നു കൗൺസിൽ മനസ്സിലാക്കുന്നു (സഭ ആധുനിക ലോകത്തിൽ Art. 4, 8). സാമൂഹ്യ സമ്പർക്കമാദ്ധ്യമങ്ങൾ എപ്രകാരമുപയോഗിക്കണമെന്നും അവ ശരിയായി ഉപയോഗിക്കുവാൻ ഇവ കൈകാര്യം ചെയ്യുന്നവർ ധാർമ്മിക തത്വങ്ങൾ അറിഞ്ഞിരിക്കണമെന്നും കൗൺസിൽ പറയുന്നു. അതായത് ഇക്കാര്യത്തിലും ക്രൈസ്തവ മനസ്സാക്ഷിയനുസരിച്ച് വേണം നാം പ്രവർത്തിക്കുവാൻ.

**8. മനസ്സാക്ഷി**

മനസ്സാക്ഷി അന്തഃകരണത്തിന്റെ പ്രചോദനമാണ്; ഇപ്പോൾ ഇവിടെ എന്തു ചെയ്യണമെന്നതിനെപ്പറ്റിയുള്ള വിധിതീർപ്പാണ്. ഓരോ അവസരത്തിലും മനുഷ്യൻ തീരുമാനമെടുക്കുന്നത് വരും വരായ്കളെപ്പറ്റി വിശകലനം ചെയ്തുകൊണ്ടല്ല. സത്യത്തിനനുസരിച്ചുള്ള ഒരു തീരുമാനമായിരിക്കണം എല്ലാ അവ

സരങ്ങളിലും ഒരു വ്യക്തി എടുക്കുന്നത്. കാരണം മനസ്സാക്ഷിയുടെ സ്വരം ദൈവത്തിന്റെ സ്വരമാണ്. വസ്തുനിഷ്ഠമായി ചുറ്റുപാടുകളുടെ സമ്മർദ്ദ ത്താൽ, അതു തെറ്റാണെങ്കിൽതന്നെയും, ആത്യന്തികമായി മനുഷ്യനെ നീതി കരിക്കുന്നത് അവന്റെ മനസ്സാക്ഷിയാണ്. തന്മൂലം മനസ്സാക്ഷിയനുസരിച്ചു പ്രവർത്തിക്കുന്ന വ്യക്തി നന്മയിലൂടെയാണു ചരിക്കുക. അതായതു മനസ്സാ ക്ഷിയനുസരിച്ചുള്ള ജീവിതവും പാപജീവിതവും ഒരിക്കലും പൊരുത്തപ്പെ ട്ടുപോവുകയില്ല. പാപം ദൈവത്തിൽനിന്നുമുള്ള വ്യതിചലനമാണ്. ശരിയായ മനസ്സാക്ഷി എപ്പോഴും ദൈവോന്മുഖമാണ്. തൽഫലമായി മനസ്സാക്ഷിയനു സരിച്ചു ജീവിക്കുന്നവർ ശാന്തിയും സമാധാനവുമനുഭവിക്കുന്നു. മറ്റുള്ളവർ അസമാധാനവും.

ആധികാരികമായ അദ്ധ്യാപനത്തോടും സനാതന സത്യത്തോടും ഒത്തു പോകാത്ത ഒരു തീരുമാനം താത്വികമായി പറഞ്ഞാൽ എപ്പോഴും ഒരു വ്യക്തി ക്കെടുക്കാൻ കഴിയും. അതത്ര എളുപ്പമല്ല എന്നുമാത്രം. ഇവിടെയെല്ലാം വ്യക്തമാകുന്നത് ശരിയായ ക്രിസ്തീയമായ ഒരു മനസ്സാക്ഷി രൂപീകരിക്കേ ണ്ടതിന്റെ ആവശ്യകതയാണ്.

### 9. മനസ്സാക്ഷി രൂപീകരണം

ക്രിസ്തീയമായ മനസ്സാക്ഷിയാണ് നമുക്കുള്ളതെങ്കിൽ നമ്മുടെ വിധി തീർപ്പുകൾ അതിനനുസരണമായിരിക്കും. അങ്ങനെ ഒരു മനസ്സാക്ഷി രൂപീ കരിക്കുവാൻ വേണ്ട ഘടകങ്ങൾ ഇവയാണ്.

1. സത്യത്തോടുള്ള ആഭിമുഖ്യം - എപ്പോഴും സത്യം സ്വീകരിക്കുവാനും പ്രവർത്തിക്കുവാനുമുള്ള സന്നദ്ധത.
2. കഴിയുന്നവിധം സത്യം ഗ്രഹിക്കുവാനുള്ള പരിശ്രമം, പഠനം, ക്ലാസ്സു കൾ മുതലായവ.
3. അറിവുള്ളവരിൽ നിന്നും ഉപദേശം സ്വീകരിക്കുക.
4. സഭയുടെ പ്രബോധനങ്ങളെ ബഹുമാനപൂർവ്വം സ്വീകരിക്കുക.
5. സർവ്വോപരി പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിനായി പ്രാർത്ഥിക്കുക.

ഈ ഉപാധികൾ സ്വീകരിക്കുന്ന ഒരു വ്യക്തി ഏതവസരത്തിലും എടു ക്കുന്ന തീരുമാനം വസ്തുനിഷ്ടമായി തെറ്റാണെങ്കിൽ തന്നെയും (സാധാ രണ അതുണ്ടാവാറില്ല) അയാൾ ദൈവത്തിന്റെ മുമ്പിൽ നീതികരിക്കപ്പെടു ന്നവനായിരിക്കും.

### 10. ഉപസംഹാരം

മനുഷ്യന്റെ പെരുമാറ്റ രീതിയെപ്പറ്റി നിയതമായ രൂപവും ഭാവവും വെളി പാടിലൂടെ ലഭ്യമായിട്ടുണ്ടെന്നുള്ളത് ഒരു സത്യമാണ്. ഈ രൂപഭാവങ്ങളെ പ്രായോഗിക ജീവിതത്തിനുതകും വിധം സഭ ആധികാരികമായി വ്യാഖ്യാ നിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, പലപ്പോഴും ഈ സത്യാ വസ്ഥ വിസ്മരിക്കപ്പെടുന്നുണ്ട്. ഒരു തീരുമാനത്തിലെത്താൻ ഏതു മാനദ ണ്ഡമാണു സ്വീകരിക്കേണ്ടതെന്ന് പലർക്കും അറിയില്ല. ഈ നിർഭാഗ്യാവസ്ഥ

ചില ക്രൈസ്തവർക്കും സംഭവിക്കുന്നുണ്ട്. തീരുമാനങ്ങളെടുക്കുന്നതിനുള്ള ആധുനിക മനുഷ്യന്റെ കഴിവുകേടിനുള്ള കാരണങ്ങളിൽ മുഖ്യമായത് സ്വന്തം മനസ്സാക്ഷിയോട് നീതി പുലർത്തുന്നില്ല എന്നുള്ളതാണ്.

എല്ലാറ്റിനെയും നവീകരിക്കാൻ ആഗതനായ മിശിഹാ മാനുഷികപ്രവർത്തനങ്ങൾക്കും ചിന്തകൾക്കും ധാർമ്മികമായ ചില അതിർത്തിവരമ്പുകൾ വച്ചു. അതു മിശിഹാ സർവ്വശക്തനും നിത്യനും തെറ്റില്ലാത്തവനും സർവ്വോപരി ദൈവവുമാണ് എന്ന സത്യത്തിൽ അധിഷ്ഠിതമത്രേ. അതിനാൽ ദൈവവും മനുഷ്യനും തമ്മിലുള്ള വൈയക്തിക ബന്ധത്തിനു നിദാനമായി നിലകൊള്ളേണ്ടത് മിശിഹായാണ്, അഥവാ സുവിശേഷ സത്യങ്ങളാണ്.

മിശിഹായുടെ തുടർച്ചയായി ഇന്നു ലോകത്തിൽ സ്ഥിതിചെയ്യുന്നത് അവിടുത്തെ സഭയാണ്. സഭ എന്നും ക്രിസ്തുവിലേക്കു മനുഷ്യനെ നയിക്കുന്ന രാജപാതയാണത്രേ. സഭാമക്കളെയെല്ലാം ഒന്നിപ്പിക്കുന്നതു ക്രിസ്തുവിന്റെ സ്നേഹമാണ്. ഇങ്ങനെ സ്നേഹിക്കാൻ ഏറ്റവും ആവശ്യമായത് ഒരു ക്രൈസ്തവമനസ്സാക്ഷിയാണ്. തന്നിൽ കുടികൊള്ളുന്ന മനസ്സാക്ഷിയെ കേൾക്കുവാൻ മനുഷ്യൻ സന്നദ്ധനാകണമെന്നുമാത്രം. അല്ലാത്തപക്ഷം അവൻ സ്നേഹശൂന്യനായിത്തീരുന്നു. കാലക്രമേണ മനസ്സാക്ഷി അവനൊരു പ്രശ്നമല്ലാതായിത്തീരുന്നു. ഇതുണ്ടാകാതിരിക്കുവാൻ മനസ്സാക്ഷിയിൽ ദൈവത്തിന്റെ സ്വരം കേൾക്കുവാൻ യത്നിക്കണം. ആ സ്വരം മറ്റുള്ളവരെ കേൾപ്പിക്കുവാൻ അവൻ സഹായിക്കണം.

### ചോദ്യങ്ങൾ

1. മനസാക്ഷിയുടെ നിർവ്വചനം എന്ത്?
2. വിവിധതരം മനസാക്ഷികളെ വിശദമാക്കുക?
3. മനസാക്ഷിയെ സംബന്ധിക്കുന്ന വിവിധ സിദ്ധാന്തങ്ങളെ ചുരുക്കി വിവരിക്കുക?

### ഗ്രന്ഥസൂചി

Curran C — A New Look at Christain Morality, London. 1969
D Arcy Eric — Conscience and its Right to Fredom, Sheed and Ward, University Press, New York, 1961
Encyclopedia of Religion and Ethics, Vol 4
Glessar J Conscience and Superego, in Theological Studies, June 1971
Hearing B. — Salom: Peace, Image Books, New york, 1969
Law of Christ, Mercier, Cork, 1963
Habat Vorglinder Comentary on Documents of Vatican II (ed). New Catholic Encyclopedia Vol. 4.
Srampical T. — The Concept of Conscience, Innsbruck, 1976-Formation of Christian Conscience, Osservatore Romano, Jan. 16, 1974

# 9
# പാപം

## 1 ആമുഖം:

പാപബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നൂറ്റാണ്ടാണിത്. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പറയുന്നു, "ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ തെറ്റ് പാപബോധം നഷ്ടപ്പെട്ടു എന്നതാണ്." ഇതിനുള്ള പ്രധാന കാരണം പാപത്തെപ്പറ്റിയുള്ള തെറ്റായ ധാരണയാണ്. ആധുനിക മനുഷ്യന് പാപത്തിന്റെ അർത്ഥം എന്താണെന്ന്, അതിന്റെ കാഠിന്യം എത്രമാത്രം ഉണ്ടെന്ന്, മനസ്സിലാകുന്നില്ല. പാപത്തെപ്പറ്റിയുള്ള തെറ്റായ ചിന്താഗതി മാറ്റി ശരിയായ പാപബോധം വീണ്ടെടുക്കാൻ പരിശ്രമിക്കുകയാണ് ചെയ്യേണ്ടത്.

പാപം കുറെ 'അരുതു'കളുടെ ലംഘനമല്ല, അപൗരുഷേയമായ നിയമത്തോടോ ബാഹ്യക്രമീകരണത്തോടെ മനസ്സാക്ഷിയുടെ ചലനത്തോടോ ഉള്ള വെല്ലുവിളിയല്ല; പ്രത്യുത, ദൈവികനിയമത്തിന്റെ ലംഘനമാണ്. ഇതാണ് പാപം, അടിസ്ഥാനപരമായി.

മനുഷ്യ പ്രകൃതിയെക്കുറിച്ചും മനുഷ്യസ്തിത്വത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചുമുള്ള ധാരണകളിൽ വരുന്ന വ്യത്യാസത്തിനനുസരണം നന്മതിന്മ, പാപപുണ്യ സങ്കൽപ്പങ്ങളും മാറിക്കൊണ്ടിരിക്കും. അങ്ങനെ പാപമല്ലാതിരുന്നത് ഇന്നു പാപമാകാം, പാപമായിരുന്നത് പാപമല്ലാതെയുമാകാം-വസ്തുനിഷ്ഠമായിട്ടല്ല, വ്യക്തിഗതമായി അനുഭവങ്ങളിലൂടെ മുന്നേറുന്ന സാധാരണ മനുഷ്യൻ ജീവിതത്തിനുതകുന്ന ധർമ്മസംഹിത രൂപീകരിക്കുകയും അതിനനുസരണം ജീവിക്കുകയും ചെയ്യുന്നു. ജീവിതത്തിൽ നിന്നുരിത്തിരിയുന്ന അവരുടെ ധർമ്മസംഹിത രൂപീകരിക്കുകയും അതിനനുസരണം ജീവിക്കുകയും ചെയ്യുന്നു. ജീവിതത്തിൽ നിന്നുരുത്തിരിയുന്ന അവരുടെ ധർമ്മസംഹിത ഏതാനും വിലക്കുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല.

പാപത്തെപ്പറ്റിയുള്ള ധാരണകൾ മാറിവരുന്ന ഈ നൂറ്റാണ്ടിൽ പാപം എന്താണെന്നു മനസ്സിലാക്കാനും പാപരഹിതനായി ജീവിക്കാനും മനുഷ്യർ പരിശ്രമിക്കണം.

## II പാപം എന്ന വസ്തുത

പാപം ഒരു അനിഷേധ്യയാഥാർത്ഥ്യമാണ്. പാപം എങ്ങനെയാണ് നിർവ്വചിക്കേണ്ടതെന്നറിയില്ലെങ്കിലും പാപബോധമുള്ളവനാണ് മനുഷ്യൻ. പാപം

എന്ന യാഥാർത്ഥ്യമില്ലെങ്കിൽ കുറ്റബോധം ഉണ്ടാവുകയില്ലല്ലോ. എന്താണ് പാപം?

ദൈവകല്പനകളുടെ ലംഘനമാണ് പാപം. ഇതാണ് പാപത്തെപ്പറ്റിയുള്ള പരമ്പരാഗതമായ ക്രൈസ്തവ സമീപനം. ദൈവകല്പനകൾക്കും ദൈവിക നിരോധനങ്ങൾക്കുമെതിരെ ചെയ്യുന്നതെല്ലാം പാപം, എന്നാണ് ഇതിനർത്ഥം. എന്നാൽ, മനുഷ്യസ്വാതന്ത്ര്യം സംബന്ധിച്ച് വികലമായ ആശയമാണ് ഈ നിർവ്വചനത്തിൽ അടങ്ങിയിരിക്കുന്നത്. ഇതിനടിസ്ഥാനം കൽപനകളും മറ്റും മനുഷ്യസ്വാതന്ത്ര്യത്തോടു നീതിപുലർത്തുന്നില്ല എന്ന ചിന്താഗതിയത്രെ. ദൈവത്തോടുള്ള മനുഷ്യന്റെ പ്രത്യുത്തരത്തിന്റെ മാനദണ്ഡവും ഉറവിടവും മനുഷ്യഹൃദയമാകുന്നു. അതിനാൽ വെറും ബാഹ്യമായ നിയമലംഘനത്തിനല്ല, മനുഷ്യഹൃദയത്തിന്റെ തീരുമാനത്തിനാണ് പ്രാധാന്യം. അപ്പോൾ പാപം എന്ന യാഥാർത്ഥ്യം ഇതാണ്; ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകുന്നതിനു വിഘാതമായ മാനസിക നിലപാടും തീരുമാനവും.

### a) പാപത്തിന്റെ ഉത്ഭവം

പാപം ഒരു പ്രവൃത്തി അല്ലെങ്കിൽ അവസ്ഥയാണെന്നും ദൈവവുമായുള്ള സ്നേഹബന്ധത്തിന്റെ വിച്ഛേദിക്കലാണെന്നും നാം കണ്ടു. ഇനി പാപത്തിന്റെ ഉത്ഭവം എങ്ങനെയെന്നു നോക്കാം.

ഉത്പത്തിപ്പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ സൃഷ്ടിയെപ്പറ്റിയുള്ള വിവരണത്തിന്റെ ഒരാവർത്തനമുണ്ട്. പഞ്ചഗ്രന്ഥിയുടെ രൂപീകരണത്തിനാസ്പദമായ വിവിധ പാരമ്പര്യങ്ങളിൽ ഏറ്റവും പുരാതനമാണെന്നു വിശ്വസിക്കപ്പെടുന്ന യാഹ്‌വിസ്റ്റ് വിഭാഗത്തിൽപെട്ടതാണ് ഈ വിവരണം. എല്ലാ ജീവജാലങ്ങൾക്കും മുമ്പായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. അനന്തരം പൂർവ്വദിക്കിൽ ഏദനിൽ ഒരു തോട്ടമുണ്ടാക്കി. സൃഷ്ടിച്ച മനുഷ്യനെ ദൈവം അവിടെ വസിപ്പിച്ചു (ഉല്പ.2:18).

പ്രസ്തുത യാഹ്‌വിസ്റ്റ് ഗ്രന്ഥകാരനല്ലാതെ മറ്റാരും പാപോത്പത്തി സംബന്ധിച്ച് ഇതുപോലുള്ള വിശദീകരണങ്ങൾ നൽകുന്നില്ല. ആദ്യപാപത്തിന്റെ ചിത്രീകരണം മൂന്നാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. ആദ്യപാപം ആദിമാതാപിതാക്കന്മാരിലാരോപിച്ചുകൊണ്ടാണ് ഈ പ്രശ്നം ഗ്രന്ഥകാരൻ പരിഹരിക്കുന്നത്.

### b) പാപം ബാഹ്യവും ആന്തരികവും

പാപം രണ്ടുവിധത്തിലാകാം: ഒന്നാമതായി ധാർമ്മിക നിയമത്തിനു വിരുദ്ധമായ ബാഹ്യപ്രവൃത്തി. ഇതിൽ അന്ത:കരണത്തിനു വലിയ സ്ഥാനമില്ല. മനുഷ്യന്റെ അജ്ഞതമൂലമോ, തന്നെത്തന്നെ നിയന്ത്രിക്കാൻ അവനു കഴിവില്ലാത്തതു നിമിത്തമോ സംഭവിക്കാം. ഇത്തരം പ്രവൃത്തി പ്രത്യക്ഷത്തിൽ പാപമാണെന്നുതോന്നിയാലും ഉള്ളിന്റെ ഉള്ളിൽ നിന്നും വരുന്നതനുസരിച്ചേ,

പാപമാകുന്നുള്ളൂ. രണ്ടാമതായി, പുറമേനിന്നു നോക്കിയാൽ നല്ലതെന്നു തോന്നുന്നതും ഉള്ളിലെ പാപത്തെ മറയ്ക്കുന്നതുമായ പ്രവൃത്തി കപട ഭക്തിയാണ്. കപടഭക്തരായ ഫരിസേയരെ ക്രിസ്തുനാഥൻ ശാസിക്കുന്നതായി സുവിശേഷങ്ങൾ സാക്ഷിക്കുന്നു (Mt.23.13).

പ്രവൃത്തിയിലൂടെ കാണിക്കുന്ന വിശുദ്ധി ധാർമ്മികതയുടെ നിയമത്തെ അനുസരിക്കുന്നു. എന്നാൽ ഇത് ഉള്ളിലുള്ള പാപം മറയ്ക്കുന്നു. തന്നിൽ പാപമില്ല എന്ന ചിന്ത അയാളെ നയിക്കുന്നു. തന്മൂലം ഇത് കപടതയാണ്. ഇവയ്ക്കു രണ്ടിനും വളരെ നാൾ നിലനിൽക്കുക സാദ്ധ്യമല്ല. ഒന്നുകിൽ മോശമായ ബാഹ്യപ്രവൃത്തി ആന്തരിക സ്വഭാവത്തെ ബാധിക്കും. അല്ലെങ്കിൽ, തിന്മയായ സ്വഭാവം ബാഹ്യപ്രവർത്തികളിൽ വെളിപ്പെടും.

ഇവയ്ക്കു രണ്ടിനും വ്യത്യസ്ത നിലകളുണ്ട്. മന:ശാസ്ത്രപരമായ വിവധ ഘടകങ്ങൾ നമ്മെ സ്വാധീനിക്കുന്നു. തൽസന്ദർഭങ്ങളിൽ നമ്മുടെ സ്വാതന്ത്ര്യം പൂർണ്ണമല്ല; നമ്മുടെ വ്യക്തിത്വത്തിന്റെ പുറംതോടിൽ നിന്നുള്ള പ്രവൃത്തിയായിരിക്കുമത്.

ആന്തരികഭാവം അതിനില്ല. ഇത്തരം മന:ശാസ്ത്രപരമായ ഘടകങ്ങൾ വാസ്തവികമോ (positive) നിഷേധാത്മകമോ (negative) ആകാം. പ്രേരണകൾ, ഉൽക്കണ്ഠ തുടങ്ങിയവയും നമ്മുടെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നു. ഒരു പാപകൃത്യം തുടർച്ചയായ് ചെയ്താൽ അതൊരു പതിവായിത്തീരും; ആ കാര്യത്തിൽ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകകൂടിചെയ്യും.

ഈ ചിന്ത കത്തോലിക്ക ദൈവശാസ്ത്രജ്ഞന്മാർ പരമ്പരാഗതമായി കരുതിപ്പോന്നിരുന്ന മാരകപാപവും ലഘുപാപവും എന്ന വ്യത്യാസത്തെക്കുറിച്ച് പുനപരിശോധിക്കാൻ കാരണമാക്കി. കുമ്പസാരം എന്ന കൂദാശയുടെ അനുഷ്ഠാനം വഴിയാണ് മാരക പാപവും ലഘുപാപവും എന്ന വ്യത്യാസം ഒട്ടൊക്കെ വ്യക്തമായത്. കുമ്പസാരം വഴി മാത്രം ക്ഷമിക്കപ്പെടാവുന്നതും കുമ്പസാരം കൂടാതെതന്നെ ക്ഷമിക്കപ്പെടാവുന്നതുമായ പാപങ്ങൾ എന്നുള്ള തരംതിരിവിനും ഈ കൂദാശ അവസരമായി. പാപത്തിന്റെ ഗുരുത്വത്തിലുള്ള വ്യത്യാസം പെലാജിയനിസം നിഷേധിച്ചു. അല്പം ഭേദഗതികളോടെ നവീകരണക്കാരും അത് എതിർത്തു. എന്നാൽ മനുഷ്യപ്രവൃത്തിയിൽ വസ്തുനിഷ്ഠമായി കാണുന്ന വ്യത്യാസമനുസരിച്ച് പാപത്തിന്റെ ഗൗരവം കൂടിയും കുറഞ്ഞും ഇരിക്കുമെന്ന നിലപാടാണ് കത്തോലിക്കാ സഭ കൈക്കൊണ്ടത്. ലംഘനത്തിന്റെ ഗൗരവവും സ്വാതന്ത്ര്യവും അറിവും സമ്മതവുമാണ് പാപത്തിന്റെ ഗുരുത്വം നിർണ്ണയിക്കുന്ന ഘടകങ്ങൾ. മാരകപാപം എന്നുപറയുന്നത് ഗുരുതരമായ ഒരു 'കാര്യം' പൂർണ്ണ അറിവോടും സമ്മതത്തോടും കൂടി ദൈവത്തിനെതിരായി ചെയ്യുന്നതാണ്. ആകയാൽ, പാപത്തിന്റെ ഗൗരവം അളക്കാൻ ഏക മാനദണ്ഡമേയുള്ളു-മനുഷ്യന്റെ ഹൃദയ

ത്തിൽനിന്നും വരുന്നതാണോ എന്നുള്ളത്. വേറേ വാക്കുകളിൽ പറഞ്ഞാൽ പാപത്തിന്റെ ഗൗരവം തീരുമാനിക്കേണ്ടത് പ്രവൃത്തി ബാഹ്യമാണോ അതോ ഹൃദയത്തിൽനിന്നുള്ളതാണോ എന്നു പരിശോധിച്ചിട്ടു കൂടിയത്രെ.

ഓരോ പ്രവൃത്തിയും വിവേചിച്ചെടുക്കുക ബുദ്ധിമുട്ടുള്ള കാര്യമാണ്. ബാഹ്യമായി തെറ്റെന്നു തോന്നിക്കുന്ന-ഒരു പ്രവൃത്തി-അതെത്ര ഗൗരവതര മാണെങ്കിലും-ആന്തരികമായി വലിയ പാപമായിരിക്കണമെന്നില്ല, കാരണം, ഗൗരവമായ ഒരു ദ്രോഹം മനുഷ്യന്റെ ഹൃദയത്തിൽനിന്ന് വരണമെന്നില്ല. എന്നാൽ, ചെറിയ തെറ്റെന്നു പ്രത്യക്ഷത്തിൽ തോന്നുന്നവയിൽപോലും വലിയ തിന്മ അന്തർഭവിച്ചിരിക്കാനുള്ള സാദ്ധ്യതയുണ്ട്. എന്നുവച്ചാൽ ഒരു പ്രത്യേക പ്രവർത്തിയെടുത്ത് അതു പാപമാണോ എന്നു പരിശോധിക്കുന്ന തുപോലെ പ്രധാനമാണ് ജീവിതം മുഴുവൻ വിലയിരുത്തുന്നത്. പാപപുണ്യാ വസ്ഥകൾ നിർണ്ണയിക്കേണ്ടത് വ്യക്തിയുടെ ജീവിതപരിപാടികളുടെയെല്ലാം വെളിച്ചത്തിലും കൂടിയാണ്. വിധേയത്വം, തെറ്റ്, ശുദ്ധത, അശുദ്ധി, സ്നേഹം, സ്വാർത്ഥത മുതലായവ ചിലപ്പോൾ ജീവിതം മുഴുവനിലും കാണും; ചില പ്പോൾ ഏതാനും പ്രവൃത്തികളിൽ മാത്രമേ കാണുകയുള്ളു. ചില പ്രവൃ ത്തികളെ മാത്രം ആസ്പദിച്ചല്ല ജീവിതത്തിന്റെ നന്മതിന്മ തീരുമാനിക്കുന്ന ത്, അതിന്റെ ആകെത്തുക പരിഗണിച്ചാണ്.

## III പാപത്തിന്റെ സ്വഭാവം

മനുഷ്യനു സംഭവിക്കാവുന്ന ഏറ്റവും വലിയ അപകടവും മാർഗ്ഗഭ്രംശ വും കൃപാവരധ്വംസനവും, ക്രമരാഹിത്യം, സ്നേഹശൂന്യത, പ്രമാണലം ഘനം തുടങ്ങിയ വിശേഷണങ്ങൾ പാപത്തിന്റെ സ്വഭാവമാണ് വ്യക്തമാക്കു ന്നത്. ഇവയുടെ വിശദീകരണം പാപത്തിന്റെ സ്വഭാവം സംബന്ധിച്ച് സമഗ്ര മായ ഒരു ആശയം നമുക്കു നൽകും.

### a) പാപം സ്നേഹത്തിനെതിരാണ്

ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ഏറ്റുപറയുകയുമാണ് ഒരു വ്യക്തിയുടെ ജീവിത കടമ. പാപം ചെയ്യുന്ന വ്യക്തി ദൈവസ്നേഹത്തെ തൃണവത്ഗണിച്ച് വിഗ്രഹാരാധനയ്ക്ക് സ്വയം സമർപ്പിക്കുകയാണ്. ദൈവ സ്നേഹത്തിന്റെ, ഈശ്വരപ്രസാദത്തിന്റെ തിരസ്ക്കരണമാണ് പാപം. ആക യാൽ, സർവ്വ പാപങ്ങളുടെയും മൂലകാരണമായി വിഗ്രഹാരാധനയെ കാണണം (cf.വിജ്ഞാ.14:2,1).

### b) പാപം കൽപ്പനകൾക്കെതിരാണ്

ദൈവസ്നേഹത്തിന്റെ പ്രതീകങ്ങളും പ്രകടനങ്ങളുമാണ് അവിടുന്നു നൽകിയ പ്രമാണങ്ങൾ. ദൈവസ്നേഹമുള്ളവർക്ക് അവിടുത്തെ കല്പന കൾ അനുസരിക്കാതിരിക്കുക സാദ്ധ്യമല്ല, ദൈവസ്നേഹമില്ലാത്ത മനുഷ്യന്റെ

പ്രവർത്തനങ്ങൾ ദൈവകല്പനകളുടെ ലംഘനങ്ങളാകുന്നു. ദൈവഹിതത്തെക്കാൾ സ്വാർത്ഥതാത്പര്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന പ്രവൃത്തിയാണ് പാപം. സ്വാർത്ഥതയും അഹങ്കാരവുമാണ് ദൈവകല്പനകൾ ലംഘിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

പ്രാപഞ്ചിക യാഥാർത്ഥ്യങ്ങൾ നിലനിൽക്കുന്നത് ദൈവദത്തമായ താളക്രമങ്ങളനുസരിച്ചാണ്. സ്വതന്ത്ര ജീവിയായ മനുഷ്യനുമാത്രമേ അവ ലംഘിക്കാൻ കഴിയൂ. ഇതര സൃഷ്ടവസ്തുക്കളെല്ലാം സ്വാഭാവികമായി പ്രകൃതിനിയമങ്ങൾ അനുസരിച്ചു ചരിക്കുന്നു. പാപം ചെയ്യുന്ന മനുഷ്യൻ ദൈവസ്ഥാപിതങ്ങളായ ക്രമങ്ങളെ, ധാർമ്മിക നിയമങ്ങളെ, തകിടം മറിക്കുകയാണ്.

### c) പാപം സഹോദരസ്നേഹത്തിനെതിരാണ്

ബാഹ്യപ്രവൃത്തികൾ ആന്തരിക മനോഭാവത്തിന്റെ പ്രതികരണമോ ലക്ഷണമോ ആണ്. ദൈവസ്നേഹം സഹോദരസ്നേഹത്തിൽ പ്രതിഫലിക്കണം (1യോഹ.4:20). ദൈവസ്നേഹം നിഷേധിക്കുന്നതുകൊണ്ട് പാപം സഹോദരസ്നേഹം നിഷേധം കൂടിയാണ്. പാപി ദൈവസ്നേഹത്തെ നിരസിക്കുകയും സഹോദരനെ ദ്രോഹിക്കുകയും ചെയ്യുന്നു. ദൈവത്തെ സ്നേഹിക്കാതെ സഹോദരനെ സ്നേഹിക്കാൻ കഴിയുകയില്ല. ഒരു മനുഷ്യന്റെ പാപം സമൂഹത്തിനു മുഴുവൻ നാശം വരുത്തുന്നു. പാപം മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ വിച്ഛേദനമാണ്. വ്യക്തിബന്ധങ്ങളിലുള്ള പരാജയമാണ്. ചുരുക്കത്തിൽ, പാപം ദൈവത്തിനും സമൂഹത്തിനും തനിക്കുതന്നെയും എതിരാണ്.

## IV) പാപം ബൈബിൾ വീക്ഷണത്തിൽ

### A) പഴയനിയമത്തിൽ

ദൈവത്തോടു കൂടിയോ അല്ലാതെയോ ചരിത്രത്തിൽ കൂടിയുള്ള തങ്ങളുടെ പ്രയാണത്തിൽ പാപവും പാപാവസ്ഥയും എന്താണെന്നനുഭവിച്ചറിഞ്ഞവരാണ് ഇസ്രായേൽ ജനം. പാപമെന്നത് പ്രവൃത്തിയും അവസ്ഥയുമാകുന്നു. പാപകൃത്യത്തെ വിലയിരുത്താനും വിധിക്കാനുമായി പഴയനിയമകാലത്ത് പാപത്തിന് വിവിധ പദങ്ങൾ ഉപയോഗിച്ചിരുന്നു. ഹത്താത് (Hattat) പെസാ (Pesha) ആവോൻ (awon) എന്നീ മൂന്നു പദങ്ങളാണ് അവയിൽ പ്രധാനം. ഇവയ്ക്ക് ഐഹികമായ അർത്ഥം കൂടിയുള്ളതിനാൽ പാപം എന്നു പരിഭാഷപ്പെടുത്തുന്നതു ശരിയല്ല. “ഹത്താതി” നു തത്തുല്യമായ ഗ്രീക്കുപദം “ഹമർത്താനേ”, (hamartano) ആണ്. ലക്ഷ്യം തെറ്റുക എന്നാണിതിനർത്ഥം, സാധാരണ അർത്ഥം യാത്രക്കാരന്റെ വഴി തെറ്റുക എന്നും പഴിക്കുക, ഇടറുക എന്നെല്ലാം അർത്ഥമുള്ള “പെക്കാരെ” (Peccare) എന്ന വാക്കാണ് ലത്തീനിൽ പാപത്തെ സൂചിപ്പിക്കുന്നതിനായി ഉപയോഗിക്കുക. ഇത് ധാർമ്മി

കമായി ഒന്നും ദ്യോതിപ്പിക്കുന്നില്ല. അതിനാൽ ശബ്ദോത്പ്പത്തികൊണ്ട് മാത്രം പാപത്തിന്റെ ദൈവശാസ്ത്രത്തെപ്പറ്റി കൂടുതലൊന്നും അറിയാൻ സാദ്ധ്യമല്ല.

പാപവൃത്തി എന്തുകൊണ്ട് ഗർഹ്യവും അവഹേളനാർഹവുമാണ് എന്നു ഗ്രഹിക്കാൻ ഈ വാക്കുകളുടെ ഐഹീകാർത്ഥം ശരിക്കും നിരീക്ഷിക്കണം, മനസ്സിലാക്കണം. "ഹത്" (Ht) എന്ന മൂലപദത്തിൽനിന്നാണ് "ഹത്താതിതിന്റെ ഉത്ഭവം. ലക്ഷ്യം തെറ്റുക, പരാജയപ്പെടുക എന്നെല്ലാമാണ് ഇതിനർത്ഥം (ന്യായധി.20:16). നഷ്ടപ്പെട്ടലക്ഷ്യം അവശ്യം ധാർമ്മികമായ ഒന്നായിരിക്കണമെന്നില്ല (സഭാ19:2). ഈ വാക്ക് വ്യക്തിബന്ധത്തിന്റെ പരാജയമാണ് (ന്യായധി.11:27;2 രാജാ 16:7; 19:21). ദൈവവുമായുള്ള ബന്ധം പരാജയപ്പെടുക, ദൈവം നഷ്ടപ്പെടുക, ഇതാണ് ദൈവശാസ്ത്രത്തിൽ ഇതിനുള്ള അർത്ഥം (സംഖ്യ 32:23; അവ 9:12:10; ജെറേ3:25). ദൈവത്തിനെതിരായി പാപം ചെയ്യുന്നത് അവിടുന്ന് കാണിച്ചുതരുന്ന മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ടാണ്. അപ്പോൾ മനുഷ്യന് സ്വന്തം ലക്ഷ്യം തെറ്റുന്നു. ഇസ്രായേൽ ജനം ദൈവത്തെ അനുസരിക്കാതെ വിഗ്രഹങ്ങളെ ആരാധിച്ചപ്പോൾ, അവിടുത്തെ കൽപനകൾ ലംഘിച്ചതുകൊണ്ട് അവർ പാപം ചെയ്തു (ഉല്പ.40:1;41:9). പാപം ദ്രോഹവും വെറുപ്പുമാണ്. യാഹ്‌വേയെ സംബന്ധിച്ചിടത്തോളം പാപം വ്യഭിചാരമാണ്. കാരണം സ്വന്തം ജനങ്ങൾ, തന്നോടു കാണിക്കേണ്ട വിശ്വസ്തതക്കെതിരായി പ്രവർത്തിക്കുന്നു.

"പെഷെ" (Pesha) യാണ് പാപത്തെ സൂചിപ്പിക്കുവാൻ ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു പദം. മറ്റൊരാളിൽ ആശ്രയിക്കാൻ വിസമ്മതിക്കുക, അല്ലെങ്കിൽ ബന്ധം നീക്കിക്കളയുക എന്നെല്ലാമാണ് ഇതിനർത്ഥം. ആന്തരികമായ അനീതിയും ദൈവത്തിനെതിരായ ശത്രുതയും ഈ പദം ദ്യോതിപ്പിക്കുന്നു,

യാഹ്‌വേ ലോകത്തിന്റെ നാഥനും സൃഷ്ടാവുമാണ്, പാപം ദൈവത്വത്തേയും അധീശത്വത്തെയും ആക്രമിക്കലാണ്. നിയമം പാലിക്കാനും അത് കാത്തുസൂക്ഷിക്കാനും ബാദ്ധ്യസ്ഥരായിരുന്ന ഇസ്രായേൽക്കാർ കല്പന നിരസിച്ചു. ദൈവത്തെ ആശ്രയിക്കുന്നതിൽ അവർ വിമുഖത കാണിച്ചു (ആമോസ്. 2:4). പാവപ്പെട്ടവരോട് അനീതിപ്രവർത്തിച്ചു (ആമോസ് 2:7;5:12).

പാപത്തെ സൂചിപ്പിക്കാൻ ബൈബിളിൽ ഉപയോഗിച്ചിട്ടുള്ള മറ്റൊരുപദമാണ് "ആവോൻ" (awon). വക്രത, ലംഘനം എന്നെല്ലാം ഇതിനർത്ഥമുണ്ട്. യഥാർത്ഥ ബന്ധത്തിനു യോജിക്കാത്ത ഓരോ പ്രവർത്തിയും ംവൈകല്യവും വക്രതയുമാകുന്നു. സോദോമികളുടെ ഹൃദയത്തിൽ ഇപ്രകാരമുള്ള വക്രത കാണാമായിരുന്നു (ഉല്പ 19:5).

**പാപം പ്രവാചകന്മാരുടെ വീക്ഷണത്തിൽ**

നിയമങ്ങളുടെ ലംഘനം മാത്രമായിട്ടല്ല പ്രത്യുത, വ്യക്തിപരമായി ദൈവത്തോടും ചെയ്യുന്ന ദ്രോഹമായാണ് പ്രവാചകന്മാർ. പാപത്തെ കാണിച്ചു തരിക (ഐസ.59:2). ദൈവവും ജനങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ജനങ്ങളെ അവർ ബോധവാന്മാരാക്കി, അങ്ങനെ ഇസ്രായേൽ ജനം ഉടമ്പടിയുടെ നിഷേധത്തിലടങ്ങിയിരിക്കുന്ന പാപവും (ഐസ.46:12; എസ 2:4) അതിലുള്ള നന്ദിഹീനതയും മനസ്സിലാക്കി (ഐസ 1:3). ഉടമ്പടിയുടെ ലംഘനം വഴി ഇസ്രായേൽ ജനം ദൈവത്തെ വ്യക്തിപരമായി ദ്രോഹിച്ചു (ഓസി 11:1-2; ഐസ 15; 50:1;54:6; ജെറേ 2:2;3:1-5;20; എസ 16).

**B) പാപം പുതിയ നിയമത്തിൽ**

"ഹമർത്താനോ" (hamartano) എന്ന ഗ്രീക്കുപദമാണ് പുതിയ നിയമത്തിൽ പാപത്തെ സൂചിപ്പിക്കുന്നത് (cf.മർക്കോ 3:28;കോറി 6:18; റോമ 3:25). ബഹുവചനത്തിലാണ് ഈ പദം സാധാരണ ഉപയോഗിക്കുക, ഏകവചനത്തിൽ, ഒരു പ്രത്യേക പാപത്തെ-പരിശുദ്ധാത്മാവിനെതിരായ പാപം-ഇത് ദ്യോതിപ്പിക്കുന്നു, "ഹമാർത്തിയ" എന്ന പദത്തിൽ നിന്നാണെന്ന് വ്യക്തമാണ്. ബഹുവചനം ഉപയോഗിച്ചിരിക്കുന്നത് അനേകം പാപ പ്രവൃത്തികളെ സൂചിപ്പിക്കുവാനാണ്. ഹമാർത്തിയായും സാധാരണം ബഹുവചനത്തിലാണ് ഉപയോഗിക്കുക. പാപങ്ങളുടെ ഏറ്റുപറച്ചിൽ (മക്കോ 1:5;മത്താ 3:6; 1 യോഹ 1:9), ക്രിസ്തു നമ്മെ പാപത്തിൽ നിന്നു രക്ഷിച്ചു (മത്താ 1:21; 1 കോറി 15:3; ഗല 1:4; 1 പത്രോ 3:18 ff) തുടങ്ങിയ പദപ്രയോഗങ്ങളിലും പഴയനിയമത്തിൽനിന്നുള്ള ഉദ്ധരണികളിലും ഇതു ദൃശ്യമാണ് (റോം 4:7 ff; 11:27;1 പത്രോ 2:22). പാപകൃത്യങ്ങൾ സൂചിപ്പിക്കുവാൻ "ലംഘനം" എന്നർത്ഥമുള്ള "മിസ്സ്റ്റെപ്പ്" (Misstep) എന്ന പദവും ബൈബിളിൽ കാണുന്നു. ഏകവചനത്തിലാണ് ഇതിന്റെ ഉപയോഗം സാധാരണയായി (2 കോറി 5:19; ഗലാ 6:1; റോമ 4:25; കൊളൊ 2:13). മറ്റു ലേഖനങ്ങളിലേതിനേക്കാൾ കൂടുതൽ ഈ പദം ഹെബ്രായർക്കെഴുതിയ ലേഖനത്തിൽ പ്രത്യക്ഷപ്പെടുന്നു. പാപം നിയമലംഘനമാണെന്ന് ഈ പദം സൂചിപ്പിക്കുന്നു (ഹെബ്ര. 2:2;9:15; ഗലാ 3:19; റോമ 2:23; 4:15; 5:14).

പുതിയനിയമ ഗ്രന്ഥകാരന്മാർക്ക് പാപം ഒരു യാഥാർത്ഥ്യമാണ്. "നന്മ ചെയ്യുക"എന്ന ധാർമ്മിക പ്രമാണത്തിന്റെ ക്രിസ്തീയ ഭാഷ്യം സ്നേഹിക്കുക എന്നാണല്ലോ, സ്നേഹിക്കുക എന്നതാകട്ടെ, നിർജ്ജീവവും അമൂർത്തവുമായ ഒരു തത്വമോ പ്രകൃതിയിൽനിന്ന് മനുഷ്യൻ സ്വന്തം ബുദ്ധിശക്തികൊണ്ട് കണ്ടെത്തുന്ന ദൈവപ്രമാണമോ അല്ല, പ്രത്യുത, മാംസംധരിച്ച് മനുഷ്യനായി, തന്റെ മനുഷ്യാവതാരത്തിലൂടെ പാപികളായ മനുഷ്യരെ ദൈവപുത്രരാക്കിയ, ദൈവസുതന്റെ സ്വയം വ്യാഖ്യാനിക്കലാണ്[4] സ്നേഹം ദൈവ

ത്തിൽനിന്ന് വ്യതിരക്തമല്ല, ദൈവം തന്നെയാണ് (1 യോഹ 4:9). ഈ കല്പനയുടെ ഏറ്റവും മൂർത്തവും ഒഴിഞ്ഞുമാറാനാവാത്തവിധം വ്യക്തവും ശക്തവുമായ രൂപമിതാണ്, "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13:24). ഈ പുതിയ കല്പന പരമവും പ്രധാനവുമായ ധാർമ്മികപ്രമാണം, ക്രിസ്തീയ ഭാഷ്യത്തിൽ, ക്രിസ്തുവിൽ വെളിപ്പെടുത്തുന്ന ദൈവത്തിന്റെ കല്പനയും മാതൃകയും ജീവനുമാണ്. അതിന്റെ നിഷേധമായ യാഥാർത്ഥ്യമാണ് പാപം. തന്റെ പുത്രനെത്തന്നെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച (യോഹ 3:16) പിതാവിന്റെ മുമ്പിൽ മനുഷ്യൻ ചെയ്യുന്ന തെറ്റാണത്. പാപം പിതാവിന്റെ മുമ്പിൽ ചെയ്യുന്ന തെറ്റായതിനാൽ പാപി സമാധാനം പറയേണ്ടത് പിതാവായ ദൈവത്തോടാണ്. ഈ ദൈവമാകട്ടെ, അവരുടെ കടങ്ങൾ ഇളവു ചെയ്ത് (ലൂക്കാ 7:36-50), അവരുടെ മരണത്തിന്റെ വിഷമുള്ളത് നീക്കി (1 കോറി 15:55-56) തന്റെ സന്നിധിയിലേക്കുള്ള അവരുടെ പുനരാഗമനം കാത്തിരിക്കുന്ന പിതാവാണ് (ലൂക്കാ 15:11-32).

പാപത്തിനു പരസ്പരപൂരകങ്ങളായ രണ്ടു വശങ്ങളുണ്ട്, പാപം അരുതാത്തത് ചെയ്യുന്നതാണ് - ഇതാണ് ഒരു വശം. പാപത്തിന്റെ അനന്തരഫലമായി വന്നുചേർന്ന സഹനമാണ് ഇതരവശം. മനുഷ്യകുലത്തിന്റെ പാപം സ്വയം ഏറ്റെടുക്കുകയും അവയ്ക്കെല്ലാം പരിഹാരമനുഷ്ഠിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തു നമ്മെ രക്ഷിച്ചു. ക്രൈസ്തവനും ഇതുതന്നെ ചെയ്യണം. തന്റെ സഹോദരന്റെ പാപം സ്വന്തം സഹനമാക്കി, അവനെ രക്ഷിക്കാൻ കടപ്പെട്ടവനാണ് ക്രിസ്ത്യാനി. ക്രൂശുമരണം വഴി ക്രിസ്തു കൈവരിച്ച വിശുദ്ധീകരണത്താൽ മനുഷ്യൻ അരൂപിയിൽ ജനിക്കുന്നു (യോഹ 8:3-8;1:12-13).

ക്രിസ്തുവിനും ദൈവരാജ്യത്തിനുമെതിരാണ് പാപമെന്നു വി.മത്തായിയുടെ സുവിശേഷത്തിൽ വളരെ വ്യക്തമാണ് (മത്താ 10:33; 11:20; 24:12; 28-32). പാപത്തിന്റെ മാപ്പിനോടു ബന്ധപ്പെടുത്തിയേ, സുവിശേഷങ്ങളിൽ പാപത്തെ മനസ്സിലാക്കാൻ കഴിയൂ (ലൂക്ക 15:11-32)

പാപം ദൈവത്തിൽനിന്നുള്ള അകൽച്ചയാണല്ലോ, ഇതിന്റെ പരിണിതഫലം ദൈവവിദ്വേഷവും സാത്താനോടുള്ള അടിമത്തവുമാണ്, ക്രൈസ്തവനെന്ന അവകാശം, ദൈവവുമായുള്ള കൂട്ടായ്മ, സർവ്വോപരി ദൈവപുത്രസ്ഥാനം എന്നിവ പാപം ചെയ്യുമ്പോൾ നഷ്ടമാകുന്നു.

പാപം അസമത്വമാണ് (1 യോഹ 3:5). കാരണം, പാപം ചെയ്യുമ്പോൾ അതുവരെ ദൈവപുത്രനായിരുന്ന മനുഷ്യൻ ദൈവപുത്രന്മാരുടെ തുല്ല്യനല്ലാതായിത്തീരുന്നു. കൂടാതെ, പാപവും പാപിയും അന്ധകാരത്തിൽ വസിക്കുകയത്രെ (യോഹ 3:19-21;9:35).

പാപം മൂർത്തീകരിക്കപ്പെട്ട ഒരു ശക്തിയായി ലോകത്തിൽ പ്രവേശിച്ചു. ഇത് മനുഷ്യരിലധിവസിക്കുകയും അവരെ അടിമകളാക്കുകയും ചെയ്തു. യോഹന്നാന്റെ വീക്ഷണത്തിൽ, പാപത്തിനും സാത്താനുമെതിരായി ക്രിസ്തു സത്യമായ വെളിപാട് പ്രദാനം ചെയ്തു(1 യോഹ 4:8). ക്രിസ്തുവിന്റെ ജീവിതലക്ഷ്യം തന്നെ പിശാചിന്റെ പ്രവൃത്തികൾ നശിപ്പിക്കുക എന്നതായിരുന്നു (1 യോഹ 3:20). സഹോദരനെ വെറുക്കുന്നവൻ അന്ധകാരത്തിൽ വസിക്കുന്നു (1 യോഹ 2:11; 3:5;4:20). പാപത്തിനുള്ള സാത്താന്റെ ദുഷ്പ്രേരണകളാണ് വികാരങ്ങൾ (യോഹ13:2;27;14:30). തന്നിൽ വിശ്വസിക്കുന്നവർക്ക് പാപങ്ങൾ മോചിക്കുന്നതിനുള്ള അധികാരവും (യോഹ 20:20-23;29-31) പരിശുദ്ധാത്മാവുവഴി തന്റെ സമാധാനവും ക്രിസ്തുനാഥൻ നൽകി.

പൗലോസിന്റെ വീക്ഷണത്തിൽ പാപം അവിശ്വസ്തതയാണ്. മനുഷ്യരെയും ലോകം മുഴുവനെയും അത് കീഴ്പ്പെടുത്തി. പൗലോസിനെ സംബന്ധിച്ചിടത്തോളം ആന്തരികവും സ്ഥായിയുമായ ഒരു യാഥാർത്ഥ്യമാണ് പാപം. അത് ദൈവത്തിന്റെ തിരുമനസ്സും നിയമത്തിനുമെതിരായ അനുസരണക്കേടിന്റെ ഒരു പ്രവൃത്തി മാത്രമല്ല, പ്രത്യുത, ദൈവത്തോടുള്ള തുറന്ന വിപ്ലവമാണ് ഇതിന്റെ ഫലം. ഇതു മരണത്തിലേക്കു നയിക്കുന്നതത്രേ. എങ്കിലും ക്രിസ്തുവിന്റെ വരപ്രസാദത്തിന്റെയും നീതിയുടെയും ശക്തിയോട് തുല്യപ്പെടുത്തുമ്പോൾ പാപത്തിന്റെ ശക്തി ഒന്നുമല്ല (റോമ 5:27).

## V) പാപത്തെക്കുറിച്ചുള്ള ദൈവശാസ്ത്ര വീക്ഷണം

തന്റെ സൃഷ്ടികളെല്ലാം അതതിന്റെ പൂർണ്ണത പ്രാപിക്കണമെന്നാണ് സ്രഷ്ടാവായ ദൈവത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും, ജീവജാലങ്ങളുടെ പ്രകൃതിക്കനുസരണമായ വളർച്ചയും വികാസവുമാണ് അവയുടെ പൂർണ്ണത. മനുഷ്യൻ അവന്റെ ദൈവദത്തമായ കഴിവുകൾ പരമാവധി പരിപോഷിപ്പിക്കണം; എങ്കിലേ സമഗ്രമായ വ്യക്തിത്വവികാസം സംജാതമാകൂ. സാഹചര്യങ്ങൾ, പരമ്പരാഗതമായ കഴിവുകൾ, സ്വന്തം ഇച്ഛാശക്തി, അഹം എന്നിവയാണ് വ്യക്തിത്വവികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ. പരമ്പരാഗതമായാലും സാഹചര്യസമ്മർദ്ദത്താലായാലും ഒരു വ്യക്തിക്ക് ഒരു പ്രത്യേക പ്രവണതയുണ്ടെങ്കിലും അത്യന്തികമായ തീരുമാനവും രൂപീകരണവും അവനെത്തന്നെ ആശ്രയിച്ചാണിരിക്കുന്നത്. മനുഷ്യൻ സ്വതന്ത്രനും അടിസ്ഥാനപരമായി തന്റെ പ്രവർത്തികളുടെയും വ്യക്തിത്വത്തിന്റെയും കർത്താവുമാണ്. ദൈവത്തിന്റെ ഛായയിൽ -അരൂപിയിൽ-സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അവൻ സ്വതന്ത്രനാണ്. തത്വശാസ്ത്രവീക്ഷണത്തിൽ ഒരു കാര്യം ചെയ്യുകയോ ചെയ്യാതിരിക്കുകയോ ആണ് സ്വാതന്ത്ര്യമെങ്കിൽ നന്മ എന്തെന്നറിഞ്ഞ് അതനുസരിച്ച് ജീവിക്കാനുള്ള കഴിവാണ് സന്മാർഗ്ഗശാസ്ത്രത്തിൽ സാക്ഷാത്തായ സ്വാതന്ത്ര്യം. സ്വതന്ത്രനായ മനുഷ്യൻ തിന്മ ചെയ്യുന്നു എന്നുപറയുമ്പോൾ അവൻ സ്വതന്ത്രനായതുകൊണ്ടുമാത്രമല്ല, സ്വാതന്ത്ര്യം ദുരുപ

യോഗിക്കുന്നതുകൊണ്ടും കൂടിയാണ് തിന്മ ചെയ്യുന്നത്. സ്വാതന്ത്ര്യം അവന്റെ ജീവിതത്തിലെ എല്ലാ തുറകളിലേക്കും വ്യാപിച്ചുകിടക്കുന്നു. തന്മൂലം എല്ലാറ്റിനും നന്മ ചെയ്യുവാൻ അവനു മനസ്സുണ്ടെങ്കിൽ കഴിയും.

**സഭാപിതാക്കന്മാർ**

വി.അഗസ്റ്റിൻ പറയുന്നു: സനാതനമായ ദൈവനിയമത്തിനെതിരായ വാക്കോ പ്രവൃത്തിയോ, വിചാരമോ ആണ് പാപം. സനാതന നിയമമെന്നത് ദൈവത്തിന്റെ തിരുമനസ്സ് അഥവാ തിരുവിഷ്ടമത്രെ. പാപം ദൈവത്തോടുള്ള വെറുപ്പാണ്, (aversio a Deo) വി. അഗസ്റ്റിന്റെ ഈ വീക്ഷണം പരാമർശിച്ചുകൊണ്ട് വി.അക്വിനാസ് പറയുന്നു: തിന്മ പ്രവൃത്തി ശാശ്വതമായ നിയമത്തിൽനിന്നുള്ള വ്യതിചലനമാണ്. മനുഷ്യന്റെ തത്ക്ഷണമായ നിയമമാണ് അവന്റെ യുക്തി; എന്നാൽ ശ്രേഷ്ഠമായിട്ടുള്ള നിയമം ദൈവത്തിന്റെ യുക്തിയത്രെ (divine reason) ഈ നിയമത്തിൽ നിന്ന് പിന്തിരിയുന്നത് പരമലക്ഷ്യത്തിൽനിന്നകന്നുപോകലും ദൈവത്തെ ദ്രോഹിക്കലും അവിടുത്തേക്കെതിരായി തെറ്റു ചെയ്യലുമാകുന്നു.

**a) അടിസ്ഥാനപരമായ തിരഞ്ഞെടുപ്പ്**

ഒരു മനുഷ്യന്റെ ജീവിതം ബാഹ്യമായ പ്രവൃത്തികളുടെ തുടർച്ചയാണ്. ബാഹ്യപ്രവൃത്തികൾ ആന്തരികമായ ഒരു ശക്തിവിശേഷത്തിന്റെ ബഹിർസ്പുരണങ്ങളാണ്. ബാഹ്യപ്രവൃത്തികളുടെ ചുക്കാൻ പിടിക്കുകയും അവയെ ഒന്നിപ്പിക്കുകയും ചെയ്യുന്ന ആന്തരികശക്തി രണ്ടു സാദ്ധ്യതകളിൽ ഒതുങ്ങിനിൽക്കുന്നു. ഒന്നുകിൽ ദൈവത്തെ ലക്ഷ്യമാക്കിയുള്ളത് അല്ലെങ്കിൽ ദൈവത്തിൽനിന്നകന്നുപോകുന്നത്. ഇത് മനുഷ്യനെ ദൈവത്തിന്റെ ശത്രുവോ മിത്രമോ ആക്കിത്തീർക്കുന്നു. ഇവയുടെ മദ്ധ്യേ ഇതരമാർഗ്ഗമില്ല. അതിനാൽ ഏതൊരു മനുഷ്യനും ഒന്നുകിൽ നീതിമാനായിരിക്കും. അല്ലെങ്കിൽ പാപിയും. ഒരു വ്യക്തിയുടെ അടിസ്ഥാനപരമായ ചായ്‌വ് ദൈവത്തെ തിരഞ്ഞെടുക്കാനാണെങ്കിൽ ഗുരുതരമായ ഒര ധാർമ്മിക പ്രവൃത്തിയെ, പ്രസ്തുത തെരഞ്ഞെടുപ്പിന്റെ മാദ്ധ്യമമായി കരുതാം.

ധാർമ്മിക പ്രവൃത്തികൾ ഇപ്രകാരം അടിസ്ഥാനപരമായ തിരഞ്ഞെടുപ്പിനെ സ്ഥിരീകരിക്കുന്നു. ലഘുവായ ഒരു ധാർമ്മിക പ്രവൃത്തിയിലാകട്ടെ ഈ മൗലികമായ തിരഞ്ഞെടുപ്പില്ല; അടിസ്ഥാനപരമായി ദൈവത്തെ തിരഞ്ഞെടുത്ത ഒരു വ്യക്തി ഗൗരവമായവിധം പാപം ചെയ്യുകയില്ല എന്നല്ല ഇതിനർത്ഥം. എങ്കിലും, ആ വ്യക്തിയുടെ പ്രവൃത്തികൾ ഒട്ടൊക്കെ അടിസ്ഥാനപരമായ തിരഞ്ഞെടുപ്പിന്റെ സ്വാധീനത്തിലായിരിക്കും.

അനുദിനജീവിതത്തിൽ ഓരോ വ്യക്തിയും നിരവധി തിരഞ്ഞെടുപ്പുകൾ നടത്തുന്നുണ്ട്. ഒന്നുകിൽ ദൈവത്തെ അല്ലെങ്കിൽ സൃഷ്ടിയെ തിരഞ്ഞെടുക്കുന്നു. ദൈവത്തെ തിരഞ്ഞെടുക്കുന്നവന്റെ പ്രവൃത്തി ആന്തരീകമായിട്ടെ

ങ്കിലും ദൈവോന്മുഖവും ദൈവികപദ്ധതിക്കു പ്രാധാന്യം കല്പിച്ചുകൊണ്ടു ള്ളതുമായിരിക്കും. സൃഷ്ടിയെ തിര ഞ്ഞെടുക്കുന്നവന്റെ പ്രവൃത്തി അതിനെ ലക്ഷ്യംവച്ചുകൊണ്ടുള്ളതാകാം. ഏതൊരു ധാർമ്മിക കൃത്യവും ഒന്നുകിൽ ദൈവത്തെ സ്നേഹിച്ചുകൊണ്ട് അല്ലെങ്കിൽ അവിടുത്തെ എതിർത്തുകൊണ്ട് അല്ലെങ്കിൽ അവിടുത്തെ എതിർത്തുകൊണ്ട് ആകാതെ തരമില്ല.

ധാർമ്മികതയും മനുഷ്യന്റെ അടിസ്ഥാനപരമായ ആഭിമുഖ്യവും അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ഒരു പ്രത്യേക മൂല്യത്തെ ഒരുവന്റെ ആത്യന്തിക ജീവി തനിയമമായി സ്വാതന്ത്ര്യപൂർവ്വം സ്വീകരിക്കൽ. ഈ തിരഞ്ഞെടുപ്പ് ആത്യ ന്തികമാണെന്ന് പറയുന്നത് ഇത് ഒരുവന്റെ വ്യക്തിത്വത്തിന്റെ കേന്ദ്രബിന്ദു വിനെ സ്പർശിക്കുകയും അവന്റെ പ്രവൃത്തികളെ നയിക്കുകയും നിജപ്പെ ടുത്തുകയും സ്വന്തം അന്തഃസത്തയിൽ നിന്നും സ്വാതന്ത്ര്യബോധ ത്തിൽനിന്നും ഉയിർക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ്.

ചുരുക്കത്തിൽ, പാപത്തിന്റെ കാഠിന്യം മനുഷ്യന്റെ ആത്യന്തികമായ തിര ഞ്ഞെടുപ്പിനെ ആശ്രയിച്ചാണിരിക്കുന്നത്. ഈ തിരഞ്ഞെടുപ്പിൽ മനുഷ്യൻ സ്വതന്ത്ര്യനാണ്, സാഹചര്യങ്ങളുടെ സ്വാധീനശക്തി അവഗണിക്കുക വയ്യ, എങ്കിലും. തന്നെ രക്ഷയിലേക്കു നയിക്കുന്ന ദൈവത്തിന്റെ കൃപാവരത്തോടു സഹകരിക്കണമോ എന്നുള്ള തീരുമാനം തീർത്തും വ്യക്തിഗതമാണ്. ആക യാൽ കത്തോലിക്കാ വീക്ഷണമനുസരിച്ച് സ്വതന്ത്രമനസ്സ് സർവ്വോപരി ഓരോ വ്യക്തിയേയും ആശ്രയിച്ചിരിക്കും. അതിനാലാണ് ഓരോ മനുഷ്യനും സ്വന്തം രക്ഷ തീരുമാനിക്കുന്നുവെന്ന് പറയുന്നത്.

### b) പാപത്തിന്റെ ഗുരുത്വം

പാപത്തിന്റെ ഗൗരവത്തിനു വ്യത്യാസമുണ്ട്. ചിലത് ദൈവസ്നേഹത്തെ നിശ്ശേഷം ഹനിക്കുമ്പോൾ മറ്റുചിലത് അതിനെ ലഘൂകരിക്കുന്നു. വിശുദ്ധലിഖിതങ്ങളും (മത്താ 7:8;യോഹ 5:16;റോമ 6:23) പാരമ്പര്യങ്ങളിലും (മത്താ 7:8; യോഹ 5:16; റോമ 6:23) സഭയുടെ പ്രബോധനങ്ങളിലും നിന്ന് ഇക്കാര്യം സമർത്ഥിക്കാം.

ഗൗരവമായ പാപത്തിന്റെ മൂന്നു ഘടകങ്ങളാണ് പൂർണ്ണസമ്മതം, പൂർണ്ണ അറിവ്, ഗൗരവതരമായ കാര്യം എന്നിവ, മനഃപൂർവ്വമായ ബുദ്ധിപൂർവ്വമായ പ്രവൃത്തിയാണ് പാപം. പാപത്തിന്റെ മനഃപൂർവ്വത തത്വശാസ്ത്രപരമായും മനഃശാസ്ത്രപരമായും നിർവചനാതീതമാണെങ്കിലും അത് അനുനിമിഷം നേരിടുന്ന ഒരനുഭവമാണ്, യാഥാർത്ഥ്യമാണ്. പാപവും അറിയാതെ സംഭവി ക്കുന്ന പിഴയും തമ്മിലുള്ള വ്യത്യാസം അവനറിയാം. മനുഷ്യൻ സ്വതന്ത്ര നാണെന്നും സ്വതന്ത്രമായി വ്യാപരിക്കാനവനു കഴിയുമെന്നും ധാർമ്മികാ ദർശങ്ങളെ ചവുട്ടിമെതിക്കാൻ സാധിക്കുമെന്നുമാണ് പാപത്തിന്റെ മനഃ പൂർവ്വത തെളിയിക്കുന്നത്.

## c) മാരകപാപവും ലഘുപാപവും

ദൈവശാസ്ത്രപരമായി മാരകപാപവും ലഘുപാപവും തമ്മിൽ അന്തര മുണ്ട്. മാരകപാപം ആത്മാവിൽ നിന്ന് അതിസ്വാഭാവിക ജീവനെ നശിപ്പി ക്കുന്നു. ഈ ജീവൻ ദൈവത്തിന്റെ കൃപാവരത്തിലുള്ളതാണ്. കൃപാവരം നശിപ്പിക്കപ്പെടുമ്പോൾ ജീവനും നശിപ്പിക്കപ്പെടുന്നു. ലഘുപാപം നേരിട്ട് വര പ്രസാദ ജീവനെ ഹനിക്കുകയില്ല. പാപത്തിന്റെ ഗുരുത്വം നിർണ്ണയിക്കുന്ന ത്രിവിധ ഘടകങ്ങളിൽ പൂർണ്ണസമ്മതം, പൂർണ്ണജ്ഞാനം, ഗൗരവതരമായ കാര്യം ഏതെങ്കിലുമൊന്ന് പൂർണ്ണമാകാതിരിക്കുകയോ ചെയ്താൽ അത് മാര കപാപമാവുകയില്ല; കൂടിയാൽ ലഘുപാപമാകും.

ഒരു പ്രധാന കല്പന കഠിനമായും ഗുരുതരമായും കാണുകയോ അത ല്ലെങ്കിൽ അപ്രധാനമായത് പ്രാധാന്യമുള്ളതായും അത്യന്താപേക്ഷിതമായും പരിഗണിക്കുകയോ അങ്ങനെ പ്രാധാന്യമുള്ളതെന്നു പരിഗണിച്ചിരുന്നത് അവ ഗണിക്കുകയോ ചെയ്യുമ്പോൾ മാരക പാപമാകുന്നു. ഇവിടെ പാപത്തിന്റെ ഗുരുത്വം സൃഷ്ടിക്കുന്നത് വസ്തുവിന്റെ പ്രാധാന്യമല്ല, ദൈവകല്പന ലംഘി ക്കാനുള്ള മനസ്സിന്റെ മോശമായ തീരുമാനമാണ്. എന്നാൽ അതിരുകടന്ന ഉത്കണ്ഠയോട് കൂടി യാദൃശ്ചികമായി ചെയ്ത ഒരു തെറ്റ് ഒരു മാരക പാപ മാണെന്ന് തോന്നാമെങ്കിലും അങ്ങനെയാകുന്നില്ല. കാരണം, അത് പൂർണ്ണ മായും ഒരു സ്വതന്ത്ര പ്രവൃത്തിയല്ല. ഇത്തരത്തിലുള്ള ചെറിയ കാര്യങ്ങൾ ഒഴിവാക്കാനുള്ള കഴിവും സ്വാതന്ത്ര്യവും നമുക്കില്ല.

ഒരു പ്രവൃത്തി ചെയ്യാൻ സമ്മതം മൂളുന്നതിന് മുമ്പ് പ്രവൃത്തിയുടെ സ്വഭാ വത്തെക്കുറിച്ച് അത് ഗുരുതരമായ പാപമാണോ, ഗൗരവമായ കടമയാണോ എന്നു വിശദമായി പഠിക്കണം. പ്രവൃത്തിയുടെ സ്വഭാവം സംബധിച്ച അജ്ഞത അതിന്റെ ഗുരുത്വത്തെ ലഘൂകരിക്കുന്നു. അതോടുകൂടി ആ പ്രവൃത്തി ചെയ്യാനുള്ള സ്വാതന്ത്ര്യവും കുറയുന്നു. മറ്റു രണ്ടു ഘടകങ്ങളും പൂർണ്ണമായാലും സ്വാതന്ത്ര്യം അപൂർണ്ണമായേക്കാം. സ്വാതന്ത്ര്യത്തിന്റെ തോത് പൂർണ്ണമായും ക്ലിപ്തമായും നിജപ്പെടുത്തുക അസാദ്ധ്യമാണ്. ഒരു വന്റെ വിവേകപൂർവ്വമായ മനസ്സാക്ഷിയുടെ വിധി ശരിയാകുന്നത് സാധാരണ ഈ ചോദ്യം ഉദിക്കുമ്പോഴാണ്: ഞാൻ പൂർണ്ണ സ്വാതന്ത്ര്യത്തോടെയാണോ പ്രവർത്തിച്ചത്? എന്റെ സ്വതന്ത്രമനസ്സിന്റെ എല്ലാ അവകാശങ്ങളും ഞാൻ ഉപയോഗിച്ചുവോ?

കാര്യത്തിന്റെ ലഘുത്വം മൂലമോ പ്രവൃത്തിയുടെ അപൂർണ്ണത നിമിത്തമോ ആണ് പാപം ലഘുവാകുന്നത്. അറിവിന്റെ അഭാവമോ മനസ്സമതത്തിന്റെയോ സ്വാതന്ത്ര്യത്തിന്റെയോ അഭാവമോ ആകാം അപൂർണ്ണതയ്ക്ക് കാരണം. വ്യക്തിപരമായി, മാരകപാപം എന്നത് സൃഷ്ടവസ്തുക്കളെ ജീവിതത്തിന്റെ പരമലക്ഷ്യമായി സ്വീകരിക്കുന്നതും സൃഷ്ടികളിൽ മനുഷ്യൻ പൂർണ്ണമായും

കേന്ദ്രീകരിക്കുന്നതുമാണ്. ഇത് അതിസ്വാഭാവിക സ്നേഹത്തെ നശിപ്പിക്കുന്നു. ലഘുപാപം ദൈവസ്നേഹത്തോടുള്ള പൂർണ്ണമായ എതിർപ്പല്ല. എങ്കിലും ഈ സ്നേഹം മനസ്സിലാക്കാനും അത് പ്രാവർത്തികമാക്കാനും ലഘുപാപം ചെയ്യുന്നവന് കഴിയാതെ പോകുന്നു.

മാരകപാപം, ലഘുപാപം എന്നീ പ്രയോഗങ്ങൾ ബൈബിളിലില്ലെങ്കിലും ഇവ തമ്മിലുള്ള വ്യത്യാസം അന്തർഭവിച്ചിട്ടുണ്ട്. പാപത്തോട് ബന്ധപ്പെടുത്തി മരണത്തെ ചിത്രീകരിക്കുന്നുണ്ട്. ബൈബിളിൽ (കൊളോ.2:13) മാനസാന്തരപ്പെടുന്നതുവരെ ക്രിസ്ത്യാനികളും പാപികളായിരുന്നു, മൃതരായിരുന്നു. മാരകപാപം വഴി വരപ്രസാദജീവൻ നഷ്ടപ്പെടുന്നു (റോമ.6:23).

"കരടും തടിയും" എന്ന സാദൃശ്യമാണ് (മത്താ 7:3) മാരകവും ലഘുവുമായ പാപങ്ങളെ വേർതിരിച്ചുകാണിക്കാൻ ബൈബിളിൽ ഉപയോഗിച്ചിട്ടുള്ളത്. മരണകരമായ പാപം, മരണകരമല്ലാത്ത പാപം, എന്നു വി. യോഹന്നാൻ തന്റെ ഒന്നാമത്തെ ലേഖനത്തിൽ പറയുന്നു (l John 5, 16). ചുരുക്കത്തിൽ പാപത്തിന്റെ ഗുരുലഘുത്വം വേദപുസ്തകവും പാരമ്പര്യവും അനിഷേധ്യമായി ഊന്നിപ്പറയുന്ന ഒരു വസ്തുതയാണ്. ഗുരുതരമായ പാപം ദൈവത്തിൽ നിന്നും അവിടുത്തെ സ്നേഹത്തിൽ നിന്നും മനുഷ്യനെ പൂർണ്ണമായും അകറ്റുകയും വരപ്രസാദജീവൻ നശിപ്പിക്കുകയും ചെയ്യുന്നു. ലഘുപാപം ഇവയുടെയെല്ലാം ഹ്രസ്വവും അപൂർണ്ണവുമായ നഷ്ടം വരുത്തിവയ്ക്കുന്നു.

## VI) പാപത്തിന്റെ കാരണങ്ങൾ, ഫലങ്ങൾ, പ്രതിവിധി

### A. കാരണങ്ങൾ

ഏതൊരു പ്രവൃത്തിക്കുമെന്നപോലെ പാപത്തിനും അതിന്റേതായ കാരണങ്ങളും ഫലങ്ങളുമുണ്ട്. പാപം അതിൽത്തന്നെ ഒന്നല്ല. സ്വയം ഭൂവുമല്ല. മനുഷ്യപ്രവൃത്തികളെല്ലാം ജീവിത സാഹചര്യങ്ങളുടെ സ്വാധീനത്തിനു വിധേയമായിരിക്കുന്നു. പാപപ്രവൃത്തി ഇതിനൊരപവാദമല്ല. സ്വാതന്ത്ര്യരഹിതമായി ചെയ്യുന്നതൊന്നും പാപമാകില്ലെന്നു നാം മനസ്സിലാക്കി. അപ്പോൾ പാപം അതിൽത്തന്നെ സ്വാതന്ത്ര്യവും മുന്നിൽക്കാണുന്നുണ്ട്. പാപത്തിന്റെ അഭേദ്യമായ ഘടകമാണ് സ്വതന്ത്രമായ തെരഞ്ഞെടുപ്പ്. ഈ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന കാര്യങ്ങൾ ആന്തരികമോ ബാഹ്യമോ ആകാം.

#### ശ. ആന്തരിക കാരണങ്ങൾ

മനുഷ്യമനസ്സിൽ നിന്നുളവാകുന്നവയാണിവ. മാനസിക പ്രചോദനങ്ങൾക്കനുസൃതമാണ് എല്ലാ മനുഷ്യപ്രവൃത്തികളും. ഇതാണ് പ്രഥമ കാരണം (formal causes) പാപം മനുഷ്യമനസ്സിൽ നിന്നു പുറപ്പെടുന്നതിനാൽ ഹൃദയമാണ് പാപത്തിന്റെ ഇരിപ്പിടം. ധാർമ്മിക നിയമത്തിനെതിരായ ഒരു തീരുമാനം മനസ്സു കൈക്കൊള്ളുമ്പോൾ അതു പാപമാകുന്നു.

മനുഷ്യമനസ്സിന്റെ വൈകാരികത അവന്റെ പ്രവൃത്തികളെ കാര്യമായി സ്വാധീനിക്കുന്നു. നന്മയിലേയ്ക്കാണ് സദാ മനസ്സിന്റെ ആഭിമുഖ്യം. തിന്മയെ നന്മയാണെന്നു വിധിച്ച് മനസ്സ് ഒരു തീരുമാനമെടുത്താൽ അതിനു കാരണം അജ്ഞതയോ വൈകാരിക പക്വതയുടെ അഭാവമോ ആയിരിക്കും. പക്വത കൈവരിക്കാൻ അറിവ് അത്യന്താപേക്ഷിതമാണ്. മനസ്സ് എപ്പോഴും ആനന്ദം തേടുന്നു. ഈ ആനന്ദം എപ്പോഴും നന്മയിലേക്ക് നയിക്കണമെന്നില്ല. തിന്മയിലേയ്ക്കു നയിക്കുന്ന അവസരങ്ങളെ ധാർമ്മികഗ്രന്ഥങ്ങൾ പ്രലോഭനങ്ങളായി ചിത്രീകരിക്കുന്നു. ഇവിടെ ആനന്ദാഭിമുഖ്യം അഹത്തിന്റെ ആനന്ദത്തിൽ സംതൃപ്തി കണ്ടെത്താൻ പരിശ്രമിക്കുന്നു. അങ്ങനെ ദൈവാഭിമുഖ്യവും മനുഷ്യാഭിമുഖ്യവും നഷ്ടപ്പെടുന്നു.

പ്രലോഭനങ്ങൾ അവയിൽത്തന്നെ പാപങ്ങളല്ല. എന്നാൽ അവ പാപത്തിലേക്കു നയിക്കും. ജീവിതത്തിൽ പാപത്തിലേക്കു വലിച്ചടുപ്പിക്കുന്ന പ്രലോഭനങ്ങളുണ്ടാകും. ക്രിസ്തുവിന്റെ പരീക്ഷണങ്ങൾ (മത്താ. 4:1ff) ഇതിനു തെളിവാണ്. ദൈവ സ്നേഹത്തെ ഉപേക്ഷിക്കുവാൻ പ്രലോഭനങ്ങൾ പ്രേരിപ്പിക്കുന്നു. മനുഷ്യൻ പ്രലോഭനങ്ങൾ സ്വീകരിക്കുന്നവിധം, അവയോടു കൈക്കൊള്ളുന്ന സമീപനം എന്നിവ ആശ്രയിച്ചാണ് അവ പാപമാകുകയോ ആകാതിരിക്കുകയോ ചെയ്യുക. പ്രത്യക്ഷവും പരോക്ഷവുമായ പ്രലോഭനങ്ങൾ മനുഷ്യനെ സത്യത്തിലേയ്ക്ക് നയിക്കുന്നതിനും (1 കോറി 11:19) എളിമപ്പെടുത്തുന്നതിനുമാണ് (1 കോറി 10:12) ഉണ്ടാകുക.

പ്രലോഭനങ്ങൾക്കു നിയതമായതും നിഷേധാത്മകവുമായ ഉദ്ദേശമുണ്ട്. ദൈവസ്നേഹത്തോട് മനുഷ്യനെ കൂടുതൽ അടുപ്പിക്കുകയാണ് നിയതമായ ലക്ഷ്യം. മനുഷ്യന്റെ ആദ്ധ്യാത്മികമായ വധമാണ് നിഷേധാത്മകമായ ലക്ഷ്യം. ഭോഗാസക്തി (റോമ. 7:7-11), ലോകം (1 യോഹ 2:16), ധനം (1 തിമോ. 6:9), സാത്താൻ (ഉല്പ 3; ജോബ്. 1:9-11; 1 യോഹ 5:19; 1 തെസ 3:5). എന്നിവയാണ് പ്രലോഭനങ്ങളുടെ സ്രോതസ്സുകൾ.

### ii. ബാഹ്യ കാരണങ്ങൾ

മനുഷ്യനു വെളിയിലും പാപത്തെ സഹായിക്കുന്ന കാരണങ്ങളുണ്ട്. ഒരു മനുഷ്യൻതന്നെ അപരന് പാപഹേതുവാകാം. പാപത്തിനു പ്രേരിപ്പിക്കുക, പാപകൃത്യം സ്വാധീനിക്കുക, നിർദ്ദേശിക്കുക, അതുമായി സഹകരിക്കുക എന്നിവവഴിയോ ദുർമ്മാതൃകയാലോ ഒരു മനുഷ്യൻ വേറൊരാൾക്ക് പാപകാരണമാകാം. മനുഷ്യൻ കൂടാതെ വസ്തുക്കൾ, സാഹചര്യങ്ങൾ എന്നിവയും പാപത്തിനുള്ള ബാഹ്യകാരണങ്ങളാകാം.

### B. ഫലങ്ങൾ

പാപം മനുഷ്യന്റെ ആന്തരികതയെ മാത്രമല്ല ബാധിക്കുക. ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ പ്രത്യാഘാതങ്ങൾ പാപത്തിന്റെ ഫല

മായുണ്ടാകുന്നു. അവ മുൻകൂട്ടി കാണുന്നവയാണെങ്കിലും ആരും ഒരിക്കലും ആഗ്രഹിക്കുന്നവയല്ല. പാപഫലമായി സ്വാഭാവികാതിസ്വാഭാവിക നന്മകളെല്ലാം നഷ്ടമാകുന്നു. ചാവുദോഷത്തിൽ നിലനിൽക്കുന്ന മനുഷ്യന് പ്രവർത്തനവരപ്രസാദത്തിന്റെ പ്രവാഹം പാപം തടസ്സപ്പെടുത്തുന്നു. തന്മൂലം, ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന നന്മകളും ഫലങ്ങളും അനുഭവിക്കുന്നതിന് മനുഷ്യൻ അനർഹനായിത്തീരുന്നു. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ നിന്നും അവൻ തിരസ്കൃതനാകും. പാപം നമ്മുടെ ശക്തി ക്ഷയിപ്പിക്കുകമാത്രമല്ല ഹൃദയത്തെ കഠിനമാക്കുക കൂടി ചെയ്യുന്നു. കൂടുതൽ പാപം ചെയ്യാൻ ഇതു കാരണമാകും. പാപത്തിന്റെ ഫലമായി സ്നേഹിക്കുവാൻ കഴിയാതാകുന്നു; ദൈവസ്നേഹവും പരസ്നേഹവും അപകടത്തിലാകുന്നു. പാപം കൊണ്ടർത്ഥമാക്കുന്നത് സ്നേഹശൂന്യതയോടൊപ്പം തിന്മ ചെയ്യുന്നതിനുള്ള പ്രേരണകൂടിയാണ് (സങ്കീ 24:1; 1 കോറി. 10:26; റോമ. 14:14; 7:7-13). പാപിയുടെ മനഃശക്തി ഉത്തരോത്തരം ക്ഷയിക്കുന്നു.

പാപത്തിന്റെ മറ്റൊരു ഫലമാണ് അതിനുള്ള ശിക്ഷ. പാപം കുറ്റമാകയാൽ അത് ശിക്ഷിക്കപ്പെടണം. പാപത്തിന്റെ ഗൗരവത്തിന് ആനുപാതികമായി ശിക്ഷ കാലികമോ നിത്യമോ ആയിരിക്കാം.

പാപം മനുഷ്യസ്വഭാവത്തെ സ്വാധീനിക്കുന്നുണ്ടെങ്കിലും അതിലുള്ള ഒന്നും പൂർണ്ണമായി നശിപ്പിക്കുന്നില്ല. പാപം വഴി ആത്മീയശക്തിക്ക് യാതൊരപടകടവും സംഭവിക്കുന്നില്ലെങ്കിലും സ്വതന്ത്രമനസ്സിന്റെ പ്രവർത്തനങ്ങളിൽ നിയന്ത്രണം ചെലുത്തുന്നുണ്ട്. എന്നാൽ, മനുഷ്യ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നില്ല.

പാപി ദൈവത്തിൽ നിന്നും സമസൃഷ്ടങ്ങളിൽ നിന്നും അകലുന്നു. തത്ഫലമായി ശാന്തിയും സ്നേഹവും നശിച്ച് ഉള്ളിന്റെയുള്ളിൽ ഏകാന്തതയും ഉത്കണ്ഠയും നാമ്പെടുക്കുന്നു. ഈ ഏകാന്തതയും ഉത്കണ്ഠയും ആധുനിക മനുഷ്യന്റെ മുഖമുദ്രകളാണ്. ദൈവാഭിമുഖ്യത്തിനോ മനുഷ്യാഭിമുഖ്യത്തിനോ പ്രാധാന്യം കല്പിക്കാതെ അഹത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്, സർവ്വപാപങ്ങളുടെയും അടിസ്ഥാനപരമായ സ്വാർത്ഥതയ്ക്ക് കീഴ്പ്പെടുന്നതാണ്, ഏകാന്തതയ്ക്ക് കാരണം.

### C. പാപത്തിനുള്ള പ്രതിവിധി

ദൈവം പാപത്തെ വെറുക്കുന്നു; എന്നാൽ പാപിയെ സ്നേഹിക്കുന്നു. പാപമാർഗ്ഗങ്ങൾ ത്യജിച്ച് പാപി തന്റെ പക്കലേയ്ക്കു വരണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. അതിനു ധാരാളം ഉപാധികൾ അവിടുന്നു പ്രദാനം ചെയ്യുന്നുണ്ട്. യഥാർത്ഥമായ അനുതാപം അഥവാ ഹൃദയ പരിവർത്തനമാണ് പാപത്തിനുള്ള മുഖ്യ പ്രതിവിധി.

ഇസ്രായേൽജനം പാപത്തെക്കുറിച്ച് പശ്ചാത്തപിക്കണമെന്ന് പ്രവാചകന്മാർ വഴി ആവശ്യപ്പെട്ടു; പാപികളെ അന്വേഷിച്ചു വന്ന ക്രിസ്തുനാഥൻ അനുതാപത്തിന്റെ പാതയിലേക്ക് അവരെ ആനയിക്കുന്ന അനേകം ദൃഷ്ടാന്തങ്ങൾ പുതിയ നിയമത്തിൽ നാം വായിക്കുന്നു. ധൂർത്തപുത്രനെപ്പോലെ പശ്ചാത്താപവിവശനായി സ്വർഗ്ഗീയപിതാവിന്റെ സന്നിധിയിൽ പാപികൾ അണയുകയാണ് വേണ്ടത്.

കാൽവരിയിലെ യാഗാർപ്പണത്തിലൂടെയാണ് ക്രിസ്തു ലോകപാപത്തിനു പരിഹാരമനുഷ്ഠിച്ചത്. ഈ ബലി ഇന്നും തുടരുകയാണ് നമ്മുടെ അൾത്താരകളിൽ. ദിവ്യബലിയിൽ യോഗ്യമായവിധം പങ്കുകൊള്ളുന്നത് പാപത്തിനുള്ള ഫലപ്രദമായ പ്രതിവിധിയായിത്തീരും. എല്ലാ കൂദാശകളും വിശുദ്ധീകരണോപാധികളാണ്. പാപത്തെ ഉപേക്ഷിക്കാൻ അവയുടെ സ്വീകരണം സഹായകമാകും. സർവ്വോപരി ക്രിസ്തുനാഥൻ തന്നെ സ്ഥാപിച്ച അനുരഞ്ജനത്തിന്റെ കൂദാശയ്ക്കണഞ്ഞുകൊണ്ടാണ് നാം പാപമോചനം പ്രാപിക്കേണ്ടത്.

പാപം ആത്മാർത്ഥമായി വെറുക്കുന്ന വ്യക്തി പാപസാഹചര്യങ്ങളെ വെറുക്കുകയും ഉപേക്ഷിക്കുകയും വേണം. പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുകയും ചെയ്യണം (മത്താ. 36 41). ചുരുക്കത്തിൽ പാപത്തിനുള്ള അത്യുത്തമോപാധി ധൂർത്ത പുത്രന്റെ ഉപമയിൽ (ലൂക്ക 15:11–32) തെളിഞ്ഞുനിൽക്കുന്ന യഥാർത്ഥവും സമ്പൂർണ്ണവും നിരുപാധികവുമായ അനുതാപമാണ്.

**ഉപസംഹാരം**

പാപം ഒരു യാഥാർത്ഥ്യമാണ്. മതപരമായ ഒരു യാഥാർത്ഥ്യം. മനുഷ്യന്റെ അനുദിനജീവിതത്തിലെ ഒരു യാഥാർത്ഥ്യമാണത്. ദൈവത്തോടു ബന്ധപ്പെടുത്തിയേ പാപം ശരിക്കും മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. ദൈവത്തോടു ചെയ്യുന്ന ദ്രോഹമാണ് പാപം. അവിടുന്ന് മനുഷ്യരോടു കാണിക്കുന്ന സ്നേഹത്തിന്റെ തിരസ്കരണവും.

പാപം മനുഷ്യമനസ്സിൽ ഉദിക്കുകയും അവന്റെ പ്രവൃത്തികളിൽ പ്രകാശിതമാവുകയും ചെയ്യുന്നു. ഈ രണ്ടു തലങ്ങളിലും, ദൈവത്തിന്റെ വിളിക്ക് മനുഷ്യൻ നൽകുന്ന നിഷേധാത്മകമായ പ്രത്യുത്തരമാണ് പാപം.

മനുഷ്യൻ അടിസ്ഥാനപരമായി സ്വതന്ത്രനാണ്. ദൈവത്തെ തിരഞ്ഞെടുക്കുന്നതിനും ദൈവത്തിൽ നിന്നകലുന്നതിനും സ്വതന്ത്രനാണ് അവൻ. സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗമാണ് പാപം സൃഷ്ടിക്കുന്നത്.

പാപം ദൈവത്തിനുമാത്രമല്ല, സഹോദരനും തനിക്കുതന്നെയും എതിരാണ്. അത് ദൈവസ്നേഹത്തിന്റെ നിഷേധമായിരിക്കുന്നതുപോലെ സഹോദരസ്നേഹത്തിന്റെയും നിഷേധമാണ്. ദൈവത്തിൽ നിന്നകലുന്ന മനുഷ്യൻ

ഇതര വ്യക്തികളിൽ നിന്നും അകലും. പാപി ഹൃദയപരിവർത്തനത്തിനു സ്വയം വിധേയനാവുകയും ബലികളും കൂദാശകളും സ്വീകരിച്ച് പാപ പരിഹാമനുഷ്ഠിക്കുകയും ചെയ്യണം.

അരൂപിയുടെ നിയമമാണ് പുതിയനിയമം. പുതിയ നിയമത്തിലെ മനുഷ്യൻ അനുസരിക്കേണ്ടത് അരൂപിയുടെ നിയമമത്രെ, അരൂപി എവിടെയുണ്ടോ അവിടെ യഥാർത്ഥ സ്വാതന്ത്ര്യവുമുണ്ട്. നന്മ എന്തെന്നറിഞ്ഞ് അതു പ്രവർത്തിക്കുകയാണ് യഥാർത്ഥ സ്വാതന്ത്ര്യം. അരൂപിയുടെ പ്രചോദനങ്ങൾക്കനുസരിച്ച് മനുഷ്യൻ വ്യാപരിക്കണം.

## ചോദ്യങ്ങൾ

1. എന്താണ് പാപം?
2. പാപത്തെക്കുറിച്ച് ബൈബിൾ എന്തു പഠിപ്പിക്കുന്നു?
3. ദൈവശാസ്ത്രപരമായി പാപത്തെ അപഗ്രഹിക്കുക?
4. അടിസ്ഥാനപരമായ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഒരു മനുഷ്യനിൽ പാപങ്ങൾ ഉണ്ടാകുമോ?
5. ലഘുവായ പാപവും മാരകപാപവും എങ്ങനെയാണ് നിങ്ങൾ മനസ്സിലാക്കുന്നത്?
6. ഒരു പാപം എങ്ങനെയാണ് മാരകമാകുന്നത്?

## ഗ്രന്ഥസൂചി


| | |
|---|---|
| 1. Dedek J | Contemporary sexual Morality, New York, 1971 |
| 2. Fletcher J | Situation Ethics, SCM Press, London, 1967 |
| 3. Haering B | Sin, in Law of Christ vol 2, Cork, 1961 |
| ” | Shalom: Peace, NewYork, 1966 |
| | Sin in a Secualr World, 1978 |
| 4. Kelly &Ford | Contemporary Moral Theology, vol. 1 &2, Westminster, 1958 |
| 5. Lobo G | Christian Living According to Vactican II, Bangalore, 1980 |
| 6. Rahner K | Sin, in Theological Investigations, II,1963 |
| 7. O’ Donnel | Menance of Spiritism, New York, 1920 |
| 8. Schoonenberg P | Man and Sin, 1965 |
| 9. Mc Auliff C | Penance and Reconciliation with the Church, Theological Studies, 26 1965 |

## അനുബന്ധം IV
# പാപം ഭാരതീയ ദർശനങ്ങളിൽ

നിയമലംഘനം, തിന്മ എന്നിവ ഏവർക്കും സുപരിചിതങ്ങളാണ്. നിയമങ്ങൾ ലംഘിക്കുന്നത് ക്രമരാഹിത്യമാണ്. ആപത്തിലേയ്ക്കും മറ്റു തിന്മകളിലേയ്ക്കും വഴിയൊരുക്കുന്ന അടിസ്ഥാന തിന്മയും, ആന്തരീക വ്യക്തിത്വത്തെ ബാധിക്കുന്ന ഒരു തരം രോഗവുമാണ് പാപം. പാപം അതിൽത്തന്നെ ധാർമ്മിക നിയമത്തിന്റെ ലംഘനമത്രെ. പാപത്തിന്റെ വിവിധ വശങ്ങൾ സംബന്ധിച്ചു ഭാരതീയ ദർശനങ്ങൾ എന്നു പറയുന്നുവെന്നു നോക്കാം.

### a) പാപത്തിനുള്ള പ്രതിവിധി

'പാപ്', 'പാപ്മാൻ', 'പാസ്', 'അമ്ഹാസ്' എന്നിവയാണ് വേദങ്ങളിൽ പാപത്തെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ. ഇവ പാപത്തെ നേരിട്ടു സൂചിപ്പിക്കുകയല്ല. അതിലേയ്ക്കു വിരൽ ചൂണ്ടുക മാത്രമാണ് ചെയ്യുക. കെണി, തിന്മ, ഉത്കണ്ഠ എന്നെല്ലാമാണ് ഇവയുടെ അർത്ഥം. പലവിധ തിന്മകളിലേക്ക് ഇവ വിരൽ ചൂണ്ടുന്നുണ്ട്. ഉദാ: അസുഖം, മരണം, നഷ്ടം, ശത്രുത, പാപം, മുതലയാവ.

ഋഗ്വേദത്തിൽ വരുണനെതിരായ ലംഘനമാണ് പാപം. നീതി അനുസരിച്ച് ലോകം ഭരിക്കുന്നവനും ദേവന്മാരുടെ ദേവനുമാണ് വരുണൻ. മനുഷ്യർ അധികാരികളെ അനുസരിക്കാതിരിക്കുകയോ ചീത്തഭാഷണം നടത്തുകയോ, കളികളിൽ ചതിക്കുകയോ, പൂജാവേളയിൽ അശ്രദ്ധമായി വസ്ത്രം ധരിക്കുകയോ ചെയ്യുമ്പോഴെല്ലാം വരുണനെ ദ്രോഹിക്കുകയാണ്. .ഇങ്ങനെ ദ്രോഹിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് അജ്ഞതയാകാം. ഇത്തരം ലംഘനങ്ങളും മറ്റുപാപങ്ങളെപ്പോലെതന്നെയാണ് വേദങ്ങൾ കണക്കാക്കുന്നത്. പാപപ്പൊറുതിക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ഋഗ്വേദത്തിൽ കാണാം. ഉദാ: "ഞങ്ങളെ സ്നേഹിക്കുന്ന മനുഷ്യനെതിരായി ഞങ്ങൾ പാപം ചെയ്തിണ്ടുണ്ടെങ്കിൽ, അയൽവാസികളോടും അപരിചിതരോടും ഞങ്ങൾ തെറ്റുചെയ്തിട്ടുണ്ടെങ്കിൽ വരുണാ, ഈ തെറ്റ് ഞങ്ങളിൽ നിന്ന് നീക്കണമേ" (Cf, ഋഗ്വേദം V, 25; Vii 89).

വെള്ളത്താൽ കഴുകപ്പെടാവുന്ന (ഋഗ് 1, 23, 22) അഥവാ തീയാൽ ശുദ്ധീകരിക്കപ്പെടാവുന്ന (ഋഗ് X, 164, 3) കറയായിട്ടും പാപിയെ കുരുക്കിലാക്കാനുള്ള വരുണന്റെ കെണിയായിട്ടും (ഋഗ്.1,24,15) പാപം കണക്കാക്കപ്പെട്ടു. ഇത് പാപത്തെ സംബന്ധിച്ച ഭൗതികമായ ആശയമാണ്. ഈ സമീപനം അഥർവവേദത്തിൽ കുറേകൂടി വ്യക്തമാണ്. ധാർമ്മിക നിയമ ലംഘനത്തേക്കാൾ അനുഷ്ഠാനപരമായ തെറ്റുകൾക്കാണ് അതിൽ പ്രാധാന്യം. ഇവ ബലിയെ ഫലശൂന്യമാക്കുന്നു.

## b.) പാപം ബ്രാഹ്മണങ്ങളിൽ

ഇവിടെ പാപത്തെ പരിഗണിക്കുന്നത് അനുഷ്ഠാനങ്ങളിലുള്ള പാകപ്പിഴകളായിട്ടാണ്; അവ ആകസ്മികമാണെങ്കിൽത്തന്നെയും. മത കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനാവശ്യമായ ജീവിതശുദ്ധി ഒരു വ്യക്തിയുടെ അധാർമ്മിക കൃത്യങ്ങൾ നശിപ്പിക്കും. ഇത് ഗൗരവമായ തെറ്റാണ്. ബലിയർപ്പണത്തിലൂടെ പാപം ദൂരികരിക്കാം. പാപങ്ങളുടെ പൊതുവായ ഏറ്റുപറച്ചിലും വിശുദ്ധസ്നാനവും മുഖേന ഇത് സാധിക്കാം. പാപങ്ങൾ ഏറ്റുപറയാതിരിക്കുന്നത് ബന്ധുക്കൾക്ക് വിനാശകരമായി ഭവിക്കും (സത്പത ബ്രാഹ്മണ ii 5, 2, 20).

വരുണനെ പ്രസാദിപ്പിക്കുകയാണ് പാപമോചനാർത്ഥമുള്ള സ്നാനത്തിന്റെ ലക്ഷ്യം. ഇതിനുവേണ്ടി വരുണനിൽ നിന്നും യാഗാർപ്പകനെ സ്വതന്ത്രനാക്കണം. ജലപ്പരപ്പിലേക്കിറങ്ങുന്നതിന് പുരോഹിതൻ പാപിയെ സഹായിക്കുന്നു. തത്സമയം അവൻ ഉത്ഘോഷിക്കും, വരുണന് അഭിവാദനം എന്ന്. തദ്വാരാ അവൻ വരുണന്റെ കെണിയിൽ നിന്നും വിമുക്തനാകുന്നു. (ef IV, VI, 5,10-11). “സർപ്പം അതിന്റെ തൊലി ഉപേക്ഷിക്കുന്നതുപോലെ അവൻ അവന്റെ എല്ലാ പാപങ്ങളും ത്യജിക്കട്ടെ. പല്ലില്ലാത്ത കുട്ടിയുടെ വായ് ദന്തരഹിതമായിരിക്കുന്നതുപോലെ, അവനിൽ പാപം അശ്ശേഷം ഇല്ലാതിരിക്കട്ടെ” എന്നുച്ചരിച്ചുകൊണ്ട് പച്ചപ്പുല്ല്, നെയ്യ്, യാഗാർപ്പണത്തിനുള്ള കേക്ക് മുതലായവ ജലത്തിലേക്കെറിയുകയും സോമ പകരുകയും ചെയ്തിരുന്നു.

പ്രസ്തുത അനുഷ്ഠാനം തിന്മകളെ നശിപ്പിക്കുന്നതിനേക്കാൾ കുട്ടികളുടെ ശാരീരികാരിഷ്ടതകൾ നീക്കുവാനാണ് നടത്തിയിരുന്നത് (കൗശീതകി ബ്രാഹ്മണ, V, 3) ഗർഭസ്ഥശിശുക്കൾക്കുവേണ്ടിയും ഇതേ ലക്ഷ്യത്തിനായി അനുഷ്ഠാനവിധികൾ നടത്തിയിരുന്നു. (സപ്തത ബ്രാഹ്മണ 11, 5, 22, 2).

### c.) പാപം ഉപനിഷത്തുകളിൽ

ഉപനിഷത്തുകളിലെ സന്യാസികൾ ബലിയർപ്പണത്തിനു വലിയ പ്രാധാന്യം കല്പിക്കുന്നില്ല. അവരുടെ വീക്ഷണത്തിൽ പരമമായ നന്മ, ശക്തിയിലോ ധനത്തിലോ അഥവാ ഏതെങ്കിലും ഭൗതിക പ്രാപ്തിക ളിലോ അല്ല; പ്രത്യുത, ബ്രഹ്മൻ പരമാത്മനാണെന്നുള്ള ഐക്യത്തിന്റെ സാക്ഷാത്കാരത്തിലാണ്. ഈ ആത്മാവിനെ ദർശിക്കുകയും ഗ്രഹിക്കു കയും ചെയ്യുന്നവൻ അഖില ലോകങ്ങൾക്കും ആഗ്രഹങ്ങൾക്കും അധി കാരിയാകും (ഛാന്ദോക്യ ഉപനിഷത്ത് 8,7,1). തന്നിമിത്തം ആത്മാസാക്ഷാ ത്കാരം വിഘ്നപ്പെടുത്തുന്ന എന്തോ ആണ് പാപം. അജ്ഞത (അവി ദ്യ), ആഗ്രഹം (കാമം), പ്രവൃത്തി (കർമ്മം) എന്നിവയാണ് ഇപ്രകാരം തടസ്സം സൃഷ്ടിക്കുന്നവ. ധാർമ്മിക ലംഘനം വരുണനെതിരായ ദ്രോഹ ത്തേക്കാൾ പൂർണ്ണജ്ഞാനത്തിന് ഹാനികരമായ എന്തോ ആണ് (കഠോ പനിഷത്ത് 4, 4, 22-23). ബ്രഹ്മജ്ഞാനികളെ പാപം ചെയ്യുവാൻ സ്വതന്ത്ര രായി വിടുകയല്ല ഈ ഭാഗങ്ങൾ. പരമാത്മാവിന്റെ ശ്രേഷ്ഠത അവതരിപ്പി ക്കുകയും പാപം വെറും അജ്ഞത നിമിത്തമുണ്ടാകുന്നതാണെന്നുള്ള ബൗദ്ധികവാദികളുടെ ചിന്താഗതി തിരുത്തിക്കുറിക്കുകയുമാണ്.

### d.) പാപം ജൈനിസത്തിലും ബുദ്ധിസത്തിലും

ജൈനിസവും ബുദ്ധിസവും വൈധർമ്മിക പ്രസ്ഥാനങ്ങളാണ്. എന്നാൽ പാപവും അധാർമ്മികതയും സംബന്ധിച്ച അവരുടെ നിലപാടുകൾ ശരി യായ വീക്ഷണത്തിൽ നിന്നുള്ള പൂർണ്ണമായ പിന്തിരിയലല്ല.

കാലാതീതവും ഭൗതികവാദപരവുമാണ് ജൈനവീക്ഷണം, പാപം സ്ഥൂലപദാർത്ഥമാകുന്നു. ഇത് ശരീരാവൃതമായ ആത്മാവിനെ ശല്യപ്പെ ടുത്തുന്നു. തെറ്റ്, വികാരം, ആസക്തി, അലസത, അനാസ്ഥ മുതലായവ പാപത്തിലേക്കു പ്രവേശിക്കാൻ പരമാണുവിനെ പ്രാപ്തമാക്കും. അതി നാൽ മനുഷ്യർ നിരന്തരം വിരക്തി പാലിക്കണം. ലോകവസ്തുക്കളോടു വൈരാഗ്യം പുലർത്തുകയും തപസ്സനുഷ്ഠിക്കുകയും ചെയ്യുക. ബാഹ്യ മായ താപസകൃത്യങ്ങൾ കൂടാതെ ആന്തരികമായ പ്രായശ്ചിത്ത പ്രവൃ ത്തികളും ജൈനർ അനുഷ്ഠിക്കണം. പ്രായോഗികമായി പറഞ്ഞാൽ സന്യാസ സമൂഹത്തിന്റെ നേതാവിനോട് സ്വമനസ്സാ തെറ്റുകൾ ഏറ്റുപറ യുമ്പോൾ നിർദ്ദേശിക്കുന്ന പ്രായശ്ചിത്തം അനുഷ്ഠിക്കുന്നതു കൂടാതെ ധ്യാനം, ഭക്തിഗ്രന്ഥപാരായണം, ഭക്തിദ്യോതകമായ സംഭാഷണം എന്നി വയും നിറവേറ്റണം. മനസ്താപത്തിന്റെ പ്രാധാന്യം അവർ ഊന്നിപ്പറയു ന്നുണ്ട്. ജൈനമതത്തിൽ മാപ്പിനു സ്ഥാനമില്ല. കാരണം മഹോന്നതനായ

ദൈവത്തിൽ അതു വിശ്വസിക്കുന്നില്ല. ഏറ്റുപറച്ചിലിന്റെ ഫലവും തന്മൂല മുണ്ടാകുന്ന പാപനാശവും പാപം പരസ്യമായി ഏറ്റുപറയുമ്പോൾ തന്നെ ലഭിക്കുന്നു.

പാപം എന്ന ആശയത്തെ ബുദ്ധമതം ഖണ്ഡിക്കുന്നു. അവിദ്യയും ആസ ക്തിയുമാണ് പാപഹേതുക്കൾ എന്ന ഉപനിഷത്തുകളിലെ സമീപനമാണ് ബുദ്ധമതവും സ്വീകരിച്ചിട്ടുള്ളത്. പാപം ഉന്മൂലനം ചെയ്യുവാൻ യഥാർത്ഥ ജ്ഞാനത്തിനല്ലാതെ കഠിനതപശ്ചര്യകൾക്കു സാധിക്കുകയില്ല. ജൈനി സത്തിൽ ഏറ്റുപറച്ചിലിനുള്ള പ്രാധാന്യം ബുദ്ധിസത്തിലുമുണ്ട്. എന്നാൽ ബുദ്ധമതം യഥാർത്ഥ ജ്ഞാനലബ്ധിക്കുള്ള ഒരു ഉപാധിയായി മാത്രമെ അതിനെ കാണുന്നുള്ളൂ. മാപ്പിനുള്ള സാദ്ധ്യത ബുദ്ധമതത്തിലുമില്ല. ബുദ്ധൻ പാപമോചകനോ പരിത്രാതാവോ അല്ലായിരുന്നു; പിന്നെയോ, ഒരു പ്രകാശകൻ മാത്രമായിരുന്നു.

**e.) പാപം സൂത്രങ്ങളിൽ**

യാഥാസ്ഥിതിക ഹൈന്ദവരുടെ നിയമഗ്രന്ഥം രചിച്ചിരിക്കുന്നത് പഴ മൊഴികൾ അല്ലെങ്കിൽ സുഭാഷിതങ്ങളുടെ രീതിയിലാണ്. ഇവയെ സൂത്ര ങ്ങൾ എന്നുവിളിക്കുന്നു.

പാപത്തെപ്പറ്റി സൂത്രങ്ങൾക്കുള്ള നിലപാട് മുഖ്യമായും നീതിപരിപാ ലനപരമാണ്. ധാർമ്മിക നിയമങ്ങൾ ആവിഷ്ക്കരിക്കുകയും അവയുടെ ഉല്ലംഘകർക്കുള്ള ശിക്ഷകൾ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്, സൂത്ര ങ്ങൾ. സമൂഹത്തിന്റെ ക്രമം ലംഘിക്കുന്നതാണ് പാപം. രഹസ്യലംഘന ങ്ങൾക്ക് വലിയ പ്രാധാന്യം കല്പിച്ചിരുന്നില്ല. പരിഹാരാനുഷ്ഠാനം പൊതുവും ബാഹ്യവുമായിരുന്നു. ഭക്ഷണവർജ്ജനം, ദാനധർമ്മം, യാഗം എന്നിവയായിരുന്നു നിർദ്ദേശിച്ചിരുന്ന പ്രായശ്ചിത്ത കൃത്യങ്ങൾ. മദോന്മ ത്തതയും വ്യഭിചാരത്തിനും ചിലപ്പോൾ ഏറ്റുപറച്ചിലുകൾ ആവശ്യപ്പെട്ടി രുന്നു. യഥാർത്ഥമായ മനസ്താപം ഈ പരിഹാരകൃത്യങ്ങളിൽ അനുമാ നിക്കപ്പെട്ടിരുന്നു. പാപങ്ങളുടെ പരസ്യമായ പ്രഖ്യാപനമായിരുന്നു സർവ്വ പ്രധാനമായ കാര്യം.

എ.ഡി. 2-ാം നൂറ്റാണ്ടിൽ വിരചിതമായ "മനുസ്മൃതി"യിൽ ആന്തരിക മനസ്താപത്തിന് മുഖ്യസ്ഥാനം നല്കിയിരിക്കുന്നു (XI, 228.223). " പാപി മനസ്തപിക്കുമ്പോൾ പാപവിമുക്തനാകുന്നെങ്കിലും വിശുദ്ധീകരിക്കപ്പെ ടുന്നത് വീണ്ടും തെറ്റു ചെയ്യില്ലെന്ന് പ്രതിജ്ഞ എടുക്കുമ്പോഴാണ് ..." അറിഞ്ഞും അറിയാതെയും സംഭവിക്കുന്ന തെറ്റുകളും പാപമായി കരു

തുകയും രണ്ടിനും പരിഹാരം ആവശ്യമാണെന്നു നിർബന്ധിക്കുകയും ചെയ്തു (cf. XI, 45,46).

### f.) പാപം പുരാണങ്ങളിലും ഭക്തിപ്രസ്ഥാനങ്ങളിലും

പാപം ചെയ്യാനുള്ള മനുഷ്യന്റെ പ്രവണതയ്ക്കുത്തരവാദികൾ പുരാണങ്ങളനുസരിച്ച് അവതാരങ്ങളോ, നമ്മുടെ സ്വഭാവത്തിൽ നന്മയുടെയും തിന്മയുടെയും പ്രേരണകൾ ഉൾപ്രവേശിപ്പിച്ച സ്രഷ്ടാവോ ആണ് (cf. ഭാഗവതപുരാണ 1,3,17). സൃഷ്ടി ദൈവത്തിന്റെ ലീലയാണ്. വികാരവും അധർമ്മവുമെല്ലാം ലോകനാടകത്തിലെ അഭിനേതാക്കളിൽ ചുരത്തിയിരിക്കുന്ന ഭാവങ്ങൾ മാത്രം. ഇവരുടെ ദുഷ്കൃത്യങ്ങൾ യഥാർത്ഥത്തിൽ ശിക്ഷയൊന്നും അർഹിക്കുന്നില്ല.

പാപം മനുഷ്യന്റെ സത്തയിൽത്തന്നെ അധിവസിക്കുന്നില്ല. ഈ ലോകത്തിലെ അഭിനയത്തിന്റെ ഭാവരൂപങ്ങളായി അവനിൽ വന്നുചേരുന്നതാണ്. മനസ്സ് ഈശ്വരനിൽ കേന്ദ്രീകരിക്കുകയാണ് സകല തിന്മകൾക്കുമെതിരായുള്ള ആത്യന്തീകമായ പരിഹാരമാർഗ്ഗം. ഇതാണ് 'ഭക്തി'. ഈശ്വരനെക്കുറിച്ചുള്ള അവിച്ഛിന്നസ്മൃതി സ്വർഗ്ഗപ്രാപ്തിയെ ത്വരിതപ്പെടുത്തും. ഈ ആശയങ്ങൾ പിന്നീടുണ്ടായതാണ്. പൂർവ്വകാലത്ത് 'ഭക്തി' പഠിപ്പിച്ചിരുന്നത് 'കരുണയുള്ള സ്നേഹം' എന്ന തത്വമായിരുന്നു. ഭഗവത്ഗീതയിൽ കാണുന്നതും ഇതുതന്നെ. ഈ സ്നേഹം നികൃഷ്ട ഹൃദയത്തിൽ നിന്നും പുറപ്പെടാം. അപ്പോൾ അത് നീതിയായിത്തീരും (IX, 30-31).

പാപം ഒരു തെറ്റാണെന്ന ധാരണയാണുള്ളത്, ഗീതയിൽ. അറിഞ്ഞോ അറിയാതെയോ മതാത്മകധാരണയുമായി ഇത് ഒത്തുപോകുന്നു. (cf. X,3)

ഭക്തിമാർഗ്ഗത്തിൽ നിലവിലിരുന്ന രണ്ടുചിന്താഗതികൾ ഇവയാണ്. പാപം തെറ്റാണെന്നും സദ്വിദ്യമൂലം അത് ഉന്മൂലനം ചെയ്യാമെന്നുള്ള ധാരണ; പാപം വൈയക്തികമാണെന്നും എല്ലാത്തിന്റെയും പിതൃഭാവമുള്ള പിതാവിനാൽ ക്ഷമിക്കപ്പെടുമെന്നുള്ള ധാരണ. അനുഷ്ഠാനത്തിനുള്ള പിശകുകളാണ് പാപം എന്ന ധാരണ മാറ്റിയിട്ടും സ്വന്തം ജീവിതം അവർ പരിവർത്തനവിധേയമാക്കിയില്ല.

## II.) പാപം ഇസ്ലാമിൽ

പാപം അഥവാ തെറ്റ് ദ്യോതിപ്പിക്കുന്ന അനേകം പദങ്ങളുണ്ട്, ഖുറാനിൽ, വിവിധ അവസരങ്ങളിൽ വ്യത്യസ്ത അർത്ഥങ്ങളിലാണ് ഇവ ഉപയോഗിച്ചിരിക്കുന്നതെങ്കിലും മനുഷ്യനു സംഭവിക്കുന്നതിനോടു ബന്ധപ്പെടുത്തിയാണ് ഇവയുടെയെല്ലാം ഉപയോഗം. തിന്മ അധർമ്മമാണ്. അത്

ദൈവശിക്ഷയ്ക്കു പാത്രീഭൂതമാകും. പാപം അഹങ്കാരവും ദൈവത്തോടുള്ള എതിർപ്പുമാണ്. തദ്ഫലമായി ഒരുവൻ അവിശ്വാസിയോ ബഹുദൈവവിശ്വാസിയോ മതകാര്യങ്ങളിൽ ലാഘവചിത്തനോ ആയിത്തീരും. മനുഷ്യന്റെ ബലഹീനതവഴി വന്നുചേർന്നിട്ടുള്ളതാണ് പാപം. മനുഷ്യനിൽ സ്വഭാവത്താലേയുള്ളത് ബലഹീനതയാണ്, പാപസ്വഭാവമല്ല. ആത്മാർത്ഥത നിറഞ്ഞ പശ്ചാത്താപം ഖുറാൻ അനുശാസിക്കുന്നു.

മുസ്‌ലീം ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ രണ്ടു തരം പാപങ്ങളുണ്ട് - ലഘുവും ഗുരുത്വവും. മനുഷ്യ സ്വഭാവത്തിന്റെ അപൂർണ്ണതയാണ് ലഘുപാപങ്ങളുടെ അടിസ്ഥാനം. സത്പ്രവൃത്തികൾ ഇവയെ മോചിപ്പിക്കുന്നു. കളവ്, വ്യഭിചാരം, മദ്യപാനം, ചൂതുകളി, കൊലപാതകം, വെള്ളിയാഴ്ച പ്രാർത്ഥന ഉപേക്ഷിക്കൽ തുടങ്ങിയവ ഗുരുതരമായ പാപങ്ങളാണ്. വിഗ്രഹാരാധനയാണ് ഏറ്റവും മാരകമായ പാപം. പശ്ചാത്താപം മാത്രം മതി പാപമോചനത്തിന്; പ്രായ്ശ്ചിത്തത്തിന്റെ ആവശ്യമില്ല. ഒരു മനുഷ്യനെതിരെ തെറ്റുചെയ്താൽ അത് ഉപേക്ഷിക്കുകയും പരിഹാരം ചെയ്യുകയും വേണം. ചെയ്ത തെററിനെക്കുറിച്ച് ഒരിക്കൽ ചെയ്ത പശ്ചാത്താപം ആവർത്തിക്കേണ്ടതില്ല. കാരണം, ഒരിക്കൽ ചെയ്ത, പശ്ചാത്താപം ചിലർ നിഷേധിക്കുന്നു. ഒരവിശ്വാസി മുസ്‌ലീം മതത്തിലേക്കു മാനസാന്തരപ്പെട്ടാൽ അതു പശ്ചാത്താപമായി പരിഗണിക്കപ്പെടും. ഒരു വിശ്വാസിക്ക് മാരക പാപം ചെയ്യാൻ കഴിയുകയില്ലെന്നാണ് പരമ്പരാഗതമായ വിശ്വാസം. പ്രവാചകന്മാർ കന്മഷഹീനരാണെന്നാണ് പൊതുവായ ധാരണ.

'ആദം മാരകപാപം ചെയ്തിട്ടില്ല. ലഘുപാപമാണ് ചെയ്തത്. അതു മനുഷ്യവർഗ്ഗത്തിന് ഉപകാരപ്രദമായി. കാരണം, ആദം പാപം ചെയ്തില്ലായിരുന്നുവെങ്കിൽ ഭൂമിയിൽ മനുഷ്യർ നിറയുകിയില്ലായിരുന്നു; പറുദീസായിൽ ദൈവത്തെ സ്തുതിക്കുക മാത്രമേ ചെയ്യുമായിരുന്നുള്ളൂ. മുഹമ്മദ് നബി അനേകം പാപങ്ങൾ ചെയ്യുകയും പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുകയും ചെയ്തതായി പാരമ്പര്യം ഉദ്ഘോഷിക്കുന്നു. മുസ്‌ലീമുകളുടെ പാപമോചനം മുഹമ്മദ് നബിയുടെ മദ്ധ്യസ്ഥ ഫലമായിട്ടാണ്.

**ഉപസംഹാരം**

അനന്ത നന്മസ്വരൂപനായ ദൈവത്തെ ദ്രോഹിക്കുന്നതാണ് പാപം, ഋഗ്വേദത്തിൽ. തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളോടു ബന്ധപ്പെടുത്തി പാപത്തെ വിശദീകരിക്കാനുള്ള ബ്രഹ്മണരുടെ പരിശ്രമമാണ് ബ്രാഹ്മണങ്ങളിൽ കാണുക. ഉപനിഷത്തുകളും, ഗീതയും ഇതര ഭക്തിപ്രസ്ഥാന

ങ്ങളും അവയുടേതായ പ്രത്യേക സമീപനങ്ങളാണ്. പാപത്തെ സംബന്ധിച്ച് സ്വീകരിച്ചത്. എന്നാൽ പാപം എന്ന ആശയം പൂർണ്ണമായി സ്വാംശീകരിക്കുവാൻ ഇവയ്ക്കൊന്നിനും സാധിച്ചിട്ടില്ലെന്നുള്ളതാണ് സത്യം.

തെറ്റിയ 'മനസ്സമ്മതം' എന്ന ഘടകം പാപത്തിന്റെ അടയാളമായി അവ പരിഗണിക്കുന്നില്ല. എന്നിട്ടും ആഗ്രഹത്താലെയല്ലാതെ ചെയ്യുന്ന പാപങ്ങൾക്കു മാപ്പപേക്ഷിക്കുന്നു. മനസ്സറിവു കൂടാതെ ചെയ്ത പാപങ്ങൾ ക്ഷമിക്കണമേ എന്ന പ്രാർത്ഥന, പാപത്തിൽ മനസ്സിന്റെ സമ്മതം ഇല്ലെന്ന നിഗമനത്തിലേക്കു നമ്മെ നയിക്കും. പാപം ഒരു തെറ്റാണെങ്കിലും അത് തികച്ചും യാദൃശ്ചികമാണ്. കാര്യകാരണ തത്വമനുസരിച്ചാണ് നന്മ തിന്മകൾ സംഭവിക്കുന്നതെങ്കിൽ അത്തരം പ്രവൃത്തികളിൽ വ്യക്തിപരമായി മനുഷ്യനു യാതൊരു ഉത്തരവാദിത്വവുമില്ല എന്ന നിലപാടു സ്വീകരിക്കേണ്ടിവരും. ഈ സാഹചര്യത്തിൽ ദൈവത്തിൽ നിന്നുള്ള പാപമോചനത്തിന്റെ ഗൗരവം നഷ്ടമാകുന്നു. നിരന്തരമായ പ്രവൃത്തിയിലേക്കും അതിന്റെ ഫലത്തിലേക്കും പ്രസാദവരം ചൊരിയുക എന്നത് സ്വതന്ത്രമായ കാരുണ്യപ്രവൃത്തിയല്ല.

എല്ലാ മതങ്ങളുടെ ചരിത്രത്തിലുമുണ്ട്. പാപത്തെക്കുറിച്ചുള്ള വികലമായ ധാരണകൾ, പഴയനിയമത്തിലെ ഇസ്രായേലിന്റെ ചരിത്രത്തിലും ഇതു ദൃശ്യമാണ്. ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കു മാത്രമെ, അവിടുത്തെ മനുഷ്യാവതാരത്തിനും പരിഹാരബലിയ്ക്കും മാത്രമെ, പാപത്തിന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്താൻ സാധിച്ചുള്ളൂ. ദൈവിക വെളിപാടുകളുടെ പൂർത്തീകരണമാണ് ക്രിസ്തു. പാപം മൂലം ദൈവത്തെ മറന്ന് സൃഷ്ടാവസ്തുക്കളുമായി ഒട്ടിച്ചേർന്ന മനുഷ്യകുലത്തെ അവിടുന്നമായി പുനരൈക്യപ്പെടുത്തിയതും പാപികളോട് അവിടുത്തേക്കുള്ള കാരുണ്യത്തിന്റെ വ്യാപ്തിയും അഗാധതയും സുസ്പഷ്ടമാക്കിയതും ക്രിസ്തുതന്നെ.